
അനന്തനിക്ഷേപം

നാലാംഭാഗം IV

ദിവ്യരക്ഷകന്റെ ജീവിതരഹസ്യങ്ങളെപ്പറ്റിയുള്ള

പ്രതിദിനധ്യാനങ്ങൾ







പരിഭാഷകൻ

റവ. ബ്രൂ. ലിയോപ്പോൾഡ്, ടി. ഒ. സി. ഡി.

രണ്ടാംപതിപ്പു,

"ചെറുപുഷ്പ"മുദ്രാലയം, മഞ്ഞുമ്മൽ.

1942

(പകർപ്പവകാശം സ്വായത്തം)

Nihil obestat

FR. JOSEPH CORREA,

CENSOR EX OFFICIO

Re-Imprimi potest

FR. ALEX. LENTHAPARAMBIL,

VIC. GEN.

Ernakulam,
1 Dec. 1941

NEW

PRACTICAL MEDITATIONS

FOR EVERY DAY IN THE YEAR

ON THE

LIFE OF OUR LORD JESUS CHRIST

BY THE

REV. FATHER BRUNO VERCRUYSSE, S. J.

Translated by

REV. BR. LEOPOLD, T. O. C. D.

Second Edition,

THE LITTLE FLOWER PRESS,

MANJUMMEL.

1942

വിഷയവിവരം

1-ാം ധ്യാനം. ആദ്ധ്യാത്മികാഭിവൃദ്ധിയുടെ ലക്ഷണങ്ങളും അതിന്റെ പ്രേരണകളും അതിനുള്ള മാർഗ്ഗങ്ങളും 1

2-ാം ധ്യാനം. ഈശോയുടെ ജ്ഞാനസ്നാനവും പരസ്യജീവിതവും 5

3-ാം ധ്യാനം. ഈശോ പരിശുദ്ധാത്മാവിയാൽ വനത്തിലേക്ക് ആനയിക്കപ്പെടുന്നു 10

4-ാം ധ്യാനം. മിശിഹായ്ക്കുണ്ടായ മൂന്നുവിധ പരീക്ഷകളും 13

5-ാം ധ്യാനം. പരീക്ഷകളും 18

6-ാം ധ്യാനം. വി. സ്നാപകയോഹന്നാൻ ഈശോയെ ജനത്തിന്റെ മുമ്പായ് വിശ്വസിപ്പിക്കുന്നു 22

7-ാം ധ്യാനം. ഈശോ ശിഷ്യരെ വിളിക്കുന്നു 26

8-ാം ധ്യാനം. ഈശോയും നത്താനയേലുംതമ്മിലുള്ള സംഭാഷണം 30

9-ാം ധ്യാനം. കാനായിലെ കല്യാണവിരുന്നും ഈശോയുടെ ആദ്യത്തെ അത്ഭുതകർമ്മവും 34

10-ാം ധ്യാനം. ഈശോ തന്റെ പരിശുദ്ധമാതാവിനെ വിട്ടുപിരിയുന്നു; തന്നേപ്പോലെ സകലവും പരിത്യജിപ്പാൻ ശിഷ്യരോടും ആവശ്യപ്പെടുന്നു 38

11-ാം ധ്യാനം. തന്റെ പരമപിതാവിന്റെ ഭവനത്തെക്കുറിച്ച് ഈശോയ്ക്കുണ്ടായ മുമ്പാന്തി 42

12-ാം ധ്യാനം. ദൈവമഹിമയെക്കുറിച്ചുള്ള മുമ്പാന്തി 45

13-ാം ധ്യാനം. നിക്കൊദേമൂസ് രാത്രിസമയത്തു് ഈശോയുടെ അടുക്കൽ ചെല്ലുന്നു 49

14-ാം ധ്യാനം. സ്നാപകയോഹന്നാന്റെ ശിഷ്യരുടെ അസൂയ 53

15-ാം ധ്യാനം. അഹങ്കാരവും അതിന്റെ നികൃഷ്ടഫലങ്ങളും 57

16-ാം ധ്യാനം. എളിമയുടെ സ്വഭാവവും ആവശ്യകതയും 61

17-ാം ധ്യാനം. എളിമയുടെ വൈശിഷ്ട്യവും സൽഫലങ്ങളും 65

18-ാം ധ്യാനം. എളിമ സമ്പാദിപ്പാനും അതിനെ ബലപ്പെടുത്തുവാനുമുള്ള മുഖ്യമാർഗ്ഗങ്ങൾ 69

19-ാം ധ്യാനം. ഈശോ സമരിയക്കാരിയോടുചെയ്ത സംഭാഷണം— അവളുടെ മാനസാന്തരം—ഈശോയെക്കുറിച്ചുള്ള അവളുടെ മുമ്പാന്തി 73

20-ാം ധ്യാനം. സിക്കാർനഗരവാസികളുടെ വിശ്വാസവും ഈശോ ഗലീലേയായിൽചെയ്ത പ്രയത്നവും 77

21–ാം ധ്യാനം. കഫാർണ്ണാമിലെ ഒരു പ്രഭുവിന്റെപുത്രനെ
അത്ഭുതവിധത്തിൽ ഈശോ സുഖപ്പെടുത്തിയതു് 80
22–ാം ധ്യാനം. ഈശോ കഫാർണ്ണാമ്മിൽ വസിച്ചതു് 84
23–ാം ധ്യാനം. ഈശോ വി. പത്രോസിന്റെവീട്ടിൽച്ചെന്നു്
അയാളുടെ ഭാര്യാമാതാവിനെ സുഖപ്പെടുത്തുന്നു 88
24–ാം ധ്യാനം. ഈശോ ജപധ്യാനങ്ങൾക്കായി പരസ്നേഹ
പ്രവൃത്തികളിൽനിന്നു വിരമിക്കുന്നു 91
25–ാം ധ്യാനം. ഈശോ നമ്മിൽനിന്നു് ആവശ്യപ്പെടുന്ന
പൂർണ്ണപരിത്യാഗം 95
26–ാം ധ്യാനം. ഈശോയും തന്റെ ശിഷ്യന്മാരും
കൊടുങ്കാറ്റിൽ അകപ്പെട്ടതു് 98
27–ാം ധ്യാനം. ഈശോ കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നതു് 101
28–ാം ധ്യാനം. ഈശോ ജെരസേന്യരോട്ടുകൂടെ വസിക്കയും
പിശാചുബാധിതരെ സുഖപ്പെടുത്തുകയുംചെയ്യുന്നു 105
29–ാം ധ്യാനം. ഈശോ കഫാർണ്ണാമിലേക്കു മടങ്ങിപ്പോകുന്നു;
ഒരു പക്ഷവാതരോഗിയെ സുഖപ്പെടുത്തുന്നു 109
30–ാം ധ്യാനം. വി. മത്തേവൂസിനെ അപ്പോസ്തോലവൃത്തിക്കു
ക്ഷണിക്കുന്നു 112
31–ാം ധ്യാനം. നമ്മുടെ ദൈവവിളിയുടെ ഔന്നത്യം 116
32–ാം ധ്യാനം. ഈശോ യായിരൂസിന്റെപുത്രിയെ
പുനർജ്ജീവിപ്പിക്കുന്നു 120
33–ാം ധ്യാനം. അത്ഭുതകരമായ മൂന്നു രോഗശാന്തി 123

അനന്തരിക്ഷേപം

നമ്മുടെ കർത്താവിന്റെ പരസ്യജീവിതം

ഒന്നാം ധ്യാനം

ആദ്ധ്യാത്മികാഭിവൃദ്ധിയുടെ ലക്ഷണങ്ങളും അതിന്റെ പ്രേരണകളും അതിനുള്ള മാർഗ്ഗങ്ങളും

പ്രാരംഭം. ഫ. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" എന്നു് ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിക്കുക. (മത്തേ. ൫. ൪൮.)

ഫ. ജീവിതവിശുദ്ധിയിൽ പ്രതിദിനം അഭിവൃദ്ധി പ്രാപിക്കുവാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ആദ്ധ്യാത്മികാഭിവൃദ്ധിക്കുള്ള പ്രേരണകൾ

ധ്യാനം:— നമ്മുടെ ജീവിതസ്ഥിതിയുടെ കടമതന്നെയാണു് ഇതിലേക്കുള്ള ആദ്യത്തെപ്രേരണ. നാം സന്ന്യാസികളായിരിക്കയാൽ ക്രിസ്തീയപരിപൂർണ്ണത നിർവ്യാജം ആഗ്രഹിക്കാനും അതിന്നായിട്ടുതന്നെ യഥാശക്തി പരിശ്രമിക്കാനും സർവഥാ കടപ്പെട്ടവരാണു്. 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ' എന്നുള്ള ആ കല്പന, അവിടുത്തെ അനുയായികളെല്ലാവരേയും സാമാന്യമായി സംബന്ധിക്കുന്നുണ്ടെങ്കിലും, സന്ന്യാസികളെ അതു് വിശേഷവിധിയായിട്ടുതന്നേ സംബന്ധിക്കുന്നുണ്ടു്. ഒരു സന്ന്യാസി അയാളുടെ സഭാപ്രവേശത്തോടെ താൻ മിശിഹായുടെ പ്രസ്തുത പ്രബോധനാനുസരണം പരിപൂർണ്ണത പ്രാപിക്കാൻ സദാ പരിശ്രമിക്കുകയെന്ന ഗൌരവാവഹമായ കടമ

യേ സഹായം ഏറെറടുക്കുകയാണു് ചെയ്യുന്നതു്. ആകയാൽ അനന്തസംപൂർണ്ണനായ ദൈവത്തെ മാതൃകയായി സ്വീകരിച്ചുകൊണ്ടു് സ്വന്തം ജീവിതവിശുദ്ധിക്കായി അശ്രാന്തയത്നംചെയ്തു് അതിൽ ദിനംദിനം അഭിവൃദ്ധിപ്പെട്ടുവരുവാനായിരിക്കണം ഓരോ സന്ന്യാസിയുടേയും ഏകാഗ്രമായ ശ്രദ്ധ. ഇതു് അയാളുടെ ജീവിതത്തിലെ സർവ്വപ്രധാനവും ഒഴിച്ചുകൂടാത്തതുമായ കടമയാണു്.

ആദ്ധ്യാത്മികജീവിതത്തിന്റെ പ്രയോജനമാണു് അതിൽ അഭിവൃദ്ധിപ്പെട്ടുവരുവാൻ നമ്മെ പ്രേരിപ്പിക്കേണ്ട രണ്ടാമത്തെ സംഗതി. പുണ്യത്തിൽ നാം അഭിവൃദ്ധി പ്രാപിക്കുന്നതോടെ സ്വർഗ്ഗപ്രാപ്തിക്കുള്ള നമ്മുടെ യോഗ്യതകളും വർദ്ധിക്കുന്നു. ഏതൽഫലമായി നമ്മുടെ ആത്മാവു് കൂടുതൽ സൗഭാഗ്യത്തിനും മഹത്വത്തിനും അർഹമാകുന്നു.

മൂന്നാമത്തെ പ്രേരണ, ഈ വിഷയത്തിൽ നമുക്കുള്ള ഏളുപ്പമാണു്. പുണ്യപൂർണ്ണത പ്രാപിക്കയെന്നതു് കുറെ വിഷമമുള്ള സംഗതിയാണെങ്കിലും നമ്മുടെ ജീവിതസ്ഥിതിയിലുള്ള സൗകര്യങ്ങളും സഹായങ്ങളും ഈ മഹിതജോലിയെ വളരെ സുഗമമാക്കിയിട്ടുണ്ടു്. പുണ്യത്തിൽ സദാ നമ്മെ അഭിവൃദ്ധിപ്പെടുത്താനുള്ള സകല സാഹചര്യങ്ങളും സൌകര്യങ്ങളും സന്ന്യാസത്തിലുണ്ടു്. ഇതിനെ നിരോധിക്കുന്ന സംഗതികളും ഇവിടെ ഇല്ലെന്നുതന്നെ പറയാം.

പ്രായോഗികചിന്ത:— പുണ്യാഭിവൃദ്ധിക്കു നമ്മെ പ്രേരിപ്പിക്കാൻ ശക്തിയുക്തങ്ങളായ ഇത്രയൊക്കെ ന്യായങ്ങളുണ്ടായിട്ടും നാം ഇത്രയേറെ സ്വനതകളുള്ളവരും, ജീവിതവിശുദ്ധിയിൽ മന്ദഗതിക്കാരുമായിരിക്കുന്നതു് എന്തുകൊണ്ടായിരിക്കാം? അതു നമ്മുടെ മനസ്സിന്റെ ക്ഷീണവും, അസ്ഥിരതയുംമൂലമല്ലാതെ മറെറാന്നിനാലുമല്ല. നമുക്കു് ആഗ്രഹമുണ്ടു്, പക്ഷെ ആ ആഗ്രഹത്തെ പ്രവൃത്തിപരമാക്കിക്കൊണ്ടു പോകാൻവേണ്ടും മനക്കരുത്തും ശ്രദ്ധാന്തിയും ഇല്ല. നാം ആരംഭിക്കുന്നുണ്ടു്; പക്ഷെ ധൈര്യസമേതം മുന്നോട്ടു പോകാനോ, വേണ്ടവിധം മുഴുമിപ്പിക്കാനോ നമുക്കു സാധിക്കുന്നില്ല. പരിശ്രമംകൂടാതെ അഭിവൃദ്ധി നാം പ്രാപിക്കുകയില്ല. ഈ പരിശ്രമം നാം ചെയ്യുന്നില്ല. ഇതിനു സന്നദ്ധരായാൽതന്നെയും നിസ്സാരമായ പ്രതിബന്ധങ്ങളുടെ ദർശനമാത്രത്താൽ നാം ഭയപ്പെട്ടു പിന്മാറുന്നു. ഈ ഭീരുത്വത്തി

ന കാരണം നമ്മുടെ മനഃസ്ഥൈര്യത്തിന്റെ കുറവ് അല്ലെങ്കിൽ പിന്നെ എന്താണു്?

സ്നേഹപ്രകരണങ്ങൾ:— ഓ! എന്റെ ആത്മാവെ, എത്രനാളത്തേക്കു് നിന്നെത്തന്നെ ഇപ്രകാരം നീ വഞ്ചിക്കും? നിനക്കു നൽകപ്പെട്ടിരിക്കുന്ന സമയംകഴിഞ്ഞു്, നിന്റെമേലുള്ള വിധി നടത്താനായി ദൈവസന്നിധിയിലേക്കു് നീ ആനയിക്കപ്പെട്ടു ന്ന നാഴികയിൽ, ആത്മരക്ഷയ്ക്കും പുണ്യാഭിവൃദ്ധിക്കുമായിട്ടുള്ള അ ത്യേറെ മാർഗ്ഗങ്ങളെ വിഫലീകരിച്ചതിനെക്കുറിച്ചു കഠിനമായ കണക്കു നിന്നോടു ചോദിക്കുമ്പോൾ, നീ എന്തു സമാധാനം പ റയും? പിന്നീടു നിഷ്ഫലമായി പശ്ചാത്തപിക്കാതിരിക്കാനാ യി ഇപ്പോൾത്തന്നെ ഈ വിഷയത്തിൽ ജാഗരൂകനായിരിക്കു ക.

പ്രതിജ്ഞ:— ആത്മികമന്ദതയെ ജയിക്കുന്നതിനു ഞാൻ ശ്രമിക്കും. പൂർണ്ണധ്യാനദിവസങ്ങളിൽ—ദൈവത്തോടുമാത്രം സ ഹവസിച്ചുവന്ന ആ വിശുദ്ധ ദിവസങ്ങളിൽ—വിശ്വാസത്താ ലും സ്നേഹത്താലും പ്രചോദിതനായി ഞാൻ എഴുതിവച്ച പ്രതി ജ്ഞകളെ വിശ്വസ്തതാപൂർവ്വം നിവർത്തിപ്പാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പ്

ആദ്ധ്യാത്മികാഭിവൃദ്ധിയുടെ ലക്ഷണങ്ങൾ

ധ്യാനം:— ജീവിതവിശുദ്ധിയിൽ നാം അഭിവൃദ്ധിപ്പെട്ട വരാണ്ടോ എന്നു അറിവാൻ ചില ലക്ഷണങ്ങൾ ഉണ്ടു്. അവയിൽ ചിലതു് ഇവിടെ കുറിക്കാം. ക. നിന്റെ വിശുദ്ധ അ ത്മസ്സിനെക്കുറിച്ചു് ഉത്തരോത്തരമായ സന്തോഷവും സംതൃപ്തി യും ബഹുമാനവും നിനക്കു് ഉണ്ടൊ? ഖ. നീ പതിവായി ചെയ്തു വന്നിരുന്ന ലഘുവായ കുറ്റങ്ങളുടെ സംഖ്യ ഇപ്പോൾ കുറഞ്ഞിട്ടുണ്ടോ? ന. നിനക്കു നേരിട്ടുന്ന പ്രലോഭനങ്ങളെ ജയിക്കാൻ മുമ്പത്തേതിലും എളുപ്പമുണ്ടോ? ര. ആത്മനിഗ്രഹപ്രവൃത്തികൾ നിന്നിൽ അധികരിച്ചിട്ടുണ്ടോ? ങ. പരിശുദ്ധ കുർബാന സ ന്ദർശിക്കുന്നതും സ്വീകരിക്കുന്നതും മുമ്പത്തെക്കാൾ ആകർഷണീയമാ യി തോന്നുന്നുണ്ടോ? ന്ന. ലോകത്തോടു, എന്നല്ലാ ദൈവത്തെ സംബന്ധിക്കുന്നതൊഴികെയുള്ള സകല കാര്യങ്ങളോടും നിനക്കു വെറുപ്പും, നിന്റെ സ്വന്തം വ്യാമോഹങ്ങളെയും ആഗ്രഹങ്ങളെ

യും ജയിപ്പാൻ പ്രയാസക്കുറവും തോന്നുന്നുണ്ടോ? ൬. പീഡകളെയും, നിന്ദകങ്ങളേയും ധൈര്യത്തോടും ക്ഷമയോടും, ദൈവത്തിങ്കൽ മനസ്സിനോടുള്ള വിധേയത്വത്തോടുംകൂടെ സഹിക്കാൻ നിനക്കു സാധിക്കുന്നുണ്ടോ? ഈ ഏഴു ചോദ്യങ്ങൾക്കും 'ഉവ്വ്' എന്നു ഉത്തരം പറയാമെങ്കിൽ നീ പുണ്യത്തിൽ അഭിവൃദ്ധിപ്പെട്ടുന്നുണ്ട് എന്നു വിചാരിക്കാം. എന്തുകൊണ്ടെന്നാൽ ഇവയാണ് പുണ്യാഭിവൃദ്ധിയെ അളക്കാനുള്ള ചില പ്രധാന മാനദണ്ഡങ്ങൾ.

പ്രായോഗിക ചിന്ത:— ഈ ധ്യാനം യഥോചിതം കഴിക്കാൻ നീ ശ്രമിക്കുക. അങ്ങനെ ചെയ്താൽ നിന്റെ തൽക്കാല സ്ഥിതിയെപ്പറ്റി ഒരു ശരിയായ ബോധം ഇതിൽനിന്നു നിനക്കു സിദ്ധിക്കും. ഒന്നുകിൽ അപാരമായ സന്തോഷത്തിനും സമാധാനത്തിനും അല്ലെങ്കിൽ വലിയ ലജ്ജയ്ക്കും ഭയത്തിനും ഇതു കാരണമാകുകയുംചെയ്യും.

സ്നേഹപ്രകരണങ്ങൾ:— ഔദാര്യമുള്ള ഹൃദയം നിനക്കു തരുവാൻ ദൈവത്തെ പ്രാർത്ഥിക്കുക. പുണ്യപന്ഥാവിൽ പുരോഗമനംചെയ്യുക എന്നതു് വളരെ വിഷമമുള്ള സംഗതിയാണ് എന്ന ഉദാസീനമായ അഭിപ്രായത്തിന് വശഗനാകാതെ നിന്റെ ധൈര്യത്തെ പുനർജ്ജീവിപ്പിച്ചുകൊണ്ട് ആത്മികയുദ്ധത്തിനു സന്നദ്ധനാകുക.

പ്രതിജ്ഞ:— നിന്റെമേൽ നീ ജാഗരൂകനായിരിക്കുകയും, നിന്നെത്തന്നെ ഉത്സാഹിപ്പിക്കുകയും, സ്വയം കുറപ്പെട്ടുത്തുകയുംചെയ്യുക. ഇതരന്മാർ എത്രതന്നെ അശ്രദ്ധരായി വർത്തിക്കുന്നതു നീകണ്ടാലും നീ നിന്റെമേൽ ശ്രദ്ധ കൂടാതിരിക്കരുതു്. നിന്നോടുതന്നെ നീ എത്ര ബലംപ്രയോഗിക്കുമോ അത്രയും നീ പുണ്യത്തിൽ പുരോഗമനംചെയ്യും എന്നിങ്ങനെ ക്രീസ്താനുകരണത്തിൽ പറഞ്ഞിരിക്കുന്നതിനനുസരണമായി വർത്തിക്കുക. (ക്രീസ്താ. ൧-ാം പുസ്ത. ൨൫-ാം അ.)

മൂന്നാംവകുപ്പു

ആദ്ധ്യാത്മികാഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ

ധ്യാനം:— പുണ്യാഭിവൃദ്ധി പ്രാപിക്കാൻ മൂന്നു മാർഗ്ഗങ്ങളാണ് പ്രധാനമായുള്ളതു്. ൧. പ്രഭാതത്തിൽ ഉണരുമ്പോൾ തന്നെ ആദ്ധ്യാത്മികായുധങ്ങളെ ധരിച്ചു് യുദ്ധസന്നദ്ധരായിരിക്ക

ന്നതു. അതായതു്, ഉഗ്രണങ്ങളെ നിഗ്രഹിച്ചും സൽകൃത്യങ്ങളെ അനുഷ്ഠിച്ചുംകൊണ്ടു് ഈ ദിവസത്തെ സഫലമാക്കുന്നുണ്ടെന്നു തീക്ഷ്ണതാപൂർവ്വം പ്രതിജ്ഞചെയ്യുന്നതു. പ. ആന്തരികമായ പ്രശാന്തതയും സമാധാനവും സന്തോഷവും വിശ്വാസവും പരിരക്ഷിക്കാൻ യഥാശക്തി ശ്രമിക്കുന്നതു. ആത്മികാഹ്ലാദവും ശാന്തതയും, പുണ്യവർദ്ധനവിനും ദൈവശുശ്രൂഷയ്ക്കും വളരെ പ്രയോജകീഭവിക്കുമെന്നുള്ളതിനു സംശയമില്ല. ഇതേപ്പറ്റി വി. ദാവീദ് ദീർഘദർശി ഇങ്ങനെ പറയുന്നു: "കർത്താവെ, എന്റെ ഹൃദയത്തെ നീ സന്തോഷത്താൽ സംപൂർണ്ണമാക്കിയിരുന്നപ്പോൾ നിന്റെ പ്രമാണങ്ങളുടെ വഴിയിൽ ഞാൻ ശീഘ്രമായി ഓടിയിട്ടുണ്ടു്." (സങ്കീർത്ത. ഫ്രഥവ. നമ.) ഫ. സന്ന്യാസജീവിതത്തിന്റെ പ്രാരംഭഘട്ടത്തിൽ നമുക്കുണ്ടായിരുന്ന ആത്മികശുഷ്കാന്തി നിലനിറുത്തുന്നതു്. അല്ലെങ്കിൽ അതു് മന്ദീഭവിച്ചാൽ വീണ്ടും ഉജ്ജ്വലിപ്പിക്കുന്നതു. ഇതു സർവ്വപ്രധാനമായതും ഒഴിച്ചുകൂടാത്തതുമാണു്. നവസന്ന്യാസികൾ ആദ്ധ്യാത്മികജീവിതത്തിൽ സാധാരണമായി തപരിതഗതിയിൽ അഭിവൃദ്ധിപ്പെട്ടുന്നതിനു പ്രധാന കാരണമെന്താണു്? അതു് അവരുടെ ആത്മികശുഷ്കാന്തിതന്നെയല്ലെ?

പ്രായോഗികചിന്ത:— ഈ മാർഗ്ഗങ്ങൾഅത്രെ നീയും സ്വീകരിക്കേണ്ടതു്. ഇവയിൽ നിനക്കു് പ്രത്യേകം ആവശ്യമുള്ള മാർഗ്ഗങ്ങളെ അംഗീകരിച്ചു സ്ഥിരമായി അനുവർത്തിക്കുമെങ്കിൽ മരണസമയത്തും, നിത്യതപത്തിലും നിനക്കു് ആനന്ദത്തിനേ വകയുണ്ടാകയുള്ളു.

സംഭാഷണം:— ജീവിതവിശുദ്ധിയിൽ അഭിവൃദ്ധി പ്രാപിപ്പാൻ നിരന്തരം പരിശ്രമിക്കുന്നുണ്ടെന്നു ശപഥംചെയ്തു് അതിൽ വിശ്വസ്തതയോടെ നിലനിന്ന വി. അന്ത്രെയാസ് അവല്ലീനിയോടു സംഭാഷണംചെയ്ക.

രണ്ടാം ധ്യാനം

ഈശോയുടെ ജ്ഞാനസ്നാനവും പരസ്യജീവിതവും

പ്രാരംഭം. പ. ഈശോ തന്റെ പരിശുദ്ധ മാതാവിനോടു യാത്രപറഞ്ഞു പിരിയുന്നതും, പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പു് ജ്ഞാനസ്നാനം സ്വീകരിക്കാൻ പോകുന്നതും കാണു

ന്നതായി വിചാരിക്കുക.

ഘ. ബന്ധുമിത്രാദിജനങ്ങളോടും ലോകത്തോടുമുള്ള സ്നേഹവേഴ്ച കളിൽനിന്നു് പൂർണ്ണസ്വാതന്ത്ര്യം പ്രാപിപ്പാൻവേണ്ടുന്ന ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ഈശോയുടെ പരസ്യജീവിതം

ധ്യാനം:- യേശു തന്റെ നിഗ്രഹവും ധ്യാനപരവുമായ ജീവിതത്തിനുശേഷം, തന്റെ പ്രസംഗപരമായ പരസ്യജീവിതം ആരംഭിക്കുന്നു. പരമപിതാവിനാൽ അവിടുത്തെയ്ക്കു ഭരമേല്പിക്കപ്പെട്ട ദിവ്യമായ ഉദ്യോഗം സമാരംഭിക്കാനുള്ള സമയം അതാ സമാഗതമായി. നസറെത്തിലെ എളിയ ഭവനത്തിൽ അവിടുന്നു കഴിച്ചുവന്ന അജ്ഞാതവും സമാധാനപരവുമായ ജീവിതം അവസാനിപ്പിച്ചിട്ടു് അത്യന്തം ശ്രമകരവും അദ്ധ്വാനപ്രദവുമായ മതപ്രസംഗജോലിയിൽ ഉദ്യുക്തനാകേണ്ട കാലംവന്നു. ഈ സംഭവം മിശിഹായുടെ ജീവിതത്തിൽ വളരെ പ്രാധാന്യതയുള്ള ഒന്നാണെന്നതിനു സംശയമില്ല. തന്റെ പ്രിയജനനിയുടെയും ബന്ധുമിത്രാദികളുടെയും സാഹചര്യത്തെ അവിടുന്നു നിശ്ശേഷം ത്യജിക്കേണ്ടിയിരുന്നു. ഇതു മനുഷ്യസഹജമായ സ്നേഹവാത്സല്യങ്ങൾകൊണ്ടു് മൃദുലമായിരുന്ന അവിടുത്തെ ഹൃദയത്തിനു വളരെ ദുഃഖകരമായിരുന്നിരിക്കണം. ഇതിനുംപുറമെ, ദാംഭികന്മാരും ധിക്കാരികളും നന്ദിഹീനരുമായവരുടെ ഇടയിൽ, തല ചായിക്കാൻപോലും സ്ഥലമില്ലാതെ രാപ്പകൽ പ്രയത്നിക്കാനാണു് അവിടുന്നു പോകേണ്ടിയിരുന്നതു്. ഇതെല്ലാം മനുഷ്യപ്രകൃതി കഠിനമായി പരീക്ഷിക്കുന്ന സംഗതികളാണല്ലോ. യേശുവിന്റെ മനുഷ്യസ്വഭാവത്തെയും ഇവ ശക്തിയായി പരീക്ഷിക്കതന്നെചെയ്തു. എന്നാൽ തന്റെ പിതാവിന്റെ അഭീഷ്ടം പൂർണ്ണമായി അനുവർത്തിക്കാനും ആത്മാവുകളുടെ രക്ഷയ്ക്കായി അശ്രാന്തം പരിശ്രമിക്കാനും അവിടുത്തെയ്ക്കുണ്ടായിരുന്ന അതീവത്യുഷ്ണാന്തിയും ആഗ്രഹവും പ്രസ്തുത സ്വാഭാവികപ്രതിബന്ധങ്ങളെ എല്ലാം ദൂരീകരിച്ചു.

പ്രായോഗികചിന്ത:- ദൈവം തന്റെ പ്രതിപുരുഷന്മാരായ അധികാരികൾവഴിയായി നമ്മുടെ വാസസ്ഥലവും പ്രവൃത്തി

രംഗവും നിശ്ചയിച്ചുതരുമ്പോൾ അതു നമ്മുടെ ഗുണോൽക്കർഷത്തിനു് ഏറ്റവും പര്യാപ്തമായതാണെന്നുള്ള ഉത്തമവിശ്വാസം നമുക്കുണ്ടാകണം. മാത്രമല്ല യേശുവിനെപ്പോലെ സന്തോഷപൂർവ്വം അക്കാര്യത്തിൽ ശ്രേഷ്ഠന്മാരെ അനുസരിക്കയും ചെയ്യണം. നാം ദൈവത്തെപ്രതി സർവ്വവും പരിത്യജിച്ചിരിക്കുന്നു. ഇനി ഏതെങ്കിലും ഒരു സ്ഥലത്തേയ്ക്കോ ആളിനേയ്ക്കോ ക്രൂതലായി സ്നേഹിക്കയോ നമുക്ക് ആത്മികാശ്വാസപ്രദായകമായ ഏതെങ്കിലും ജോലി ക്രൂതലായി ഇഷ്ടപ്പെടുകയോ ചെയ്യുന്നതു് ദൈവത്തിനു് നാം സമർപ്പിച്ചുകഴിഞ്ഞ ബലിവസ്തുവിൽനിന്നു് ഒരു ഭാഗം തിരിയെ അപഹരിച്ചെടുക്കുന്നതുപോലെയായിരിക്കും. ഇതു് എത്രയോ ആക്ഷേപാർഹമാണു്! മാതാപിതാക്കന്മാർ ബന്ധുമിത്രങ്ങൾതുടങ്ങി ജീവിതത്തിൽ നമുക്ക് അത്യന്തം പ്രിയപ്പെട്ടവയെല്ലാം സസന്തോഷം പരിത്യജിച്ചുശേഷം, നമ്മുടെ ആത്യാഗത്തേയും, ദൈവത്തോടു നാം ചെയ്തിട്ടുള്ള പ്രതിജ്ഞയേയും വളരെ നിസ്സാരതരമായ സംഗതികളെപ്രതി ഉല്ലംഘിക്കുന്നതു് ഒട്ടും അഭിമാനകരമല്ലതന്നെ.

സ്നേഹപ്രകരണങ്ങൾ:- നമ്മുടെ ജീവിതാവസ്ഥയുടെ കടമകളോടു് അനുബന്ധിച്ചു സംഗതികൾ എത്രതന്നെ വിഷമതരങ്ങളായാലും അവയെ നിവർത്തിക്കുന്നതിനു് പ്രാപ്തരാകാൻവേണ്ടി നമ്മെ ദൈവത്തിനു സമർപ്പിക്കുക.

പ്രതിജ്ഞ:— ദൈവം, അവിടുത്തെത്തിരുവുള്ളം, അവിടുത്തോടുള്ള സ്നേഹം ഇതൊഴികെയുള്ള സർവ്വകാര്യങ്ങളേയും സർവ്വാത്മനാ പരിവർജ്ജിക്കുവാൻ സദാ പരിശീലിക്കുക.

രണ്ടാംവകുപ്പു്

മിശിഹായുടെ ജ്ഞാനസ്നാനം

ധ്യാനം:- പാപികൾക്കായി ഉദ്ദേശിക്കപ്പെട്ടിരുന്ന ജ്ഞാനസ്നാനം സ്വീകരിക്കുകയെന്ന ഈ വിനയാനുചിതമായ പ്രവൃത്തികൊണ്ടു മിശിഹാ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതായിട്ടാണു് നാം കാണുന്നതു്. ഈ സംഭവത്തെപ്പറ്റി വി. മത്തായി പറയുന്നതു കേൾക്കുക: "അപ്പോൾ യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കേണ്ടതിലേക്ക് യേശു ഗലീലേയായിൽനിന്നു യോർദ്ദാനിൽ അയാളുടെ അടുക്കൽ ചെന്നു. യോഹ

ന്നാനാകട്ടെ: ഞാൻ നിന്നാൽ ജ്ഞാനസ്നാനപ്പെടേണ്ടവനായിരിക്കെ, നീ എന്റെ അടുക്കൽ വരുന്നുവോ? എന്നു പറഞ്ഞു അവനെ തടുത്തിരുന്നു. എന്നാൽ യേശു ആയാളോടു്: ഇപ്പോൾ നീ സമ്മതിക്കുക, എന്തുകൊണ്ടെന്നാൽ ഇപ്രകാരം സകല നീതിയും പൂർത്തിയാക്കുന്നതു് നമുക്കു യുക്തമാകുന്നു എന്നു് അവനോടു പറഞ്ഞു." (മത്തേ. സു. ക്രമ. ക്ര്. ക്ര.) സകല നീതിയും പൂർത്തിയാക്കാമെന്നു് മിശിഹാ ഇവിടെ പറയുന്നതിന്റെ സാരം, തന്റെ അത്യഗാധമായ വിനയവും യോഹന്നാന്റെ അസ്വനമായ അനുസരണവുംമൂലം ദൈവത്തെ മഹിമപ്പെടുത്തുകയും മനുഷ്യരുടെ അഹങ്കാരവും അനുസരണക്കേടും മൂലം അവിടുത്തോടുചെയ്യപ്പെട്ടുന്ന അനീതി പരിഹരിക്കുകയും ചെയ്യാമെന്നാണു്.

പ്രായോഗികചിന്ത:– നമ്മുടെ ദിവ്യഗുരു, ആ കാരുണ്യമൂർത്തി, തന്റെ മാതൃകയും വാക്കുകളുംകൊണ്ടു് രണ്ടു സംഗതികളാണു് ഇവിടെ നമ്മെ പ്രബോധിപ്പിക്കുന്നതു്. ക്ര. വി. ക്രമാശകളുടെ ക്രമത്തിൽ ജ്ഞാനസ്നാനത്തിനു് പ്രാധാന്യം നൽകേണ്ടതുപോലെതന്നെ സദ്പുണ്യങ്ങളാലും സമലംകൃതമാക്കേണ്ട ക്രിസ്തീയജീവിതത്തിൽ എളിമയെന്ന പുണ്യത്തിനും പ്രാധാന്യം നൽകണം. ഉ. യഥാർത്ഥമായ വിനയത്തിൽനിന്നുൽഭവമാകുന്ന പൂർണ്ണമായഅനുസരണത്താൽ നാം ദൈവത്തിന്റെ സ്നേഹഭാജനങ്ങളും അവിടുത്തെ വാത്സല്യപൂർവ്വമായ അനുഗ്രഹത്തിനു് അർഹരുമായിത്തീരുന്നു. ഈ രണ്ടു സംഗതികളാണു് മിശിഹാ ഇവിടെ നമ്മെ പഠിപ്പിക്കാനുദ്ദേശിച്ചതു്. ആത്മരക്ഷാർത്ഥമുള്ള നമ്മുടെ അശ്രാന്തപരിശ്രമങ്ങൾപോലും പലപ്പോഴും വിഫലമാകുന്നതു് യേശുവിന്റെ പ്രസ്തുത ഉപദേശങ്ങളെ നാം അനുവർത്തിക്കായ്കകൊണ്ടല്ലയോ? ഇതു സൂക്ഷ്മമായി പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:– തന്റെ വിനയത്താൽ നമ്മെ ഉയർത്തിയതിനു മിശിഹായോടു നന്ദിപറയുക. അവിടുന്നു ജ്ഞാനസ്നാനത്താൽ ഈ ലോകത്തിൽ യുദ്ധത്തിലിരിക്കുന്ന സഭയോടു നമ്മെ യോജിപ്പിക്കയും, ഇതിൽ സ്ഥിരമായിനിന്നുകൊണ്ടു് പരത്തിലെ വിജയട്ടയിഷ്ടമായ സഭയിൽ ചെന്നുചേരുന്നതിനുവഴിതുറക്കുകയുംചെയ്തിരിക്കുന്നു. ഇതിനായി നാം അവിടുത്തെ സ്തുതിക്കുകയും അവിടുത്തോടു കൃതജ്ഞത പ്രകാശിപ്പിക്കുകയുംചെയ്യുക.

പ്രതിജ്ഞ:– ദൈവത്തിൽ സ്ഥിരമായ പ്രതീക്ഷയോടുകൂടെ എളിമയുടെ അരൂപി നമ്മിൽ ഭരമായി കാക്കുക.

മൂന്നാംവകുപ്പു

ഈശോയുടെ മഹതീകരണം

ധ്യാനം:- തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. (മത്തേ. ൨൩. ൧൨.) എന്നതത്രേ ഈശോകർത്താവിന്റെ ജ്ഞാനസ്നാനാവസരത്തിൽ എങ്ങനെ പ്രസ്പഷ്ടമായെന്നു നോക്കുക! അവിടുത്തെ വിനയസമനചിതമായ ജ്ഞാനസ്നാനകൃത്യത്തെ തുടർന്നു നടന്ന മഹാസംഭവത്തെപ്പറ്റി വിശുദ്ധ സുവിശേഷകൻ ഇപ്രകാരമാണു പറയുന്നതു്: "യേശു ജ്ഞാനസ്നാനമേറശേഷം, ഉടൻ വെള്ളത്തിൽനിന്നുകയറി; അപ്പോൾ അതാ സ്വർഗ്ഗങ്ങൾ അദ്ദേഹത്തിന്നു് തുറക്കപ്പെട്ടു: ദൈവത്തിന്റെ അരൂപി പ്രാവു പോലെ ഇറങ്ങി തന്റെമേൽ വരുന്നതു് അദ്ദേഹം കണ്ടു. അപ്പോൾ: ഇവൻ എന്റെ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്നു സ്വർഗ്ഗത്തിൽനിന്നു പറയുന്ന ഒരു ശബ്ദം (ഉണ്ടായി)". (മത്തേ. ൩. ൧൬-൧൭.)

പ്രായോഗികചിന്ത:– മിശിഹായുടെ ജ്ഞാനസ്നാനാവസരത്തിൽ അവിടുത്തയ്ക്കു് അനുഭവപ്പെട്ട സ്വർഗ്ഗീയമായ സൌഭാഗ്യങ്ങളും നമുക്കും അനുഭവവേദ്യമായിട്ടില്ലയോ? അതെ, ജ്ഞാനസ്നാനജലം നമ്മുടെ ശിരസ്സുകളിൽ പതിച്ചപ്പോഴും നടന്ന സംഭവങ്ങളും ഇതിൽനിന്നു് ഒട്ടും വ്യത്യസ്തമല്ല. മനുഷ്യനെന്ന നിലയിൽ മിശിഹായ്ക്കു് ആ അവസരത്തിൽ ലഭിച്ചതരത്തിലുള്ള വരപ്രസാദങ്ങളുംതന്നെ നമ്മുടെ വിശേഷവിധിയായ പരിശ്രമമൊന്നുംകൂടാതെ നമുക്കു് നൽകപ്പെട്ടുകയുണ്ടായിട്ടുണ്ടു്. പൂട്ടപ്പെട്ട സ്വർഗ്ഗകവാടങ്ങളും ജ്ഞാനസ്നാനജലസ്പർശത്തോടെ നമുക്കായി തുറക്കപ്പെട്ടുകയും, പരിശുദ്ധാരൂപി അദൃശ്യമായ ഒരുപ്രാവിന്റെ രൂപത്തിൽ തന്നെ നമ്മുടെമേൽ ആഗമിക്കുകയും, 'ഇതു് എന്റെ വാത്സല്യഭാജനമാകുന്നു' എന്ന സ്വർഗ്ഗത്തിൽനിന്നു് ഒരു സ്വരം നമ്മുടെ വിശ്വാസമാകുന്ന കണ്ണുരണ്ടുകളിൽ മുഴങ്ങുകയുംചെയ്തു.

സംഭാഷണം:- നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക. അവിടുന്നു് ഇത്ര ശ്രേഷ്ഠവും സമുജ്ജ്വലവുമായ പ്രസാദവര

ങ്ങളെ ജ്ഞാനസ്നാനാവസരത്തിൽ നമുക്ക് നൽകിയതിനെക്കുറിച്ച് അവിടുത്തോട് നന്ദിപറയുക. അന്ന നീ ചെയ്ത വാഗ്ദാനങ്ങളെ നവീകരിക്കുക.

മൂന്നാം ധ്യാനം

ഈശോ പരിശുദ്ധാത്മാവിയാൽ വനത്തിലേക്ക് ആനയിക്കപ്പെടുന്നു

പ്രാരംഭം. ഫ. ഭയങ്കരമായ ആ വനപ്രദേശത്തു് ഈശോ ഏകാകിയായിരിക്കുന്നതു കാണുന്നുവെന്നു് വിചാരിക്കുക.

ധ്യ. ദൈവവരത്തിന്റെ പ്രേരണയ്ക്കു് അനുസരണമുള്ളവനായിരിപ്പാൻവേണ്ട സഹായം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്

ഈശോ പരിശുദ്ധാത്മാവിയുടെ പ്രേരണയനുസരിച്ചു വനത്തിലേയ്ക്കു് പോകുന്നു

അപ്പോൾ യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായിട്ട് (പരിശുദ്ധ) ആത്മാവിയാൽ മരുഭൂമിയിലേയ്ക്കു് ആനയിക്കപ്പെട്ടു. (മത്തേ. ൪. ഫ.)

വി. സുവിശേഷത്തിൽ പറയുന്നതുപോലെ ഈശോ ജ്ഞാനത്തിലും, ദൈവപ്രസാദവരത്തിലും പരിപൂർണ്ണനും, യാതൊരു തെറ്റിലോ ലോകമായുള്ളതിലെ വഞ്ചനകളിലോ അകപ്പെടുവാൻ വഹിയാത്തവനും ആയിരുന്നിട്ടും, സകലത്തിലും പരിശുദ്ധാത്മാവിയുടെ പ്രേരണാനുസരണംമാത്രം വ്യാപരിക്കുന്നതായിട്ടാണ നാം കാണുന്നതു്. അതെ, ഈശോ പരിശുദ്ധാത്മാവിക്കു് ഉദാരതയോടും ശുഷ്കാന്തിയോടുംകൂടി കീഴ്വഴങ്ങിയിരുന്നു.

പ്രായോഗികചിന്ത:- വ്യാമോഹനിബിഡമായ ലോകത്തിൽനിന്നു് പരിശുദ്ധാത്മാവി തന്റെ വരപ്രസാദപ്രേരണയാൽ നമ്മെ വിമോചിച്ചു, സന്ന്യാസാവസ്ഥയാകുന്ന സൌഭാഗ്യവനത്തിലേക്കു് ആനയിച്ചിരിക്കുന്നു. തന്റെ ദിവ്യാനുഗ്രഹത്താൽ ഈ സ്ഥിതിയിൽ സ്ഥിരമായി നമ്മെ പരിരക്ഷിക്കുന്നതും, പുണ്യപൂർണ്ണതാമാർഗ്ഗത്തെ നമുക്കു കാണിച്ചുതന്നുകൊണ്ടു് അതിൽ ശുഷ്കാന്തിയോടെ പുരോഗമനംചെയ്വാൻ നമ്മെ ഉത്സാഹിപ്പിക്കു

ന്നതും പരിശുദ്ധാത്മപിതന്നെയാണു്. അവിടുത്തെ ദിവ്യപ്രേരണകളോടു് വേണ്ടത്ര വിശ്വസ്തതയും അനുസരണവും നമുക്കുണ്ടായിരുന്നെങ്കിൽ നാം എത്ര അഭിവൃദ്ധിപ്പെട്ടമായിരുന്നു! ഈ വിഷയത്തിൽ ഇതുവരെ നമുക്കുണ്ടായ ഉദാസീനതയേയും അവിശ്വസ്തതയേയും ഉദാരവും സുസ്ഥിരവുമായ ഉത്സാഹംകൊണ്ടു പരിഹരിക്കാൻ ശ്രമിക്കുക. കലഹങ്ങളുടേയും ലോകസഞ്ചരങ്ങളുടേയുംമദ്ധ്യേ ദൈവസഞ്ചരം കേൾപ്പാൻ അശക്യമായതിനാൽ ഏകാന്തം അനുഷ്ഠിക്കാനും അത്യന്തരസമാധാനം സംരക്ഷിക്കാനും സർവ്വാത്മനായത്നിക്കുക. ലൌകികചിന്തകളിലും വ്യവഹാരങ്ങളിലുംനിന്നു പ്രതിനിവൃത്തിച്ചു് ഏകാന്തത്തെ ആചരിക്കുക. എന്തുകൊണ്ടെന്നാൽ അവളെ ഞാൻ ഏകാന്തത്തിൽ ക്ഷണിക്കൊണ്ടുപോയി അവളുടെ ഹൃദയത്തോടു ഞാൻ സംസാരിക്കുമെന്നു് ഒസേയപ്രവർത്തകർശിവഴിയായി കർത്താവു് അരുളിച്ചെയ്യുന്നു. (ഒസേയ. ൨. ഫ്ര്.)

സ്നേഹപ്രകരണങ്ങൾ:- ദൈവത്തോടു കൃതജ്ഞത കാണിക്കുകയും, കഴിഞ്ഞജീവിതത്തിലെ കുറവുകളെക്കുറിച്ചു പശ്ചാത്തപിക്കുകയും, അനുസരണവും ഔദാര്യവുമുള്ള ഹൃദയം നൽകുന്നതിന്നായി പ്രാർത്ഥിക്കുകയുംചെയ്യുക.

പ്രതിജ്ഞ:- ദൈവാത്മപിയാൽ നയിക്കപ്പെടുന്നവർ ദൈവപുത്രരായിരിക്കുന്നു എന്നു് വി. പൌലോസ് റോമാക്കാർക്കു് എഴുതിയതു ക്ഷണക്കുടെ ചിന്തിക്കുക. (റോമാ. ൮. ഫ്ര്.)

രണ്ടാംവകുപ്പു്

ഈശോ വനത്തിൽ പ്രാർത്ഥിക്കുകയും ഉപവസിക്കുകയുംചെയ്യുന്നു

ധ്യാനം:- പരിശുദ്ധാത്മപിയുടെ പ്രേരണകളെ ഉദാരതയോടും വീരോചിതമായ ധീരതയോടുംകൂടെ അനുവർത്തിക്കുന്നതിൽ ഈശോയ്ക്കുള്ള തീക്ഷ്ണതയുടെ ഒരു ദൃഷ്ടാന്തം ഇവിടെയും നാം കാണുന്നു. സന്തോഷപ്രദമായ മനുഷ്യസഹവാസം വെടിഞ്ഞു വന്യമൃഗങ്ങളോമാത്രം അധിവസിക്കുന്ന വനഭൂമിയിൽ നാല്പതു ദിവസം ധ്യാനനിഷ്ഠയിൽ നിശ്ശബ്ദമായി താമസിക്കാനാണു് പരിശുദ്ധാത്മപി ഈശോയെ പ്രേരിപ്പിച്ചതു്. അവിടെ "കാട്ടുമൃഗങ്ങളോടുകൂടെയായിരുന്നു." (മാർക്കു. ൧. ഫ്ര.) കാറും മഴയും തടുക്കാനുള്ള ഭവനമോ സജ്ജീകരണമോ ഒന്നും കൂടാതെ

നാല്പതുദിവസം മിശിഹാ അവിടെ കഠിനതപസ്സുചെയ്തു. "ആ ദിവസങ്ങളിൽ അദ്ദേഹം യാതൊന്നും ഭക്ഷിച്ചതുമില്ല." (ലൂക്കാ. ൪. ൨.) ആ സമയമത്രയും അവിടുന്നു ജപത്തിലും ധ്യാനത്തിലും ചെലവഴിച്ചു. ഇടയ്ക്കിടയ്ക്കു നമ്മുടെ ദൗർഭാഗ്യത്തെക്കുറിച്ചു കണ്ണുനീർ പൊഴിച്ചും നമുക്കുവേണ്ടി പരമപിതാവിനോടു പ്രാർത്ഥിച്ചുംകൊണ്ടിരുന്നു. ഇപ്രകാരം തന്റെ ജ്ഞാനസ്നാനസ്വീകരണത്തെ തുടർന്നു നടത്തിയ തപോകർമ്മങ്ങളും ധ്യാനവുംകൊണ്ടുകൂടെയും മിശിഹാ തന്റെ പ്രസംഗജീവിതത്തിനു് സന്നദ്ധനായി.

പ്രായോഗികചിന്ത:– ജ്ഞാനസ്നാനം ആദിമക്രിസ്ത്യാനികൾക്കു രക്തസാക്ഷിത്വത്തിനുള്ള ക്ഷണമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ അതു തപസ്സിനുള്ള ഒരു ക്ഷണപത്രമാകുന്നു. താപസവൃത്തിയിൽ ഉപയുക്തരി പരിശീലനംപ്രാപിക്കാൻ അതു് നമ്മെ കടപ്പെടുത്തുന്നു. ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഒരു നിരന്തരതപസ്സായിരിക്കണമെന്നാണു് ത്രിദേന്തീൻ തിരുസംഘത്തിന്റെ പ്രബോധനം. രണ്ടാമത്തേതായി നമ്മുടെ അപ്പോസ്തോലപരിശ്രമങ്ങളുടെതന്നെയും സാഫല്യം ജപവും ധ്യാനവും ആത്മസംയമനവുംമൂലം നമ്മെത്തന്നെസജ്ജീകരിക്കുന്നതിനെയാണു് ആശ്രയിച്ചിരിക്കുന്നതു്. ഇതേവരെയുള്ള നിന്റെ വ്യാപാരത്തെപ്പറ്റി ഈ അവസരത്തിൽ നിനക്കെന്തുതോന്നുന്നു?

സ്നേഹപ്രകരണങ്ങൾ:- സകല കായ്ങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രേരണകളെ വിവേചിച്ചറിവാൻവേണ്ടും ആത്മികവെളിച്ചവും, അവ അനുസരിച്ചു പ്രവർത്തിക്കാൻവേണ്ട ആത്മശക്തിയും ലഭിക്കാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ഏകാന്തത്തെ സ്നേഹിക്കുക. വ്യർത്ഥമായ സഞ്ചാരവും സംസാരവും പരിത്യജിക്കുക. ബാഹ്യമായ സംഗതികളിൽ ആവശ്യത്താൽ നിർബന്ധിതനാകുമ്പോഴും, അവശ്യം വേണ്ടസമയത്തേക്കുമാത്രവും പ്രവേശിക്കുക.

മൂന്നാം വകുപ്പു

ഈശോ വനത്തിൽ പരീക്ഷിക്കപ്പെട്ടതു

ധ്യാനം:– യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുവാനാ

യി പരിശുദ്ധാത്മാവിയാൽ മരുഭൂമിയിലേക്ക് ആനയിക്കപ്പെട്ടു. (വി. മത്തേ. ര്. ഫ.) മിശിഹായ്ക്ക് യാതൊരു ദുർവാസനയുമുണ്ടായിരുന്നില്ല, അതിനാൽ തന്നെ പരീക്ഷിക്കുന്നതിന്നു് അവിടുന്നു പിശാചിനെ അനുവദിച്ചു. ഭയങ്കരവും, അപമാനകരവുമായ ഈ പരീക്ഷയ്ക്കു് അവിടുന്നു സ്വയം സമർപ്പിച്ചതിന്റെ ഉദ്ദേശ്യമെന്തായിരിക്കാം? നമ്മെ അനേകം സംഗതികളിൽ പഠിപ്പിക്കുകയും സർവ്വോപരി നമ്മെ ധൈര്യപ്പെടുത്തുകയും ചെയ്യുണം എന്നതാണു് അവിടുത്തെ ഉദ്ദേശ്യം. പാപത്തിനുള്ള പ്രലോഭനങ്ങൾ പാപങ്ങളല്ലെന്നു മാത്രമല്ലാ, അവ നമ്മെ വിനയവും, ഉണർവും, ശ്രദ്ധാശക്തിയും ഉള്ളവരും ദൈവത്തിന്നു കൂടുതൽ ഇഷ്ടമുള്ളവരും ആക്കുന്നതിനുള്ള പുണ്യോപകരണങ്ങളുമാണു്. പരീക്ഷകൾ ഉണ്ടാകാത്ത സ്ഥലവും, ജീവിതാവസ്ഥയും ഇല്ലതന്നെ. വിശുദ്ധന്മാർക്കും തപോധനന്മാർക്കുംകൂടെ പ്രലോഭനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് പരീക്ഷാവസരത്തിൽ നാം പരിഭ്രമിക്കുകയോ അധൈര്യപ്പെടുകയോ ചെയ്യേണ്ടതില്ല.

പ്രായോഗികചിന്ത:- നമ്മുടെ ധൈര്യത്തെയും ശാന്തതയേയും ഒരിക്കലും കൈവിടാതെ വി. പൌലോസിന്റെ ഈ വാക്കുകളിൽ സ്വച്ഛാ സമാശ്വസിക്കാം: "ദൈവം വിശ്വസ്തനാകുന്നു; നമ്മുടെ ശക്തിക്കുമേലായി നാം പരീക്ഷിക്കപ്പെടുവാൻ ഒരിക്കലും അവിടുന്നു സമ്മതിക്കയില്ല. പരീക്ഷയോടുകൂടെ അതിനെ സഹിപ്പാനും, ജയിപ്പാനുമുള്ള ശക്തിയുംതരും. (ഫ. കൊറി. ഫാ. ഫാ.)

സംഭാഷണം:- വനത്തിൽ നമ്മുടെ ദിവ്യരക്ഷകൻ ചെയ്ത തപസ്സിനെ കണ്ടിരുന്ന വി. ദൈവമാതാവോടു സംഭാഷണം ചെയ്യുക.

നാലാം ധ്യാനം

മിശിഹായ്ക്കുണ്ടായ മൂന്നുവിധ പരീക്ഷകളും

പ്രാരംഭം. ഫ. പിശാചു മനുഷ്യരൂപം ധരിച്ചുകൊണ്ടു് ഈശോയെ പരീക്ഷിപ്പാൻ പ്രത്യക്ഷനാകുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഫ. പിശാചിന്റെ കപടതന്ത്രങ്ങൾ അറിവാനും, അവയിൽനിന്നകലുവാനുംവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ഭോജനപ്രിയത്തെ ലക്ഷ്യമാക്കിയുള്ള പരീക്ഷ

ന്യായം:- മനുഷ്യരെ പാപത്തിലേയ്ക്ക് വശീകരിക്കാൻ അനന്യമായ സാമർത്ഥ്യം പ്രകൃത്യാതന്നെ സിദ്ധിച്ചിട്ടുള്ള പിശാച്, വലിയ ഉപായത്തിൽ നമ്മുടെ ബുദ്ധിക്കു കൂടുതൽ ന്യായപൂർവ്വകവും നമ്മുടെ മനസ്സിനു കൂടുതൽ ആകർഷണീയവുമായ മാർഗ്ഗങ്ങളിലൂടെയാണ് നമ്മെ പാപത്തിനു പ്രേരിപ്പിക്കുന്നതു്. ഒരാദാ നോക്കുക. മിശിഹാ നാല്പതു ദിവസത്തെ ഉപവാസം കൊണ്ടു ക്ഷീണിച്ചിരിക്കുന്നു എന്നു കണ്ടപ്പോൾ ഭോജനപ്രിയത്തെ ലക്ഷ്യമാക്കിക്കൊണ്ട് അവിടുത്തെ പരീക്ഷിക്കാൻ അവൻ തീർച്ചപ്പെടുത്തി. അദ്ദേഹം നാല്പതു പകലും നാല്പതു രാവും ഉപവസിച്ചു. അതു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു വിശപ്പുണ്ടായി. (മത്തേ. ൪. ൨.) ഉടനെ പരീക്ഷകൻ അവിടുത്തെപ്പോലുള്ള അനുകമ്പയാൽ പ്രേരിതനായാലെന്നോണം യേശുവിന്റെ മുമ്പിൽ പ്രത്യക്ഷനായിട്ടു പറയുന്നു: "നീ ദൈവത്തിന്റെ പുത്രനാകുന്നുവെങ്കിൽ, ഈ കല്ലുകൾ അപ്പങ്ങളായിത്തീരുവാൻ ആജ്ഞാപിക്കുക." (മത്തേ. ൪. ൩.) തന്റെ പരമപിതാവു് സ്വന്ത ദൂതൻ വഴിയായി തന്നെ സമാശ്വസിപ്പിക്കുന്നതിനു് നിശ്ചയിച്ചിരുന്ന സമയം സമാഗതമാകുംമുമ്പു തന്നെ ഒരു അത്ഭുതകൃത്യം ചെയ്തുകൊണ്ടു തന്റെ പാരവശ്യത്തെ സ്വയം ശമിപ്പിക്കാൻ അവൻ അവിടുത്തെ പ്രേരിപ്പിച്ചു. തന്നിമിത്തമാണ് ഇതിനെ ഭോജനപ്രിയത്തിനുള്ള പരീക്ഷയായി പരിഗണിക്കുന്നതു്. എന്നാൽ ഈശോ എന്തുചെയ്തു? "മനുഷ്യൻ ജീവിക്കുന്നതു് അപ്പംകൊണ്ടു മാത്രമല്ല, ദൈവവദനത്തിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടുകൂടെയും ആകുന്നു എന്നു് എഴുതപ്പെട്ടിരിക്കുന്നു." (൫-ാം ന്യാ. വ്യ. ൮.) എന്നു പറഞ്ഞു പരീക്ഷകനെ ലജ്ജിപ്പിക്കയാണുണ്ടായതു. (മത്തേ. ൪. ൪.)

പ്രായോഗികചിന്ത:- ഏതാട്ടശമായ പ്രലോഭനങ്ങൾ നമുക്കും ഉണ്ടാകാറില്ലെ? അസമയത്തും നിയമം അനുവദിക്കാത്ത അവസരത്തിലും ഭക്ഷിക്കാനുള്ള ആഗ്രഹം, സന്ന്യാസയോഗ്യമായ മിതത്വം അവഗണിച്ചുകൊണ്ടു് അമിതഭോജനത്തിനായുള്ള മോഹം, രുചികരമായ പദാർത്ഥങ്ങൾ ലഭിക്കാനുള്ള അതിമോഹം വെറും സന്തോഷത്തിനുവേണ്ടിമാത്രം ഭക്ഷിക്കാനും പാനംചെ

യ്വാനുമുള്ള ശ്രമം എന്നതുടങ്ങിയവയെല്ലാം അമിതഭോജനപ്രിയത്തിലേക്കുള്ള പ്രലോഭനങ്ങളാകുന്നു. ഈളശങ്ങളായ ഏതെങ്കിലും പരീക്ഷ നേരിടുന്ന അവസരങ്ങളിൽ യേശു പിശാചിനെതിരായി പ്രയോഗിച്ച വാക്യത്തെ നാമും സ്മരിക്കണം. അപ്പം മാത്രമല്ല, ജീവസംരക്ഷണോപകരണം. ശരീരത്തിനുവേണ്ടിയുള്ള ആഹാരത്തെമാത്രം ഉദ്ദേശിച്ചു ജീവിക്കേണ്ടവനല്ല മനുഷ്യൻ. ആദ്ധ്യാത്മികമായ ദിവ്യാഹാരത്താൽ ഉപജീവിക്കേണ്ട അത്യുൽകൃഷ്ടമായ ഒരു വസ്തു—ആത്മാവു്—അവനുണ്ടു്. അതിനാൽ അവന്റെ പ്രധാന ചിന്ത ആദ്ധ്യാത്മികകാര്യങ്ങളെപ്പറ്റിയായിരിക്കണം. ശരീരത്തെ ആവശ്യത്തിനു് ഉപകരിക്കാൻവേണ്ടി മാത്രം പോഷിപ്പിക്കണം. ആത്മാവിനെയാകട്ടെ സമ്പൂർണ്ണതയിലും സമൃദ്ധിയിലും വളർത്തണം. നിസ്സംശയമായും ശരീരത്തെ—ആത്മരക്ഷയെ—പരിത്യജിച്ചുകൊണ്ടു് ശരീരത്തെമാത്രം പുഷ്ടിപ്പെടുത്താനുദ്യമിക്കുന്നതു് എത്ര ബുദ്ധിഹീനമാണു്!

സ്നേഹപ്രകരണങ്ങൾ:— "അമിതഭോജനത്താൽ ശരീരത്തിനു രോഗങ്ങളും, ആത്മാവിനു നാശങ്ങളും ഉണ്ടാകും." ജ്ഞാനിയുടെ ഈ വാക്കുകൾ നിന്റെ ഹൃദയത്തിൽ ഗാഢമായി പതിപ്പിക്കുവാൻ ദൈവത്തെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഭക്ഷണപാനീയങ്ങൾ അനുഭവിക്കുന്നതിൽ മിതമായ ഒരു രീതി നിശ്ചയിച്ചു് അതു് നിഷ്കർഷാപൂർവ്വം അനുവർത്തിക്കുക.

രണ്ടാംവകുപ്പു

വ്യർത്ഥാഭിമാനത്തിനായുള്ള പരീക്ഷ

സ്വാനം:- പിശാചു് പരാജയങ്ങൾകൊണ്ടു് അത്ര എളുപ്പത്തിൽ പ്രതിനിവർത്തിക്കുന്നവനല്ല. ഒരു പരീക്ഷണത്തിൽ പരാജയം പറ്റിയാൽ അവൻ കൂടുതൽ ആകർഷകമായ വേറൊരു പരീക്ഷണം നടത്തും. ഇങ്ങനെ പരീക്ഷണത്തെ ഉപര്യുപരി ഉജ്ജ്വലമാക്കിത്തീർക്കുന്നതിൽ അവൻ അക്ഷീണനാണു്. അതിനാൽ മിശിഹായെ അവൻ പിന്നെയും പരീക്ഷിക്കുന്നു! മഹൽകൃത്യങ്ങൾകൊണ്ടു കീർത്തിനേടാനുള്ള അടിവാഞ്ഛ മനുഷ്യബുദ്ധിക്കു സഹജമാണല്ലൊ. ഈ തത്വത്തെ നല്ലവണ്ണം ഗ്രഹിച്ചുകൊണ്ടു പിശാചു്, ലജ്ജാവഹമായ തന്റെ പരാജയത്തെ

ഗണ്യമാക്കാതെ വീണ്ടും അവിടത്തെ പരീക്ഷിക്കുകയായി. മിശി ഹായുടെ ശരീരത്തെ സ്പർശിക്കാൻ അനുമതി ലഭിച്ചതിനാൽ അവൻ വിശുദ്ധ നഗരത്തിലേയ്ക്ക് അവിടത്തെ സംവഹിച്ചുകൊ ണ്ടുപോയി, ഒരഗ്രിമസ്ഥാനത്തു നിറുത്തിയിട്ട് ഇപ്രകാരം പറ ഞ്ഞു: "നീ ദൈവപുത്രനാകുന്നുവെങ്കിൽ താഴോട്ടെയ്ക്കു ചാടുക. എന്തുകൊണ്ടെന്നാൽ അവിടുന്നു തൻെറ ദൂതന്മാരോട് നിന്നെ ക്കുറിച്ചു കല്പിച്ചുഎന്നും നിൻെറ പാദം ഒരുപക്ഷെ കല്ലിന്മേൽ തട്ടാതെ ഇരിക്കേണ്ടതിന്ന് അ വ ർ തങ്ങളുടെ കൈകളിൽ നിന്നെ വഹിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു." (മത്തേ. ര്. ഒ. ന്നു.) സ്വീകരണങ്ങളുടേയും ശ്രദ്ധയെ ആകർഷിക്കത്തക്ക ഏതാട്ട ശമായ ഒരു അത്ഭുതം അവിടത്തെ ദിവ്യമായ ശക്തിയും അധി കാരവും സ്വീകൃതമായി സ്ഥാപിക്കയും, അവിടുന്ന് ആരംഭി ക്കാനിരുന്ന പ്രസംഗപ്രസ്ഥാനത്തിൻെറ പ്രശസ്തമായ വിജയ ത്തിന്നു സുരക്ഷിതമായ മാർഗ്ഗം തുറക്കുകയുംചെയ്യുമായിരുന്നു. വ്യർത്ഥാഭിമാനത്തിനായിക്കൊണ്ടു മിശിഹായെ പരീക്ഷിക്കാൻ പിശാചു് സാമർത്ഥ്യപൂർവ്വം പ്രയോഗിച്ച ഈ മാർഗ്ഗം വളരെ വ ശീകരണനിപുണമായിരുന്നുഎന്നു സമ്മതിച്ചേ കഴിയൂ. പ ക്ഷെ യേശു അവനോട് ഇത്രമാത്രം പറഞ്ഞു: "നിൻെറ ദൈവ മായ കർത്താവിനെ നീ പരീക്ഷിക്കരുതു് എന്നും എഴുതപ്പെട്ടിട്ടു ണ്ടല്ലൊ." (മത്തേ. ര്. ഒ.)

പ്രായോഗികചിന്ത:- പിശാചിൻെറ തന്ത്രങ്ങൾക്കും വ ഞ്ചനകൾക്കും വശംവദരാകാതിരിക്കണമെങ്കിൽ സദാ ഉണർ ന്നിരിക്കുകയും യുദ്ധസന്നദ്ധരായിരുന്നുകൊള്ളണം. പിശാചു ത ൻെറ അടിയോഗങ്ങളെ അത്യുചിതത്തിൽ അവസാനിപ്പിക്കയി ല്ല. നമ്മുടെ വിജയങ്ങളിൽനിന്നുകൂടെയും പരീക്ഷിക്കുന്നതിനു നവമായ വിഷയങ്ങളെ അവൻ കണ്ടുപിടിക്കുന്നു. ഭക്ത്യനു ഷ്ഠാനങ്ങളിൽ രുചികരമായ ഏതെങ്കിലും വർജ്ജിച്ചുകൊണ്ടു നീ ഭോജനപ്രിയത്തിലേയ്ക്കുള്ള പ്രലോഭനത്തെ ജയിക്കുന്നുവെന്നിരി ക്കട്ടെ. ഉടനെ അതേപ്പറ്റിയുള്ള വ്യർത്ഥാഭിമാനകരമായ വി ചാരം, നിന്നെപ്പോലെ ആ ത്യാഗം അനുഷ്ഠിക്കാത്തവരേക്കുറിച്ചു ള്ള പരിഹാസപൂർവ്വമായ വിചാരം എന്നിവ നിന്നിൽ അങ്കുരി പ്പിക്കാൻ അവൻ ശ്രമിക്കും. ചിലപ്പോൾ ഒരു ദൈവഭക്ത നെപ്പോലെ അവൻ തിന്മയെ നന്മയെന്നു് നിന്നെ തെറ്റിദ്ധരി പ്പിച്ചേക്കും. ഉദാഹരണത്തിന്ന്, അവൻ കോപവും കലഹവും

പ്രതികാരവും ദുഷ്ടാന്തിയുടെ രൂപത്തിൽ നിന്റെ മുമ്പിൽ പ്രദർശിപ്പിക്കുകയും, അതുകളിലേയ്ക്ക് നിന്നെ പ്രേരിപ്പിക്കുകയും ചെയ്യുവെന്നുവരാം. ശരീരാരോഗ്യം നഷ്ടപ്പെട്ടുത്തരുതെന്നു ഉപായേന ഉദാസീനതയും ആത്മനിയന്ത്രണവൈമുഖ്യവും നിന്നിൽ ഉൽപാദിപ്പിക്കുവാനും അവൻ മടിക്കുകയില്ല. സ്വർഗ്ഗസമ്മാനത്തിനു നീ ഇപ്പോഴെ അർഹനാണെന്നും ഇതുവരെയുള്ള പല പ്രശസ്തമായവിജയങ്ങൾമൂലം നീ വളരെ ധീരനായ ഒരു യോദ്ധാവാണെന്നു തെളിഞ്ഞിരിക്കുന്നെന്നുമുള്ള മിഥ്യാവിചാരം നിന്നിൽ അങ്കുരിപ്പിച്ചുകൊണ്ടു നിന്നെ ആപൽശങ്കയില്ലാത്തവനാക്കിത്തീർക്കുവാനും; അങ്ങനെ കാലക്രമത്തിൽ അത്യാപത്തുകളിൽ ധാർഷ്ട്യപൂർവ്വം സ്വയം ഉൾപ്പെട്ടുത്തിയും മറ്റും ദൈവത്തെ പരീക്ഷിക്കുകയെന്ന സാഹസകൃത്യംതന്നെയും നീ ചെയ്വാനിടയാക്കുവാനും അവനു സാമർത്ഥ്യമുണ്ടെന്നും നീ ഓർക്കണം.

സ്നേഹപ്രകരണങ്ങൾ:- പിശാചിന്റെ സകല തന്ത്രങ്ങളിൽനിന്നും: കർത്താവെ, ഞങ്ങളെ നീ രക്ഷിക്കേണമെ!

പ്രതിജ്ഞ:– പരീക്ഷകനോട് തർക്കിക്കാതെ നമ്മുടെ ലിഖിതരൂവിന്റെ ദൃഷ്ടാന്തം അനുസരിച്ചു ധർമ്മകോപത്തോടെ അവനെ എതിർക്കുക.

മൂന്നാംവകുപ്പ്

ദൈവികമഹിമയെ ലക്ഷ്യമാക്കിയുള്ള പരീക്ഷ

ധ്യാനം:– മിശിഹായെ പരീക്ഷിക്കുന്നതിനു ലഭിച്ച അനുമതിയെ പിശാച് എത്ര ധാർഷ്ട്യപൂർവ്വം ഉപയോഗിക്കുന്നുവെന്നു നോക്കുക. ഉത്തുംഗമായ ഒരു പർവ്വതശിഖരത്തിലേക്ക് അവൻ അവിടുത്തെ സംവഹിച്ചുകൊണ്ടുപോയി. ലോകത്തിലുള്ള സകലരാജ്യങ്ങളെയും അവിടുത്തെയ്ക്കു കാണിച്ചുകൊണ്ട് അവൻ പറഞ്ഞു: "ഇവയുടെ സർവ്വാധിപത്യവും അതിന്റെ പ്രതാപവും ഞാൻ നിനക്കു നൽകാം; എന്തുകൊണ്ടെന്നാൽ ഇവ എനിക്കേല്പിക്കപ്പെട്ടിരിക്കുന്നു; എനിക്കിഷ്ടമുള്ളവനു് ഇവ കൊടുക്കുകയും ചെയ്യാം. ആകയാൽ നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റെതായിത്തീരും." (ലൂക്കാ. ൪. ൫. ൬-൭) "അപ്പോൾ

യേശു അവനോട്: സാത്താനേ; നീ പോകുക, എന്തുകൊണ്ടെന്നാൽ നീ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണമെന്നും; അവിടുത്തെ മാത്രമേ സേവിക്കാവു എന്നും എഴുതപ്പെട്ടിരിക്കുന്നു എന്ന് അരുളിച്ചെയ്തു. അനന്തരം പിശാച് അദ്ദേഹത്തെ വിട്ടുപോയി. പിന്നീട് ഇതാ ദൈവദൂതന്മാർ അടുത്തു് അദ്ദേഹത്തിനു പരിചര്യചെയ്തിരുന്നു. (മത്തേ. ൪. ൧൦. ൧൧.)

പ്രായോഗികചിന്ത:- പിശാച്, വ്യാജംപറഞ്ഞുകൊണ്ടും കപടവാക്ചാതുരംചെയ്തുകൊണ്ടും, അഹങ്കാരത്തെയും ദുർവാസനകളേയും മുഖസ്തുതികൊണ്ടും പ്രശംസിച്ചുകൊണ്ടുംമനുഷ്യരെ വശീകരിക്കുവാൻ എത്ര കൗശലപൂർവ്വം യത്നിക്കുന്നുവെന്നു നോക്കുക. അവൻ നിന്നെ വഞ്ചിപ്പാൻ നീ സമ്മതിക്കുമോ? ധൈര്യവും സ്ഥൈര്യവും അവലംബിച്ചുകൊണ്ടു പിശാചിന്റെ പ്രലോഭനങ്ങളെ എതിർക്കുന്ന തന്റെ വിശ്വസ്തയോദ്ധാക്കളോടു ദൈവം എത്ര ഉദാരമായും സ്നേഹമായും വർത്തിക്കുന്നു എന്നും നോക്കുക! അതേ, അവിടുന്നു സ്വന്തം ദൂതന്മാരെ അയച്ചുപോലും അവരെ സമാശ്വസിപ്പിക്കാൻ മടിക്കുന്നില്ല.

സംഭാഷണം:- നിന്റെ കാവൽദൂതനോടു സംഭാഷണം ചെയ്യുക.

അഞ്ചാം ധ്യാനം

പരീക്ഷകരം

പ്രാരംഭം. ൧. "ഇഹത്തിൽ മനുഷ്യജീവിതം ഒരു പോരാട്ടമാകുന്നു" എന്നു തന്റെ ദുരന്തമായപരീക്ഷാകാലത്തു ജോബ് പറഞ്ഞിരുന്നതു ശ്രവിക്കുന്നതായി സങ്കല്പിക്കുക.

൨. പരീക്ഷകളോടുള്ള ഈ യുദ്ധത്തിൽ വിശ്വസ്തനും, ജയശാലിയും ആകുവാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നമ്മുടെ പരീക്ഷകളുടെ ഉല്പത്തിസ്ഥാനങ്ങൾ

ധ്യാനം:- വിഷകരവും ഉപദ്രവകരവുമായ അനേകം ചെടികളുടെ ബീജങ്ങൾ ഭൂമിക്കുള്ളിൽ മറഞ്ഞുകിടക്കുന്നതുപോലെ ജന്മപാപത്തിന്റെ അവശേഷമായ പാപവാസനകളും നമ്മിൽ

ത്തുമായി കിടക്കുന്നുണ്ട്. ഇതിനാൽ പാപത്തിലേക്കുള്ള പ്രലോഭനങ്ങൾ പ്രകൃത്യാതന്നെ നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കും. പാപത്താൽ മനുഷ്യപ്രകൃതിയിൽ ഭവിച്ച താറുമാറിന്റെ ഫലമായി നമ്മിൽ പ്രബലപ്പെട്ടിരിക്കുന്ന അഹങ്കാരവും ഭോഗേച്ഛയുമാണ് പരീക്ഷയ്ക്കുള്ള ഒന്നാമത്തെ മൂലം. ദുഷ്പ്രലോഭനങ്ങളുടെ ഉത്ഭവത്തിനുള്ള രണ്ടാമത്തെ കാരണം, തന്റെ സ്വന്തകുറ്റത്താൽ സ്വർഗ്ഗസൗഭാഗ്യത്തെ നഷ്ടപ്പെടുത്തിയതുകൊണ്ടുള്ള അപാരമായ നിരാശയാലും ദുഃഖത്താലും പ്രേരിതനായി നമ്മെയും ആ ഭാഗ്യപഥത്തിൽനിന്നു വ്യതിചലിപ്പിക്കാൻ ശപഥപൂർവ്വം പരിശ്രമിക്കുന്ന പിശാചുതന്നെയാണ്. പരീക്ഷകളുടെ മൂന്നാമത്തെ കാരണം ലോകമാകുന്നു. അതെ, നാം നിത്യം കാണുകയും കേൾക്കുകയുംചെയ്യുന്ന തിന്മയായസംഗതികളിൽ പലതും നമ്മെ പാപത്തിലേക്കു വശീകരിക്കുവാൻ ശ്രമിക്കും.

പ്രായോഗികചിന്ത:- ഇതിനാൽ നാം സാധാരണമായും ശക്തിമത്തായവിധത്തിലും പരീക്ഷിക്കപ്പെടുന്നതിൽ വിസ്മയിക്കാനുണ്ടോ? അഥവാ പ്രായവും സാഹചര്യങ്ങളും നമ്മെ (പ്രലോഭനങ്ങളിൽനിന്ന്) നിഷ്പ്രയാസരായി കാക്കുമെന്നു വിശ്വസിക്കാൻ നമുക്കു ന്യായമുണ്ടോ? ഇതിനുംപുറമെ നമ്മുടെ പരീക്ഷകളിൽ അധികവും നമ്മുടെ കൌതുകാശയോ, ആത്മനിയന്ത്രണവൈമുഖ്യമോ, ഉദാസീനതയോമൂലം ഉണ്ടാകുന്നവയായിരിക്കും. ഇങ്ങനെ നമ്മുടെ ദുസ്വാതന്ത്ര്യവും, അന്തഃകരണത്തിന്റെ സ്വരത്തിനെതിരായി നമുക്കു തോന്നുന്ന ന്യായരഹിതമായ ചിലസഹിതപങ്ങളെ അത്യാശാപൂർവ്വം പാലിക്കുന്നതുകൊണ്ടും പാപത്തിലേക്കു പ്രലോഭനങ്ങൾ ഉണ്ടാകുന്നസ്ഥിതിക്ക്, നമ്മുടെ പരീക്ഷകളെല്ലാം പിശാചിൽനിന്നുള്ളവയാണെന്നു പറയാനോ വിശ്വസിക്കാനോ നമുക്ക് എന്തു ന്യായമാണുള്ളത്? ഏതാട്ടശസന്ദർഭങ്ങളിൽ ഉണ്ടാകുന്ന പ്രലോഭനങ്ങൾക്കു പിശാചിനെ ന്യായപൂർവ്വം കുറ്റപ്പെടുത്തുവാൻ നമുക്കു വഹിയാ. ഇത്തരത്തിലുള്ള ഒഴിവുകഴിവുകൾക്കു ദൈവന്യായാസനത്തിൻമുമ്പിൽ വിലയൊന്നും ഉണ്ടാകുകയുമില്ല.

സ്നേഹപ്രകരണങ്ങൾ:- പരീക്ഷകളുടെ ശരിയായ ഉൽപത്തിസ്ഥാനത്തെക്കുറിച്ച വിചാരത്തുന്യൂനായിരുന്നുകൊണ്ട് എന്റെ ആത്മാവിന്റെ ദ്രോതയിൽ വ്യർത്ഥമായി വിശ്വസിക്ക

ന്ന ഞാൻ (പാപമാകുന്ന) മരണത്തിൽ നിദ്രചെയ്യാതിരിക്കാൻ കത്താവെ, എന്റെ നേത്രങ്ങളെ നീ തെളിയിക്കേണമേ!

പ്രതിജ്ഞ:- നമുക്കുണ്ടാകുന്ന പരീക്ഷകളുടെ കാരണങ്ങളെ അറിവാൻ ആത്മികപരിശോധനസമയത്തു പ്രത്യേക ശ്രദ്ധവയ്ക്കുക.

രണ്ടാംവകുപ്പു

പരീക്ഷകർക്കുള്ള പ്രതിവിധി

ധ്യാനം:- നിങ്ങൾ പരീക്ഷയിൽ അകപ്പെടായ്വാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ. (മത്തേ. ൨൬. ൪൧.) പ്രാർത്ഥനയോടുകൂടിയുള്ള ഉണർച്ച എല്ലാപ്പരീക്ഷകൾക്കും ഉത്തമ പ്രതിവിധിയാണെന്നാണ് ദിവ്യരക്ഷകൻ പ്രസ്തുത വാക്യത്താൽ നമ്മെ ഉൽബോധിപ്പിക്കുന്നത്. എന്നാൽ പരീക്ഷകൾക്കെതിരായി നാം എങ്ങനെയാണ് ഉണർന്നിരിക്കേണ്ടത്? ൧. നമുക്കു പാപപ്രേരണകളായിവരുന്ന സന്ദർഭങ്ങളെയും സാഹചര്യങ്ങളെയും സൂക്ഷ്മനിരീക്ഷണംചെയ്യുമനസ്സിലാക്കി അവയിൽനിന്ന് അകലുവാൻ യഥാശക്തി ശ്രമിക്കുക. ൨. പരീക്ഷകൾക്കെതിരായി കൂടുതൽ സാഫല്യത്തോടുകൂടി പ്രതിവിധികളെ പ്രയോഗിക്കേണ്ടതിലേക്ക് അവയുടെ ഉൽപത്തിസ്ഥാനങ്ങളെ സശ്രദ്ധം ആരാഞ്ഞറിയുക. ൩. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ, പ്രത്യേകമായി കണ്ണുകളെ യഥാവിധി നിയന്ത്രിക്കുക. എന്തുകൊണ്ടെന്നാൽ നമ്മുടെ കിളിവാതിലുകൾവഴിയായി മരണം നമ്മിൽ പ്രവേശിച്ചുഎന്നു പരിശുദ്ധാത്മാവു പറയുന്നു, (യെരെ. ൯. ൨൧.) ൪. ശത്രുവിന്റെ അഭിയോഗങ്ങളെ പ്രാരംഭക്ഷണത്തിൽതന്നെ എതിരിടുന്നതിനുവേണ്ടി നമ്മുടെ പരീക്ഷകളുടെ ആദ്യചലനങ്ങളെത്തന്നെ മനസ്സിലാക്കി നിഗ്രഹിക്കുവാൻ ജാഗരൂകരായിരിക്കുക. ൫. മുകളിൽ പറഞ്ഞിട്ടുള്ള ജാഗ്രതയും സന്നദ്ധതയും സദാ ഉണ്ടാകുന്നതിന് ആത്മിക ഏകാന്തം കാക്കുക.

"ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ." അതെ, കാലത്തു് ഉണരുന്നതോടെ നിന്റെ ഹൃദയവും പ്രാർത്ഥനയാൽ ദൈവത്തിങ്കലേയ്ക്കു് ഉയരട്ടെ. നിനക്കുണ്ടാകുന്ന പ്രലോഭനങ്ങളെ ധീരതാപൂർവ്വം എതിർക്കുന്നുണ്ടെന്ന പ്രതിജ്ഞയെ തീക്ഷ്ണതയോടെ നവീകരിക്കുകയും അതിലേയ്ക്കു് ആവശ്യമായ ദൈവാനുഗ്രഹ

ങ്ങൾ കേതിപൂർവ്വം യാചിക്കുകയുംചെയ്യുക. മേലിൽനിന്നുള്ള സഹായംകൂടാതെ നിനക്കു വിജയം ഉണ്ടാകുന്നുമാണ്. സപ്രശക്തിയിൽമാത്രം ആശ്രയിക്കുന്ന അഹംഭാവിയായ മനുഷ്യനു പരാജയം നിശ്ചയമുള്ളതാണെന്നോർത്തുകൊള്ളുക. ആകയാൽ അഗാധമായ എളിമയോടും എന്നാൽ അപാരമായ മനോവിശ്വാസത്തോടുംകൂടെ പ്രാർത്ഥിക്കുക. പ്രത്യേകമായി പരീക്ഷസമയത്തു് ഈശോ മറിയം യൗസേഫ് എന്നീ തിരുനാമങ്ങൾ വിളിച്ചു് അപേക്ഷിച്ചാൽ നിനക്ക് ഒരിക്കലും പരാജയം സംഭവിക്കയില്ല.

പ്രായോഗികചിന്ത:- ഈ ഉത്തമമാർഗ്ഗങ്ങളെ എത്ര ശ്രദ്ധയോടും ഉത്സാഹത്തോടും സ്ഥിരതയോടുംകൂടി നീ പ്രയോഗിച്ചുവരുന്നെന്നും, നിന്റെ പ്രയത്നം എത്രത്തോളം സഫലമാകുന്നുണ്ടെന്നും പതുക്കെ ആലോചിക്കുക.

സ്നേഹപ്രകരണങ്ങൾ:- ആ എന്റെ ദൈവമെ, എന്റെ ശക്തിക്കുമേലായി പരീക്ഷിക്കപ്പെടുവാൻ—ഞാൻ പരീക്ഷയിൽ അകപ്പെടുവാൻ—നീ അനുവദിക്കല്ലെ. പ്രത്യുത, എനിക്കുനേരിടുന്ന പരീക്ഷകളെല്ലാം എന്റെ പുണ്യാഭിവൃദ്ധിക്ക് ഉപകരണങ്ങളായിത്തീരുവാൻ അങ്ങു് അനുഗ്രഹിക്കുക.

പ്രതിജ്ഞ:- എന്റെ പരീക്ഷകളെ അറിവാനും, അവയെ ജയിപ്പാനും എന്നെ സഹായിക്കുന്ന മാർഗ്ഗങ്ങളെ ഞാൻ കൂടുതൽ ശ്രദ്ധാപൂർവ്വം വിനിയോഗിക്കും.

മൂന്നാംവകുപ്പു്

പരീക്ഷകൾകൊണ്ടുള്ള പ്രയോജനം

ധ്യാനം:- നമ്മെ വിനയമുള്ളവരാക്കുവാൻ പരീക്ഷ വളരെ ഉപകരിക്കുന്നു. അവ ലോകത്തോടു നമുക്കുള്ള ബന്ധത്തെ വിച്ഛേദിച്ചു നമ്മുടെ വിചാരങ്ങളെയും, അഭിലാഷങ്ങളെയും സപ്രശ്നത്തിലേക്കു തിരിക്കുന്നതിനു സഹായിക്കുന്നു. അധികം ഭക്തിയോടുകൂടെ പ്രാർത്ഥിപ്പാൻ അവ നമ്മെ സഹായിക്കും. നമ്മുടെ പാപങ്ങൾക്കു പരിഹാരംചെയ്വാനും, യോഗ്യത സമ്പാദിപ്പാനും അവ നമുക്കു പ്രയോജകീഭവിക്കുന്നു. പുണ്യപരിശീലനത്തിൽ നമുക്കു ശക്തിയും ദാർഢ്യവും നൽകാനും മന്ദീഭവിക്കുന്ന നമ്മുടെ ആദ്ധ്യാത്മികപ്രശ്നാന്തിയെ ഉജ്ജീവിപ്പിക്കാനും പ

ദീക്ഷ വലിയൊരു സഹായമാണെന്നുള്ളതിന്നു സംശയമില്ല.

പ്രായോഗികചിന്ത:- ആകയാൽ നാം കഠിനമായി പരീക്ഷിക്കപ്പെട്ടന്നതുകൊണ്ടു ദൈവം നമ്മോടു കോപിച്ചിരിക്കുന്നു എന്നു വിചാരിക്കുന്നതും അതേപ്പറ്റി ആവലാധിപ്പെട്ടന്നതും അധൈര്യപ്പെട്ടന്നതും എത്രയൊ വലിയ അബദ്ധമാണു്. "നീ ദൈവത്തിന്നു് സംപ്രീതനായിരുന്നതിനാൽ പ്രലോഭനംകൊണ്ടു നിന്നെ പരീക്ഷിക്ക എന്നുള്ളതു് ആവശ്യമായിരുന്നു" എന്നല്ലെ വി. റാഫയേൽ മാലാഖ തോബിയാസിനോടു് അരുളിച്ചെയ്തതു്. (തോബി. ഫ്ര. ഫ്ര.) കഠിനയുദ്ധാവസരത്തിൽ ഈ വാക്കുകൾ നമുക്കു് എത്ര ആശ്വാസജനകവും സന്തോഷസംഭായകവുമായിരിക്കും.

സംഭാഷണം:- വിവിധവും, കഠിനതരവുമായ പരീക്ഷകളെ ദീർഘകാലം സഹിച്ചു വലിയപുണ്യാഭിവൃദ്ധി പ്രാപിച്ച സുപ്രസിദ്ധ വനവാസിയായ വി. വലിയ അന്തോനിയൂസിനോടു സംഭാഷണംചെയ്യുക.

ആറാം ധ്യാനം

വി. സ്ഥാപകയോഹന്നാൻ ഈശോയെ ജനത്തിന്റെ
ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു

പ്രാരംഭം. ഫ്ര. വി. സ്ഥാപകയോഹന്നാൻ ഈശോയെ ജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതു നീ കാണുന്നതായി സങ്കല്പിക്കുക.

ഫ. സ്വയം വിസ്മരിച്ചുകൊണ്ടു ദൈവസ്തുതിമാത്രം തേടുവാൻവേണ്ട ദൈവവരം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

വി. സ്ഥാപകയോഹന്നാൻ ജനശ്രദ്ധയെ
യേശുവിന്റെനേർക്കു തിരിക്കുന്നു

ധ്യാനം:- യേശു മരുഭൂമിയിൽനിന്നു പ്രത്യാഗമിച്ചിട്ടു്, അപ്പോൾ അതികഠിനമായ മർദ്ദനങ്ങൾക്കു വശഗനായി കഴിഞ്ഞാവിന്റെ വഴികളെ സജ്ജീകരിച്ചുകൊണ്ടിരുന്ന തന്റെ പുരോഗാമിയെ സന്ദർശിക്കാനും സമാശ്വസിപ്പിക്കാനുമായി അയാളുടെ

പക്കലേക്കാണു് ഉടനെ പോയതു്. യേശുവിനെ കണ്ടമാത്രയിൽ യോഹന്നാൻ ഉച്ചൈസ്വരം വിളിച്ചുപറഞ്ഞു: ഇതാ ദൈവത്തിന്റെ കുഞ്ഞാടു്; ഇതാ ലോകത്തിന്റെ പാപങ്ങൾ ഹനിക്കുന്നവൻ!! എന്റെ പിന്നാലെ വരുവാനുള്ളവനും എനിക്കു മുമ്പനായിത്തീർന്നിരിക്കുന്നവനും ഇദ്ദേഹമാണു്. ഇദ്ദേഹത്തിന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ (പോലും) ഞാൻ യോഗ്യനല്ല. ഇദ്ദേഹംതന്നെയാകുന്നു പരിശുദ്ധാത്മാവിയാൽ ജ്ഞാനസ്നാനപ്പെടുത്തുന്നവൻ. ദൈവത്തിന്റെ പുത്രൻ ഇദ്ദേഹമാണു്. ഇദ്ദേഹം വലുതാകയും ഞാൻ ചെറുതാകയും ചെയ്യേണ്ടതാകുന്നു. (യോഹ. ക്ര. ൨൯, ൩൦, ൩൨, ൩൪)

പ്രായോഗികചിന്ത:- അവിതർക്കിതമായ വിശുദ്ധിയും നിസ്തുലമായ കീർത്തിയുംകൊണ്ടു് സർവ്വലോകവന്ദ്യനായ ഒരു മനുഷ്യൻ സർവ്വജനങ്ങളുടെയും മുമ്പിൽ, താൻ നിശ്ശേഷം വിസ്മരിക്കപ്പെട്ടുന്നതിനും തദ്വാരാ ഇനിമേൽ അവരുടെ സ്നേഹബഹുമാനങ്ങൾക്കു് ഏകവിഷയം ലോകപരിത്രാതാവുമാത്രമാകുന്നതിനുംവേണ്ടി, സ്വയം നിസ്സാരനാക്കുവാൻശ്രമിക്കുന്ന മനോഹരകാഴ്ചയാണു് നാമിവിടെ കാണുന്നതു്. തങ്ങളെത്തന്നെ താഴ്ത്തിക്കൊണ്ടു ദൈവമഹത്വത്തെ സാധിക്കാനുദ്യമിക്കുകയും, സ്വന്തം, യോഗ്യതകളെപ്പറ്റി മൌനംദീക്ഷിച്ചുകൊണ്ടു് ഇതരന്മാർക്കു ശ്രേയസ്സും ബഹുമാനവും വരുത്തുവാൻ സദാ ജാഗരൂകരായിരിക്കയുംചെയ്യുന്ന വിശുദ്ധന്മാരുടെ വീരപ്രവൃത്തികൾക്കു മാതൃകയായ ഒരു മഹാ വിനയകൃത്യം ഇതാ ഇവിടെ നാം കാണുന്നു. ദൈവം സ്വയം വെളിപ്പെടുത്തി തന്റെ ദിവ്യ അനുഗ്രഹങ്ങളാലും പരമാശ്വാസങ്ങളാലും സംപൂരിതരാക്കാൻ അത്യന്തം ആഗ്രഹിക്കുന്നതു് ഇത്തരം നിസ്വാർത്ഥികളായ ആത്മാവുകളെയാണു്. ദൈവത്തിന്റെ ഈ വിശേഷവാത്സല്യത്തിനു നീ അംശഭാക്കാകാത്തതിനെപ്പറ്റി നീ ദുഃഖിക്കുകയും ആവലാധിപ്പെടുകയും ചെയ്യുന്നുണ്ടാവാം. ദൈവം നിന്നെ സ്നേഹപൂർവ്വം സമീപിക്കാത്തതു് ഒരുപക്ഷേ ഇതരന്മാരെ നിന്ദിച്ചിട്ടുപോലും സ്വാർത്ഥം നേടാൻ ശ്രമിക്കുകയും മനുഷ്യരിൽനിന്നുള്ള സ്തുതികളെ കൂടുതൽ വിലമതിക്കുകയും ചെയ്യുന്നെന്നു് അവിടുന്നു കാണുന്നതുകൊണ്ടായിരിക്കയില്ലയോ?

സ്നേഹപ്രകരണങ്ങൾ:- സകല മനുഷ്യരും സർവ്വോപരി ദൈവത്തെ സ്തുതിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യുകാ

ണമാൻ സ്വാത്മനാ ആഗ്രഹിക്കുകയും വിനയമുള്ള ഒരു ഹൃദയം ലഭിക്കാനായി ശുഷ്കാന്തിപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രതിജ്ഞ:- നിന്നെക്കുറിച്ചു നീ ഒന്നും സംസാരിക്കേണ്ട. സത്യം അനുവദിക്കുന്നിടത്തോളം അന്യരെക്കുറിച്ചു പ്രശംസയായി സംസാരിക്കുക. അതും സാദ്ധ്യമല്ലെങ്കിൽ ഇതരന്മാരുടെ കുറങ്ങളെയും കുറവുകളെയുംകുറിച്ചുള്ള സംസാരമെങ്കിലും നിശ്ശേഷം വർജ്ജിക്കുക.

രണ്ടാംവകുപ്പ്

വി. സ്നാപകയോഹന്നാൻ യേശുവിനെ ദൈവത്തിന്റെ കുഞ്ഞാട് എന്നു വിളിക്കുന്നു

ധ്യാനം:- യോഹന്നാൻ തന്റെ അടുക്കൽ യേശു വരുന്നതു കണ്ടിട്ടു പറഞ്ഞു: ഇതാ ദൈവത്തിന്റെ കുഞ്ഞാട്; ഇതാ ലോകത്തിന്റെ പാപങ്ങളെ ഹനിക്കുന്നവൻ (യോഹ. ഏ. വ൯.) വി. യോഹന്നാന്റെ ഈ തത്വോപദേശം അത്ഥവത്തായതാണ്. ദൈവത്തിന്റെ കുഞ്ഞാട് എന്നുള്ള മനോജ്ഞനാമം യേശുവിന് എത്ര അനുചിതമായിരിക്കുന്നു. ഏ. ദൈവത്തിനു സമർപ്പിക്കപ്പെടാനും ലോകത്തിന്റെ പാപങ്ങളെ പരിഹരിക്കാനും ശക്തിയും പ്രാപ്തിയുമുള്ള ഏകബലിവസ്തു യേശുമാത്രമാകുന്നു. ഖ. തന്റെ കോപത്തെ ഉജ്ജ്വലിപ്പിക്കത്തക്ക അനേകകാരണങ്ങളും നമ്മിൽനിന്നുൽഭവിച്ചുകൊണ്ടിരുന്നിട്ടും അവിടുന്നു പ്രദർശിപ്പിക്കുന്ന സൌമ്യതയും ദീർഘശാന്തതയും ഒരു കുഞ്ഞാടിന്റെ സാധുതപ്പോലും അതിശയിക്കുന്നില്ലയൊ. ങ. കുഞ്ഞാട് അതിന്റെ ഹിംസകന്മാർക്കു യാതൊരുപദ്രവവും ചെയ്യാതെ നിശ്ശബ്ദമായി മരണംവരിക്കുന്നതുപോലെ യേശുവും തന്റെ ഘാതകന്മാർക്കു യാതൊരു ദ്രോഹവുംചെയ്യാതെ ശാന്തമായി, നിശ്ശബ്ദമായി, സ്വതന്ത്രം സഹിച്ച് മരണത്തെ സസ്നേഹം കൈവരിച്ചു. അവിടുന്നു തന്റെ ദുർഭരമായ മരണവേദനകൾക്കിടയിൽ അധരങ്ങളെ തുറന്നിട്ടുണ്ടെങ്കിൽ അത് തന്നെ നിഷ്ഠുരണം ഹിംസിക്കുന്ന ആ ഘാതകന്മാർക്കുവേണ്ടി അനുഗ്രഹംപ്രാർത്ഥിപ്പാനായിരുന്നു. അഹോ! ഈശോയുടെ ക്ഷമയും ശാന്തതയും നോക്കുക!! വാശ്ദാനംചെയ്യപ്പെട്ട മിശിഹായെ ഇസയ്യാസ്പ്രവാചകൻ ഇസ്രായേൽജനങ്ങൾക്കു പ്രദർശിപ്പി

ച്ചിരുന്ന ആ സമാകർഷവും സുന്ദരവുമായ രൂപത്തെത്തന്നെ വി. യോഹന്നാൻ ഇവിടെയും അനുസ്മരിപ്പിച്ചതു്, ആ പരിരക്ഷകനെക്കുറിച്ചുള്ള സ്മരണ അവരിൽ ജനിപ്പിച്ചുകൊണ്ടു യഹൂദരെ യേശുവിന്റെ പക്കലേക്കു് ആകർഷിക്കാനായിരുന്നു.

പ്രായോഗികചിന്ത:- കീഴെ പറയുന്ന മൂന്നു ലക്ഷണങ്ങൾ കൊണ്ടു നാമും ദൈവകുഞ്ഞാടിന്റെ ശിഷ്യന്മാരാണെന്നു വിശദമാക്കാൻ ശ്രമിക്കണം. ക്ര. നിരന്തരമായ ആത്മനിഗ്രഹപ്രവർത്തികളാൽ നമ്മുടെബലിയെ മിശിഹായുടെബലിയോടു യോജിപ്പിക്കുക. ഖ. സ്നേഹരോട്ടം, നമ്മുടെ ബദ്ധവൈരികളോടുപോലും സ്നേഹമായും സൗമ്യമായും അത്യാദരവോടുകൂടെയും വർത്തിക്കുക. ന്ധ. ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കുംവേണ്ടി കഠിനമായ അനുഷ്ഠാനങ്ങൾചെയ്യാനും ദുസ്സഹമായപീഡകൾസഹിപ്പാനും മരണത്തെപ്പോലും കൈവരിപ്പാനുമുള്ള സുതീക്ഷ്ണമായ ആഗ്രഹത്തെ ജനിപ്പിച്ചുകൊണ്ടു നമ്മെത്തന്നെ ഒരു സ്നേഹബലിയായി യേശുവിനു സമർപ്പിക്കുക.

സ്നേഹപ്രകരണങ്ങൾ:- എന്നോടുള്ള സ്നേഹത്തെപ്രതി മരിച്ച ഈശോയെ, അങ്ങയോടുള്ള സ്നേഹത്തെപ്രതി ഞാൻ മരിക്കട്ടെ എന്നു് ഒരു വി. സന്ന്യാസി ചൊല്ലിവന്ന സ്നേഹപ്രകരണം തന്നെ നീയും ക്രടെക്കൂടെ ആവർത്തിക്കുക.

പ്രതിജ്ഞ:- ഭിവ്യചൈമ്മരിയാട്ടിൻകുട്ടിയുടെ ക്ഷമയെ ദുഷ്പ്രയോഗിക്കാതിരിപ്പാൻ സൂക്ഷിക്കുക. ശാന്തതയിലും ക്ഷമയിലും അവിടുത്തെ നിന്റെ മാതൃകയായി സ്വീകരിക്കുക.

മൂന്നാംവകുപ്പു

വി. സ്നാപകയോഹന്നാൻ യേശുവിനു ശിഷ്യരെ കൂട്ടിക്കൊടുക്കുന്നു

ധ്യാനം:- വി. യോഹന്നാൻ തന്റെ പ്രസംഗങ്ങളാലും ജീവിതവിശുദ്ധിയാലും വലിയ ശിഷ്യഗണത്തെ ആകർഷിച്ചിട്ടുണ്ടായിരുന്നു. അനന്യലഭ്യമായ ഈട്ടുശവിജയം സാധാരണക്കാരനായ ഏതു മനുഷ്യനെയും മിഥ്യാഭിമാനത്തിനു വശംവദനാക്കുമായിരുന്നു. എന്നാൽ വിശുദ്ധന്മാർ സ്വന്തം സ്തുതിയെ നിശ്ശേഷം അവഗണിച്ചുകൊണ്ടു് ദൈവബഹുമാനത്തിനും ഇതരന്മാരുടെ ആത്മരക്ഷയ്ക്കുമായി മാത്രം പരിശ്രമിക്കുന്നു. സ്നാപക

യോഹന്നാൻ ഈ വസ്തുതയ്ക്ക് ഒരു ഉത്തമദൃഷ്ടാന്തമാണ്. അദ്ദേഹം സ്വന്തം ശിഷ്യസംഘത്തിന്റെ ശോഷണശങ്ക വകവയ്ക്കാതെ അവരുടെ മുമ്പിൽവെച്ച് മിശിഹായെ മുകതകണ്ഠം പ്രശംസിക്കുന്നു. ഇങ്ങനെ അവരെ തന്നിൽനിന്നു വേർപെടുത്തി അവിടത്തോട് ഉഗ്രമായി ബന്ധിക്കുവാൻ ശ്രമിക്കുകയാണു ചെയ്യുന്നത്. ഹാ! നിസ്വാർത്ഥതയുടെ എത്ര സജീവമായ ഒരു മാതൃക!

പ്രായോഗികചിന്ത:— യഥാർത്ഥമായ തീക്ഷ്ണത അന്യരുടെ വിജയങ്ങളെക്കുറിച്ചു ഭയപ്പെടുന്നില്ല; അത് അവർ ചെയ്യുന്ന ഏതു നന്മയെപ്പറ്റിയും സന്തോഷിക്കുന്നു. വ്യാജശ്രുഷ്ഠാന്തിയൊ എന്നാൽ അന്യർ ചെയ്യുന്ന നന്മയെക്കുറിച്ച് — ആ സൽക്രിയകളും അവരെ തന്നെക്കാൾ കൂടുതൽ വിജയികളും ബഹുമാനാർഹരുമാക്കുന്നു എന്നു കാണുമ്പോൾ പ്രത്യേകിച്ചും — രഹസ്യമായി അസൂയപ്പെടുന്നു. ഈ സ്പർദ്ധ പരോക്ഷമായ ചില ആക്ഷേപങ്ങളുടെയും നിഷ്ക്കരുണമായ കുറ്റാരോപണങ്ങളുടെയും രൂപത്തിൽ ചിലപ്പോഴെല്ലാം പ്രത്യക്ഷപ്പെടുകയുംചെയ്യും. ഇവിടെ ഇത്ര വിശദമായി പ്രസ്താവിച്ച ഈ സംഗതികളോട് നമുക്കു വലിയ വിദ്വേഷം തോന്നുന്നുണ്ടോവാം? പക്ഷെ ഇവയിൽ നിന്ന് നാം തീരെ വിമുക്തരാണോ എന്നു ഗാഢമായി ചിന്തിക്കണം.

സംഭാഷണം:— ഈശോകർത്താവിന്റെ പുരോഗാമിയായ വി. സ്നാപകയോഹന്നാനോട് സംഭാഷണംചെയ്യുക.

ഏഴാം ധ്യാനം

ഈശോ ശിഷ്യരെ വിളിക്കുന്നു

പ്രാരംഭം പ്ര. അദ്ഭുതം വിളിക്കപ്പെട്ട തന്റെ നാലുശിഷ്യന്മാരുടെമദ്ധ്യേ യേശു നില്ക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

വ. അവിടുത്തെ ശ്രുഷ്ഠാന്തിയുള്ള ശിഷ്യരുടെകൂട്ടത്തിൽ നീയും ഒരുവനായിരിക്കുവാൻവേണ്ട ദൈവാനുഗ്രഹം യാചിക്കുക.

ഒന്നാംവകുപ്പ്

ഈശോ നാലു ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു

ധ്യാനം:— ഏതാനും മാസത്തോളം തനിയെ പ്രസംഗങ്ങൾ

നടത്തിയശേഷം പ്രാചീനദീർഘദർശികളെ അനുകരിച്ചു യേശുവും ഒരു ശിഷ്യസംഘത്തെ രൂപവൽക്കരിച്ചു. യേശുവിന്റെ പ്രഥമശിഷ്യന്മാർ അവിടത്തെ പുരോഗാമിയുടെപക്കൽനിന്നു വന്നവരായിരുന്നു. ഇതേപ്പറ്റി വി. ജോൺ പറയുന്നതു് ഇപ്രകാരമാണു്: "ഇതാ ദൈവത്തിന്റെ ആട്ടിൻകുട്ടി" എന്നു വി. സ്നാപകയോഹന്നാൻ പറയുന്നു. അയാൾ പറയുന്നതു് ആ രണ്ടു ശിഷ്യന്മാരുംകേട്ടു് യേശുവിനെ അനുഗമിക്കുകയുംചെയ്തു..... അവർ അവിടത്തോടു: "റാബ്ബീ (ഗുരോ, എന്നു സാരം.) അങ്ങു് എവിടെയാണു വസിക്കുന്നതു?" എന്നു ചോദിച്ചു. അദ്ദേഹം അവരോടു: "നിങ്ങൾ വന്നുകണ്ടുകൊൾവിൻ എന്നരുളിച്ചെയ്യുന്നു. അവർചെന്നു് അദ്ദേഹം പാർക്കുന്നസ്ഥലം കാണുകയും, ആ ദിവസം അദ്ദേഹത്തോടുകൂടെ താമസിക്കയുംചെയ്തു". അവരിൽ "ഒരുത്തൻ സിമോൻപത്രോസിന്റെ സഹോദരൻ അന്ത്രയാസ് ആയിരുന്നു. ഇയാൾ ആദ്യം തന്റെ സഹോദരനായ സീമോനെക്കണ്ടു്, അയാളോടു്: [ക്രീസ്തു എന്നു് അർത്ഥമായ] മെസ്സിയാസിനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു എന്നു പറയുന്നു. പിന്നെ ആയാളെ യേശുവിന്റെ അടുക്കൽ കൊണ്ടുചെന്നു. അപ്പോൾ യേശു അയാളെ ഉറ്റുനോക്കിയിട്ടു്: നീ യോനായുടെ പുത്രൻ സിമോനാകുന്നുവല്ലൊ. [നീ പത്രോസ്] (പാറ എന്നർത്ഥമുള്ള) കേഫാസ് എന്നു വിളിക്കപ്പെടുമെന്നു് അരുളിച്ചെയ്തു. പിറ്റെദിവസം അവിടുന്നു ഗലിലേയായിലേക്കു പോകുവാൻ ഭാവിച്ചിരിക്കവേ ഫിലീപ്പൊസിനെ കണ്ടു, അപ്പോൾ യേശു അയാളോടു്: എന്നെ അനുഗമിക്കുക എന്നരുളിച്ചെയ്യുന്നു. (യോഹ. ക്ര. ന്നു—ര്നു.)

പ്രായോഗികചിന്ത:— ഈശോയുടെ ആദ്യശിഷ്യരാകുവാൻ വിളിക്കപ്പെട്ടതു് മുകളിൽ പറഞ്ഞതുപോലെ അന്ത്രയാസ്, യോഹന്നാൻ, പത്രോസ്, ഫിലീപ്പൊസ് എന്ന നാലുപേരാണു്. ഇവരെ വിളിച്ചതു് യാദൃച്ഛികമായുണ്ടായ ഒരു സംഭവമാണെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ അങ്ങനെയല്ല, അവിടുന്നു് ആദിയിലെ നിശ്ചയിച്ചിരുന്നതു് ഇപ്പോൾ നിറവേറുകയാണു് ഉണ്ടായതു്. നിന്റെ വിളിപ്പും ഇതുപോലെതന്നെയാണു്. സ്വാഭാവികന്യായം അനുസരിച്ചു നോക്കുമ്പോൾ ഇതു് അനുകൂലമായ സാഹചര്യങ്ങളുടെ ഫലമാണെന്നു് നിനക്കു തോന്നിയേക്കാം. എന്നാൽ വിശ്വാസദൃഷ്ട്യാ സൂക്ഷിക്കുക. നിന്നെനേരെ ദൈ

വത്തിനുള്ള പ്രത്യേക ഔൽസുക്യത്താൽ ആദിമുതൽക്കെ അവിടുന്നു നിന്നെ തെരിഞ്ഞെടുത്തിരുന്നു. കാലാന്തരത്തിൽ അവിടുത്തെ നിശ്ചയം നിവർത്തിതമാക്കുകമാത്രമാണുചെയ്തത് എന്നു നീ കാണും.

സ്നേഹപ്രകരണങ്ങൾ:— ഏറ്റവും അഗാധമായ എളിമയോടുകൂടിയനന്ദി നിന്നിൽ ജനിപ്പാനായി പ്രാർത്ഥിക്കുക. നിന്നാലായവിധം ഈ നന്ദി പ്രദർശിപ്പിക്കുവാൻ ശ്രമിക്കുക.

പ്രതിജ്ഞ:— നിന്റെ വിശുദ്ധജീവിതത്തിന്റെ കടമകളെ വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊണ്ടു് നമ്മുടെകർത്താവിനോടു് നിന്നാൽ കഴിയുന്നത്ര നന്ദി പ്രദർശിപ്പിക്കുക.

രണ്ടാംവകുപ്പു്

പ്രഥമ ശിഷ്യന്മാരുടെ സ്ഥിതി

ധ്യാനം:— അവർ നിസ്സാരപണ്ഡിതരും, അല്പജ്ഞാനപ്രിയന്മാരും, ലൗകികന്മാരും ആയിരുന്നു. എങ്കിലും കുലശ്രേഷ്ഠതയില്ലാത്തവരും മീൻപിടുത്തക്കാരും അറിവില്ലാത്തവരും ആയിരുന്നതിനാൽ, ലോകമഹിഷ്ട്യാ നിന്ദിതരായിരുന്നു. ഇപ്രകാരമുള്ളവരെ നമ്മുടെ ദിവ്യരക്ഷകൻ തന്റെ ശിഷ്യരായി തെരിഞ്ഞെടുത്തതു് എന്തുകൊണ്ടു്? അതു് (ക.) സമ്പത്തും, ബഹുമതിയുമല്ലാതെ മതിക്കത്തക്കതു് മറെറാന്നുമില്ലെന്നുള്ള ലോകാഭിപ്രായത്തിന്റെ അബദ്ധ്യം കാണിക്കാനും (ഖ.) പുണ്യത്തോടും നീതിയോടുംകൂടിയ പരമാർത്ഥതയേയും, ദാരിദ്ര്യത്തേയും ഉയർത്തുവാനും, (ഗ.) അവർ തെരിഞ്ഞെടുക്കപ്പെട്ട സ്ഥിതിയിൽ അഹങ്കാരംകൊണ്ടു വരാവുന്ന ആപത്തുകളെ അങ്ങുംവിധം തടയാനും, പ്രത്യേകമായി തിരുസ്സഭയുടെസ്ഥാപനവും, വിജയവും, നടന്നിട്ടുള്ളതു് മനുഷ്യശക്തികൊണ്ടല്ല എന്നു് ലോകത്തെ ബോദ്ധ്യപ്പെടുത്തുവാനുംവേണ്ടിയായിരുന്നു.

പ്രായോഗികചിന്ത:— നീ ഇവയെക്കുറിച്ചു് നന്നായി ചിന്തിക്കുന്നപക്ഷം അപകൃഷ്ടവംശത്തിൽ ജനിച്ചതിനെക്കുറിച്ചു ലജ്ജിക്കുകയൊ, നിനക്കില്ലാത്ത ശ്രേഷ്ഠതയെ ഭാവങ്ങളും പ്രവൃത്തികളുംകൊണ്ടു് കാണിക്കുകയൊ, അഥവാ, ലോകത്തിൽ പ്രാപിച്ചിരിക്കുന്ന ബഹുമാനം, സമ്പത്തു് മുതലായവയെക്കുറിച്ചു തന്നെത്താൻ സ്തുതിക്കുകയൊ ചെയ്യുകയില്ല. നിനക്കു നന്നായി

അറിയാവുന്നതുപോലെ, ഇവ രണ്ടും ദൈവത്തിനുമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും നിനക്കു മോശമേ വരുത്തുകയുള്ളൂ.

സ്നേഹപ്രകരണങ്ങൾ:— സുവിശേഷസൽബുദ്ധികൾ അനുസരിക്കാനുള്ളവരെ തെരിഞ്ഞെടുക്കുന്നതിൽ ദൈവം പ്രദർശിപ്പിക്കുന്ന ജ്ഞാനവും അവിടുത്തെ പരിപാലനയുംകണ്ടു് വിസ്മയിക്കുക. അവിടുത്തെ ആരാധിക്കുക.

പ്രതിജ്ഞ:— ലോകത്തിൽ നമുക്കുണ്ടായിരുന്ന സ്ഥിതി ഉയർന്നതൊ താണതൊ എങ്ങനെയുള്ളതായിരുന്നാലും നമ്മെ അധികം എളിമപ്പെടുത്തുവാനും, ദൈവാനുഗ്രഹങ്ങളൊടു അധികം നന്ദിയുള്ളവരാക്കുവാനുംവേണ്ടിമാത്രമേ അവയെക്കുറിച്ചു വിചാരിക്കാവു.

മൂന്നാംവകുപ്പു

അവരെ വിളിച്ച വിധം

ധ്യാനം:— അവർ നാലുപേരും ഒരേവിധത്തിൽ വിളിക്കപ്പെട്ടവരല്ല. കുറച്ചുനാൾ പരീക്ഷിക്കാതെ ആരെയും ഈശോ തന്റെ സഹവാസത്തിനായി സ്വീകരിച്ചില്ല. ആദ്യം അവരുടെ വസ്തുക്കളിന്മേലും, മനസ്സിന്മേലും അവർക്കു പൂർണ്ണസ്വാതന്ത്ര്യം നൽകിനോക്കി. ഈ സ്ഥിതിയിൽ അവരെ പരീക്ഷിച്ചശേഷമേ പൂർണ്ണമായ ദാരിദ്ര്യത്തിനും പ്രേഷിതവൃത്തിക്കും തങ്ങളെത്തന്നെ സമർപ്പിപ്പാൻ അവർക്കു് അനുമതി ലഭിച്ചുള്ളൂ.

പ്രായോഗികചിന്ത:— നിന്റെ ദൈവവിളിയുടെ ആരംഭം, അഭിവൃദ്ധി, അവസാനം എന്നിവ നീ ചിന്തിക്കുക. ഈ ശിഷ്യന്മാരെ വിളിച്ചതിൽ സംഭവിച്ചതുപോലെതന്നെയാണു് നിന്നെ വിളിച്ചതിലും സംഭവിച്ചിട്ടുള്ളതു് എന്നു നീ കാണും. ഇരുപതുനൂറ്റാണ്ടുകളായിട്ടും സന്ന്യാസികളെ സ്വീകരിക്കുന്നതിൽ തങ്ങളുടെ ദിവ്യഗുരു സ്ഥാപിച്ച ക്രമങ്ങൾ സന്ന്യാസശ്രേഷ്ഠന്മാർ ഇപ്പോഴും അനുസരിച്ചുവരുന്നതുകണ്ടു് നീ വിസ്മയിക്കുകയും, സന്തോഷിക്കുകയുംചെയ്യുക. ഈ വിചാരം നിന്റെ വിശുദ്ധജീവിതത്തെപ്പറ്റി നിനക്കുള്ള മതിപ്പും സ്നേഹവും, അതിൽ നിന്റെ കർത്തവ്യധർമ്മങ്ങൾക്കനുസരണമായി ജീവിക്കുന്നതിനുള്ള ആഗ്രഹവും നിന്നിൽ വർദ്ധിപ്പിക്കേണ്ടതല്ലയോ?

സംഭാഷണം:– ഈ വിശ്വജീവിതത്തിനു് നിന്നെ ക്ഷണിച്ച നമ്മുടെ ദിവ്യകർത്താവിനോടു സംഭാഷണംചെയ്യുക; സൽകൃത്യങ്ങളാലും പൂർണ്ണമായ ക്ഷമയുടെ അഭ്യസനത്താലും ഇതിൽ ഒട്ടുക്കംവരെ നിലനില്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

എട്ടാം ധ്യാനം

ഈശോയും നത്താനയേലും തമ്മിലുള്ള സംഭാഷണം

പ്രാരംഭം ക്ര. ഈശോ നത്താനയേലിനോടു സംഭാഷിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. നത്താനയേലിനെ അവിടുന്നു് ശ്ലാഘിക്കാനിടയാക്കിയ യഥാർത്ഥനിഷ്കപടത നിന്നിലും ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

നത്താനയേലിന്റെ മുൻവിധി

ധ്യാനം:– ഫിലീപ്പൂസ് ഈശോയെ കണ്ടയുടനെ ആ വിവരം തന്റെ സ്നേഹിതനായ നത്താനയേലിനോടു് അറിയിപ്പാനായി വേഗം പോയി. (ഈ നത്താനയേൽ വി. ബർത്തലൂമ്മൈ ആകുന്നുവെന്നാണു് വിചാരിക്കപ്പെട്ടുന്നതു്.) ഫിലീപ്പൂസ് ഇയാളോടു പറയുന്നു: "വേദപ്രമാണത്തിൽ മോയിസെസ്സും പ്രവർത്തകന്മാരും എഴുതിയിരിക്കുന്ന ആളെ ഞങ്ങൾ കണ്ടെത്തി. അയാൾ ജോസപ്പിന്റെ പുത്രനായ നസറേത്തിലേ യേശുതന്നെ എന്നു പറയുന്നു." (യോഹ. ക്ര. ൪൫) ഇപ്രകാരം ലോകരക്ഷകനെ അറിയുകയും, അദ്ദേഹത്തിന്റെ സ്നേഹത്തിനും പരിചയത്തിനും പാത്രമാവുകയും ചെയ്യുക എന്ന വലിയ ഭാഗ്യത്തിന്നു നത്താനയേൽ വിളിക്കപ്പെട്ടു. എന്നാൽ ഈ വലിയ ദൈവാനുഗ്രഹം നഷ്ടമാക്കിക്കളവാൻതക്ക മുൻവിധിക്കു് അയാളെ വിധേയനുമായിരുന്നു. "നസറേത്തിൽനിന്നു വല്ലൊരുനന്മയുണ്ടാകുവാൻ കഴിയുമോ?" (യോഹ. ക്ര. ൪൬) എന്നീ ആക്ഷേപവാക്കുകൊണ്ടാണു് തന്റെ സ്നേഹിതനോടു് അയാളെ പ്രത്യുത്തരം പറഞ്ഞതു്. മാത്രമല്ലാ, പിന്നീടു് അതിനെപ്പറ്റി പയ്യനേഷ

ണംനടത്താനും അയാൾ വിമുഖനായിരുന്നു. ഒടുവിൽ തന്റെ സ്നേഹിതൻ തന്നെ നിർബന്ധിച്ചശേഷംമാത്രം യേശുവിന്റെ പക്കൽചെന്നു കാര്യവാസ്തവം അറിയാൻ സമ്മതിച്ചു. ഫിലീപ്പൂസ് പറയുന്നു: ഒരു കാര്യത്തിന്റെ യാഥാർത്ഥ്യം കണ്ടറിയുന്നതിനുമുമ്പ് അതിനെക്കുറിച്ചു നിഗ്രഹംചെയ്യുകയുന്നത് ശരിയല്ല. അതുകൊണ്ടാൽ "നീ വന്നു കാണുക." (യോഹ. ഫ. ൧൪)

പ്രായോഗികചിന്ത:- മുൻവിധികാരണത്താൽ ഇക്കാലങ്ങളിൽക്രൂടെയും, എത്രപേർ ഈശോയിൽനിന്നും, തന്റെ തിരുസ്സഭയിൽനിന്നും, വിശുദ്ധക്രിയാശകളിൽനിന്നും അകന്നിരിക്കുന്നു! ഇവരുടെ ആത്മികാന്ധതയെക്കണ്ടു നാം സഹതപിക്കതന്നെ വേണം. എന്നാൽ സന്ന്യാസികൾ ഈവിധിയിൽനിന്നു വിമുക്തരാണോ? നിന്റെ ആത്മാവിനു പ്രയോജനകരമായ വല്ലൊരു പുസ്തകം നിനക്കു കിട്ടുമ്പോൾ പുസ്തകം രചിച്ച ആളിനെപ്പറ്റി നിനക്കുള്ള മുൻവിധിനിമിത്തം അതു് നിഷേധിക്കുന്നില്ലേ? നീ പുണ്യാഭിവൃദ്ധിപ്രാപിക്കുന്നതിനായി ഭക്തികരങ്ങളായ ചില മാർഗ്ഗങ്ങളും, അഭ്യസനങ്ങളും പ്രയോഗിപ്പാൻ നിന്റെ ആത്മികനിയന്താവു പറയുന്നു. എന്നാൽ അയാൾ പതംകെടുന്ന നിഷ്ക്കാരനെന്നും മറുമുള്ള വിധിയാൽ ആ സദുപദേശങ്ങളെ നീ ഗൌനിക്കാതിരിക്കുന്നില്ലെ? ഇപ്രകാരം നീ നിന്നെത്തന്നെ ജാഗ്രതയോടെ പരിശോധിക്കുന്നപക്ഷം, മുകളിൽ പറഞ്ഞവിധത്തിലുള്ള പല കുറവുകളും നിന്നിൽ കണ്ടെത്തിയേക്കാം.

സ്നേഹപ്രകരണങ്ങൾ.- എല്ലാറ്റിനേയും പരിശോധിക്കുക, നല്ലതിനെ ഗാഢമായാശ്ലേഷിക്കുക. എന്നു വി. പൗലോസ് പറയുന്ന വചനങ്ങളെ വിശ്വസ്തതയോടെ അനുസരിപ്പാൻ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക. (ഫ. തെസ്സ. ൫. ൨൧)

പ്രതിജ്ഞ:- മുൻവിധി, വിവേകമില്ലാത്ത നിഗ്രഹം ആദിയായവയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിക്കുക.

രണ്ടാംവകുപ്പ്

നത്താനയേലിന്റെ നിഷ്കപടത

ധ്യാനം:— നസറേയന്മാരെക്കുറിച്ചു് നത്താനയേൽ പറഞ്ഞ നിന്ദാവചനങ്ങൾ നമ്മുടെകർത്താവിനെയും സംബന്ധിക്കു

ന്നതായി വിചാരിക്കാമല്ലൊ. എന്നാൽ നന്ത്യാനയേൽ ശുദ്ധനും, സത്യാന്വേഷിയുമായിരുന്നതുകൊണ്ട്, നമ്മുടെ കർത്താവ് അയാളുടെ വചനങ്ങളെ ഗവനിക്കയൊ അതിനെക്കുറിച്ച് അയാളെ ശകാരിക്കയോചെയ്യാതെ, അയാളെ അഭിനന്ദിക്കയത്രെ ചെയ്തത്. "ഇതാ നിഷ്കപടനായ യഥാർത്ഥ ഇസ്രായേൽക്കാരൻ" എന്നാണ് അവിടുന്ന് അരുളിച്ചെയ്തത്. (യോഹ. ഫ. ര്) ഈ ശൊയുടെ തിരുവായിൽ നിന്നു പുറപ്പെട്ട അഭിനന്ദനങ്ങൾക്ക പാത്രമായ മനുഷ്യൻ ഭാഗ്യവാൻതന്നെ. മനുഷ്യരുടെ വിധിയും സ്തുതിയും ഗണ്യമാക്കാതെ സകല കാര്യങ്ങളിലും ദൈവത്തിനുമാത്രം ഇഷ്ടപ്പെട്ടവനായിരിക്കാൻ നിഷ്കപടമായി ആഗ്രഹിക്കുന്ന സന്യാസിയും ഭാഗ്യവാനാണ്. എന്നാൽ മനുഷ്യദൃഷ്ട്യാ പുണ്യമുള്ളവനും കൃത്യനിഷ്ഠയുള്ളവനുമായിരിക്കാൻ ശ്രമിക്കുകയും, ദൈവതിരുമുമ്പിൽ ഇതിനു വിപരീതമായി വർത്തിക്കുകയുംചെയ്യുന്ന മനുഷ്യൻ ഇതിൽനിന്ന് എത്രയോ വ്യത്യസ്തനാണ്.

പ്രായോഗികചിന്ത:- നാം ഈ ഇരുഗണങ്ങളിൽ ഏതിൽപെട്ടവരാണ് എന്നു പരിശോധിയ്ക്കാം. ഇത് അറിയേണ്ടതു നമ്മുടെ ഏറ്റവും പ്രധാനമായ കാര്യമാണ്. സകലത്തിലും സത്യസ്തിയും ലോകത്തിന്റെ സ്തുതിയും തേടുവാൻതക്കവണ്ണം നിഗളവും സ്വാർത്ഥവും നമ്മെ സദാ ഭരിക്കുന്നു; ഇതിനാൽ അബദ്ധത്തിൽ ഉൾപ്പെട്ടുവാൻതക്ക ആപൽക്കരസ്ഥിതിയിലാണ് നാം ഇരിക്കുന്നത് എന്നു വിചാരിക്കാനല്ലെ ന്യായം? ആകയാൽ ഈ കാര്യം സംബന്ധിച്ച് നമ്മെത്തന്നെ ക്ലേശിഷ്ടമായി പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:- പുറമെ വിശുദ്ധന്റെ ഭാവം നടിച്ചുകൊണ്ട് ഉള്ളിലുള്ള കാര്യം ഗവനിക്കാതെ കപടഭക്തിയാൽ സിദ്ധിക്കുന്ന പ്രശംസ മതി എന്നു കരുതുന്നതു, എത്രവലിയ ബുദ്ധിഹീനതയാണ് എന്നു നന്നായി ഗ്രഹിപ്പാൻവേണ്ട ദൈവവരം അപേക്ഷിക്കുക.

പ്രതിജ്ഞ:- നമ്മുടെ ഉദ്ദേശശുദ്ധി, നിഷ്കപടത എന്നിതുകളെപ്പറ്റി പലപ്പോഴും പ്രത്യേകം ആത്മപരിശോധനചെയ്യുക.

മൂന്നാംവകുപ്പ്

നത്താനയേലിന്റെ വിശ്വാസപ്രഖ്യാപനം

ധ്യാനം:- ഈശോ അതിനുമുമ്പ് ഒരിക്കലും തന്നെക്കണ്ടിട്ടില്ലാതിരുന്നിട്ടും തന്റെ കായ്ങ്ങളൊക്കെയും തെളിവായിപ്പറയുന്നതു നത്താനയേൽ കേട്ട്, "അങ്ങുന്ന് എങ്ങനെയാണ് എന്നെ അറിയുന്നതു?" എന്ന അയാൾ ഈശോയോട് ചോദിച്ചു. "ഫിലീപ്പോസ് നിന്നെ വിളിക്കുന്നതിനുമുമ്പ്, നീ അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ നിന്നെ ഞാൻ കണ്ടു" (യോഹ. ഫ. ര്വ) എന്ന് അവിടുന്ന് അയാളോട് പ്രത്യുത്തരം പറഞ്ഞു. ഈ വാക്കുകൾ കേട്ടക്ഷണത്തിൽ ആ ശിഷ്യന്റെ കണ്ണുകൾ തുറക്കപ്പെട്ടു. രഹസ്യവും നിഗൂഢവുമായിരുന്ന ഈ കായ്ങ്ങൾ ഇപ്രകാരം ഗ്രഹിച്ചവൻ സാമാന്യമനുഷ്യനല്ലെന്നു മനസ്സിലാക്കി തനിക്കു സഹജമായ നിഷ്കപടതയോടുകൂടെ അയാൾ ഇങ്ങനെ പറഞ്ഞു: "ഗുരോ, അങ്ങു ദൈവപുത്രനാകുന്നു; അങ്ങുതന്നെയാകുന്നു ഇസ്രായേലിന്റെ രാജാവു്." ഈശോ അയാളോട് ഉത്തരം പറഞ്ഞു: "അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ നിന്നെ ഞാൻ കണ്ടുഎന്നുപറഞ്ഞതുകൊണ്ടു നീ വിശ്വസിക്കുന്നുവല്ലൊ, ഇവയെക്കാൾ വലിയ കായ്ങ്ങൾ നീ കാണും." അല്പം അയാളോടു വീണ്ടും പറയുന്നു: "സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കലേയ്ക്കു ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയുംചെയ്യുന്നതും നിങ്ങൾകാണും, എന്നു സത്യമായിട്ടു സത്യമായിട്ട് നിങ്ങളോടു ഞാൻ പറയുന്നു." (യോഹ. ഫ. ര്വ, ര്ൻ, ൪൦, ൪ഫ.)

പ്രായോഗികചിന്ത:- നത്താനയേലിനെപ്പോലെ നാമും നിഷ്കപടമായ ഹൃദയത്തോടുകൂടെ ദൈവത്തെ അന്വേഷിക്കുമെങ്കിൽ, അവിടുന്നു നമുക്കും അവിടുത്തെ വെളിപ്പെടുത്തും. സ്വർഗ്ഗത്തിൽനിന്നു നവംനവങ്ങളായ പ്രകാശങ്ങളും ഏറ്റവും വലിയ ദൈവവരങ്ങളും നമുക്കു ലഭിക്കും; നിഷ്കപടമായ ഹൃദയമുള്ളവരോടു ദൈവം മാധുര്യപൂർവ്വം സംഭാഷണംചെയ്യുന്നു. ശുദ്ധഹൃദയമുള്ളവരോടു ദൈവം എത്രയൊ നല്ലവനാകുന്നു, എന്നിങ്ങനെയുള്ള വാക്യങ്ങൾ എത്ര സത്യമാണെന്നു ഗ്രഹിപ്പാനും ഇടയാകും. (സുഭാ. ൟ. സങ്കീ. ൨൪.)

സംഭാഷണം:- എല്ലാറ്റിലും ഏറ്റവും വലിയ ശുദ്ധനിയോഗത്തോടെ ദൈവതിരുമനസ്സ് നിറവേറുന്ന നിന്റെ കാവൽഭടനോട് സംഭാഷണംചെയ്യുക.

ഒമ്പതാം ധ്യാനം

കാനായിലെ കല്യാണവിരുന്നും
ഈശോയുടെ ആദ്യത്തെ അത്ഭുതകർമ്മവും

പ്രാരംഭം ഫ. കാനായിലെ കല്യാണത്തിനു വന്നുകൂടിയിരുന്നവരുടെമദ്ധ്യേ ഈശോയും അമ്മേഹത്തിന്റെ മാതാവും ഇരിക്കുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഫ. പരിശുദ്ധ കന്യകമറിയത്തിന്റെ മദ്ധ്യസ്ഥംവഴിയായി ദൈവപ്രസാദവരത്തിന്റെ അത്ഭുതപ്രവർത്തനങ്ങൾ നിന്നിലും നടക്കുവാൻ ഇടയാക്കേണമെന്നു് അപേക്ഷിക്കുക.

ഒന്നാംവകുപ്പു

ഈശോയും തന്റെ മാതാവും കല്യാണവിരുന്നിൽ സംബന്ധിച്ചതു്

ധ്യാനം:— ഈശോ നത്താനയേലിനോടു സംഭാഷണംചെയ്തതിന്റെ മൂന്നാംദിവസം" ഗലീലേയയിലെ കാനായിൽ ഒരു കല്യാണവിരുന്നുണ്ടായി. യേശുവിന്റെ മാതാവും അവിടെ ഉണ്ടായിരുന്നു; യേശുവും അവിടുത്തെ ശിഷ്യന്മാരുംകൂടെ ആ കല്യാണത്തിനു ക്ഷണിക്കപ്പെട്ടിരുന്നു." (യോഹ. ഫ, ഫ.) നമ്മുടെ ദിവ്യകർത്താവു് ധനവും പെരുമയുമുള്ളവരുടെ കല്യാണത്തിനുപോകാതെ, പാവങ്ങളുടെ കല്യാണവിരുന്നിൽ സംബന്ധിച്ചതു് എന്തുകൊണ്ടാണു്? അതു് തന്റെ പരിശുദ്ധമാതാവിന്റെ ചാർച്ചക്കാരോടു് താൻ കാണിക്കേണ്ടിയിരുന്ന ആചാരത്തിനേറയും, സ്നേഹത്തിനേറയും, കടമനിറവേറുവാൻവേണ്ടി ആയിരുന്നു. എന്തെന്നാൽ ആ കല്യാണത്തിലെ വരൻ വി. യൗസേപ്പിന്റെ സഹോദരനായ ക്ലേയോഫാസിന്റെപുത്രനും; കനനേയനെന്നുപറയപ്പെട്ടുന്ന സീമോനുമായിരുന്നു. ഇയാൾ പിന്നീടു് പന്ത്രണ്ടു അപ്പോസ്തോലന്മാരിൽ ഒരുവനായി സ്വീകരിക്കപ്പെട്ടു. മിശിഹാ ഈ വിവാഹാഘോഷത്തിൽ സം

ബന്ധിച്ചതിന് വേറെ ചില ഉദ്ദേശ്യങ്ങൾകൂടെയുണ്ടായിരുന്നു. താണസ്ഥിതിക്കാരായിരുന്നാലും, സുകൃതജീവിതം നയിക്കുന്നവരാണെങ്കിൽ, അവരുടെനേരെ തനിക്കുള്ള മതിപ്പ് ഏറ്റവും വലിയതാകുന്നുഎന്നു കാണിക്കുകയും, ലോകാരംഭംമുതൽ ദൈവം കല്പിച്ചിരുന്നതും, ഏറെത്താമസിയാതെ ഒരു വിശുദ്ധകുടുംബമായി ഉയർത്തുവാനിരുന്നതുമായ വിവാഹജീവിതസ്ഥിതിയുടെ ശ്രേഷ്ഠത്തെ പ്രകാശിപ്പിക്കുകയും വർദ്ധിപ്പിക്കുകയുംചെയ്യണം എന്നിവയായിരുന്നു ആ ഉദ്ദേശ്യങ്ങൾ.

പ്രായോഗികചിന്ത:- നാം ഈ ലോകത്തെയും, മാതാപിതാക്കന്മാർ, ബന്ധുമിത്രങ്ങൾ ആദിയായവരേയും ഉപേക്ഷിച്ചിരിക്കുന്നവരാണെങ്കിലും, ദൈവത്തിനും, നമ്മുടെ സഹോദരന്മാർക്കും, നമ്മുടെ സഭാനിയമങ്ങൾക്കും വിരോധമല്ലാത്ത കാര്യങ്ങളിൽ അവരുടെനേരെയുള്ള സ്നേഹത്തിന്റെറയും, ആചാരോപചാരങ്ങളുടെയും കടമകൾ നിറവേറുന്നതു് നമ്മുടെ ജീവിതത്തിനായോജിക്കാത്തതായിവരികയില്ല എന്നൊരുപായം ദിവ്യരക്ഷകൻ ഇവിടെത്തരുന്നുണ്ട്. ക്രൂരതെ, എല്ലാ ജീവിതസ്ഥിതികളേയും നാം ബഹുമാനിക്കുകയും മറ്റുള്ളവർക്കുചെയ്യുന്ന ശുശ്രൂഷയിൽ അവരുടെ കുലശ്രേഷ്ഠത, സമ്പത്തു് എന്നിവയെക്കാൾ അവരുടെ പുണ്യത്തെ ഏറ്റവും കായ്മയായി മതിക്കുകയുംചെയ്യേണ്ടതാണെന്നുംകൂടി അവിടുന്നു് നമ്മെ പഠിപ്പിക്കുന്നു.

സ്നേഹപ്രകരണങ്ങൾ:- കാനായിലെ കല്യാണത്തിൽ ഈശോയും, തന്റെറ ദിവ്യജനനിയുംകൂടെ ഉണ്ടായിരുന്നതിനാൽ ആ വിരുന്നിൽ സംബന്ധിച്ചവർ ഭാഗ്യവാന്മാർ എന്നു നീ കരുതുന്നു. അതിനാൽ നീ ചെയ്യുന്ന സകല ക്രിയകളിലും വിശ്വാസവും, സ്നേഹവുംവഴിയായി ഈശോയുടെയും, തന്റെറ മാതാവിന്റെറയും സാന്നിദ്ധ്യവും തജ്ജന്യമായ സൗഭാഗ്യവും അനുഭവിക്കാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ഞാൻ ക്ഷേണംകഴിക്കുമ്പോഴൊക്കെയും ദൈവതിരുസന്നിധിയിലാണെന്നും, ഈശോയും, തന്റെറ മാതാവും എന്നോടുകൂടെ ഇരിക്കുന്നുണ്ടെന്നും വിചാരിപ്പാൻ പ്രത്യേകാൽ ശ്രമിക്കും.

രണ്ടാംവകുപ്പു

അതിഥികളുടെനേരെ ദൈവജനനിക്കുണ്ടായ പ്രത്യേകതാല്പര്യം

സ്വാനം:— അപ്പോൾ വീഞ്ഞു പോരാതെവരികയാൽ യേശുവിന്റെമാതാവു് അവിടത്തോടു്: "അവക്കു വീഞ്ഞില്ല" എന്നു പറയുന്നു. (യോഹ. ൨. ൩.) ഇതിൽ പരിശുദ്ധകന്യക ആ വീട്ടുകാരുടെയും അതിഥികളുടേയുംനേക്കു കാണിച്ച പ്രത്യേക അനുകമ്പ, തന്റെ തിരുക്കുമാരന്റെനേർക്കു പ്രകാശിപ്പിച്ച മനോവിശ്വാസം എന്നിങ്ങനെ രണ്ടുകാര്യങ്ങളും നമുക്കു് ആലോചിപ്പാനുണ്ടു്. ആ കല്യാണത്തിനുവന്നവർക്കു് കൊടുക്കേണ്ടതിന്നായി ശേഖരിച്ചിരുന്നവീഞ്ഞു് തികയാതെവന്നതും, അതിനാൽ ആ ഭവനക്കാർക്കു് വലിയ വിഷമത നേരിടാൻ പോകുന്നതുംകണ്ടു് മനംകനിഞ്ഞതിനാൽ അവർ തന്നോടു് അപേക്ഷിക്കുന്നതിന്നു് പാത്തിരിക്കാതെ, "അവർക്കു വീഞ്ഞില്ല" എന്നീ വചനങ്ങളാൽ തന്റെ ആഗ്രഹം ദിവ്യകുമാരനെ അറിയിച്ചു. (യോഹ. ൨. ൩.) അവർക്കു് എങ്ങനെ വീഞ്ഞുണ്ടാക്കിക്കൊടുക്കേണമെന്നു് ദിവ്യകന്യക ആവശ്യപ്പെട്ടില്ല. കാരണം: തന്റെ ആഗ്രഹം അറിയിച്ചാൽമതി, പിന്നീടു വേണ്ടതു് തന്റെ ദിവ്യകുമാരൻ ചെയ്തുകൊള്ളും എന്ന പൂർണ്ണമായ ഉറപ്പു് ആ നാഥയ്ക്കുണ്ടായിരുന്നു. എന്നാൽ ഈശോ "സ്ത്രീയെ, എനിക്കും നിനക്കും എന്തു്? എന്റെ സമയം ഇനിയും ആയിട്ടില്ല" എന്നു പറയുകയാണുണ്ടായതു്. എങ്കിലും "നിങ്ങളോടു കല്പിക്കുന്നതെന്തോ" അതു് ചെയ്വിൻ എന്നു് ഈ നാഥ ശുശ്രൂഷകരോടു പറഞ്ഞു. (യോഹ. ൨. ൪, ൫.) "സ്ത്രീയെ, എനിക്കും നിനക്കും എന്തു്?"—ഇവിടെ ഈശോ പരിശുദ്ധകന്യകയെ അമ്മേ, എന്നു വിളിക്കാതിരുന്നതു് താൻ അത്ഭുതംചെയ്യുന്നതു് മനുഷ്യൻ എന്ന നിലയിലല്ലാ നിത്യനായ ദൈവകുമാരനെന്ന സ്ഥിതിയിലത്രെ എന്നു് അവിടെ കൂടിയിരുന്നവരെ ഗ്രഹിപ്പിപ്പാൻവേണ്ടിയായിരുന്നു. കൂടാതെയും 'സ്ത്രീയെ' എന്ന പദം ഇവിടെ ഹീനമായ അർത്ഥത്തിലൊന്നുമല്ല ഉപയോഗിച്ചിരിക്കുന്നതു്. ഗ്രീക്കു ഭാഷയിൽ ഏറ്റവും മാന്യനിലയിലുള്ള വനിതകളെപ്പറ്റിപ്പറയുന്ന പദമാണിതു്. ക്സെനോഫൻ എന്ന ശാസ്ത്രജ്ഞൻ ഒരു രാജ്ഞി

യെ സംബോധനചെയ്തിട്ടുള്ളത് ഈ പദംകൊണ്ടാണ്.

പ്രായോഗികചിന്ത:– ദൈവജനനി നമ്മുടെ ദുഃഖങ്ങളിലും ആവശ്യങ്ങളിലും നമ്മുടെനേരെ എത്രയോ, അനുകമ്പയുള്ളവളാകുന്നുഎന്ന് ഈ സംഭവം സ്പഷ്ടമാക്കുന്നുണ്ട്. ഈ നാഥവഴിയായി സകലനന്മകളും നാം പ്രാപിക്കണമെന്ന നിശ്ചയിച്ചിരിക്കുന്ന ദൈവസന്നിധിയിൽ ഈ അമ്മ എത്ര ശക്തിയുള്ളവളാകുന്നുവെന്ന് ഈ സംഭവത്തിന്റെ അനന്തരഫലംകൊണ്ടും മനസ്സിലാക്കാം. കന്യകമറിയം തന്റെ തിരുക്കുമാരന്റെ അനന്തശക്തി തന്റെ ഇഷ്ടംപോലെ പ്രയോഗിപ്പാൻ പ്രാപ്തയായിരിക്കെ, ഈ നാഥയിൽ നാം എത്രയോ മനോവിശ്വാസമുള്ളവരായിരിക്കണം! ദൈവത്തിൽനിന്ന് അത്ഭുതകരമായ സഹായങ്ങൾ നാം പ്രാപിക്കേണമെങ്കിൽ ഈ നാഥ നമുക്കുതരുന്ന പ്രബോധനത്തിന്നനുതക്കവണ്ണം, നമ്മുടെ ശ്രേഷ്ഠന്മാർവഴിയായി ഈശോ നമ്മോടു കല്പിക്കുന്നവയെല്ലാം, ന്യായാനേഷണംകൂടാതെ അനുസരിക്കണമെന്നുള്ള ഒരു പാഠംകൂടി പരിശുദ്ധകന്യക പ്രസ്തുത വീട്ടുകാർക്കു നൽകിയ അജ്ഞയിൽനിന്നു നാം പഠിക്കേണ്ടതുണ്ട്.

സ്നേഹപ്രകരണങ്ങൾ:– സന്ന്യാസത്തിൽ ഞങ്ങൾ ചെയ്ത വാഗ്ദാനത്തിനുപകരമായി ഈശോ ഞങ്ങൾക്കുചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധമാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

പ്രതിജ്ഞ:– നമ്മുടെ അറിവും അപേക്ഷയുംകൂടാതെതന്നെ, തന്റെ മാതൃസ്നേഹവും കരുണയുംനിമിത്തം ദൈവജനനി നമുക്കുചെയ്തിരിക്കുന്ന നിരവധി ഉപകാരങ്ങളെക്കുറിച്ചു് ക്രൂടക്കൂടെ അവിടുത്തോടു നന്ദിപറയുക.

മൂന്നാംവകുപ്പു്

തന്റെ പരിശുദ്ധമാതാവായ കന്യകമറിയത്തോടുചെയ്ത ഈശോ ചെയ്ത ആദ്യഅത്ഭുതം

ധ്യാനം:– ദൈവജനനിയുടെ അഭ്യർത്ഥന വ്യർത്ഥമായിപ്പോയില്ല. എന്തെന്നാൽ ഈശോ തന്റെ സമയം ആസന്നമാകുന്നതിനുമുമ്പു തന്റെ മാതാവിനെപ്രതി ആദ്യഅത്ഭുതംചെയ്തു. രണ്ടോ മൂന്നോ കുടംവീതംകൊള്ളുന്നവയായി അവിടെ ഉണ്ടായി

ന്നു ആറു കൽഭരണികളിൽ വെള്ളംനിറയ്ക്കുവാൻ ഈശോ ഭൃത്യന്മാരോടു കല്പിച്ചു. അവർ അപ്രകാരം നിറച്ചപ്പോൾ അവിടുന്നു ദിവ്യജനനിയുടെ അഗ്രഹപ്രകാരം അതു വീഞ്ഞാക്കിപ്പകുത്തുകയുണ്ടായി. "ഇങ്ങനെ അവിടുന്നു തന്റെ മഹത്വത്തെ" അഥവാ ദൈവികതത്വത്തെ "വെളിപ്പെടുത്തുകയും അവിടുത്തെ ശിഷ്യന്മാർ തന്നിൽ വിശ്വസിക്കുകയുംചെയ്തു." എന്നു വി. സുവിശേഷകൻ എഴുതിയിരിക്കുന്നു.

പ്രായോഗികചിന്ത:- കാനായിലെ ആ കല്യാണത്തിനു ചെന്നിരുന്നവർക്കുവേണ്ടി ചെയ്തതിനെക്കാൾ വിസ്മയനീയവും മഹത്തരവുമായ അത്ഭുതം ഈശോ പ്രതിദിനം നമുക്കുവേണ്ടി ആവർത്തിക്കുന്നുണ്ട്. ദിവ്യപൂജയിൽ തന്റെ വൈദികർവഴിയായി അപ്പം തന്റെശരീരമായും ദ്രാക്ഷാരസം തന്റെരക്തമായും പകുത്തുകയും, അതിൽ ഭാഗഭാക്കുകളാകുവാൻ നമുക്ക് ഇടവരുത്തുകയുംചെയ്യുന്നു. ഇത്ര അഗാധമായ സ്നേഹത്തിനു് എത്രവലിയ പ്രതിനന്ദിയാണു് നാം കാണിക്കേണ്ടതു്!

സംഭാഷണം:- നമ്മുടെകർത്താവിനോടു് സംഭാഷണംചെയ്യുക. അവിടുന്നു് പഞ്ചേന്ദ്രിയങ്ങളേയും മനുഷ്യഹൃദയങ്ങളേയും ഭരിക്കുന്നവനാകുന്നുഎന്നു സമ്മതിച്ചുകൊണ്ടു് അവിടുത്തെ ആരാധിക്കുക. കാഠിന്യവും മാന്ദ്യവുമുള്ള ഹൃദയങ്ങളെ അവിടുത്തെ സ്നേഹത്താൽ മയപ്പെടുത്തുവാനും ഉജ്ജ്വലിപ്പിപ്പാനും അവിടുത്തോടു് നമുക്കു പ്രാർത്ഥിക്കാം.

പത്താം ധ്യാനം

ഈശോ തന്റെ പരിശുദ്ധമാതാവിനെ വിട്ടുപിരിയുന്നു;
തന്നേപ്പോലെ സകലവും പരിത്യജിപ്പാൻ
ശിഷ്യരോടും ആവശ്യപ്പെടുന്നു

പ്രാരംഭം ഫ. "എന്നെ അനുഗമിയ്ക്കുക" എന്നു് ഈശോ നിന്നോടു് അരുളിച്ചെയ്യുന്നതു കേൾക്കുന്നെന്നു വിചാരിക്കുക.

ഫ. ഈശോയെ ക്രൂശൽക്രൂശലായി അനുകരിക്കുവാൻവേണ്ട കൃപാവരം അപേക്ഷിക്കുക.

ഒന്നാം വകുപ്പു

ഈശോ തന്റെ പരിശുദ്ധമാതാവിനെ വിട്ടുപിരിയുകയും, ഭൗമികമായ സൗഖ്യവും ഉപേക്ഷിക്കുകയുംചെയ്തു

ധ്യാനം:- "അനന്തരം അദ്ദേഹം തന്റെ അമ്മയും, സഹോദരന്മാരും, ശിഷ്യന്മാരും ഒരുമിച്ചു കഫാർണ്ണാമിലേക്കു പോയി. എങ്കിലും അവിടെ അവർ അധികംനാൾ താമസിച്ചില്ല." (യോഹ. 2. 12.) "അവിടെ അവർ അധികംദിവസം താമസിച്ചില്ല" എന്ന വാക്യത്താൽ ഈശോ തന്റെ പരിശുദ്ധമാതാവിനോടും, ചാർച്ചക്കാരോടുമൊടെ താമസിച്ച അവസാനദിവസങ്ങൾ ക്ഷണത്തിൽ കഴിഞ്ഞുവെന്നു സ്പഷ്ടം. അനന്തരം അങ്ങയ്ക്ക് ഇഹലോകത്തിൽ മാതാവും ഭവനവും എന്നല്ലാ ഭൗമികമായ യാതൊന്നും ഇല്ലായിരുന്നുവെന്നു സത്യമായി പറയാം. അതുമുതൽ അവിടുന്ന് പരമപിതാവിനാൽ അയക്കപ്പെട്ട മനുഷ്യപുത്രൻ എന്നു തന്നെക്കുറിച്ചു പറഞ്ഞുകൊണ്ടു താൻ നിവർത്തിക്കേണ്ട ദൈവികവേലയിൽ ബദ്ധശ്രദ്ധനായിരിക്കുകയും ദൈവസ്തുതിക്കും മനുഷ്യരുടെ രക്ഷയ്ക്കുമായി, താൻ പോകേണ്ട സ്ഥലങ്ങളിലെല്ലാം പോയിക്കൊണ്ടിരിക്കുകയുംചെയ്തു.

പ്രായോഗികചിന്ത:- പ്രേഷിതജോലി നടത്തുന്നവരും, ഇതിനായി ഉദ്യോഗിക്കപ്പെട്ടിരിക്കുന്ന സന്ന്യാസികളും ഒരു സ്ഥലത്തു നിന്നു മറെറാരു സ്ഥലത്തേയ്ക്കു മാറപ്പെടുന്നതു് പലപ്പോഴും നല്ലതായിരിക്കും. ദൈവത്തിന്റെ കൃത്യതൽ സ്തുതിക്കും ആത്മാവുകളുടെ രക്ഷയ്ക്കുമായി, അനുസരണം എവിടെയ്ക്ക് തങ്ങളെ വിളിക്കുമോ അവിടെയ്ക്ക് പോകേണമെന്ന് അവരുടെ സഭാനിയമം അവരെ കടപ്പെടുത്തുന്നുമുണ്ട്. ഇങ്ങനെ ക്രമക്കുടെയുണ്ടാകുന്ന മാറങ്ങൾ സ്വഭാവത്തിനു വളരെ അനിഷ്ടമുള്ളതായിരിക്കും. എന്നാൽ നീ ഈ സ്വഭാവത്തിന്റെ അനിഷ്ടം അവഗണിച്ചു് ശുശ്രൂഷിയോടും പ്രശാന്തതയുടെ അരൂപിയോടുംകൂടെ കല്പന അനുസരിച്ചുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:- ആളുകളേയോ ഓരോ സ്ഥലങ്ങളേയോ പ്രത്യേകവിധം സ്നേഹിക്കുവാനുള്ള വാസന നിന്നിൽനിന്നു പൂർണ്ണമായി നീങ്ങുവാൻ അപേക്ഷിക്കുക. സ്വഭാവത്തിനു് ഒട്ടും ഇഷ്ടമില്ലാത്ത സ്ഥലങ്ങളിൽപോയി ദൈവത്തെപ്രതി അദ്ധ്വാനിപ്പാൻ നിന്നെത്തന്നെ സമർപ്പിക്കുക.

പ്രതിജ്ഞ:- അധികൃതന്മാർവഴിയായി ദൈവം എന്നെ നിയമിക്കുന്ന സ്ഥലം എനിക്കു ഏറ്റവും തക്കതാകുന്നുഎന്നു പറഞ്ഞുകൊണ്ടു് സ്ഥലങ്ങളേയും സാഹചര്യങ്ങളേയുംകുറിച്ചുള്ള അനിഷ്ടവിചാരങ്ങളെ ഉടനടൻ ഞാൻ എതിർക്കും.

രണ്ടാംവകുപ്പു്

തന്റെ ദൃഷ്ടാന്തംഅനുസരിച്ചു സകലവും പരിത്യജിക്കുന്നതിനു് ഈശോ അന്ത്രയാസിനേയും പത്രോസിനേയും ക്ഷണിക്കുന്നു

ധ്യാനം:- ഈശോ തന്റെ പൗരോഹിത്യജോലിക്കു സഹായം സമർപ്പിപ്പാൻ വേണ്ടി സ്വാഭാവികസ്നേഹമെല്ലാം പൂർണ്ണമായി പരിത്യജിക്കുന്നതിന്റെ ദൃഷ്ടാന്തം നൽകിയശേഷം, തന്റെ വേലയിൽ ഓഹരിപ്രാപിപ്പാനും അതിനെ തുടർന്നു സംരക്ഷിക്കുവാനുമായി നിശ്ചയിക്കപ്പെട്ടിരുന്നവരും, തന്നെപ്പോലെ തന്നെ പ്രവർത്തിക്കുന്നതിനു് അവരെ അവിടുന്നു ക്ഷണിച്ചു. "ഈശോ ഗലീലേയയിലെ കടൽത്തീരത്തുകൂടി പൊയ്ക്കൊണ്ടിരിക്കുമ്പോൾ പത്രോസെന്നു വിളിക്കപ്പെടുന്ന സീമോൻ, അയാളുടെ സഹോദരൻ അന്ത്രയാസ് എന്നീ രണ്ടു സഹോദരന്മാർ കടലിൽ വല ഇറക്കിക്കൊണ്ടിരിക്കുന്നതായിക്കണ്ടു. എന്തുകൊണ്ടെന്നാൽ അവർ മീൻപിടിക്കുന്നവരായിരുന്നു. അവിടുന്നു് അവരോടു്: എന്റെപിന്നാലെ വരുവിൻ, എന്നാൽ ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കിത്തീർക്കാം എന്നരുളിച്ചെയ്തു. അവരാകട്ടെ ഉടൻ വലകളുപേക്ഷിച്ചിട്ടു് അവിടുത്തെ അനുഗമിച്ചു. (മത്തേ. ര്. ഫ്വ-൨൦) സ്വഭവനത്തോടുള്ള സകല ബന്ധങ്ങളും ഖണ്ഡിച്ചു സ്വമനസ്സാലെയുള്ള ദാരിദ്ര്യം, പൂർണ്ണമായവിരക്തി, സ്വഭാവത്തിനു വളരെ പ്രയാസമുള്ള വേലകൾ എന്നിവയിൽ തങ്ങളുടെ ദിവ്യഗുരുവിനെ അനുകരിപ്പാൻ നിശ്ചയിച്ചുകൊണ്ടാണു് അവർ അവിടുത്തെ അനുഗമിച്ചതു്.

പ്രായോഗികചിന്ത:- ലൗകികനിയമത്തിനും, സ്വാഭാവികരുചിയ്ക്കും തീരെ വിപരീതമായ സുവിശേഷസദുപദേശങ്ങൾ അനുസരിക്കുന്നതിന്റെ അത്യുദ്ദൃഷ്ടാന്തം ഇവിടെ നാം കാണുന്നു. മനുഷ്യനായി അവതരിച്ച ദൈവംതന്നെ ഇതിനു ദൃഷ്ടാന്തം കാണിക്കാതിരുന്നെങ്കിൽ, ഇതിനെ അനുസരിപ്പാൻ വല്ല വരും മുതിരുമായിരുന്നോ? നമ്മുടെ ദിവ്യരക്ഷകന്റെ പ്രഥമശി

ഷ്യന്മാർ ദൈവവരത്തിന്റെ പ്രേരണയാൽ മാത്രമല്ല, അങ്ങേ ദൃഷ്ടാന്തത്തിന്റെ ശക്തിയാൽക്കൂടെയുമായിരുന്നു പ്രസ്തുത പുണ്യങ്ങളെ അനുസരിപ്പാൻ തീർച്ചയാക്കിയതെന്ന് ന്യായപൂർവ്വം നമുക്കു പറയാവുന്നതാണ്. അന്യന്മാരെ പുണ്യപന്ഥാവിലേക്ക് ആനയിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, അവർക്കു സദുപദേശം നൽകുന്നതിനെക്കാൾ ദൃഷ്ടാന്തം കാണിച്ചുകൊടുക്കുന്നതു കൂടുതൽ ഫലപ്രദമായിരിക്കും. നീ ഇപ്രകാരം ചെയ്യുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:– "തനിക്കുള്ള സമസ്തവും പരിത്യജിക്കാതെ നിങ്ങളിൽ ഏതൊരുത്തനും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കയില്ല." (ലൂക്കാ. ക്ഛ, ൩൩.) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നവയെ ഗ്രഹിപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ഈ ലോകത്തിൽ ഒന്നും ആഗ്രഹിക്കാത്തവനെക്കാൾ അധിക ഭാഗ്യവാൻ ആരാകുന്നു? എന്നു ക്രീസ്തുനുകരണത്തിൽ പറഞ്ഞിരിക്കുന്ന വാക്യം കൂടക്കൂടെ ഓർക്കുന്നപക്ഷം മേൽപറഞ്ഞ പരിത്യാഗം നമുക്കു സന്തോഷജനകമായിരിക്കും.

മൂന്നാംവകുപ്പു

പരിത്യാഗജീവിതത്തിനു ഈശോ യാക്കോബിനേയും യോഹന്നാനേയും ക്ഷണിക്കുന്നു

ധ്യാനം:- "പിന്നീടു യേശു അവിടെനിന്നു മുന്നോട്ടു കടന്നപ്പോൾ സെബെദിയുടെ പുത്രൻ യാക്കോബു, അയാളുടെ സഹോദരൻ യോഹന്നാൻ, എന്നു മറ്റു രണ്ടു സഹോദരന്മാർ, സ്വപിതാവായ സെബെദിയോടുകൂടെ പടവിൽ തങ്ങളുടെ വലകളുടെ കേടുപോക്കിക്കൊണ്ടിരിക്കുന്നതുകണ്ടു് അവരെയും വിളിച്ചു. അവരും ഉടൻതന്നെ വലകളും അവരുടെ പിതാവിനേയും ഉപേക്ഷിച്ചു് അവിടുത്തെ അനുഗമിച്ചു." (മത്തേ. ൪. ൨൧, ൨൨.)

പ്രായോഗികചിന്ത:- ഇവിടെ പിതാവും പുത്രന്മാരും ഏതു വിസ്മയനീയമായ ഔദാര്യത്തോടും, ശ്രദ്ധാന്തിയോടുംകൂടെ ദിവ്യവിളി അനുസരിക്കുന്നുവെന്നു നോക്കുക. ആ പുത്രന്മാർ തങ്ങളുടെ പിതാവിനെ കാണിച്ചുകൊണ്ടു യാതൊരു ഒഴിവുകഴിവും പറയുന്നില്ല. അങ്ങനെതന്നെ പുത്രന്മാർ തന്നെവിട്ടുപിരിയു

ന്നതിനെക്കുറിച്ചു പിതാവിനും ആവലാതിയില്ല. നമ്മെ വിളിച്ച ദൈവാനുഗ്രഹത്തിന്റെ ആദ്ധ്യാത്മപരത്തെ നാമും ഇപ്രകാരം അനുസരിച്ചിട്ടുണ്ടെങ്കിൽ അതു് എത്രയോ വലിയ ഭാഗ്യമാണു്. എന്നാൽ ഞാൻ എന്റെ ദൈവവിളിയോടും എനിക്കു് ലഭിച്ചിട്ടുള്ള ദൈവപ്രസാദവരത്തോടും വിശ്വസ്തതയോടെ യോജിച്ചു പ്രവർത്തിച്ചിട്ടുണ്ടോ? എന്റെ ഈശോയെ, മേലാലെങ്കിലും നിന്റെ സ്വരത്തിനു് വിശ്വസ്തനായി ജീവിപ്പാൻ എന്നെ സഹായിക്കേണമെ.

സംഭാഷണം:- ഈശോയുടെ ആദ്ധ്യശിഷ്യരായ മേല്പറഞ്ഞ നാലുപേരോടു്, അല്ലെങ്കിൽ നമ്മുടെ കർത്താവിനോടുതന്നെ സംഭാഷിക്കുക.

പതിനൊന്നാം ധ്യാനം

ഈശോയുടെ പരസ്യജീവിതത്തിലെ ആദ്യ പെസഹാത്തിരുനാൾ

തന്റെ പരമപിതാവിന്റെ ഭവനത്തെക്കുറിച്ചു് ഈശോയ്ക്കുണ്ടായ തൃഷ്ണാന്തി

പ്രാരംഭം ക. ഈശോ ഒരു ചമ്മട്ടി കൈയിൽ എടുത്തുകൊണ്ടു ദേവാലയത്തിൽ ക്രയവിക്രയംചെയ്തിരുന്നവരെ പുറത്താക്കുന്നതു കാണുന്നതായി വിചാരിക്കുക.

ഖ. ദൈവമഹത്വത്തിന്മേൽ അതീവതൃഷ്ണാന്തി നിന്നിൽ ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ഈശോയുടെ ഉജ്ജ്വലമായ തൃഷ്ണാന്തി

ധ്യാനം:- "യൂദന്മാരുടെ പെസഹാ അപ്പോൾ സമീപിച്ചിരുന്നതുകൊണ്ടു്, യേശു യെരുസലേമിലേക്കു പോയി." (യോഹ. ഖ. ക്വ.) എന്നാൽ ഈ അവസരത്തിൽ അവിടുന്നു ദേവാലയത്തിൽപോയതു് സാധാരണ മനുഷ്യരെപ്പോലെയല്ല; ഒരു യജമാനെപ്പോലെയും ഉജ്ജ്വസപ്രഭനായ നവീകരണക്കാരനെപ്പോലെയും ആയിരുന്നു. മാത്രമല്ല; തനിക്കു വലിയഅധികാരം ഉണ്ടെന്നു്

അവിടുന്നു പ്രസ്പഷ്ടം വെളിപ്പെടുത്തുകയുംചെയ്തു. ദേവാലയത്തിൽ മാടുകളേയും, ആടുകളേയും, പ്രാവുകളേയും മറ്റും ക്രയവിക്രയംചെയ്തിരുന്നവരേയും അവിടെ ഇരുന്നിരുന്ന നാണ്യവ്യാപാരികളേയും കണ്ടിട്ടു, കയറുകൊണ്ടു് ഒരുമാതിരി ചമ്മട്ടിയുണ്ടാക്കി, അവരെഹം എല്ലാവരേയും, ആടുകളേയും മാടുകളേയുംകൂടെ ദേവാലയത്തിൽനിന്നു പുറത്തിറക്കി. നാണ്യവാണിഭക്കാരുടെ നാണ്യങ്ങളും തുകിക്കളയുകയും മേശകളും തട്ടിമറിക്കയുംചെയ്തു. (യോഹ. ൨. ൧൫, ൧൬.) ലാഭേച്ഛയാൽ ആരാധനസ്ഥലത്തെ കച്ചവടസ്ഥലമാക്കുന്ന ഈ പ്രവൃത്തി—ഭൂമ്മാതൃകാപരവും, ദൈവദ്രോഹകരവുമായ ഈ പൂവ്വാചാരം—നിറുത്തൽചെയ്യണമെന്നു് അവിടുന്നു നിശ്ചയിച്ചിരുന്നു. ഇതിനാൽ അവിടുന്നു തന്റെ ഹൃദയസമാധാനത്തിനും, ശാന്തതയ്ക്കും യാതൊരു ഭംഗവുംവരുത്താതെ പുറമെ വലിയ കോപഭാവം കാണിപ്പാൻ നിശ്ചയിച്ചു.

പ്രായോഗികചിന്ത:- ന്യായമായ കോപം പാപമല്ല എന്നു മാത്രമല്ല, പലപ്പോഴും അതു് ആവശ്യകവും തന്നിമിത്തം പുണ്യസംവർദ്ധകവുമായിരിക്കുമെന്നു് ഇവിടെ നാം കാണുന്നു. അതെ "കോപിക്കുക എന്നാൽ പാപമാകരുതു്" (എഫെ. ൪. ൨൬.) എന്നാണു് വി. പൗലോസ് പറയുന്നതു്. നമ്മുടെ കീഴുള്ളവർചെയ്യുന്ന കുറ്റത്തിന്റെകാഠിന്യം അവരെ ഗ്രഹിപ്പിക്കുന്നതിനായി പലപ്പോഴും കോപംകാണിപ്പാൻ ആവശ്യമാണു്. അപ്രകാരംതന്നെ ചിലപ്പോൾ നമ്മോടുതന്നെയും കോപിപ്പാൻ ആവശ്യമുണ്ടാകും. നിന്റെ മനസ്സിനെ സദാ വേദനിപ്പിച്ചുകൊണ്ടിരിക്കുകയോ മറുള്ളവർക്കു ഭൂർമ്മാതൃകയ്ക്കുകാരണമാകയോചെയ്യുന്ന വല്ല കുറ്റത്തിന്റെയും തഴക്കം നിന്നിൽ ഉണ്ടായിരിക്കാം. ഇതിനെ നീ നിന്നിൽനിന്നു മൂലച്ഛേദംചെയ്യേണ്ടതാണു്. ഇതിനായി പവിത്രമായ കോപവും; ദൈവനീതിയുടെ ദണ്ഡും നിന്റെമേൽ പ്രയോഗിക്കയും, നിന്നെത്തന്നെ മുഴുവനായി ജയിക്കുന്നതുവരെ—ആ തഴക്കം നിശ്ശേഷം നീങ്ങുന്നതുവരെ—അവ നിന്നിൽനിന്നു് മാറിക്കളയാതിരിക്കയുംചെയ്യണം.

സ്നേഹപ്രകരണങ്ങൾ:— കോപിക്കുന്നതു ന്യായമായ കാരണത്തോടുകൂടിയാണെങ്കിൽത്തന്നെയും ഹൃദയസമാധാനത്തിനും ശാന്തതയ്ക്കും ഭംഗംവരാതെ, എപ്പോഴും നിന്നെ നിയന്ത്രിക്കുവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- മുൻകോപവും അഹങ്കാരംനിമിത്തമുണ്ടാകുന്ന

മനഃക്ഷോഭവും സന്ത്യാസശുഷ്കാന്തിയാണെന്നു തെറ്റിദ്ധരിക്കാതിരിപ്പാൻ ഉത്സാഹപൂർവ്വം സൂക്ഷിക്കുക.

രണ്ടാം വകുപ്പു

ഈശോയുടെ ശുഷ്കാന്തിയിൽ വിളങ്ങിയ വിവേകം

ധ്യാനം:– "അനന്തരം, പ്രാവുകളെ വിറ്റിരുന്നവരോടു: നിങ്ങൾ ഇവയെ ഇവിടെനിന്നു് എടുത്തുകൊണ്ടുപോകുവിൻ..... എന്നു പറഞ്ഞു." (യോഹ. 2. ക്രമം) അവിടുന്നു് ഇവരോടു് ഇപ്രകാരം വർത്തിച്ചതു് എന്തുകൊണ്ടായിരിക്കാം? അതു് ഇവർ സാധുക്കളും മറ്റു വ്യാപാരികളെ അപേക്ഷിച്ചു് അറിവുകുറഞ്ഞവരും; തന്നിമിത്തം കുറേകുറഞ്ഞിരുന്നവരുമായിരുന്നതിനാലാണു്. മറ്റവരോടു ചെയ്തതുപോലെ ഇവരോടും ചെയ്തിരുന്നെങ്കിൽ അവരുടെ ഉപജീവനത്തിനുള്ള ഏകമാർഗ്ഗം നഷ്ടപ്പെട്ടുപോകയും ഇതു തന്റെ അനന്തനന്മയ്ക്കു യോജിക്കാത്തതായിത്തീരുകയുംചെയ്യുമായിരുന്നു. അതിനാൽ അവിടുന്നു് അവർക്കു നഷ്ടം വരുത്താതെ അവരെ കുറച്ചെടുത്തുകമാത്രമേ ചെയ്തുള്ളൂ.

പ്രായോഗികചിന്ത:- നിന്റെ ആത്മികശുഷ്കാന്തി എത്രന്യായമുള്ളതായിത്തോന്നിയാലും അതിനെ വിവേകത്താൽ മിതപ്പെടുത്തുകയും പരസ്നേഹത്താൽ മയപ്പെടുത്തുകയുംചെയ്യേണ്ടതാണെന്നു് ഇതിൽനിന്നു പഠിക്കുക. എന്നാൽ ഈ കാര്യത്തിൽ നീ പലപ്പോഴും തെറ്റിപ്പോകയും നിന്റെ പല കുറവുകൾക്കു് ഇതുകാരണമാകുകയും ചെയ്യുന്നില്ലയോ? നീ ദൈവസ്തുതിക്കായിച്ചെയ്യുന്ന വേല പലപ്പോഴും ഫലപ്രദമാകാതെപോകുന്നതിന്റെ കാരണം ഇതുതന്നെയാണു്. അവിവേകമായ ശുഷ്കാന്തിയിൽനിന്നു് നന്മ എന്നതിനേക്കാൾ എളുപ്പത്തിൽ തിന്മ ഉത്ഭവിക്കുന്നു.

സ്നേഹപ്രകരണങ്ങൾ:– നമ്മുടെ കർത്താവു തന്റെ പ്രവൃത്തികളാൽ പ്രദർശിപ്പിച്ച പ്രശാന്തതാപൂർണ്ണമായ കൃത്യനിഷ്ഠയെപ്പറ്റി ചിന്തിച്ചു വിസ്മയിക്കുക. നിന്റെ ശുഷ്കാന്തി ഈ ദിവ്യമാതൃകയോടു് അനുരൂപപ്പെടുത്തുവാൻവേണ്ട കൃപാവരം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- പെട്ടെന്നുണ്ടാകുന്ന കോപത്തെ അഥവാ കോപത്തിന്റെ പ്രഥമവികാരങ്ങളെ സൂക്ഷിച്ചു നിഗ്രഹിക്കുക. എ

ന്തെങ്കിലും പ്രവർത്തിക്കുന്നതിനുമുമ്പ്—പ്രത്യേകമായി സാരമായ വല്ലകാര്യവും ആരംഭിക്കുന്നതിനുമുമ്പ—നല്ലപോലെ ആലോചിക്കുക.

മൂന്നാം വകുപ്പ്

ഈശോയുടെ ശുശ്രൂഷിയുടെ സാധുകരണം

ധ്യാനം:– "എന്റെ പിതാവിന്റെ ഭവനം വ്യാപാരശാലയാക്കരുത്." (യോഹ. 2. ക്രമ.) ഈശോ യൂദന്മാരോടു കാണിച്ച കാഠിന്യത്തിന്റെ സാധുകരണം ഈ വാക്കുകളിൽനിന്ന് സ്പഷ്ടമാകുന്നുണ്ട്. ഈ വാക്യത്തെക്കുറിച്ച് ഒരു ക്രിസ്ത്യാനി നല്ലതുപോലെ ആലോചിക്കണം. ബലികഴിപ്പാൻ ആവശ്യമുള്ള സാധനങ്ങൾതന്നെയും ദേവാലയത്തിൽവെച്ചു ക്രയവിക്രയം ചെയ്തതു കഠിനശിക്ഷയ്ക്കു യോഗ്യമായ ദൈവനിന്ദയായിട്ട് ഈശോ വിധിച്ചുവെങ്കിൽ യെരുസലേം ദേവാലയത്തെക്കാൾ കൂടുതൽ ശുദ്ധമായിആചരിക്കേണ്ട നമ്മുടെദേവാലയങ്ങളെ രഹസ്യവും, പരസ്യവുമായ പാപങ്ങളാൽ അശുദ്ധമാക്കുന്നതു് അവിടുത്തെ ദൃഷ്ടിക്ക് എത്ര അരോചകകരമായിരിക്കും! ഇപ്രകാരമുള്ളവർക്ക് അവിടുന്ന് ഒരുദിവസം കല്പിക്കാനിരിക്കുന്ന ശിക്ഷ എത്ര കഠിനതരമായിരിക്കണം?

പ്രായോഗികചിന്ത:– വിശുദ്ധസ്ഥലത്തു ദൈവത്തോടുചെയ്യപ്പെടുന്ന നിന്ദകളും ബാഹ്യമായ ഭക്തിയും, വണക്കവുംകൊണ്ടു പരിഹരിപ്പാൻ നാം ശ്രമിച്ചുവരുന്നുണ്ടൊ? അതൊ ഇതിനു നേരെ വിപരീതമായി പ്രവർത്തിക്കുന്നൊ? ഉപേക്ഷ, അടക്കമില്ലാത്ത നോട്ടം, ചിതമല്ലാത്ത ചേഷ്ടകളും മുതലായവയാൽ പല അനാചാരങ്ങളും, കുറവുകളും ഉണ്ടാകുന്നില്ലെ? ഇപ്രകാരമാണെങ്കിൽ ദേവാലത്തിൽ ചെയ്യപ്പെടുന്ന അനാചാരങ്ങളും പരിഹാരംചെയ്വാൻ ഇരട്ടിയായ കടമ നമുക്കുണ്ട്.

സംഭാഷണം:– നമ്മുടെ ദേവാലയത്തിന്റെ കാവൽക്കാരനായ ദൈവദൂതനോടു സംഭാഷണംചെയ്യുക.

പന്ത്രണ്ടാം ധ്യാനം

ദൈവമഹിമയെക്കുറിച്ചുള്ള ശുശ്രൂഷി

പ്രാരംഭം പ്ര. "സകലവും ദൈവസ്തുതിക്കായി ചെയ്യുവിൻ"

എന്നു വി. പൗലോസ് പറഞ്ഞിരിക്കുന്ന വചനങ്ങളും നിന്റെ സ്മൃതിപഥത്തിൽ വരുത്തുക.

൨. ദൈവമഹത്വത്തെപ്പറ്റി അതീവ ശ്രദ്ധാന്തിനിന്നിൽ ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ദൈവമഹിമയേക്കുറിച്ചുള്ള ശ്രദ്ധാന്തിയുടെ സ്വഭാവം

ധ്യാനം:— ദൈവം പരലോകത്തേയും ഭൂലോകത്തേയും സൃഷ്ടിച്ചപ്പോൾ തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയത്രെ ചെയ്തത്. ഭൂമിയിലെ സൃഷ്ടികളിൽവെച്ചു, തന്റെ സൃഷ്ടാവിനേയും, പ്രപഞ്ചത്തിലുള്ള വിസ്മയകരങ്ങളായ ഓരോ കായ്കളേയും ശ്രദ്ധിപ്പാൻകഴിയുന്ന ഏകസൃഷ്ടി മനുഷ്യൻമാത്രമേയുള്ളൂ. അതുകയാൽ മനുഷ്യന്റെ സ്തുതിസ്തോത്രങ്ങളെയെല്ലാം സർവ്വോപരി അർഹിക്കുന്നതു ദൈവംമാത്രമാണെന്നു് അറിയുകയും സമ്മതിക്കുകയുംചെയ്തുകൊണ്ടു സർവ്വശക്തനായ അവിടുത്തെ ഹൃദയപൂർവ്വം ബഹുമാനിച്ചു് ആരാധിക്കുകയും, തന്നെത്തന്നെ അവിടുത്തേയ്ക്കു പൂർണ്ണമായി സമർപ്പിക്കയുംചെയ്യുകയെന്നതാണു് മനുഷ്യധർമ്മം. ദൈവത്തെ മഹത്വീകരിക്കുകയെന്നുപറയുന്നതു് ഈ ധർമ്മത്തിന്റെ നിർവ്വഹണമാണു്. ഇങ്ങനെയുള്ള ആദ്ധ്യാത്മികബോധം അന്യരിൽ ഉളവാക്കുവാനും കഴിയുമെങ്കിൽ സകല ഹൃദയങ്ങളേയും ഇതുകൊണ്ടു നിറപ്പാനും ജ്വലിക്കുന്ന ആഗ്രഹമാണു് ദൈവമഹത്വത്തിന്മേലുള്ള ശ്രദ്ധാന്തി എന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്.

പ്രായോഗികചിന്ത:- ദൈവമഹിമയെക്കുറിച്ചുള്ള ശ്രദ്ധാന്തിയെക്കാൾ അധികം നീതിയുക്തവും ന്യായപൂർവ്വകവുമായകായ്മ മറെന്താണുള്ളതു്? ഒരു നല്ലപുത്രൻ സ്വപിതാവിന്റെ മഹത്വത്തേയും ആദായത്തേയും വർദ്ധിപ്പിക്കുന്നതിനു സദാ ശ്രമിക്കുക സ്വാഭാവികമാണല്ലൊ. ദൈവം നമ്മുടെ എല്ലാവരുടേയും പിതാവാണു്. നമ്മുടെ ജീവനും നമുക്കുള്ള സകലവും തന്നിൽനിന്നാണു് നാം പ്രാപിച്ചിരിക്കുന്നതു്. ഇപ്രകാരമായിരിക്കെ, അങ്ങയുടെ മഹത്വത്തിന്മേലുള്ള ശ്രദ്ധാന്തി പ്രകൃത്യാതന്നെ നമ്മിൽ ഉണ്ടാകേണ്ടതും; നമ്മുടെ ഹൃദയങ്ങളിൽനിന്നു് ആരാധന, സ്തുതി, നമസ്കാരം ആദിയായവ സദാ പുറപ്പെടേണ്ടതുമല്ലയോ? സ്

ഗന്ധവാഹികളായ പുഷ്പങ്ങൾ അവയുടെ സൗരഭ്യം സദാ പരപ്പെടുവിച്ചുകൊണ്ടിരിക്കുന്നതുപോലെ, നമ്മുടെ ഹൃദയസമക്ഷങ്ങളും ദൈവമഹത്വത്തെക്കുറിച്ചുള്ള ശ്രേഷ്ഠാന്തിയാകുന്ന പരിമളം സദാപുറപ്പെടുത്തിക്കൊണ്ടിരിക്കണം. എന്നാൽ കഷ്ടം! ഇപ്രകാരമാണോ നമ്മുടെപ്രവൃത്തി? മനുഷ്യൻ തൻെറസൃഷ്ടാവായ ദൈവത്തെ സൃജിക്കുകയും, തൻെറ രക്ഷിതാവായ ദൈവത്തിൽനിന്നു് അകന്നുപോകയുംചെയ്യ. (രണ്ടാം. സ്വാ. പ്ര. ന.വ. ഫ.) എന്നു മോസെസുടീർഘദർശി ഇസ്രായേൽജനത്തെ ശകാരിച്ചതുപോലുള്ള ശകാരം മനുഷ്യരിൽ വലിയഭാഗവും അർഹിക്കുന്നു എന്നതു സത്യമത്രെ. നാം സന്യാസികളായിരിക്കുന്നുഎങ്കിലും ചിലപ്പോഴൊക്കയും ഈ ശാസനയ്ക്കു നാമും പാത്രീഭൂതരായിട്ടില്ലെ? നാം ചിലപ്പോഴൊക്കയും ദൈവത്തെക്കാൾ നമ്മെ അധികമായി മതിച്ചുവരുന്നതിനാൽ, ദൈവത്തോടുചെയ്യപ്പെടുന്ന നിന്ദയെക്കുറിച്ചു എന്നതിനെക്കാൾ നമുക്കുനേരിടുന്ന അനർത്ഥത്തെക്കുറിച്ചു അധികം ദുഃഖിക്കുന്നില്ലേ?

സ്നേഹപ്രകരണങ്ങൾ:- മനുഷ്യരുടെ ഈ അന്ധതയെക്കുറിച്ചു പ്രലപിക്കുകയും, നിൻെറ ബുദ്ധിഹീനതയെക്കുറിച്ചു കരയുകയുംചെയ്യുക. ദൈവമഹത്വത്തെക്കുറിച്ചുള്ള ശ്രേഷ്ഠാന്തിയും നിന്നെത്തന്നെ പരിത്യജിക്കുന്നതിനുള്ള കൃപാവരവും ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ബാവായ്ക്കും പുത്രനും പരിശുദ്ധാത്മാവായ്ക്കും സ്തുതിയായിരിക്കട്ടെ, എന്നീ സ്തോത്രജപം കൂടുതൽകൂടുതൽ ഭക്തിയോടെ ചൊല്ലുവാൻ എപ്പോഴും ഞാൻ ശ്രമിക്കും.

രണ്ടാം വകുപ്പു

ദൈവമഹിമയെപ്പറ്റിയുള്ള ശ്രേഷ്ഠാന്തിയുടെ ശ്രേഷ്ഠത

ധ്യാനം:- ദൈവം തൻെറ സകല പ്രവൃത്തികളിലും നിർദ്ദേശിച്ചിരുന്ന ഗതിയേക്കാൾ വലിയതൊ ശ്രേഷ്ഠമോആയ മറെറാന്നും ഉണ്ടാകാവുന്നതല്ല. ദൈവം സകലത്തെയും അങ്ങയ്ക്കായി സൃഷ്ടിച്ചു. (സുഭാ. പ്രസം. ര.) എന്നു വേദാഗമത്തിൽ എഴുതിയിരിക്കുന്നതുപോലെ ഈ പരമഗതി അവിടുന്നുതന്നെയും, അവിടുത്തെ മഹിമയുമല്ലാതെ മറെറാന്നുമല്ല. മനുഷ്യനെ തൻെറ ഛായയായി സൃഷ്ടിച്ചതിൽ അവിടുത്തെയ്ക്കുണ്ടായിരുന്ന ഉദ്ദേശ്യവും

ഇതുതന്നെയായിരുന്നു. അവനെ എന്റെ മഹത്വത്തിന്നായി ഞാൻ സൃഷ്ടിച്ചു. (ഇസയാ. ൪൩. ൭.) ഇതിനെക്കുറിച്ചു വി. പൗലോസ് പറയുന്നതു് ഇങ്ങനെയാണു്: "നിങ്ങൾ ഭക്ഷിക്കുകയൊ പാനംചെയ്യുകയൊ, മറെറന്തെങ്കിലും പ്രവർത്തിക്കുകയൊ ചെയ്താലും അതൊക്കയും ദൈവമഹിമയ്ക്കായിചെയ്വിൻ." (൧. കൊ൪. ൧൦, ൩൧.) ദൈവം നിശ്ചയിച്ചിരിക്കുന്ന ആ ഉദ്ദേശത്തിന്നായി അദ്ധ്വാനിക്കുന്നതു മനുഷ്യനു എത്രവലിയ ഭാഗ്യമാണു്! ഇതിനെക്കാൾ വലിയഭാഗ്യം ആഗ്രഹിപ്പാൻ അവനു കഴിയുമൊ?

പ്രായോഗികചിന്ത:- ദൈവസ്തുതിയും അവിടുത്തെ ഏററം വലിയ മഹിമയും വർദ്ധിപ്പിക്കുക എന്നതു് സന്യാസികളായ നമ്മുടെ പ്രത്യേക ഉദ്യോഗമാണു്. ആകയാൽ സദാ നമുക്കുള്ള ഉന്നം ഇതായിരിക്കണം. ഇതിനു നാം ചെയ്യേണ്ടതു് നമ്മിൽത്തന്നെ അങ്ങയെ മഹിമപ്പെടുത്തണം. നമ്മെയും നാം അനുഭവിക്കുന്ന സകലത്തേയും നിരന്തരബലിയായി ദൈവത്തിനു കാഴ്ചവയ്ക്കുക. സകല കാര്യങ്ങളിലും അവിടുത്തെ തിരുമനസ്സു് അറിവാനും നിവർത്തിപ്പാനും ശ്രമിക്കുക. അവിടുത്തേയ്ക്കു് അനിഷ്ടമായിരിക്കുന്നവ അല്പകാര്യങ്ങൾതന്നെ ആയിരുന്നാലും മനസ്സാറിയോടെ ചെയ്യാതിരിക്കുക. ഈ൪ശങ്ങളായ മാർഗ്ഗങ്ങളിലൂടെയാണു് നാം നമ്മിൽ ദൈവത്തെ മഹിമപ്പെടുത്തേണ്ടതു്. ഇതിനുംപുറമെ നാം മറുള്ളവരിലും ദൈവത്തെ മഹിമപ്പെടുത്തണം. അവർ അങ്ങയെ കൂടുതൽകൂടുതലായി സ്നേഹിപ്പാനും ശുശ്രൂഷിപ്പാനും ആകുംവിധം പ്രയത്നിക്കുക. അവരുടെ സൽക്രിയകളിൽ നമ്മുടെ വചനവും ദൃഷ്ടാന്തവുംകൊണ്ടും അതു സാധിക്കാത്തപ്പോൾ, പ്രാർത്ഥന, തപസ്സു, ദിവ്യപൂജ, ദിവ്യകാരുണ്യസ്വീകരണം മുതലായവകൊണ്ടും സഹായിക്കുക, അവർക്കു ധൈര്യം വരുത്തുക. ഇങ്ങനെ പലവഴിക്കും ഇതു സാധിക്കും. നമ്മുടെ ഈ ധർമ്മങ്ങളെല്ലാം നാം നിർവ്വഹിച്ചുവരുന്നുണ്ടൊ? ഇല്ലെങ്കിൽ മേലാലെങ്കിലും കൂടുതൽ ശ്രദ്ധാന്തിയോടുകൂടെ ഇതിന്നായി പരിശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:- നമ്മെ തന്റെ മഹത്വത്തിന്നുതക്ക ഉത്തമകരുക്കളാക്കിത്തീർക്കേണമെന്നു ദൈവത്തോടു് അപേക്ഷിക്കുക.

പ്രതിജ്ഞ:- ദൈവമഹത്വത്തിനുപകരിക്കുന്നിടത്തോളം

മാത്രം അറിവിനേയും കീർത്തിയേയും മതിക്കുക.

മൂന്നാം വകുപ്പു

ദൈവമഹിമയേക്കുറിച്ചുള്ള ശ്രേഷ്ഠാന്തിയുടെ യോഗ്യത

ധ്യാനം:— ദൈവമഹിമയ്ക്കായിച്ചെയ്യുന്ന വേലകളും ശ്രേഷ്ഠതമങ്ങളാകുന്നതുപോലെ ദൈവതിരുമുമ്പാകെ ഇതരയധികം യോഗ്യതയുള്ള പ്രവൃത്തിയും മറെറാന്നില്ല. എന്നെ മഹിമപ്പെടുത്തുന്നവനെ ഞാനും മഹിമപ്പെടുത്തും (ഫ. രാജാ. ൨, ൩൦.) എന്നു നമ്മുടെകർത്താവു് അരുളിച്ചെയ്തിരിക്കുന്നവചനങ്ങളും ആലോചിച്ചാലും, നിസ്തുലത്തിൽ അധികമഹിമ സിദ്ധിക്കുന്നതു ഇങ്ങനെ ദൈവമഹിമയ്ക്കായി വേലചെയ്യുന്നവർക്കാണെന്നു് സ്പഷ്ടം.

പ്രായോഗികചിന്ത:- ദൈവമഹിമയേപ്പററിയുള്ള ശ്രേഷ്ഠാന്തി പ്രദർശിപ്പിക്കുന്നതിനു നമുക്കു സിദ്ധിക്കുന്ന അവസരങ്ങളും സന്തോഷത്തോടും ആഗ്രഹത്തോടുംകൂടെ ഫലപ്രദമാക്കുന്നതിനു മുകളിൽ പറഞ്ഞ സംഗതികളുടെ സ്മരണ നമ്മെ വളരെ സഹായിക്കുന്നതാണു്. ഇപ്രകാരമുള്ള അവസരങ്ങൾ സദാ നമുക്കു കിട്ടുന്നുണ്ടു്. ഇതിനായി നമ്മുടെ ഭവനംവിട്ടുപോകണമെന്നില്ല. നമ്മുടെ സുകൃതദൃഷ്ടാന്തത്താൽ നമ്മുടെ സഹോദരന്മാരെ പുണ്യപൂർണ്ണതാമാർഗ്ഗത്തിൽക്കു് ആകർഷിക്കാവുന്നതാണു്. ഇപ്രകാരം അവർ ദൈവത്തെ മഹിമപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങളായിത്തീരും.

സംഭാഷണം:— ദൈവമഹിമയേപ്പററിയുള്ള ശ്രേഷ്ഠാന്തിയുടെ അധികൃത്തിൽ വിശ്രുതനായ വി. ഫ്രാൻസീസ് സേവ്യറിനോടു സംഭാഷിക്കുക.

പതിമൂന്നാം ധ്യാനം

നിക്കൊദേമൂസ് രാത്രിസമയത്തു് ഈശോയുടെഅടുക്കൽ ചെല്ലുന്നു

പ്രാരംഭം ഫ. പ്രായവും അധികാരവുംകൊണ്ടു വന്ദനീയനായ നിക്കൊദേമൂസ് ഈശോയോടു ചോദിക്കുന്നതും അവിടുന്നു

പറയുന്നവ കേൾക്കുന്നതും കാണുന്നതായി സങ്കല്പിക്കുക.

൨. നിനക്കു സിദ്ധിക്കുന്ന അറിവിന്റെ വെളിച്ചത്തോടു നിന്റെ മനശ്ശക്തിയും യോജിച്ചിരിപ്പാൻ ഇടവരുത്തണമെന്നു ഈശോയോടു അപേക്ഷിക്കുക.

ഒന്നാം വകുപ്പു

നിക്കൊദേമൂസിന്റെ ധൈര്യവും ഭീരുത്വവും

ധ്യാനം:- ദേവാലയത്തിൽ വ്യാപാരംചെയ്തിരുന്നവരെ പുറത്താക്കിയപ്പോൾ ഈശോ പ്രദർശിപ്പിച്ച അധികാരമാഹാത്മ്യം യെരുസലേമ്മിൽ വലിയ സംഭ്രമത്തിന്നു കാരണമായി. "അനേകർ അദ്ദേഹത്തിൽ വിശ്വസിച്ചു." (യോഹ. ൨. ൨൩.) എന്നു് വി. യോഹന്നാൻ പറയുന്നു. "അവരിൽ ഒരുവൻ യൂദന്മാരുടെ ഇടയിൽ പ്രധാനിയായിരുന്ന നിക്കൊദേമൂസ് എന്ന പേരുള്ള ഒരു ഫരിസേയൻ ആയിരുന്നു." (യോഹ. ൩. ൧.) ഇയാൾ നീതിമാനും, സത്യസന്ധനുമായിരുന്നു. ഈശോ സ്വർഗ്ഗത്തിൽനിന്നു് അയക്കപ്പെട്ട യഥാർത്ഥദീർഘദർശിയാണെന്നു് അയാൾ വിശ്വസിക്കുകയും, അങ്ങയിൽനിന്നു് ദിവ്യോപദേശങ്ങൾ കേൾക്കാൻ തനിക്കു് കടമയുണ്ടെന്നു വിചാരിക്കുകയുംചെയ്തു. എങ്കിലും ഈവിധം കീഴ്പെട്ടു പ്രവർത്തിക്കുന്നതിന്നു ചില വിഘ്നങ്ങൾ അയാൾക്കുണ്ടാകാതിരുന്നില്ല. തന്നെപ്പോലെയുള്ള ഫരിസേയരും പ്രമാണികളും ഈശോയെ അധിക്ഷേപിച്ചിരുന്നു. അജ്ഞനായ നസറേയൻ, വഞ്ചകൻ എന്നൊക്കെയാണു് അവർ അവിടുത്തേക്കുറിച്ചു പറഞ്ഞിരുന്നതു്. ഇതിനാൽ അവരുടെ കോപത്തിനുപാത്രമാകാതെ ഇതു ചെയ്വാൻ അയാൾക്കു കഴിഞ്ഞിരുന്നില്ല. ഈ വിഘ്നങ്ങളെയെല്ലാം ജയിപ്പാനും കീഴടക്കാനുംവേണ്ട ധൈര്യം അയാൾക്കുണ്ടായിരുന്നെങ്കിലും, മനഃചാഞ്ചല്യംനിമിത്തം ഭീരുത്വവശഗനായിത്തീർന്നു. അതുകൊണ്ടാണു് ആരും തന്നെക്കാണാതിരിപ്പാനായി രാത്രിസമയത്തു് ഈശോയുടെഅടുക്കൽ ചെന്നതു്. (യോഹ. ൩. ൨.)

പ്രായോഗികചിന്ത:- നിക്കൊദേമൂസിൽ ഒരു ന്യൂനതയെന്നു നാം വിചാരിച്ചുവരുന്ന ധൈര്യവും ഭീരുത്വവുംകലർന്ന മനഃസ്ഥിതി നമ്മിലും ഇല്ലയോ? ദൈവസ്നേഹത്തെപ്രതി സകലത്തേയും ത്യജിപ്പാനും, സ്വഭാവത്തിനു് അനിഷ്ടവും പ്രയാസ

വുമുള്ള ഒരു ജീവിതരീതി സ്വീകരിപ്പാനും നാം സധൈര്യം നിശ്ചയിച്ചു. താളശജീവിതാവസ്ഥയിൽ സുസ്ഥിരം നിലനില്പാനും നാം ഉറച്ചു. എങ്കിലും ഒരുമാതിരി അവിശ്വസ്തത, ഭീരുത്വം, മുഖാക്ഷിണ്യം, മന്ദതമുതലായവയ്ക്ക് അധീനരായി നമ്മുടെ സഭാചട്ടങ്ങൾ, പ്രതിജ്ഞകൾ, കടമകൾ എന്നിവ നാം നിവർത്തിക്കാതെയിരിക്കുന്നില്ലയൊ? ദൈവവരപ്രസാദസഹായത്താൽ മേലാൽ ഇപ്രകാരം സംഭവിക്കാതിരിപ്പാൻ ദൃഢപ്രതിജ്ഞചെയ്യുക.

സ്നേഹപ്രകരണങ്ങൾ:- നമ്മുടെ ഉദാസീനത, ആത്മികബലഹീനത, അവിശ്വസ്തത, അസ്ഥിരത എന്നിങ്ങനെയുള്ളവയിൽ ഓരോന്നും ദൈവതിരുമുമ്പാകെ അനുസരിച്ചുപറയുക. സവ്യയംതാഴ്ത്തി ക്ഷമാപണംചെയ്യുക.

പ്രതിജ്ഞ:- എന്നിലുണ്ടാകുന്ന ന്യൂനതകൾക്കു മുഖ്യകാരണം എന്തെന്നു പരിശോധിച്ച് അവ നീക്കാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പ്

നിക്കൊദേമൂസിനുണ്ടായ പ്രകാശവും അന്ധകാരവും

ധ്യാനം:– നിക്കൊദേമൂസ് ഈശോയുടെ അടുക്കൽചെന്ന് അങ്ങയോട്: ഗുരോ, അങ്ങ് ദൈവത്തിൽനിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നുഎന്ന് ഞങ്ങൾ അറിയുന്നു; എന്തുകൊണ്ടെന്നാൽ ദൈവം തന്റെകൂടെ ഇല്ലാതെയിരുന്നാൽ ആർക്കും അങ്ങു ചെയ്യുന്ന ഈ അത്ഭുതകൃത്യങ്ങൾചെയ്വാൻ സാധിക്കുകയില്ല എന്നു പറഞ്ഞു. (യോഹ. മ, ൨.) നിക്കൊദേമൂസ് യൂദന്മാരുടെ മഹാസംഘത്തിൽപെട്ട മറ്റാളുകളെക്കാൾ അധിക ആത്മിക പ്രകാശംലഭിച്ചവനായിരുന്നുഎന്ന് അയാളുടെ ഈ വിശ്വാസപ്രഖ്യാപനം തെളിയിക്കുന്നു. എങ്കിലും അയാൾക്കുലഭിച്ച പ്രകാശം കാർമേഘത്തിനുള്ളിൽമറഞ്ഞ സൂര്യപ്രകാശംപോലെയാണിരുന്നതു്. അയാൾ അന്ധകാരത്തിൽ തപ്പിനടക്കുകയായിരുന്നു. ഭീർഘദർശികൾ പ്രവചിച്ചിരിക്കുന്ന മിശിഹാ ഈശോയാകുന്നുഎന്ന് അറിയാതിരിക്കയൊ, അവിടുത്തെപ്പഠനങ്ങളെ തെറ്റിദ്ധരിക്കയൊചെയ്തിരുന്നുവെന്നുസാരം. ഇതിനാലാണ് നീ ഇസ്രയേലിൽ ഉപദേഷ്ടാവായിരുന്നിട്ടും ഇവ അറിയുന്നില്ലയൊ? (യോഹ. മ, ൧൦.) എന്ന ശാസനകേൾക്കുന്നതിന് അ

യാൾക്ക് ഇടയായതു്.

പ്രായോഗികചിന്ത:- ക്രിസ്തീയപരിപൂർണ്ണതയുടെ ശ്രേഷ്ഠതയും അതു പ്രാപിക്കുന്നതിനുചെയ്യേണ്ടകാര്യങ്ങളും നാം നല്ലപോലെ അറിഞ്ഞിട്ടുണ്ടായിരിക്കാം. ഇക്കാര്യത്തിൽ ഉപദേഷ്ടാക്കൾആകുവാനും മറ്റുള്ളവരെ പഠിപ്പിപ്പാനുംവേണ്ട സാമർത്ഥ്യവും നമുക്കുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അറിവനുസരിച്ചു പ്രവർത്തിക്കേണ്ടസമയംവരുമ്പോൾ, നാം അന്ധകാരത്തിൽ അകപ്പെട്ടുപോകുന്നില്ലയോ? മണിയുടെ ആദ്യസ്വരത്തിന്നു തന്നെ ഉണർന്നു എഴുന്നേൽക്കുക, നമ്മെ കുറ്റപ്പെടുത്തുമ്പോൾ ന്യായംപറയാതെ മൗനതയോടെ അനുസരിക്കുക; തപസ്സ് പരസ്നേഹക്രിയകൾമുതലായ സുകൃതങ്ങൾ അഭ്യസിക്കുക എന്നിവയെല്ലാം വേണ്ടതാണെന്നു് നാം അറിഞ്ഞിട്ടുണ്ടു്. ഇങ്ങനെ ചെയ്യുന്നുണ്ടെന്നു് നാം പ്രതിജ്ഞയുംചെയ്തിട്ടുണ്ടു്. എങ്കിലും അതിനുള്ളസമയംവരുമ്പോൾ, പലപ്പോഴും മുൻപു കണ്ടിരുന്നപോലെയുള്ള തെളിവും ശ്രദ്ധാന്തിയുംകൂടാതെ നമ്മുടെ നല്ല പ്രതിജ്ഞകൾ ലംഘിച്ചുപ്രവർത്തിക്കുന്നില്ലെ? ഇങ്ങനെ പ്രകാശവും അന്ധകാരവും, ഔദാര്യവും ഭീരുത്വവും നമ്മിൽ കലർന്നിരിക്കുന്നു; ദൈവത്തിൻറെമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാനും, നമ്മിൽ ഒട്ടും ആശ്രയിക്കാതിരിപ്പാനും എത്രയൊ ബലമേറിയ കാരണങ്ങളാണു് ഇവ.

സ്നേഹപ്രകരണങ്ങൾ:- നിന്നിൽക്കാണുന്ന ഈ വൈപരീത്യം ദൈവത്തിനുമുമ്പാകെ വിനയപൂർവ്വം അനുസരിച്ചുപറഞ്ഞുകൊണ്ടു്; ഇതിന്നു പ്രതിവിധി കണ്ടുപിടിച്ചുപ്രവർത്തിക്കുന്നതിനു് അനുഗ്രഹം അപേക്ഷിക്കുക.

പ്രതിജ്ഞ:- ആത്മികാന്ധകാരം, അഥവാ ഹൃദയവരൾച്ച നമുക്കുണ്ടാകുമ്പോൾ, നാം മുൻചെയ്തിരിക്കുന്ന പ്രതിജ്ഞകളെ ഉപേക്ഷിക്കാതിരിപ്പാൻ സൂക്ഷിക്കുക.

മൂന്നാംവകുപ്പു

നിക്കൊദേമൂസിൻറെ നന്മനസ്സും ഉദാസീനതയും

ധ്യാനം:- ഈശോയോടു സംഭാഷിച്ചുകഴിഞ്ഞപ്പോൾ നിക്കൊദേമൂസ് ഒരു പുതിയമനുഷ്യനായിത്തീർന്നു. അയാളുടെ ബോധം വിശ്വാസവെളിച്ചത്താൽ പ്രകാശിക്കുകയും, ഹൃദയം

തന്റെകത്താവിന്റെനേർക്കുള്ളസ്നേഹത്താൽ ഉജ്ജ്വലിക്കുകയും ചെയ്തു. ഇതിനാൽ അയാൾ അവിടുത്തെ വിശ്വസ്തശിഷ്യനായിത്തീർന്നു. എങ്കിലും തന്റെവിശ്വാസത്തെ പ്രവൃത്തിയാൽ പ്രകടിപ്പിക്കുന്നതിനുമുതിർന്നില്ല; ഈശോയെ അനുഗമിച്ചിരുന്ന ശിഷ്യരുടെഗണത്തിലും അയാൾ ചേർന്നിരുന്നില്ല. രണ്ടുവർഷങ്ങൾക്കുശേഷം, നമ്മുടെകത്താവു മരിച്ചപ്പോൾമാത്രമെ തന്റെ ഭക്തിയും വണക്കവും ധൈര്യപൂർവ്വം പ്രദർശിപ്പിപ്പാൻ അയാൾ തുനിഞ്ഞുള്ളു. അപ്പോൾ അയാൾ ധീരതയോടുകൂടെ പിലാത്തുസിന്റെഅടുക്കൽചെന്ന് ഈശോയുടെ തിരുശ്ശരീരം ചോദിക്കുകയും മോടിയായി അങ്ങയെ സംസ്കരിക്കുകയുംചെയ്തു.

പ്രായോഗികചിന്ത:- നമുക്കു നന്മനസ്സുണ്ടായിരുന്നാലും, പലപ്പോഴും നാം ദൈവത്തുശ്രൂഷയിൽ ഉദാസീനതകാണിച്ചിട്ടുണ്ടായിരിക്കാം. ദൈവത്തെപ്രതി ധീരമായ യാതൊരുപ്രവൃത്തി ഇതുവരെ നാം ചെയ്തിട്ടില്ലെന്നുവന്നേക്കാം. അങ്ങനെആയാലും നാം ധൈര്യംവെടിയരുതു്. നിക്കൊദേമൂസ് മുൻകാണിച്ച ഉദാസീനതയും മന്ദതയും, ധീരധീരം നിരാകരിച്ചതിനാൽ അയാൾ വിശുദ്ധന്മാരുടെഗണത്തിൽ ചേർക്കപ്പെടുവാൻ പാത്രമായിത്തീർന്നു. ഈ ഉത്തമദൃഷ്ടാന്തം നമുക്കും അനുകരിക്കാം.

സംഭാഷണം:- ഭാഗ്യവാനായ നിക്കൊദേമൂസിനോടു സംഭാഷിയ്ക്കുക.

പതിനാലാം ധ്യാനം

സ്നാപകയോഹന്നാന്റെ ശിഷ്യരുടെ അസൂയ

പ്രാരംഭം ഫ. സ്നാപകയോഹന്നാന്റെ മഹത്വത്തിന്മേൽ അമിതശുഷ്കാന്തിപ്രദർശിപ്പിച്ചിരുന്ന ശിഷ്യന്മാരോടു് അദ്ദേഹം ഉപദേശിക്കുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

ഫ. സ്വയംവിസ്മരിച്ചു ദൈവമഹത്വത്തെപ്പറ്റി യഥാർത്ഥശുഷ്കാന്തിയുള്ളവനായിരിക്കാൻവേണ്ട കൃപാവരം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

സ്ഥാപകയോഹന്നാന്റെ ശിഷ്യരുടെ അസൂയ

ഈശോ, യെരുസലേമ്മിൽ അനേകരെ മാനസാന്തരപ്പെടുത്തുകയും വളരെ അത്ഭുതങ്ങൾപ്രവർത്തിക്കുകയുംചെയ്തശേഷം, തന്റെ ശിഷ്യന്മാരോടുകൂടെ യൂദേയദേശത്തുവന്നു് അവിടങ്ങളിൽ സഞ്ചരിക്കയും (തന്റെ ശിഷ്യന്മാർവഴിയായി) ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുകയുംചെയ്തിരുന്നു. (യോഹ. ൩, ൨൨.) ഇതുനിമിത്തം സ്നാപകയോഹന്നാന്റെ ശിഷ്യന്മാർക്കു് അസൂയയുണ്ടായി. അവർ അദ്ദേഹത്തിന്റെ അടുക്കൽചെന്നു് ഇങ്ങനെ പറഞ്ഞു: "ഗുരോ, യോർദാന്റെഅക്കരയിൽ അങ്ങയോടൊന്നിച്ചു് ഉണ്ടായിരിക്കുകയും അങ്ങു് സാക്ഷ്യംനൽകുകയുംചെയ്തവൻ അതാ ജ്ഞാനസ്നാനപ്പെടുത്തുന്നു. എല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയുംചെയ്യുന്നു." (യോഹ. ൩, ൨൬.)

പ്രായോഗികചിന്ത:– നല്ലവരിലും ചിലപ്പോൾ അസൂയ ഉണ്ടാകാറുണ്ടു്. ഈ ദുസ്വഭാവം പലപ്പോഴും ശ്രുഷ്ടാന്തിയുടെ മറപിടിച്ചായിരിക്കും പ്രവർത്തിക്കുന്നതു്. ഇതിനൊരു ദൃഷ്ടാന്തം ഇവിടെ നാം കാണുന്നുണ്ടു്. സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ അവരുടെ ഗുരുവിന്റെമഹത്വത്തെക്കുറിച്ചുള്ള ശ്രുഷ്ടാന്തിനിമിത്തം, ഈശോയുടെയും അവിടുത്തെ ശിഷ്യന്മാരുടെയും വിജയത്തെപ്പറ്റി അസൂയാകലുഷിതരാകുന്നു. അസൂന്മാരുടെ ഉൽക്കർഷംകണ്ടു സന്തോഷിക്കേണ്ടതിനുപകരം, അവർ ദുഃഖിക്കുകയാണുചെയ്തതു്. ഈമാതിരി അസൂയയൊന്നും നിന്നിൽ ഇല്ലെന്നു പറയാമോ? മറെറാരുസഭയിലെ അംഗമായ ഒരാൾ വല്ലനന്മചെയ്യുമ്പോൾ, അഥവാ നിന്റെസഭയിൽത്തന്നെ നിന്നെക്കാൾ പിമ്പുചേർന്ന ഒരാൾ, പുണ്യം ശാസ്ത്രം ആദിയായവയാൽ ശോഭിക്കുകയും നിന്റെനാമം അറിയപ്പെടാത്തതായിപ്പോകയുംചെയ്യുമ്പോൾ, നീ നിഷ്കപടമായി ദൈവത്തിൽ സന്തോഷിക്കുന്നുണ്ടോ? അല്ലെങ്കിൽ ദുഃഖിക്കയോ, അവരുടെ കുറവും കുറവുംപറഞ്ഞു നിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന അസൂയ നഗ്നമായിക്കാണിക്കുകയൊ എന്താണു ചെയ്യുന്നതു്?

സ്നേഹപ്രകരണങ്ങൾ:- ഈശോയുടെതൃപ്പാദത്തുങ്കൽ അണഞ്ഞു് അസൂയയെ വെറുക്കുക. അതിന്റെകൂട്ടുക്കിൽ നീ ഒരിക്കലും അകപ്പെടാതിരിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- അസൂയയെസംബന്ധിക്കുന്ന പരീക്ഷയുണ്ടാകുമ്പോൾ: "ആരുവഴിയായിട്ടെങ്കിലും, എല്ലാമാർഗ്ഗേണയും ഈശോ അറിയപ്പെട്ടുന്നതിൽ ഞാൻ സന്തോഷിക്കുന്നു, സന്തോഷിക്കയും ചെയ്യും." (ഫിലി. ക. ക്വവ.) എന്നു വി. പൗലോസിനോടുകൂടെ പറയുക.

രണ്ടാംവകുപ്പു

വി. സ്നാപകയോഹന്നാന്റെ സ്വാർത്ഥപരിത്യാഗം

ധ്യാനം:- തങ്ങളുടെഗുരുവും തങ്ങളോടു യോജിക്കുമെന്നാണ് സ്നാപകയോഹന്നാന്റെ ശിഷ്യന്മാർ വിചാരിച്ചിരുന്നതു്. പക്ഷെ ഈവിചാരം അസ്ഥാനത്തായതേയുള്ളൂ. വിശുദ്ധന്മാരിൽ അസൂയ ഒരിക്കലും ഉണ്ടാകയില്ല. അവർ സ്വാർത്ഥപ്രിയരായിരിക്കയോ? ഒരിക്കലുമില്ല. എപ്പോഴും സ്വയംവിസ്മരിച്ചുകൊണ്ടു ദൈവസ്തുതിതേടുകമാത്രമെ അവർ ചെയ്കയുള്ളൂ. വി. യോഹന്നാൻ ശ്ലീഹിന്നു് ഒരു ദൃഷ്ടാന്തമാണു്. ഇദ്ദേഹം തന്റെ ശിഷ്യന്മാർപറഞ്ഞ വാക്കുകൾ കേട്ടപ്പോൾ തന്നെത്താൻ താഴ്ത്തുകയും, ഈശോയെ ശ്ലാഘിക്കുകയുംചെയ്തു. "മുകളിൽനിന്നുവരുന്നവൻ എല്ലാവർക്കും മുകളിലുള്ളവനാകുന്നു. ആകയാൽ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. (യോഹ. ന. ന്വ, ഫൻ.)

പ്രായോഗികചിന്ത:- ഇങ്ങനെ തന്നെത്താൻ മറക്കുകയും സകലവും പൂർണ്ണമായി പരിത്യജിക്കുകയുംചെയ്യുന്ന സ്വഭാവം മനുഷ്യരിൽ അപൂർവ്വമാണു്. ഒരു സാധാരണ ക്രിസ്ത്യാനിയിൽ ഈദൃശസുകൃതംകണ്ടാൽ അതിനെക്കുറിച്ചു് എല്ലാവരും വിസ്മയിക്കും. എന്നാൽ ഒരു സന്ന്യാസിയിൽ ഇപ്രകാരമുള്ള സൽഗുണങ്ങൾകാണുന്നപക്ഷം അതിനെക്കുറിച്ചു് ആരും വിസ്മയിക്കാറില്ല. പ്രത്യുത, ഒരു സന്ന്യാസി ഇപ്രകാരമുള്ളവനായിരിക്കേണമെന്നു് ന്യായത്തോടെ അവശ്യപ്പെടുകയാണുചെയ്യുന്നതു്. ആകയാൽ ഈ സൽഗുണം നമ്മിൽ ഉണ്ടോഎന്നു് പരിശോധിക്കുക. ഉണ്ടെങ്കിൽ അതിൽ ഏതെല്ലാംപടവികൾ നാം പ്രാപിച്ചിട്ടുണ്ടു്? അതു് നമ്മിൽ വേരുന്നി ഉറച്ചിട്ടുണ്ടെങ്കിൽ സാക്ഷാൽ നമ്മെക്കാൾ വലിയവരെ നിഷ്കപടമായി ബഹുമാനിക്കുന്നതിന്നു് നമുക്കു മടിയുണ്ടാകയില്ല. അവരെ പുകഴ്ത്തുമ്പോൾ, അ

തിനെപ്പറ്റി നമുക്ക് അസന്തുഷ്ടിയും ഉണ്ടാകയില്ല. എന്നാൽ ഇതിനു വിപരീതമാണ് നമ്മിൽ കാണുന്നതെങ്കിൽ, നാം ഇതുവരെ ലോകത്തിനും നമുക്കുതന്നെയും മരിച്ചിട്ടില്ലഎന്നു നിശ്ചയമത്രെ.

സ്നേഹപ്രകരണങ്ങൾ:– ലോകത്തിനും നമുക്കുതന്നെയും പൂർണ്ണമായി മരിപ്പാൻ ആഗ്രഹിക്കുക. അസൂയയുണ്ടാകുവാനും ദൈവമഹിമയെ മറക്കാനും കാരണമാകുന്ന സ്വാർത്ഥത്തെ പൂർണ്ണമായി നിഗ്രഹിപ്പാൻശ്രമിക്കുക.

പ്രതിജ്ഞ:– ദൈവത്തിനുമാത്രം, സ്തുതിയും, മഹത്വവും ഉണ്ടായിരിക്കട്ടെ, എന്നു് വി. പൗലോസിനോടുകൂടെ പറയുക. (ഫ. തിമോ. ഫ. ഫ൧.)

മൂന്നാംവകുപ്പു

വി. സ്നാപകയോഹന്നാന്റെ സ്വപരിത്യാഗം

ധ്യാനം:– അദ്ദേഹം വലുതാകയും, ഞാൻ ചെറുതാകയും ചെയ്യേണ്ടതാകുന്നു. (യോഹ. ൩. ൩൦.) വി. സ്നാപകയോഹന്നാൻ തന്നെത്താൻ നിശ്ശേഷം പരിത്യജിച്ചിരിപ്പാൻതക്കവണ്ണം സ്വാർത്ഥപ്രതിപത്തി അദ്ദേഹത്തിൽനിന്നു നിശ്ശേഷം നീങ്ങിയിരുന്നു. ഇതിനാൽ ആയാൾ തന്റെ പ്രവൃത്തികളെ മറയ്ക്കുകയും, ഈശോയുടെ പ്രവൃത്തികളെക്കുറിച്ചു സന്തോഷിക്കുകയുംചെയ്തിരുന്നു. മാത്രമല്ലാ, ലോകം തന്നെ അവഗണിക്കുവാനും ഈശോയെ കൂടുതൽകൂടുതലായി മഹത്വപ്പെടുത്തുവാനും ആഗ്രഹിക്കുന്നു.

പ്രായോഗികചിന്ത:– മായസ്തുതി, അസൂയ എന്നിവയെ സംബന്ധിച്ചു പരീക്ഷകളെ മുഴുവനായി നമുക്കു ജയിക്കേണമെങ്കിൽ, വി. സ്നാപകയോഹന്നാന്റെ ഉദ്ദിഷ്ടാന്തമനുസരിച്ചു് നാം പ്രവർത്തിക്കണം. നമ്മെത്തന്നെ പൂർണ്ണമായി പരിത്യജിക്കുകയും, അഹങ്കാരത്തോടു സദാ യുദ്ധംചെയ്യുകൊണ്ടു് ഇതരന്മാരാൽ നിന്ദിക്കപ്പെടുവാനും ഉപേക്ഷിക്കപ്പെടുവാനുമുള്ള ആഗ്രഹം നമ്മിൽ ജനിപ്പിക്കുകയുംചെയ്യണം. ഈവിധം പൂർണ്ണതപ്രാപിപ്പാൻ കാലതാമസംവേണ്ടിവരുമെങ്കിൽ നാം നിരാശപ്പെടരുതു്. സ്ഥിരതയോടുകൂടെ പരിശ്രമിക്കണം. ദൈവവരത്തിന്റെ സഹായത്താൽ സകലവും നമുക്കു സാധിക്കാം.

സംഭോഷണം:– നമ്മുടെകത്താവിന്റെ പുരോഗാമിയായ വി. സ്നാപകയോഹന്നാനോട് സംഭാഷിക്കുക. അസൂയ എത്ര വഞ്ചനയുള്ളതും ആപല്കരവും, അപമാനകരവും കുറകരവുംആണെന്നു ഗ്രഹിച്ച് അതിനെ ഭയപ്പെട്ടുവാനും സ്വസ്നേഹത്തിനു പൂണ്ണമായിമരിച്ചുകൊണ്ട് സകലകാര്യങ്ങളിലും ദൈവത്തിന്റെ വലിയ സ്തുതിമാത്രം ആഗ്രഹിപ്പാനും, അസൂയ നമ്മോട് മത്സരിക്കുമ്പോൾ ധീരധീരം യുദ്ധംചെയ്യ് അതിനെ ജയിപ്പാനുംവേണ്ട അനുഗ്രഹം ലഭിച്ചുതരേണമെന്ന് അപേക്ഷിക്കുക.

പതിനഞ്ചാം ധ്യാനം

അഹങ്കാരവും അതിന്റെ നികൃഷ്ടഫലങ്ങളും

പ്രാരംഭം ക. ലൂച്ചിഫേർ സ്വർഗ്ഗത്തിൽനിന്ന് നരകപാതാളത്തിലേക്കുവീഴുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഖ. ആത്മസംഹാരിയായ അഹങ്കാരത്തെപ്പറ്റി രക്ഷാകരമായഭയം നിന്നിൽ ജനിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അഹങ്കാരത്തിന്റെ സ്വഭാവം

ധ്യാനം:– നമ്മെ ദുർഭഗരാക്കുന്ന അസൂയയിൽനിന്നും, താഴ്മയായ നിരവധി ദുർഗ്ഗുണങ്ങളിൽനിന്നും വിമുക്തരാകുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അവയുടെ ബീജത്തെ—ഈ നശീകരതൈകളെ മുളപ്പിക്കുന്ന ധാതുവിനെ—നാം കണ്ടറിയേണ്ടതാണ്. ഈ ബീജം അഥവാ ധാതു, ജന്മപാപത്തിന്റെ ഫലവും, അതിനുള്ള ശിക്ഷയുമാകുന്ന അഹങ്കാരംതന്നെയാണ്. പരിശുദ്ധാത്മാവുപി പറയുന്നതു കേൾക്കുക: മകനെ, നിന്റെ വിചാരത്തിലും വചനത്തിലും വാഴുവാൻ ഒരിക്കലും നീ അനുവദിക്കരുതു്. എന്തുകൊണ്ടെന്നാൽ സകലനാശങ്ങളും അതിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളതു്. (തോബി. ര. ക്ര.) അഹങ്കാരം സകലകുറ്റങ്ങളുടെയും ഉറവയാകുന്നു. (എക്ലേസ്. ക്ര.)

പ്രായോഗികചിന്ത:- ഈ സത്യം നന്നായിഗ്രഹിക്കുന്നതിനു്, ഭയങ്കരവും, ആപല്കരവുമായ ഈ ദുർഗ്ഗുണത്തിന്റെ സ്വഭാ

വം അറിഞ്ഞാൽമതി. അഹങ്കാരം അഥവാ നിഗളം, എന്നു പറയുന്നതു് നമ്മുടെ സ്വന്തംസ്തുതിയെക്കുറിച്ചു് നമുക്കുണ്ടാകുന്ന അമിത ആശയാണു്. ഈ ആശയിൽനിന്നു് മായസ്തുതി, സ്ഥാനമാനാഭിലാഷംമുതലായ ശാഖകളും; ഈ ശാഖകളിൽനിന്നു് ഒഷ്ക്കുകൂം, കപടഭക്തി മുഖപ്രീതി എന്നീ ഉപശാഖകളും; ഇവയിൽനിന്നു് അസത്യം; ചതിവു്, ഒഴിവുകഴിവുകൂം, ഉള്ളാർത്ഥത, മനോമൂർഖത, വാഗ്വാദങ്ങൂംമുതലായവയും, സ്വാർത്ഥതല്പരതയും, അസൂയയും ജനിക്കുന്നു. ഇപ്രകാരം പരസ്നേഹത്തിനെതിരായ നിരവധികുറ്റങ്ങളാണു് അഹങ്കാരത്തിൽനിന്നുപുറപ്പെടുന്നതു്. ഇതരന്മാരുടെ നന്മകൂം കാണുമ്പോൾ ദുഃഖിക്കുക, അവർചെയ്യുന്നകുറ്റങ്ങളും അതിനാൽ അവക്കുണ്ടാകുന്ന ശിക്ഷാരിഷ്ടതകളുംകണ്ടു സന്തോഷിക്കുക, ഊഹങ്ങൂം, ദുർന്നിണ്ണയം, ദുഷിവാക്കു്, ഏഷണിമുതലായവയാൽ അവരെ നിന്ദിക്കുക, താഴ്ത്തുക, ഇതരന്മാരുടെ ഇടയിൽ അവക്കുള്ളമാനം നശിപ്പിച്ചുകളയുക എന്നിതുകളും അഹങ്കാരത്തിന്റെ വിഷംമൂറിയഫലങ്ങൂംതന്നെയാണു്. അഹങ്കാരത്താൽവരുന്ന ഈവിധകുറ്റങ്ങളിൽ ഏതെങ്കിലും നിന്നിലുണ്ടോ? നിന്നിൽ ബലപ്പെട്ടിരിക്കുന്നതു് ഏതാണു്?

സ്നേഹപ്രകരണങ്ങൂം:- നിന്നിലുള്ള കുറ്റങ്ങളെ വിനയപൂർവ്വം ഏറ്റുപറയുക; പശ്ചാത്തപിക്കുക; അഹങ്കാരത്തെ ഹൃദയപൂർവ്വം വിദ്വേഷിക്കുക.

പ്രതിജ്ഞ.– ദൈവതിരുമുമ്പാകെ നിന്നെത്തന്നെ താഴ്ത്തിക്കൊണ്ടു്; അഹങ്കാരത്തെ അതിന്റെ അല്പചലനക്ഷണത്തിൽത്തന്നെ ശക്തിയോടെ എതിർക്കുവാൻ ശീലിക്കുക.

രണ്ടാംവകുപ്പു്

അഹങ്കാരത്തിൽനിന്നുളവാകുന്ന പാപം

സ്വാനം:- നമ്മുടെ സ്വന്തകീർത്തിയെക്കുറിച്ചുള്ള അമിതമായആശ സ്വായരഹിതമാണെന്നുപറയുന്നതിനു കാരണമുണ്ടു്. ഇതു് ഓരോരുത്തനുചെല്ലേണ്ടതു് അവനവനു കൊടുക്കുക, എന്നീ ഉത്തമനീതിക്കു തീരെവിരുദ്ധമാണു്. സൃഷ്ടികളിൽ നന്മയായും, ശ്രേഷ്ഠമായും ഉള്ളതൊക്കയും ദൈവത്തിൽനിന്നുള്ളതാണല്ലൊ. അതിനാൽ വി. പൗലോസ് പറയുന്നതുപോലെ, സകല ബഹു

മാനവും, സ്തുതിയും ദൈവത്തിന്നുമാത്രം നൽകേണ്ടതാണു്. (ഫ. തിമൊ. ഫ, ഫ൧.) അഹങ്കാരിയാകട്ടെ സ്വാഭാവികവും; സ്വഭാവാതീതവുമായി തന്നിലുള്ളതെല്ലാംകൊണ്ടും, തന്നെത്തന്നെ ഉയർത്തുന്നു. മനുഷ്യരുടെ സ്തുതിയും ബഹുമാനവുംലഭിപ്പാനായി അവയെ ഉപയോഗിക്കുന്നു. ഇപ്രകാരം അവൻ ഒരുവിധത്തിൽ ദൈവത്തിന്റെസ്ഥാനത്തു തന്നെത്തന്നെ സ്ഥാപിക്കുകയും; ദൈവത്തിന്റെ നന്മകളെ അപഹരിച്ചു് അവന്റെ സ്വന്തമാക്കുകയുമാണുചെയ്യുന്നതു്.

ഇതിനാൽ ദൈവം അവനെ വെറുക്കുന്നതുകൊണ്ടു വിസ്മയിപ്പാനുണ്ടൊ? അഹങ്കാരി കർത്താവിന്റെമുന്നിൽ അറപ്പായിരിക്കുന്നുഎന്നാണു് പരിശുദ്ധാത്മാവു പറയുന്നതു്. (സുഭാ. ൧൬. ൫.) അതെ, അവിടുന്നു് അഹങ്കാരികളോടു് എതിർക്കുകയും; അവിടുത്തെ ദാനങ്ങൾ അവർക്കു കൊടുക്കാതെ, എളിമയുള്ളവർക്കു കൊടുക്കുകയുംചെയ്യുന്നതും (യാക്കൊ. ൪. ൬.) ഏറ്റവും ന്യായപൂർവ്വമല്ലയോ?

പ്രായോഗികചിന്ത:- നിഗളം എത്ര ദുഷ്ടതാപൂർണ്ണവും ദൈവത്തിനു് എത്ര അപ്രീതികരവുംആകുന്നുഎന്നു ഗ്രഹിച്ചു്; അതിനെ ക്രൂരതയായി വെറുക്കുന്നതിനു്, ഈ തിന്മകാരണത്താൽ ദൈവദൂതന്മാർക്കും, ആദിമാതാപിതാക്കന്മാർക്കും, ഫറവോൻ, നബൂക്കദ്നെസർ, അന്തിയോക്കൂസ് എന്നിവർക്കും ഇവരെപ്പോലെയുള്ള മറനേകംപേർക്കും ഉണ്ടായിട്ടുള്ള ശിക്ഷയെ ഓർത്തൽമതി. ദാവീടു്, എസക്യാസു്, എന്നീ വിശുദ്ധരാജാക്കന്മാരിൽ ആദ്യംപറഞ്ഞദേഹം തന്റെ പ്രജകളെ എണ്ണിയതിലും, രണ്ടാമത്തെയാൾ തന്റെ സമ്പത്തുകളെ പ്രദർശിപ്പിച്ചതിലുംഉണ്ടായ അഹങ്കാരവും വ്യർത്ഥാഭിമാനകാംക്ഷയുംനിമിത്തം എത്രകഠിനമായി ശിക്ഷിക്കപ്പെട്ടു! അഹങ്കാരികളെ തങ്ങളുടെ ദുരാശകൾക്കും, ഏറ്റവും ലജ്ജാവഹമായ തിന്മകൾക്കും ദൈവം വിട്ടുകൊടുക്കുന്നു (റോമാ. ൧൭.) എന്നു വി. പൗലോസ് എഴുതിയിരിക്കുന്നു. അഹങ്കാരംകാരണത്താൽ എത്രയൊ സന്യാസികൾ വിശ്വാസപരിത്യാഗികളും ദുർവ്യാപാരികളും ആയിത്തീർന്നിട്ടുണ്ടു്.

സ്നേഹപ്രകരണങ്ങൾ:– നീ ഒരിക്കലും അഹങ്കാരത്തിന്റെ അടിമയും ബലിയുമായിപ്പോകാതിരിപ്പാനായി അതിന്റെ ദുഷ്ടതയേയും അനീതിയേയും ഗ്രഹിച്ചു് അതിനെ വെറുക്കാനും ഈ വെറുപ്പു നിന്നിൽ സദാ വർദ്ധിച്ചുവരുവാനും ഇടവരുത്തേണമെ

ന്നു് അപേക്ഷിക്കുക.

പ്രതിജ്ഞ:- അഹങ്കാരംകാരണത്താൽ ദൈവഭൂതന്മാർ സ്വർഗ്ഗസൗഭാഗ്യത്തിൽനിന്നു നിർഭാഗ്യനരകപാതാളത്തിലേക്കു വീണതു് ഓർത്തുകൊണ്ടു് അഹങ്കാരപരമായ വിചാരങ്ങളെ സദാ നിഗ്രഹിക്കുക.

മൂന്നാംവകുപ്പു

അഹങ്കാരിയുടെ നൈർഭാഗ്യം

ധ്യാനം:– അഹങ്കാരിയായ സന്ന്യാസിയുടെസ്ഥിതി എത്രയോ വിലപനീയമാണു്! അവൻ ദുർഭഗനത്രെ; എന്തെന്നാൽ, അവന്റെ വേലകഠിക്കൊന്നിനും സ്വർഗ്ഗരാജ്യത്തിൽ പ്രതിഫലമുണ്ടാകയില്ല. നമ്മുടെകർത്താവു ഫരിസേയരോടു പറഞ്ഞതുപോലെ അവരുടെ പ്രതിഫലം അവർ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. (മത്തേ. ന്നു. വ.) അവൻ മനുഷ്യരിൽനിന്നു് അന്വേഷിക്കുന്ന ബഹുമാനത്തിനുപകരം നിന്ദമാത്രമെ അവരിൽനിന്നു് അവനു ലഭിക്കുകയുള്ളു. അതുകൊണ്ടും അവൻ നിർഭാഗ്യവാനായിരിക്കുന്നു. അഹങ്കാരി ദൈവത്തിരുമുമ്പാകെ വെറുക്കപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യരുടെമുമ്പാകെയും ത്യജിക്കപ്പെട്ടവനാണു്. (എക്കി. ഫാ. ൈ.) മനുഷ്യരുടെഇടയിൽ തന്റെകീർത്തി വർദ്ധിപ്പിക്കേണമെന്നുള്ള ആശയാലും, അതു പൊയ്പോകുമെന്നുള്ളഭയത്താലും അവർ സദാ ഉൽക്കണ്ഠയിലും ആധിയിലുമിരിക്കുന്നു? ഇങ്ങനെയും അവന്റെ നൈർഭാഗ്യം വർദ്ധിക്കുന്നു.

പ്രായോഗികചിന്ത:- ഇപ്പോൾ പറഞ്ഞ വ്യസനകരകാര്യങ്ങൾ അനുഭവിച്ചറിവാൻ നിനക്കിടയായിട്ടുണ്ടെങ്കിൽ ആ അറിവിനെ ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുക. പുണ്യപരിപൂർണ്ണതയും തദ്വാരാ നിത്യരക്ഷയുംപ്രാപിക്കുന്നതിനു് വലിയ പ്രതിബന്ധമായിനില്ക്കുന്ന ശക്തനായ ഈ ശത്രുവിനോടു യുദ്ധംചെയ്യാൻ ഉൽസുകനായിരിക്കുക.

സംഭാഷണം:- നിന്റെ കാവൽഭൂതനോടു സംഭാഷണം ചെയ്യുക. അഹങ്കാരത്തിന്റെ നിർഭാഗ്യകരങ്ങളായ പരീക്ഷകളെ ജയിപ്പാൻതക്കവണ്ണം എപ്പോഴും നിന്നെ സഹായിക്കേണമെന്നു് അപേക്ഷിക്കുക.

പതിനാറാം ധ്യാനം

എളിമ

എളിമയുടെ സ്വഭാവവും ആവശ്യകതയും

പ്രാരംഭം ഫ. മുമ്പന്മാരായ അനേകംപേർ പിമ്പന്മാരും, പിമ്പന്മാരായ അനേകംപേർ മുമ്പന്മാരും ആകുമെന്ന ഈശോ നിന്നോടു പറയുന്നതു് കേൾക്കുന്നെന്നു വിചാരിക്കുക.

ഫ. എളിമയെക്കുറിച്ചുള്ള അറിവിലും, ഇതിന്റെ അഭ്യസനത്തിലും, ഇതിനോടുള്ള സ്നേഹത്തിലും സദാ അഭിവൃദ്ധിപ്രാപിച്ചുവരുവാൻവേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

ഒന്നാംവകുപ്പു

എളിമയുടെ സ്വഭാവം

ധ്യാനം:— അഹങ്കാരം സകല പാപങ്ങളുടെയും മൂലമായിരിക്കുന്നതുപോലെ, എളിമ സകലപുണ്യങ്ങളുടെയും വളരെ ഉറപ്പേറിയ അടിസ്ഥാനവും മൂലവുമായിരിക്കുന്നു. ഇതിനെക്കുറിച്ചു് വി. ബെർണ്ണാർഡു് ഇങ്ങനെ പറയുന്നു: മനുഷ്യൻ തന്നെത്താൻ നിന്ദിക്കുകയും, മറ്റുള്ളവരാൽ നിന്ദിക്കപ്പെടുവാൻ ആഗ്രഹിക്കുകയുംചെയ്വാൻ ഇടവരുത്തുന്ന ഒരു പുണ്യം, അഥവാ അപ്രകാരം പ്രവർത്തിക്കുന്നതിനു് അഭ്യാസം കൊണ്ടു് അവനുസിദ്ധിക്കുന്ന ഒരു ശീലമാകുന്നു എളിമ. മനുഷ്യനു സ്വന്തമായി പാപവും പാപത്തിലേക്കുള്ള വാസനയുമല്ലാതെ മറെറാന്നുമില്ലാ. സമസ്തനന്മയും ദൈവത്തിൽനിന്നേറെതാകുന്നു എന്നു കാണുന്നതിനാൽ, സകലനന്മകളുടെ ഉറവയായ ദൈവത്തെമാത്രം വിലമതിക്കുകയും, അവിടുന്നുമാത്രം സ്തുതിക്കപ്പെടുവാനും, മറിച്ചു് തന്നെ സകലരും അവഗണിപ്പാനും ആഗ്രഹിക്കയും, ഇപ്രകാരം സംഭവിക്കുമ്പോൾ സന്തോഷിക്കുകയുംചെയ്യുന്നതിനുള്ള മാനസികസന്നദ്ധതയെന്നുകൂടി എളിമയെ നിർവചിക്കാം.

പ്രായോഗികചിന്ത:- ഈ പുണ്യം നമ്മിൽ ഉണ്ടോ എന്നു അറിയേണമെങ്കിൽ നമ്മുടെ പ്രവർത്തികളെ പരിശോധിക്കണം.

ഫലംകൊണ്ടു വൃക്ഷം അറിയപ്പെടുന്നു. (മത്തേ. ൭൨., ൧൨.) എന്നു് ഈശോ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ആകയാൽ നമ്മിലുള്ള ഫലങ്ങൾ എന്തുതരമാണെന്നറിയണം. നമ്മുടെ വിചാരം, വചനം, പ്രവൃത്തി എന്നിവ പരിശോധിക്കുക. ദൈവഭക്തിയിൽ നാം എങ്ങനെ ആയിരിക്കുന്നുഎന്നു നോക്കുന്നതിനെക്കാൾ, മനുഷ്യരുടെ മതിപ്പുവർദ്ധിപ്പാൻ നാം ക്ലേശതൽപരരാകുകയും, ദൈവത്തെ പ്രസാദിപ്പിപ്പാൻ താല്പര്യപ്പെടുന്നതിനെക്കാൾ മനുഷ്യരെ പ്രസാദിപ്പിപ്പാൻ താല്പര്യപ്പെടുകയുംചെയ്യുന്നുണ്ടൊ? നമ്മെത്തന്നെ ഉയർത്തുകയും ശ്രേഷ്ഠതയൊ ലോകത്തിൽ ഉന്നതസ്ഥാനമൊ കാംക്ഷിക്കുകയുംചെയ്യുന്നുണ്ടൊ? അങ്ങനെയെങ്കിൽ എളിമ എന്ന പുണ്യം നമ്മിൽ ഇല്ല എന്നു നിശ്ചയമാണു്. നമ്മുടെ വചനങ്ങളെ പരിശോധിക്കുക. ചിലപ്പോൾ നാം നമ്മെക്കുറിച്ചു ഹീനമായി സംസാരിക്കയും, മറ്റുള്ളവരുടെമുമ്പാകെ നമ്മെത്തന്നെ കുറച്ചപ്പെടുത്തുകയും ചില ഉദ്യോഗങ്ങൾ നിർവഹിപ്പാൻ ത്രാണിയില്ലാത്തവരെന്നുപറയുകയുംചെയ്യുന്നുണ്ടായിരിക്കാം. ഇതുകൊണ്ടു നാം എളിമയുള്ളവരാകുന്നുഎന്നു് വിചാരിക്കുന്നുമുണ്ടാവാം. എന്നാൽ നാം പറയുന്നവതന്നെ അന്യന്മാർ നമ്മെക്കുറിച്ചുപറയുമ്പോൾ—അവർ നമ്മെക്കുറിച്ചു് ഹീനമായി പറകയൊ, നമ്മെ കുറച്ചപ്പെടുത്തുകയൊ, അപമാനിക്കയൊചെയ്യുമ്പോൾ—നാം എന്താണുചെയ്യുന്നതു്? നാം കോപിക്കുകയും, അവലാധിപ്പെടുകയും നമ്മുടെ കുറവുതീർത്തു ലഘൂകരിപ്പാനായി ഒഴികഴിവു് എന്നല്ല വ്യാജംകൂടെ പറയുകയുംചെയ്യുന്നില്ലെ? അങ്ങനെയാണെങ്കിൽ നമ്മിൽ എളിമയുടെ നാമവും വേഷവുമല്ലാതെ അതിന്റെ ജീവനും സാരാംശവും ഇല്ലാ എന്നു സ്പഷ്ടമാണു്. ഇനി നമ്മുടെ പ്രവൃത്തികളെ പരിശോധിക്കുക. നമ്മുടെ ക്രിയകൾ മനുഷ്യരുടെമുമ്പാകെ എത്ര വിശിഷ്ടവും സ്തുത്യർഹവും ആയിരുന്നാലും, അവയിൽ നാം നമ്മുടെ സ്തുതിതേടുന്നുണ്ടൊ? ഉണ്ടെങ്കിൽ ദൈവതിരുമുമ്പാകെ നാം എളിമയില്ലാത്തവരാണു് എന്നതിന്നു സന്ദേഹമില്ല. ഇങ്ങനെയാണെങ്കിൽ നാം യഥാർത്ഥസന്ന്യാസികളും ദൈവത്തിന്നിഷ്ടപ്പെട്ടവരും ആകുന്നതെങ്ങിനെ?

സ്നേഹപ്രകരണങ്ങൾ:- എളിമയുള്ളവരാകുന്നതിന്നും, എളിമയിൽ സ്ഥിരപ്പെടുന്നതിന്നും അവിടുത്തെ വരപ്രസാദത്താൽ നമ്മെ പ്രകാശിപ്പിക്കുകയും, ശക്തരാക്കുകയുംചെയ്യേണമെന്നു

ദൈവത്തെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ഏതെങ്കിലും കുറ്റത്തിൽ അകപ്പെട്ടുപോയാൽ ധൈര്യംവെടിയുന്നതിനുപകരം, അതു് എളിമപ്പെടുന്നതിനു് ഒരുകാരണമായിക്കരുതുക.

രണ്ടാംവകുപ്പു

എളിമയുടെ ആവശ്യം

ധ്യാനം:— വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ അസാദ്ധ്യമായിരിക്കുന്നതുപോലെ എളിമകൂടാതെയും ദൈവത്തെ പ്രസാദിപ്പിപ്പാൻകഴിയുന്നതല്ല. അതുകൊണ്ടു് എളിമ വിശ്വാസത്തെപ്പോലെതന്നെ അവശ്യം ആവശ്യമാണു്. എന്തെന്നാൽ, എളിമയില്ലാഞ്ഞാൽ നാം നമ്മെത്തന്നെ ഒരുവിധത്തിൽ ദൈവത്തെപ്പോലെ വിചാരിക്കുകയും ആരാധിക്കുകയും തൻമൂലം ദൈവത്തിനുകൊടുക്കേണ്ട കടംകൂടി നാം വിദ്വേഷവിഷയങ്ങളായിത്തീരുകയുംചെയ്യും. എളിമ സകല പുണ്യങ്ങളുടെയും ധാതുവായിരിക്കുന്നതിനാൽ എളിമയില്ലാത്തവനിൽ സാരമായ യാതൊരു പുണ്യവും ഉണ്ടാകുവാനും, സ്ഥിരപ്പെടുവാനും ഇടയുണ്ടാകയില്ല. എളിമകൂടാതെ ദൈവപ്രസാദവരം ലഭിക്കയില്ല. എന്തെന്നാൽ വി. യാക്കോബ്ലീഹാ പറയുന്നതുപോലെ ദൈവം തൻറെപ്രസാദവരങ്ങൾ എളിമയുള്ളവർക്കത്രെ നൽകുന്നതു്. (യാക്കോ. ൪. ൬.) ദൈവപ്രസാദവരംകൂടാതെ യോഗ്യതസമ്പാദിപ്പാൻ നമുക്കു കഴിയുന്നതല്ല. യോഗ്യതയും പുണ്യവുംകൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിപ്പാനും കഴിയുന്നതല്ല. അതുകൊണ്ടു് എളിമകൂടാതെ നിത്യരക്ഷപ്രാപിപ്പാൻ സാധിക്കയില്ലഎന്നു പറയാവുന്നതാണു്. നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ ആകയില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. (മത്തേ. ൧൮. ൩.) എന്നു നമ്മുടെകർത്താവു് സ്പഷ്ടമായി അരുളിച്ചെയ്തിട്ടുണ്ടല്ലൊ. തങ്ങളിൽ വലിയവൻ ആര്? എന്നു വി. ശ്ലീഹന്മാർ തമ്മിൽ തർക്കിച്ചുകൊണ്ടിരിക്കയിൽ അത്രെ ദിവ്യരക്ഷകൻ പ്രസ്തുതവചനങ്ങൾ അരുളിച്ചെയ്തതു് എന്നു ഗ്രഹിക്കാം; ഇതുമല്ല, എളിമയില്ലാഞ്ഞാൽ, നമ്മുടെ വ്രതങ്ങൾമൂലം നാം കടപ്പെട്ടിരിക്കുന്ന ആ പുണ്യപൂർണ്ണതയുടെപാതയിൽ അല്പംപോലും മുന്നോട്ടുപോകുവാൻ നമുക്കു സാധിക്കുകയില്ല. അങ്ങനെതന്നെ

അന്യന്മാരുടെ ആത്മരക്ഷയ്ക്കായി പ്രയത്നിപ്പാനും നമുക്കു കടമയുണ്ട്. എളിമക്കുടാതെയിരുന്നാൽ നമ്മുടെ പ്രയത്നങ്ങളും നിഷ്ഫലമായിരിക്കുകയൊ അവയ്ക്കു വളരെ തുച്ഛമായ ഫലംമാത്രം ഉണ്ടാകയൊചെയ്വാനെ ഇടയുള്ളു. നാം ചെയ്യുന്നവേല ആത്മരക്ഷയ്ക്കായിട്ടാണ് എന്നു നാം പറഞ്ഞാലും, അതിൽ നമ്മുടെ സ്വന്തസ്തുതിയാണ് മുഖ്യമായി നാം കരുതുന്നതെങ്കിൽ, ആ വേലയെ ദൈവം അനുഗ്രഹിക്കുന്നതെങ്ങനെ? ഇങ്ങനെവിചാരിക്കുമ്പോൾ എളിമക്കുടാതെ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യങ്ങളും സാധിക്കയില്ലെന്നതെളിയുന്നു. അതിനാൽ ഈ ജീവിതഗതിയിൽ അന്ത്യംവരെ നിലനിൽക്കുകയൊ, ഇതിൽ നാം അഗ്രഹിച്ചുനേടിച്ചുവന്ന ആ സമാധാനംലഭിക്കുകയൊചെയ്കയെന്നതു പ്രയാസമായിത്തീരും. എന്റെനടകം നിങ്ങളും വഹിക്കുകയും എന്നോടു പഠിക്കുകയുംചെയ്വിൻ; എന്തുകൊണ്ടെന്നാൽ ഞാൻ ശാന്തശീലനും ഹൃദയഎളിമയുമുള്ളവനാകുന്നു. അപ്പോൾ നിങ്ങളും നിങ്ങളുടെ ആത്മാവുകൾക്കു ആശ്വാസംകണ്ടെത്തും; (മത്തേ. ഫ്രാ. ൨൯.) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്ന വാക്യങ്ങളുടെ ശരിയായ ഒരു വ്യാഖ്യാനമല്ലയൊ മുകളിൽപറഞ്ഞ സംഗതികൾ?

പ്രായോഗികചിന്ത:- എളിമയുടെ അത്യാവശ്യം ഇപ്പോൾ നാം വേണ്ടവിധം ഗ്രഹിക്കുന്നുണ്ടൊ? ഇതു പ്രാപിപ്പാൻ എങ്ങനെ നാം പരിശ്രമിച്ചുവരുന്നു? എത്രമാത്രം അഭിവൃദ്ധി നാം പ്രാപിച്ചിട്ടുണ്ട്? ഈ ചോദ്യങ്ങൾക്കെല്ലാം ദൈവതിരുമുമ്പാകെ നിഷ്കപടബുദ്ധ്യാ നാം പ്രത്യുത്തരം പറയുന്നതായാൽ, നമുക്കു വലിയ പ്രയോജനം ഉണ്ടാകാതിരിക്കയില്ല.

സംഭാഷണം:- എളിമയുടെ ഗുരുവിനോടു—നമ്മുടെ സ്വഭാവത്തിന്നു തീരെ വിപരീതമായിരിക്കുന്ന നിന്ദകളും അപമാനങ്ങളും ഹൃദയപൂർവ്വം സ്നേഹിക്കുകയും ഉത്തമവിധമായി അതിൽ അഭ്യസിക്കുകയുംചെയ്യേണ്ടതെങ്ങിനെ എന്നു നമ്മെ പഠിപ്പിക്കുന്ന ദിവ്യഗുരുവും, വിസ്മയനീയമാതൃകയുമായിരിക്കുന്ന നമ്മുടെകർത്താവിനോടു—സംഭാഷണംചെയ്യുക. അവിടുന്ന് തന്റെ തിരുപ്പിറപ്പിലും അജ്ഞാതവാസത്തിലും, പരസ്യജീവിതത്തിലും, നിഷ്ഠുരമായ പീഡാസന്ധിയിലും അനുഭവിച്ച നിന്ദാപമാനങ്ങളുടെ യോഗ്യതകളെക്കുറിച്ച്, എളിമയിൽ അഭിവൃദ്ധിപ്രാപിക്കാനും, നിന്ദകളേയും അപമാനങ്ങളേയും സ്നേഹിക്കാനും കൃപചെ

യേണമെന്നു് അപേക്ഷിക്കുക.

പതിനേഴാം ധ്യാനം

എളിമയുടെ വൈശിഷ്ട്യവും സൽഫലങ്ങളും

പ്രാരംഭം. ഫ. എളിമയുള്ളവർക്കു ദൈവം തന്റെ വരങ്ങളും നൽകുന്നു എന്നു് വി. പത്രോസ്പ റയുന്നതു് കേൾക്കുന്നതായി സങ്കല്പിക്കുക.

ഫ. എളിമയുടെ ഉന്നതപദവി പ്രാപിക്കാൻ വരപ്രസാദം അപേക്ഷിക്കുക.

ഒന്നാം വകുപ്പു്

ധ്യാനം:— അതോട്ടക്രുടെ സകലനന്മകളും എനിക്കുണ്ടായി എന്നു, ജ്ഞാനത്തെക്കുറിച്ചു വേദാഗമത്തിൽ പറഞ്ഞിരിക്കുന്ന വാക്യംതന്നെ, എളിമയെക്കുറിച്ചും പറയാവുന്നതാണു്. (സുജ്ഞാന. ൭, ൧൧.) ആകയാൽ ഈ പുണ്യംപ്രാപിച്ചിരിക്കുന്ന സന്യാസി ഭാഗ്യവാൻതന്നെ. ഇപ്രകാരമുള്ളവൻ മറുപുണ്യങ്ങളിൽ ശീഘ്രം അഭിവൃദ്ധിയും സ്ഥൈര്യവും പ്രാപിക്കുമെന്നുള്ളതു് നിശ്ചയമാണു്.

എളിമയുള്ളവൻ സ്വന്തനീചത്വവും ദൈവത്തിന്റെ അനന്തമഹിമയും വേണ്ടവിധം ഗ്രഹിക്കുകയും, സകലനന്മകളും ദൈവത്തിൽനിന്നാകുന്നു തനിക്കു് സിദ്ധിക്കുന്നതെന്നു് സമ്മതിക്കുകയുംചെയ്യുന്നു. അതിനാൽ പല ഗുണങ്ങളും ഉണ്ടാകുന്നുണ്ടു്. ഫ. അവന്റെ സകലപ്രവൃത്തികളും ശുദ്ധനിയോഗത്തോടുകൂടിയവയും തൻമൂലം ദൈവസന്നിധിയിൽ വളരെ യോഗ്യതയുള്ളവയുമായിത്തീരുന്നു. ഫ. ദൈവസ്നേഹവും അതോട്ടക്രുടെത്തന്നെ വിരോധങ്ങളും സങ്കടങ്ങളും ആദിയായ കുരിശുകളോടുള്ള സ്നേഹവും എളിമയുള്ളവനിൽ ഉണ്ടാകാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ: സ്വഭാവത്തിന്നു വിരോധമുള്ളകാര്യങ്ങൾവഴിയായി സ്നേഹത്തിന്റെ മാറ്റു് അറിയാമെന്നു് വി. ഗ്രിഗോരിയൂസ് എഴുതിയിരിക്കുന്നു. ന. ദൈവമഹത്വത്തിന്മേലുള്ള ശുഷ്കാന്തിതന്നിലും അന്യരിലും വർദ്ധിപ്പാൻ അവൻ ആഗ്രഹിക്കുന്നു. സ

കല മനുഷ്യരേയും സന്തോഷത്തോടുകൂടെ ഈശോയുടെ പാദത്തിങ്കൽകൊണ്ടുവരുന്നു. ൪. എളിമയുള്ളവൻ തന്നിൽ ഒട്ടും ആശ്രയിക്കാതിരിക്കും. തപ്പാരാ വിവേകം, അടക്കം, സംസാരത്തിൽ മുൻകരുതൽ മുതലായ പലസൽഗുണങ്ങളും അവനുണ്ടാകുന്നു. ൫. അനുസരണവും അതുവഴി തന്റെ ശ്രേഷ്ഠന്മാരോടുള്ള പരമാർത്ഥതയോടുകൂടിയ വർത്തനവും ഉത്ഭവിക്കുന്നു. ൬. തന്റെ സകല സങ്കടങ്ങളിലും ക്ഷമയും ദൈവതിരുമനസ്സിനുള്ള അനുസരണവും അഭ്യസിക്കുന്നു. എന്തെന്നാൽ; ദൈവനീതിപ്രകാരം തനിക്കു കിട്ടേണ്ടതിനോടു് ഈ സങ്കടങ്ങൾ താരതമ്യപ്പെടുത്തിയാൽ ഇവ തുലോം ലഘുവായവയെന്നു് അവൻ വിചാരിക്കും. ൭. ഏതു സ്ഥലത്തെയും ഏതുതരം ഉദ്യോഗത്തെയും സമമനസ്സുതയോടെ സ്വീകരിപ്പാൻ അവനു കഴിയുന്നതാണു്. താൻ ഒന്നിനും ക്രാണിയില്ലാത്ത ഒരു അയോഗ്യനാണെന്നു് അവൻ സമ്മതിക്കുന്നു; എന്നാൽ ദൈവസഹായത്താൽ താൻ എന്തിനും ശക്തനാണെന്നുള്ളതിനെയും അവനെ ഒരിക്കലും വിട്ടുകളയുന്നുമില്ല. ൮. പരസ്നേഹവും ശാന്തതയും ദയയും എളിമയുള്ളവന്റെ സ്വത്താണു്. ഇവൻ തന്നോടുതന്നെ നിർദ്ദയയും കഠിനതയുമുള്ളവനായിരുന്നാലും, ഇതരന്മാരോടു കരുണയും ആദരവുമുള്ളവനായിരിക്കും. ൯. എളിമയുള്ളവർക്കു് അനുഭവപ്പെടുന്ന ഒരു വലിയഭാഗ്യം പരിപൂർണ്ണമായ ഹൃദയസമാധാനമാണു്. അവനെ ദുഃഖിപ്പിക്കുവാനോ നിരാശപ്പെടുത്തുവാനോ ലോകത്തിലുള്ളതിനൊന്നിനും ശക്തിയില്ലാ. അഹങ്കാരിയെ ക്ഷണത്തിൽ ഭഗ്നാശയനും ദുഃഖിതനുമാക്കുന്ന അപമാനം ഉപദ്രവം, അരിഷ്ടതകളും പരാജയങ്ങളും, എന്നിതുകളും വിനയമുള്ളവനിൽ സന്തോഷവും ധൈര്യവുമായിരിക്കും ഉളവാക്കുന്നതു്. ഇതിനാലാണു് 'വിനയശാലി' സ്വർഗ്ഗത്തെ എപ്പോഴും സംവഹിച്ചുകൊണ്ടുനടക്കുന്നു എന്നു് ഒരു മഹാവിശുദ്ധൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

പ്രായോഗികചിന്ത:— ഇതുയേറെ സൽഗുണങ്ങളുടെയും അനുഗ്രഹങ്ങളുടെയും ഉൽപത്തിസ്ഥാനമായിനിൽക്കുന്ന എളിമയെ യേശുവിന്റെ ആദ്യോപദേശങ്ങളിലൊന്നിൽ വളരെ പ്രശംസിച്ചിട്ടുള്ള അനർഘമായ ഒരു മുത്തിനോടു പലരും താരതമ്യപ്പെടുത്തിയിരിക്കുന്നതു് വളരെ ന്യായസഹിതമാണു്. ആ മുത്തു കണ്ടുപിടിച്ചു കൈക്കലാക്കുന്നതിനു് സുവിശേഷത്തിൽ പറയുന്ന വ്യാപാരി കാണിച്ച ഉത്സാഹത്തെയും ശുഷ്കാന്തിയേയും ത്യാ

ഗത്തെയും അതിശയിക്കുന്ന ഒരു അഭിനിവേശവും ഉത്സാഹവും നിസ്വാർത്ഥതയും വിനയശീലം സമ്പാദിക്കുന്നതിൽ നാമും പ്രകടിപ്പിക്കണം.

സ്നേഹപ്രകരണങ്ങൾ:— എന്റെ ദൈവമെ, എളിമയുടെ അടിസ്ഥാനം—എന്നെക്കുറിച്ചുതന്നെയുള്ള അറിവു—എളിമ സമ്പാദിപ്പാൻ എനിക്കു് സഹായകമാകുവാൻതക്കവണ്ണം എന്നിൽ ഉളവാക്കേണമെ. കർത്താവെ, ഞാൻ എന്നെയും നിന്നെയും അറിവാൻ എനിക്കു് നീ കൃപചെയ്യേണമെ.

പ്രതിജ്ഞ:— വി. അഗസ്തിനെ അനുകരിച്ചു് ഈ സുകൃതജപം പലപ്പോഴും ചൊല്ലുക.

രണ്ടാംവകുപ്പു

എളിമയുടെ സ്വഭാവം

ധ്യാനം:— സാധാരണയായി സംഭവിക്കാറുള്ള ചില അബദ്ധങ്ങളിലും, വ്യാമോഹങ്ങളിലും അകപ്പെടാതിരിപ്പാനായി എളിമയുടെ സ്വഭാവത്തെ, അഥവാ അതിന്റെ ഗുണവിശേഷങ്ങളെപ്പറ്റി, നമുക്കു് അല്പം ആലോചിക്കാം.

എളിമ സത്യത്തിന്റെയും, നീതിയുടേയും സ്പഷ്ടമായ ബോധത്തിൽനിന്നുവരുന്നതായാലും അതു് സ്വഭാവത്തിനു വിപരീതമെന്നും, വലിയ അദ്ധ്വാനത്താൽമാത്രം സമ്പാദിക്കേണ്ടതാണെന്നും പലരും വിചാരിക്കാറുണ്ടു്. ആ വിചാരം ശരിയല്ല. ജന്മപാപത്തിന്റെ ഫലമായ ക്രമക്കേടു് നമ്മുടെ ബോധത്തിൽ ഉണ്ടാകാതിരുന്നെങ്കിൽ നാമെല്ലാവരും സ്വഭാവത്താലെതന്നെ എളിമയുള്ളവരായിരുന്നേനെ. നമ്മുടെ വിവേകം നമ്മെ ന്യായമായി ചുമതലപ്പെട്ടത്തുമ്പോൾ നമ്മുടെ ചില കുറവുകളെ ഇതരന്മാരുടെ ദൃഷ്ടിയിൽനിന്നു ഗോപനംചെയ്യുന്നതും, നമ്മുടെ ന്യായമായ അവകാശങ്ങളെ ആദരിക്കുന്നതും, നമ്മുടെ യഥാർത്ഥമായ സാമർത്ഥ്യം പ്രകടിപ്പിക്കുന്നതും, നമ്മുടെ വിദ്യയേയും കായ്ശേഷിയേയും യഥോചിതം വിനിയോഗിച്ചു നമ്മുടെ കീഴുള്ളവരുടെ ഭക്തിബഹുമാനങ്ങളെ സ്വായത്തമാക്കുന്നതും പക്ഷെ എളിമയ്ക്കു വിരോധമായേക്കുമോഎന്നു സംശയിക്കുന്ന ചിലരുണ്ടു്. ഈ സന്ദേഹം ന്യായപൂർവ്വകമല്ല. പ്രസ്തുത സന്ദർഭങ്ങളിൽ യാതൊരു സ്വാർത്ഥവിചാരത്തിനും ഇടകൊടുക്കാതെ ദൈവസ്തുതി ആത്മ

രക്ഷ എന്നീ പരിശുദ്ധോദ്ദേശ്യങ്ങളെമാത്രം മുൻനിറുത്തി പ്രവർത്തിക്കയാണെങ്കിൽ നമ്മുടെ വിനയശീലത്തെ അവ ഒരുവിധത്തിലും മലിനമാക്കയില്ല.

വേറെ ചിലർ, എളിമയെ ഭീരുത്വമെന്നാണ് മനസ്സിലാക്കിപ്പോരുന്നത്. ഇവരുടെ അഭിപ്രായത്തിൽ എളിമയുള്ളവൻ ശ്രേഷ്ഠവും വിപുലവുമായവയൊന്നും ചെയ്വാൻ ത്രാണിയുള്ളവനല്ലത്രെ. ഇതും എത്ര അബദ്ധമാണെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാകും. പരാജയങ്ങളും പ്രതിബന്ധങ്ങളും അഹങ്കാരിയെ വേഗത്തിൽ മയപ്പെടുത്തുകയും ആശാഭഗ്നനാക്കുകയുംചെയ്യുന്നു. ഇതിനാൽ കാര്യമായി യാതൊന്നും പ്രവർത്തിപ്പാൻ അവൻ ശക്തനല്ലതന്നെ. നേരെമറിച്ച് എളിമയുള്ളവൻ പ്രതിബന്ധങ്ങളെയും വൈഷമ്യങ്ങളെയുംപററി ഗവനിക്കുന്നേയില്ല. ദൈവഹിതം അനുവർത്തിക്കുന്നതിനു ശക്ത്യനുസരണം ശ്രമിക്കണമെന്ന ഏകാഗ്രചിന്തയോടുകൂടെ അവൻ സദാ പ്രവർത്തിക്കുന്നു. എന്നെ ശക്തിപ്പെടുത്തുന്നവനിൽ സകലവും ചെയ്വാൻ എനിക്കു കഴിയുംഎന്നു വി. പൌലോസി നോടുകൂടെ സധൈര്യംപറയുകയാണ് അവൻ ചെയ്യുന്നത്. (ഫിലി. ൪. ഫ്രം.)

പ്രായോഗികചിന്ത:- എളിമയെപ്പററിയുള്ള യഥാർത്ഥമായ ജ്ഞാനം നിനക്ക് ലഭിക്കണമെങ്കിൽ, വിനയാതിരേകത്തിന്റെ വിളനിലമായ പരിശുദ്ധ കന്യകമറിയത്തിനെ നോക്കുക. ഈ നാഥ താൻ കൈക്കൊണ്ടനന്മകളെ വിനയപൂർവ്വം ലോകത്തിന്റെമുമ്പാകെ കീർത്തിക്കുന്നു; ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. (ലൂക്കാ. ഫ. ൧൮.) "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു." (ലൂക്കാ. ഫ. ൧൯.) എന്ന് കൃതജ്ഞതാപാരവശ്യത്തോടെ ഉൽഘോഷിക്കുന്നു. വി. പൌലോസ് ഈ വിഷയത്തിൽ നമുക്ക് ശരിയായ തത്വോപദേശംനല്കുന്നുണ്ട്. അദ്ദേഹം തനിക്ക് റോമാപൌരൻ എന്ന നിലയിലുള്ള ന്യായമായ സ്വാതന്ത്ര്യാവകാശത്തെ അതാധൈര്യപൂർവ്വം വാദിക്കുന്നു. ഏഷ്യായിലെ ക്രിസ്ത്യാനികൾക്ക് തന്നോടുണ്ടായിരുന്ന സ്നേഹബഹുമാനങ്ങളെ അവർ വിസ്മരിച്ചുകളയാതിരിക്കാൻവേണ്ടി, താൻ അവർക്കായി അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളെയും, ചെയ്തിട്ടുള്ള അശ്രാന്തപരിശ്രമത്തെയും, ദൈവം തനിക്ക് വിശേഷവിധിയായി നൽകിയിട്ടുള്ള അനുഗ്ര

ഥങ്ങളെയും ആനുകൂല്യങ്ങളെയുംപറ്റി അവരെ അദ്ദേഹം അനു സ്മരിപ്പിക്കുന്നു. ഇതു ചെയ്തിട്ടുള്ളതു് സുവിശേഷപ്രചാരണത്തെ സുകരമാക്കുന്നതിനുവേണ്ടിമാത്രമാണു്. തന്റെ സ്വന്തകാര്യം സംബന്ധിച്ചാകട്ടെ അദ്ദേഹം ഞെരുക്കങ്ങളെയും, ഉപദ്രവങ്ങളെ യും മൌനമായി സഹിക്കുകയും, തന്നെ അപ്പോസ്തോലന്മാരിൽ ഏറ്റവുംചെറിയവനായി ഗണിച്ചുവരികയുമത്രെ ചെയ്തതു്. ആ കയാൽ എളിമയെന്ന പുണ്യത്തെക്കുറിച്ചു് വല്ല അബദ്ധാഭിപ്രാ യവും നിനക്കുണ്ടെങ്കിൽ അതെല്ലാം കൈവെടിഞ്ഞു് അതിനെ അത്യധികം മതിച്ചുസ്നേഹിക്കുകയും, അതിൽ വലിയ അഭിവൃ ദ്ധിപ്രാപിക്കാൻ ശ്രമിക്കുകയുംചെയ്യുക.

സംഭാഷണം:— പരിശുദ്ധാകന്യകയായ നമ്മുടെ സ്വർഗ്ഗീ യമാതാവിനോടു സംഭാഷിക്കുക. എളിമയെക്കുറിച്ചുള്ള അറിവും അതിനോടു സ്നേഹവും നിനക്കു് ലഭിച്ചുതന്നതിനെക്കുറിച്ചു്; ന ന്ദിപറയുക. ബോധത്തിലും ഹൃദയത്തിലും എളിമ അധികരി ച്ചുവരുവാൻ ആവശ്യമായ ദൈവാനുഗ്രഹം ലഭിച്ചുതരേണമെ ന്നു് അപേക്ഷിക്കുക.

പതിനെട്ടാം ധ്യാനം

എളിമ സമ്പാദിപ്പാനും അതിനെ ബലപ്പെടുത്തുവാനുമുള്ള മദ്ധ്യമാർഗ്ഗങ്ങൾ

പ്രാരംഭം ഫ. അവിടുന്നു് തന്നെത്താൻ താഴ്ത്തിയതിനാൽ ദൈവം അവിടുത്തെ ഉയർത്തി, എന്നു് വി. പൗലോസ് പറയുന്ന തു് ആത്മനാ ശ്രവിക്കുക.

ഫ. എളിമ സമ്പാദിപ്പാനും, അതിൽ അഭിവൃദ്ധിപ്രാപി പ്പാനുമുള്ള മാർഗ്ഗങ്ങളെ എപ്പോഴും ഫലപ്രദമാക്കുവാൻവേണ്ട ധൈ യ്യം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

എളിമയ്ക്കു് യോജിക്കാത്തതൊക്കെ ത്യജിക്കുന്നതാണു്;
എളിമ സമ്പാദിപ്പാനും, നിലനിറുത്തുവാനുമുള്ള പ്രഥമമാർഗ്ഗം

ധ്യാനം:— നാം ഒരുത്തന്റെസഹവാസം ആഗ്രഹിക്ക

മ്പോൾ, അയാൾക്ക് അനിഷ്ടമായൊന്നും പ്രവർത്തിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ എളിമ സമ്പാദിപ്പാനും, നമ്മുടെ ജീവിതത്തിലെ ഉറ്റ ബന്ധുവായി അതിനെ അംഗീകരിപ്പാനും നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതിനുവിരോധമായവ എല്ലാം നാം നിശ്ശേഷം നിരോധിക്കണം. അഹങ്കാരത്തെയും മായാമോഹത്തെയും നമ്മിൽ വളർത്തിയേക്കാവുന്ന സകല വിചാരങ്ങളെയും, വചനങ്ങളെയും, പ്രവൃത്തികളെയും വർജ്ജിക്കണം. നമ്മുടെ സൽകൃത്യങ്ങളെയും അവയുടെ മാഹാത്മ്യത്തെയുംകുറിച്ചുള്ള മായാവിചാരങ്ങളും സംതൃപ്തിയും നമ്മിൽ ഉദിച്ചുതുടങ്ങുമ്പോൾ നമ്മുടെ കഴിഞ്ഞജീവിതത്തിലെ നിന്ദ്യമായ പാപങ്ങളെപ്പറ്റിയുള്ള വിനയാനുചിതമായ വിചാരത്താൽ അതിനെ കെടുത്തണം. അഹങ്കാരത്തിന്റെ പരീക്ഷകളും ഉണ്ടാകുമ്പോൾ ഹൃദയംഗമമായ എളിമപ്രകരണങ്ങളാലാണ് അവയെ ജയിക്കേണ്ടതു്. തക്കകാരണംകൂടാതെ നമ്മെക്കുറിച്ചു പ്രശംസയായോ നീചമായോ ഒരിക്കലും സംസാരിക്കാതിരിപ്പാനും സൂക്ഷിക്കുക. കുറ്റാരോപണങ്ങളിൽ നീതീകരണത്തിനും ഒഴിവുകഴിവു പറയുന്നതിനും പുറപ്പെടാതെ മൗനമായിരുന്നു് അവ സഹീകരിക്കുക. ഇതരന്മാരോടുള്ള സംസാരത്തിൽ ധാർഷ്ട്യവും പ്രാമാണ്യവും ഒരുവിധത്തിലുംഭാവിക്കരുതു്, മാത്രമല്ലാ നമ്മുടെ അഭിപ്രായം മറുള്ളവരുടേതിനെ അധഃകരിക്കുവാൻ ശ്രമിക്കയുമരുതു്. നമ്മുടെ നടപ്പിലും പ്രവൃത്തിയിലും ഒരുവിധ നാട്യവും, അടക്കമില്ലായ്മയും പ്രത്യേകതയും ഉണ്ടാകാതിരിപ്പാൻ സൂക്ഷിക്കണം. ചുരുക്കിപ്പറയാം, വിനയത്തിന്റെ സൈ്വരമായവളർച്ചയ്ക്ക് ഏതെങ്കിലുംവിധത്തിൽ ബാധകമായേക്കാവുന്ന സകലത്തെയും ശ്രദ്ധാപൂർവ്വം വെട്ടിനീക്കണം.

പ്രായോഗികചിന്ത:— എളിമ സമ്പാദിപ്പാൻ ആവശ്യമെന്നു സാമാന്യബുദ്ധിക്കുടെയും കാണിച്ചുതരുന്നവയായ മേല്പറഞ്ഞവയിൽ നാം ജാഗരൂകരായി അവയെ വിശ്വസ്തതയോടെ അനുസരിച്ചുവരുന്നുണ്ടോ? എളിമ സമ്പാദിക്കുന്നതിനു് ഇവ മാത്രം മതിയാകുന്നതല്ലഎന്നതു വാസ്തവമാണെന്നുവരികിലും ഇവ ഒരുവിധത്തിലും ത്യാജ്യങ്ങളല്ലതന്നെ. ഇവയെ ഒഴിച്ചുനിറുത്തിയിട്ടു മറുവഴിക്കു് എളിമ സമ്പാദിക്കാമെന്നു വിചാരിക്കുന്നതും ബുദ്ധിപൂർവ്വകമല്ല.

സ്നേഹപ്രകരണങ്ങൾ:— നീ യഥാർത്ഥ എളിമയുള്ളവനാകു

ന്നതിന്നുവേണ്ടി നിന്റെ ക്ഷണികതയുടേയും നീചത്വത്തി
ന്റേയും ഓർമ്മ സദാ നിന്റെബോധത്തിൽ ഉണ്ടാകുവാൻവേണ്ട
ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഈ ഉദ്ദേശത്തിന്നായി ഒരു മഹാത്മാവു ചൊ
ല്ലിവന്നിരുന്ന സുകൃതജപങ്ങളിൽ ചിലതു കൂടക്കൂടെ ചൊല്ലു
ക. അതായതു: ദൈവമെ! എന്റെമേൽ കരുണയായിരിക്കേണ
മെ; നിന്റെ സന്നിധിയിൽ പ്രത്യക്ഷപ്പെടുവാൻ ഞാൻ അ
യോഗ്യനായിരിക്കുന്നു. എന്നെക്കുറിച്ചുതന്നെയുള്ള വിചാരം എ
ന്നെ സ്വയം താഴ്ത്തുന്നതിന്നല്ലാതെ മറൊന്നിന്നു് ഉപകരി
ക്കും?

രണ്ടാം വകുപ്പു

എളിമപ്പെടുവാൻതക്ക അവസരങ്ങളും നിഷ്ഫലങ്ങളാക്കിക്കള
യാതിരിക്കുന്നതു് ഇതിന്നുള്ള രണ്ടാമത്തെ മാർഗ്ഗമാണു്

ധ്യാനം:— സാന്മാർഗ്ഗികപുണ്യങ്ങളും ദൈവികപുണ്യ
ങ്ങളെപ്പോലെ നമ്മിൽ സൌജന്യമായി നൽകപ്പെട്ടുന്നില്ല. അ
വ അഭ്യസനംകൊണ്ടു സമ്പാദിക്കുകയും, ഈ വഴിക്കുതന്നെ
നിലനിറുത്തുകയുംചെയ്യേണ്ടവയാണു്. അപമാനം കൂടാ
തെ എളിമ സിദ്ധിപ്പാൻ അസാദ്ധ്യമാണെന്നു് ഒരു അപ്തവാക്യ
മുണ്ടു്. അഹങ്കാരത്തെ അടക്കുന്നതിനു നാം പ്രദർശിപ്പിക്കുന്ന
അധൈര്യവും അനാസ്ഥയും വിനയസമ്പാദനത്തിനു വലിയ വി
ഘ്നങ്ങളാണു്. അതുപോലെതന്നെ നമ്മുടെ കോപശീലത്തെ ഭ
യന്നു നമ്മെ താഴ്ത്തുകയൊ തിരുത്തുകയൊ ചെയ്വാൻ അ
ധികാരികളും ധൈര്യപ്പെടാതിരിക്കാൻ ഇടവരുത്തുന്നതും നമുക്കു
വല്ലതായ നഷ്ടത്തിനു കാരണമാണു്. ദൈവം അങ്ങേ അനന്ത
കാരുണ്യത്താൽ, നാം എളിമയിൽ അഭ്യസിക്കേണമെന്നുകരു
തിയാണു നമുക്കു നിന്ദകളും അപമാനങ്ങളും ഉണ്ടാകുവാൻ അനു
വദിക്കുന്നതു്. ഇതു നമ്മുടെ അഭിപ്രായംകൂടാതെ അങ്ങേ ഹി
താനുസരണംമാത്രം വരുന്നതാകയാൽ ഏറ്റവും രക്ഷാകരവുമാ
യിരിക്കും. അതായതു, ചിലപ്പോൾ സംശയങ്ങളും, മനഃചഞ്ചല
ങ്ങളും, നവസന്ന്യാസികളെപ്പോലെ ആശ്വാസത്തിന്നും സഹാ
യത്തിന്നുമായി അന്യന്മാരുടെപക്കൽ പോകുവാൻ നമ്മെ നിർ
ബന്ധിക്കുന്ന സങ്കടകരവും ലജ്ജാവഹവുമായ പരീക്ഷകളും മു

തലായവ നേരിട്ടം. അല്ലെങ്കിൽ ഇതരന്മാരുടേയും സഭയുടെയും കാര്യങ്ങൾ നിവ്വഹിക്കുന്നതിന്നു തക്കവണ്ണം അത്യന്താപേക്ഷിതരുമായിരുന്ന നാം അവിചാരിതമായ എന്തെങ്കിലും രോഗമോ അസ്വാസ്ഥ്യമോമൂലം തീരെ അവശരും ബലഹീനരുമായി ഇതരന്മാർക്ക് ഒരു ഭാരമായിട്ടുകൂടെയുംതീർന്നേക്കുവരാം; ചിലപ്പോൾ തെറ്റിധാരണകളാലുംമറ്റും നമ്മുടെ പരസ്നേഹചൈതന്യം വല്ലാതെ പരീക്ഷിക്കപ്പെട്ടം. അപ്രകാരംതന്നെ നാം വലിയ ആഗ്രഹത്തോടെ പരിശ്രമിച്ച സാധിപ്പാൻ ഉദ്ദേശിച്ചിരിക്കുന്നകാര്യങ്ങൾ വലിയ പരാജയത്തിൽ കലാശിക്കും. വേറെ ചിലപ്പോൾ ശ്രേഷ്ഠന്മാരുടെ കല്പനകളെ നമുക്കു മനസ്സിലായവിധം പരമാത്മബുദ്ധ്യാ അനുവത്തിച്ചുവരുമ്പോൾ കല്പനയുടെ ഉദ്ദേശം നാം മനസ്സിലാക്കിയതിൽനിന്നു വളരെ വിപരീതമാണെന്നും, നാം അധികാരവിദ്വേഷികളും നിയമലംഘികളുമാണെന്നും വിധിക്കപ്പെട്ടം. ഇതുപോലെതന്നെ മറനേകം അബദ്ധക്കുറ്റാരോപണങ്ങളും അപകീർത്തികളും നമ്മെ എവിടെയും പിന്തുടർന്നുകൊണ്ടിരിക്കും.

പ്രായോഗികചിന്ത:- ഇപ്രകാരമുള്ള സംഭവങ്ങൾ നമുക്കു നേരിട്ടവാൻ ദൈവം അനുവദിക്കുന്നതു നമ്മുടെ നന്മയ്ക്കും എളിമയിൽ നാം അതിവേഗത്തിൽ അഭിവൃദ്ധിപ്പെട്ടുന്നതിന്നുംവേണ്ടിയാണു്. ഇവ ഫലപ്രദമാക്കുവാൻ നാം ശ്രമിക്കണം. ഈ അവസരങ്ങളിൽ നാം ദുഃഖിക്കുകയൊ, നിരാശപ്പെട്ടുകയൊ അവലാധിപറയുകയൊ ചെയ്യാതെ, അവിടുന്നു് എന്നെ താഴ്ത്തിയതു് എനിക്കു നന്നായിരിക്കുന്നു എന്നു വി. ദാവീദുദീർഘദർശിയോടുകൂടെ പറയുകയത്രെവേണ്ടതു. (സങ്കീ. ഫ്രഥവ. ഫെ)

സ്നേഹപ്രകരണങ്ങൾ:— എല്ലാവകനിന്ദകളേയും ഫലപ്രദമാക്കിക്കൊണ്ടു ദാവീദുരാജാവിനേയും, മറനേകം വിശുദ്ധന്മാരേയും ധൈര്യപൂർവ്വം അനുകരിപ്പാൻവേണ്ട ദൈവാനുഗ്രഹം ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— രണ്ടുകല്ലന്മാരുടെമദ്ധ്യേ കുരിശിൽകിടന്നുകൊണ്ടു സകലവിധ അപമാനങ്ങളും പീഡകളും വരിച്ച ഈശോയെ ഓർക്കുക.

മൂന്നാംവകുപ്പു

പലപ്പോഴും എളിമപ്രകരണങ്ങൾചെയ്യുന്നതു് എളിമാഭ്യസനത്തിനുള്ള മൂന്നാമത്തെ ഒരു മാർഗ്ഗമാണു്

ധ്യാനം:— എളിമയിൽ നിലനില്പാനും, അതിൽ അഭിവൃദ്ധിപ്രാപിപ്പാനും ആഗ്രഹിക്കുന്ന സന്ന്യാസി ദൈവം അയാൾക്കു പ്രദാനംചെയ്യുന്ന നിന്ദാപമാനങ്ങൾകൊണ്ടു തൃപ്തിപ്പെടാതെ ദിവസത്തിൽ പലപ്പോഴും അഭ്യന്തരപ്രകരണങ്ങളും ബാഹ്യപ്രവൃത്തികളുംക്രമേണയും ചെയ്യുവരുന്നു.

പ്രായോഗികചിന്ത:— നമുക്കും ഇപ്രകാരം ചെയ്യാം. ആദ്യംതന്നെ എളിമയെ സംബന്ധിച്ചതായി നമ്മുടെസഭയിൽ നടപ്പുള്ള എല്ലാ പ്രവൃത്തികളിലും കൃത്യമായി യോജിക്കുകയും, അവ എളിമയുടെ അരൂപിയിൽതന്നെ നിവർത്തിക്കുകയുംചെയ്യണം. കൂടാതെയും, എളിമയുടെ പ്രകരണങ്ങൾ ചെയ്യുവരുന്നതിനും നാം അഭ്യസിക്കണം. ഇതുവഴിയായി ബാഹ്യപ്രവൃത്തികൾക്കു വലിയ എളുപ്പം സിദ്ധിക്കയും, അവ വലിയ ആശ്വാസത്തിനും നിദാനമായിത്തീരുകയുംചെയ്യും.

സംഭാഷണം:— നമ്മുടെകർത്താവിനോടു സംഭാഷണംചെയ്യുക. തന്റെ ദൃഷ്ടാന്താനുസരണം എളിമയുടെ അഭ്യസനത്തിനു വലിയ ധൈര്യം പ്രാപിക്കുക.

പത്തൊമ്പതാം ധ്യാനം

ഈശോ സമരിയക്കാരിയോടുചെയ്ത സംഭാഷണം— അവളുടെ മാനസാന്തരം—ഈശോയെക്കുറിച്ചുള്ള അവളുടെ ശുശ്രൂഷ

പ്രാരംഭം ഫ. ഈശോ പ്രയാണത്താൽ ക്ഷീണിച്ചു യാക്കോബിന്റെ കിണറിന്നരികിൽ ഇരിക്കുന്നതു കാണുന്നെന്നു സങ്കല്പിക്കുക.

വ. നിന്റെ ക്ഷീണവും ആശ്വാസവും വിശുദ്ധീകരിപ്പാൻ വേണ്ട കൃപാവരം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോയുടെ ക്ഷീണം

ധ്യാനം:— നമ്മുടെകർത്താവിന്റെ പ്രസിദ്ധജീവിതാരംഭത്തിൽത്തന്നെ അവിടുത്തെപുരോഗാമി ബന്ധനസ്ഥനായി. അവിടെ അയാൾ തന്റെ ജീവിതത്തെ രക്തസാക്ഷിത്വത്തിൽ അവസാനിപ്പിച്ചുഎന്നു സുവിശേഷത്തിൽ നാം കാണുന്നു. ഇപ്രകാരം അവിടുത്തെ പുരോഗാമി മരണംപ്രാപിച്ചതുമുതൽ ഈശോയുടെവേല ക്രൂരതൽ പ്രസിദ്ധവും പ്രശസ്തവുമായിത്തീർന്നു. എന്നാൽ യൂദേയായിൽ അദ്ദേഹത്തിന്റെ ശത്രുക്കൾ ബലപ്പെട്ടുവന്നിരുന്നതിനാൽ സമരിയായിൽക്കൂടെ ഗലീലേയായിലേക്കു മടങ്ങിപ്പോകുവാൻ നിശ്ചയിച്ചു. ദീർഘവും ക്ലേശപൂർണ്ണവുമായിരുന്ന ഈ പ്രയാണമദ്ധ്യേ സിക്കാർ എന്ന നഗരിയിൽവന്നപ്പോൾ യാത്രകൊണ്ടു് അവശനായി കിണറിന്നരികെ ഇരുന്നു. അപ്പോൾ സമയം ഉച്ചേശംമുമ്മണിയായിരുന്നു. (യോഹ. ൪, ൬)

പ്രായോഗികചിന്ത:—ഇപ്രകാരംതന്നെ പലപ്പോഴും ക്ഷീണിക്കയും, തളരുകയും, ആശ്വാസം ആശിക്കയും ചെയ്യുന്ന സമയം നമുക്കും ഉണ്ടാകുന്നുണ്ടു്. ഉണ്ടാകയുംചെയ്യും. എന്നാൽ ആ സമയങ്ങളിൽ നമ്മുടെ ക്ഷീണം നമ്മുടെ രക്ഷകന്റെ ക്ഷീണത്തോട്ടു സാമ്യമുള്ളതാണു്. ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കുമായി നാം ചെയ്ത വേലനിമിത്തമത്രെ ഈ ക്ഷീണം ഉണ്ടായിട്ടുള്ളതു് എന്നുപറയുവാൻ നമുക്കു കഴിയുന്നതായിരുന്നാൽ, നാം എത്ര ഭാഗ്യവാന്മാരായിരിക്കും! ഇത്തരം ക്ഷീണം നാം ഹേയപൂർവ്വം അഭിലഷിക്കേണ്ടതുതന്നെയാണു്! എന്തുകൊണ്ടെന്നാൽ: ഇതു പരത്തിൽ സിദ്ധിക്കാനിരിക്കുന്ന മഹത്വത്തെയും ആശ്വാസത്തെയും ഭദ്രമാക്കുന്നു. ലൌകികർ ലോകമഹിമയ്ക്കായി ചെയ്യുന്ന വേലയിൽനിന്നുണ്ടാകുന്ന ക്ഷീണമോ പരത്തിലേക്കു പ്രയോജനരഹിതമായിരിക്കും. ആകയാൽ നമ്മുടെവേല ചുരുങ്ങിയതായിരിക്കുന്നു എന്നു വിശ്വസ്ഥ അഗസ്തീനോടുകൂടെ പറഞ്ഞുകൊണ്ടു നാമും ധൈര്യം അവലംബിക്കണം.

സ്നേഹപ്രകരണങ്ങൾ:— നിനക്കു ശക്തിയും സാമർത്ഥ്യവുമുള്ളകാലത്തോളം, കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേലചെയ്വാനായി നിന്നെത്തന്നെ സമർപ്പിച്ചുകൊണ്ടു ധൈര്യ

വും ഔദാര്യവുമുള്ള ഹൃദയം ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നമ്മുടെ പ്രയത്നങ്ങൾ ഫലപ്രദമാകുവാനും, അതിനുള്ള യോഗ്യതയിൽ അല്പംപോലും നഷ്ടീഭവിക്കാതിരിപ്പാനുമായി, നമ്മുടെ ഉദ്ദേശ്യം ശുദ്ധമുള്ളതും സ്വസ്നേഹരഹിതവുമായിരിപ്പാൻ ജാഗരൂകരായിരിക്കുക.

രണ്ടാംവകുപ്പ്

ഈശോയുടെ ആശ്വാസം

ധ്യാനം:— ഈശോ എല്ലാറ്റിലും നമ്മെപ്പോലെ ആയിരുന്നതിനാൽ, അവിടുന്നു സാക്ഷാൽ ക്ഷീണിക്കുകയും ആശ്വാസത്തിന്നായി യാക്കോബിന്റെ കിണറ്റിന്നരികിൽ ഇരിക്കുകയും ചെയ്തു. എന്നാൽ അവിടുന്നു തന്റെ ഈ ആശ്വാസത്തെ ആലസ്യമായി വിനിയോഗിക്കാതെ വളരെ ഫലവത്താക്കിത്തീർത്തു. എന്തുകൊണ്ടെന്നാൽ അവിടുന്ന് ആ അവസരത്തിലാണ് അവിടെ വെള്ളംകോരുവാൻവന്ന ഒരു പാപിനിയെ അവളുടെ നികൃഷ്ടജീവിതത്തിൽനിന്നുദ്ധരിച്ചതും ആ നഗരവാസികളിൽ മറ്റനേകരെ മാനസാന്തരപ്പെടുത്തിയതും.

പ്രായോഗികചിന്ത:— സാക്ഷാൽ സന്ന്യാസിയായ ഒരാൾ ഏതുസ്ഥലത്തും ഏതുസമയത്തും എന്നല്ല, ആശ്വാസസമയത്തുകൂടെയും തന്റെജീവിതത്തിന്റെ ഉദ്ദേശപ്രയങ്ങളായ ദൈവസ്തുതി, ആത്മരക്ഷ എന്നിവ സാധിപ്പാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുവാൻതക്ക ഉണർവ്വോടും ഉത്സാഹത്തോടുംകൂടെ ഇരിക്കേണ്ടതാണ്. ഇതിന്റെ ഉത്തമദൃഷ്ടാന്തം ഈശോ കാണിക്കുന്നു. നിന്റെ സഹോദരന്മാരിൽ ചിലരിലും ഈ ദൃഷ്ടാന്തം നീ കാണുന്നില്ലയോ? അവർ ആശ്വാസസമയത്തും, ഉല്ലാത്തുവാൻപോകുമ്പോഴും ആശ്രമത്തിലുള്ളവരോടും, അവസരമുള്ളപ്പോൾ പുറമെയുള്ളവരോടും, ഭക്തിപരങ്ങളായ ചിലചരിത്രങ്ങളും മറ്റു സംഭവങ്ങളും സരസമായി വിവരിച്ചു വലിയ ആദ്ധ്യാത്മികപ്രയോജനംവരുത്തുന്നു; നീയും അവരെ അനുകരിക്കുക.

സ്നേഹപ്രകരണങ്ങൾ:— ശുദ്ധകരുതലും ദൈവസ്നേഹപരമായ പ്രവൃത്തികളുംകൊണ്ടു നിന്റെ ആശ്വാസസമയത്തെ വിശുദ്ധീകരിപ്പാൻവേണ്ട ദൈവാനുഗ്രഹം അപേക്ഷിക്കുക.

പ്രതിജ്ഞ:— വി. യോഹന്നാൻ ബെർക്കുമാൻസിനെപ്പോ

ലെ, ഉല്ലാസസമയത്തുപറയുന്നതിന്നായി ഭക്തിജനകങ്ങളായ ചരിത്രങ്ങളും സംഭവങ്ങളും ശേഖരിപ്പാൻ ശ്രമിക്കുക.

മൂന്നാം വകുപ്പ്

ഈശോയുടെ അക്ഷീണമായ ശുശ്രൂഷ

ധ്യാനം:-അവിടുന്നു കിണറിന്നരികെ ഇരിക്കയിൽ അവിടെ വെള്ളംകോരുവാൻവന്ന ആ സമരിയക്കാരിയുടെ സ്ഥിതിഅവൾ അറിയുന്നംമുമ്പരം പശ്ചാത്തപിക്കുന്നം എത്രക്ഷമയോടുംസാമർത്ഥ്യത്തോടുംകൂടെ പരിശ്രമിക്കുന്നു എന്നു നോക്കുക. ആദ്യം തന്നെ അവൾ കോരിയിരുന്ന വെള്ളത്തെ കാണിച്ചുകൊണ്ടു ജീവദായകമായ പ്രസാദവരജലത്തിന്മേൽ അവൾക്ക് ആഗ്രഹം ജനിപ്പിക്കുന്നു. അനന്തരം അവളുടെഇഷ്ടത അവൾനല്ലതുപോലെ ഗ്രഹിക്കുന്നതിനുവേണ്ടി അവളുടെഭർത്താവിനെ വിളിച്ചുകൊണ്ടു വരുവാൻ പറയുന്നു. മൂന്നാമതായി അവൾ കഴിഞ്ഞജീവിതത്തിൽചെയ്ത എല്ലാ പാപങ്ങളേയും അവളെ അനുസ്മരിപ്പിച്ചുകൊണ്ട് അവളുടെ ആത്മികഇഷ്ടി തുറക്കുവാൻ ഇടയാക്കുന്നു. ഇതിനാൽ അവൾവിസ്മയഭരിതയായി"സ്വാമിൻ, അങ്ങ് ഒരു ദീർഘദർശിയാകുന്നു എന്നു ഞാൻകാണുന്നു" എന്നുപറഞ്ഞു. (യോഹ. ൪, ൧൯) ഒടുവിൽ അവളുടെ ചോദ്യങ്ങൾക്കു പ്രത്യുത്തരമായി, വാശ്ദാനംചെയ്യപ്പെട്ട മിശിഹാ താനാകുന്നുഎന്നും അവിടുന്ന് അവൾക്കു വെളിപ്പെടുത്തി. ഇങ്ങനെ അവൾ തന്റെ ദിവ്യരക്ഷകനെ അറിയുകയും, പാപിനിയായിരുന്ന ആസ്ത്രീ അവിടത്തെ ഭക്തശുശ്രൂഷകയായിത്തീരുകയും; പട്ടണത്തിലേക്കു ദ്രുതഗതിയിൽ പോയി അതിലെ നിവാസികളെ കൂട്ടംകൂട്ടമായി ഈശോയുടെ പാദത്തിങ്കലേക്ക് ആനയിക്കുകയുംചെയ്തു.

പ്രായോഗികചിന്ത:— ദൈവം ഇപ്രകാരംതന്നെ നമ്മോടും വർത്തിച്ചിട്ടില്ലയോ? നമ്മെത്തന്നെയും ലോകമായയേയും നമ്മെ ഗ്രഹിപ്പിപ്പാനും, അനന്തരം സുവിശേഷബോധനമനുസരിച്ചുള്ള ഉന്നതജീവിതത്തെ ബഹുമാനിപ്പാനും അവിടുന്നു ക്രമേണ നമുക്ക് ഇടവരുത്തിയില്ലയോ? ഇതിനെക്കുറിച്ചു ഹൃദയപൂർവ്വം അവിടുത്തോടു നന്ദിപറയുക; നമുക്കു ഭരമേല്പിക്കപ്പെട്ടവരോടു നാമും ഇപ്രകാരംതന്നെ വർത്തിക്കുക. തക്ക അവസരംവരുന്നതുവരെ പാർത്തിരിക്കാതെ ദ്രുതഗതിയും അവിവേകമായ ശുശ്രൂ

ന്തിയുമാണ നമ്മുടെ പരിശ്രമങ്ങളെ പലപ്പോഴും ഫലശൂന്യങ്ങളാക്കുന്നത്.

സംഭാഷണം:—നിന്റെ നാമകാരണനായ വിശുദ്ധനോട് അഥവാ ഈ മാസത്തിൽ നീ പ്രത്യേകമദ്ധ്യസ്ഥനായി തെരിഞ്ഞെടുത്തിരിക്കുന്ന വിശുദ്ധനോട സംഭാഷണംചെയ്യുക.

ഇരുപതാം ധ്യാനം

സീക്കാർ നഗരവാസികളുടെ വിശ്വാസവും ഈശോ ഗലിലേയായിൽ ചെയ്ത പ്രയത്നവും

പ്രാരംഭം. ക്രി. ഞാൻ എന്നെ അയച്ചവന്റെ വേലപൂർത്തിയാക്കിക്കൊണ്ട് അവിടുത്തെ ഹിതം നിവർത്തിക്കുന്നത് എന്റെ ആഹാരമാകുന്നു എന്ന് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

പ. സകല കായ്ങ്ങളിലും ദൈവതിരുമനസ്സ് അറിയാനും, അതു നിവർത്തിപ്പാനുംവേണ്ട ദൈവാനുഗ്രഹം ആപേക്ഷിക്കുക.

ഒന്നാംവകുപ്പ്

ഈശോയുടെ അദൃശ്യമായ ഭോജനം

ധ്യാനം:— സമരിയക്കാരി തന്റെ കുടംവിട്ടുകൊണ്ടു പട്ടണത്തിലേക്കുപോയി ജനക്കൂട്ടത്തോട്: വരുവിൻ ഞാൻ ചെയ്തിട്ടുള്ളവ സമസ്തവും എന്നോട പറഞ്ഞ ഒരു മനുഷ്യനെ കാണുവിൻ...എന്നുപറഞ്ഞു. ആ സമയത്തുതന്നെ ഭക്ഷണപദാർത്ഥങ്ങളും വാങ്ങുവാൻ പോയിരുന്ന ശിഷ്യന്മാർ അവ വാങ്ങിക്കൊണ്ടുവന്ന്, ഗുരോ, ഭക്ഷിച്ചാലും എന്നു പറഞ്ഞു് അദ്ദേഹത്തോടു് അപേക്ഷിച്ചുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹം അവരോടു് അരുളിച്ചെയ്തു: നിങ്ങൾ അറിയാത്ത ഒരു ആഹാരം എനിക്കു ഭക്ഷിപ്പാനുണ്ടു്; ഞാൻ എന്നെ അയച്ചവന്റെ വേല പൂർത്തിയാക്കിക്കൊണ്ടു് അവിടുത്തെ ഹിതം നിവർത്തിക്കുന്നതു് എന്റെ ആഹാരമാകുന്നു. (യോഹ. ൪. ൬ൻ, ൩൨, ൩൪)

പ്രായോഗികചിന്ത:— ആശ്വാസകരമായ ഈ വചനങ്ങളിൽനിന്നു നാം മനസ്സിലാക്കേണ്ടതെന്താണു്? ക്ഷുൽപിപാ

സകലംകൊണ്ടു ക്ഷീണിച്ചു വിവശനായ ഒരുവൻ എത്ര താല്പര്യത്തോടെ ആഹാരം ആഗ്രഹിക്കുമോ, അതിനെക്കാൾ താല്പര്യത്തോടുകൂടെ ഈശോ നമ്മുടെ ശുദ്ധീകരണം ആഗ്രഹിക്കുന്നു എന്നുള്ളതോ? ലോകരക്ഷയ്ക്കും പ്രത്യേകമായി നമ്മുടെ വിശുദ്ധീകരണത്തിനുംവേണ്ടി ഈശോ ചെയ്തിരിക്കുന്നതു് എന്തെല്ലാമെന്നു് ഓർത്തുനോക്കുന്നതായാൽ ഈ വാസ്തവം വളരെ സുഷ്പമാകും. മാത്രമല്ല ഈശോയുടെ ആഗ്രഹങ്ങളോടു നാമും യോജിപ്പാനായി നമ്മെക്കുറിച്ചു ദൈവത്തിനുള്ള ഉദ്ദേശങ്ങളും നിവർത്തിപ്പാൻ നാം ശ്രമിക്കേണ്ടതാണെന്നുംകൂടെ മേല്പറഞ്ഞവയിൽനിന്നു ഗ്രഹിക്കാം. വിശിഷ്യാ ദൈവസ്തുതിയ്ക്കും ആത്മരക്ഷയ്ക്കുംവേണ്ടിയുള്ള നമ്മുടെ ശുഷ്കാന്തി മതിയെന്നുവയ്ക്കുവാൻ—വിശപ്പു, ദാഹം, ഉറക്കമൊഴിവു മുതലായവ ഗണ്യമാക്കാതെ എത്രയധികം നാം പ്രവർത്തിച്ചാലും അവ വേണ്ടിടത്തോളമായി എന്നു വിചാരിക്കാൻ—നിവൃത്തിയില്ലാ എന്നുകൂടെ നാം ഗ്രഹിക്കേണ്ടതാണു്. ശുഷ്കാന്തിയുടെ ഈ പൂർണ്ണത അഥവാ, അതിനോടുള്ള സാമീപ്യമെങ്കിലും നമ്മിൽ ഉണ്ടോ?

സ്നേഹപ്രകരണങ്ങൾ:— നീതിയെക്കുറിച്ചു വിശക്കുകയും ദാഹിക്കുകയുംചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും എന്നു് ഈശോ അരുളിച്ചെയ്യുന്നു. ഇങ്ങനെയുള്ളവരിൽ നീയും ഒരുവനാകുവാൻ തീക്ഷ്ണതാപൂർവ്വം ആഗ്രഹിക്കുക.

പ്രതിജ്ഞ:— ആത്മികശുഷ്കാന്തി ഏതുവിധം നിന്നിൽ കുറഞ്ഞുപോയെന്നുനോക്കി, അതിനുള്ള പ്രത്യൗഷധം ശീഘ്രത്തിൽ ഉപയോഗിപ്പാൻ ശ്രമിക്കുക.

രണ്ടാം വകുപ്പു

ഈശോ സീക്കാറിൽ താമസിക്കുന്നു

ധ്യാനം:— ആ നഗരവാസികളും ആ സ്ത്രീയുടെ വചനംകേട്ട ഉടനെ ഓടിവന്നു് അവിടുത്തെ കാണുകയും, പ്രസംഗംകേട്ടു വളരെ ആശ്ചര്യപ്പെടുകയും, അവിടെ താമസിക്കേണമെന്നു് അവിടുത്തോടു് അവർ നിർബന്ധപൂർവ്വം അഭ്യർത്ഥിക്കുകയുംചെയ്തു. നമ്മുടെ ദിവ്യരക്ഷകൻ അവരുടെ അപേക്ഷപ്രകാരം രണ്ടുദിവസം അവിടെ താമസിച്ചു. ഈശോയുടെ പ്രസംഗങ്ങളാൽ പി

ന്നെയും വളരെപ്പേർ അദ്ദേഹത്തിൽ വിശ്വസിച്ചു; വിശേഷിച്ചു്, അവർ ആ സ്ത്രീയോടു: ഇനി നിന്റെ വാക്കു ഹേതുവായിട്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു്. എന്തെന്നാൽ ഞങ്ങൾതന്നെ കേട്ടു, ഈ മനുഷ്യൻ സത്യമായി ലോകരക്ഷകനാകുന്നു എന്നു, ഞങ്ങൾ അറിയുകയും ചെയ്യുന്നു എന്നു പറഞ്ഞിരുന്നു. (യോഹ. ൪. ൪൦, ൪൧, ൪൨)

പ്രായോഗികചിന്ത:— ഈശോ ലോകരക്ഷകനാകുന്നു എന്നു, എല്ലാവരെക്കാൾമുമ്പു സമരിയക്കാർ അറിവാൻ ഇടയായതു് അവർക്കു് ഒരു വലിയ മഹത്വമാണു്. നിത്യഭാഗ്യത്തിന്റെ അച്ചാരമായ വിശ്വാസം ശ്ലൂഹീകരണവരപ്രസാദം എന്നീ സ്വർഗ്ഗീയനിക്ഷേപങ്ങൾ മിശിഹായുടെ ഒരേഒരു സന്ദർശനത്തിന്റെയും ചുരുങ്ങിയ സമയത്തെ ഉപദേശത്തിന്റെയും ഫലമായിരുന്നു. ഈശോയെ ബഹുമാനിച്ചു സ്നേഹിക്കുന്നതിനു് അവിടുത്തെ അറിയുന്നതു ധാരാളംമതി. നാം അവിടുത്തെ വേണ്ടവിധം അറിഞ്ഞിരുന്നെങ്കിൽ അവിടുത്തെയ്ക്കു വിരോധമായ ദ്രോഹം ചെയ്വാൻ ഒരിക്കലും തുനിയുകയില്ലായിരുന്നു.

സ്നേഹപ്രകരണങ്ങൾ:— ഈശോയെ, നിന്നെ അറിയാൻ എന്നെ പഠിപ്പിക്കേണമെ. അങ്ങു് എന്റെ ഹൃദയത്തോടു സംഭാഷിക്കേണമെ. അങ്ങേ സ്നേഹത്താൽ അതിനെ ജ്വലിപ്പിക്കേണമെ.

പ്രതിജ്ഞ:— മിശിഹായുടെ സ്നേഹത്തെയും അവിടുത്തെക്കുറിച്ചുള്ള അറിവിനെയും നൽകുന്ന പുസ്തകങ്ങൾ പാരായണത്തിന്നായി തെരിഞ്ഞെടുക്കുക.

മൂന്നാംവകുപ്പു

ഈശോ ഗലിലേയായിൽ ചെയ്ത പ്രയത്നങ്ങൾ

ധ്യാനം:— ഈശോ സീക്കാറിൽനിന്നും നേരെ ഗലിലേയായിലേക്കുപോയി. അത്ഭുതങ്ങളാൽ ജനങ്ങളുടെ ആത്മികഭക്തി തുറക്കുകയും, തന്റെ ദിവ്യസിദ്ധാന്തങ്ങളെ സ്ഥിരപ്പെടുത്തുകയും, തന്റെ വിമല ജീവിതത്തിന്റെ കീർത്തി പ്രചരിപ്പിക്കുകയും മറ്റു സ്ഥലങ്ങളിൽ ചെയ്യേണ്ട വേലകൾക്കു് ഒരു മാതൃകയാകുവാൻതക്കവണ്ണം തന്റെ ദിവ്യവേല അവിടെ ആരംഭിക്കയുംചെയ്തു. അദ്ദേഹം അവിടെനിന്നു പുറപ്പെട്ടു ഗലിലേയായിലേ

ക്കുപോയി. (യോഹ. ൪, ൪൨) എന്നു സുവിശേഷകൻപറയുന്നു. അനുതപിപ്പിൻ, എന്തുകൊണ്ടെന്നാൽ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നും, നിങ്ങളും അനുതപിച്ചു സുവിശേഷത്തെ വിശ്വസിപ്പിൻ...എന്നും പറഞ്ഞു. ഇതിനാൽ അവിടുത്തെ കീർത്തി ഉടനെ ഗലിലേയാദേശത്തിൽ സർവ്വത്രപരന്നു. (മാർക്കൂ, ൧. ൧൫. ൧൪)

പ്രായോഗികചിന്ത:- ഇവിടെ നാം ചിലതൊക്കെ പഠിക്കേണ്ടതുണ്ടു്. അന്യന്മാരെ പഠിപ്പിപ്പാനുള്ള ജോലി നമുക്കു ഏല്പിച്ചിട്ടുണ്ടെങ്കിൽ അതു് ഉത്തമവിധത്തിൽ നിർവ്വഹിക്കുന്നതിനുവേണ്ടി നമ്മുടെ സൽക്കീർത്തിയെ സ്ഥിരപ്പെടുത്തുകയും, ജനങ്ങളുടെ മനോവിശ്വാസം പ്രത്യേകവിധം നേടുകയും ചെയ്യേണ്ടതുണ്ടായേക്കാം. ഇതു് അത്ഭുതങ്ങൾകൊണ്ടല്ല സാധിക്കേണ്ടതു്. അത്ഭുതങ്ങൾ ദൈവം നമ്മിൽനിന്നു ആവശ്യപ്പെടുന്നുമില്ല. അകയാൽ വിശുദ്ധമായ ജീവിതംകൊണ്ടു് അക്കാര്യം സാധിക്കണം. അങ്ങനെതന്നെ നമ്മുടെദിവ്യഗുരുവിനെ അനുകരിച്ചു, നമ്മുടെ പ്രബോധനങ്ങളുടെ സാധാരണവിഷയങ്ങളായി വേദസത്യങ്ങളെ നാം തെരിഞ്ഞെടുക്കുകയും ചെയ്യണം.

സംഭാഷണം:- നമ്മുടെ ദിവ്യമാതൃകയും സ്നേഹമുള്ള രക്ഷകനുമായ ഈശോയോടു സംഭാഷിയ്ക്കുക.

ഇരുപത്തൊന്നാം ധ്യാനം

കഫാർണ്ണാമ്മിലെ ഒരു പ്രഭുവിന്റെ പുത്രനെ അത്ഭുതവിധത്തിൽ ഈശോസുഖപ്പെടുത്തിയതു്

പ്രാരംഭം ൧. ദുഃഖിതനായ ഒരു പിതാവു് ഈശോയുടെപാദത്തുങ്കൽ മുട്ടുകുത്തുന്നതു കാണുന്നതായി സങ്കല്പിക്കുക.

൨. ദൈവാനുഗ്രഹത്തിലും, അവിടുത്തെ നന്മയിലും സീമാതീതമായ ആശ്രയം ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ദുഃഖിതനായ ഒരു പിതാവു് ഈശോയോടു് അപേക്ഷിക്കുന്നു.

ധ്യാനം:— താൻ ദൈവത്താൽ അയക്കപ്പെട്ടവനാണെന്നു സ

കലർക്കും പ്രസിദ്ധമാക്കുവാനും, മനുഷ്യർക്കു തന്റെമേൽ വിശ്വാസം ഉണ്ടാകുവാനുമായി ദിവ്യരക്ഷകൻ ചെയ്ത അത്ഭുതം ഉന്നതസ്ഥിതിയിൽ ഇരുന്നവനും, ഗലിലേയാനാട്ടിൽ പ്രഖ്യാതനുമായിരുന്ന ഒരു പിതാവിന്റെ ദുഃഖംതീർത്തു, ആശ്വസിപ്പിച്ചതായിരുന്നു. വിശുദ്ധ യോഹന്നാൻ ഈ സംഭവത്തെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: കഫർണ്ണാമ്മിൽ ഒരു പ്രഭുവിനു രോഗിയായ ഒരു മകനുണ്ടായിരുന്നു. ഈശോ ഗലിലേയായിലേക്കു വന്നിരിക്കുന്നുഎന്നു കേട്ട ഉടൻ ആ പ്രഭു അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു, 'അങ്ങുവന്നു് എന്റെ മകനെ സുഖപ്പെടുത്തേണമെ എന്നു് അപേക്ഷിച്ചു. എന്തെന്നാൽ: അവൻ മരിപ്പാറായിരുന്നു. (യോഹ. ൪. ൪൬, ൫൦)

പ്രായോഗികചിന്ത:— നിനക്കു പ്രയോജനകരമായ ഒരു കാര്യം ഇവിടെ ആലോചിപ്പാനുണ്ടു്. അതായതു: മിശിഹായെ അറിവാനുള്ള മാർഗ്ഗം ഈ പ്രഭുവിനു് എങ്ങിനെ കൈവന്നു? അതു ദുഃഖംവഴിയായിട്ടല്ലയോ? ഇതുകൊണ്ടുതന്നെ അയാൾ ഈശോയുടെ പാദത്തുങ്കൽവന്നു രക്ഷപ്രാപിച്ചു. ആകയാൽ ദൈവം അനുവദിച്ചിട്ടു നമുക്കുണ്ടാകുന്ന സങ്കടങ്ങൾ അരിഷ്ടതകൾ മുതലായവ നിർഭാഗ്യങ്ങളെന്നു വിചാരിക്കയൊ, അവയെക്കുറിച്ചു് ആവലാതിപറകയൊ ചെയ്യരുതു്. എന്നാൽ നീ ചിലപ്പോഴൊക്കയും ഈവിധം വിചാരിക്കയും പറകയുംചെയ്തിട്ടില്ലേ?

ക്ലേശാതെയും ഈ പ്രഭു തന്റെ പുത്രന്റെരോഗം അതിന്റെ അന്തിമഘട്ടത്തിൽഅയശേഷംമാത്രമെ, ഈശോയുടെപക്കൽ ചെന്നുള്ളു എന്നു നമുക്കു വിചാരിക്കാം. ഇതു് അനുകരണീയമല്ല. മാനുഷികമായ എല്ലാമാർഗ്ഗങ്ങളും സൃഷ്ടികളിൽനിന്നുള്ള ആശ്വാസങ്ങളും, വിഫലങ്ങളാകുമ്പോൾമാത്രം ദൈവസഹായം പ്രാർത്ഥിക്കാം എന്നു നാംവിചാരിക്കരുതു്. ഇപ്രകാരം വേറെവഴികാണുമില്ലാത്തിനാൽമാത്രം ദൈവത്തിൻപക്കൽ നാം ചെല്ലുന്നു എന്നാകുമ്പോൾ, ദൈവം നമ്മെ ഉടനെ സഹായിക്കുന്നതിനെക്കുറിച്ചു വിസ്മയിപ്പാനുണ്ടൊ?

സ്നേഹപ്രകരണങ്ങൾ:— ഗുണപ്പെടുത്തുന്നതിന്നായി നമ്മെ ശിക്ഷിക്കുന്ന ദൈവജ്ഞാനത്തെക്കണ്ടു വിസ്മയിക്കുകയും, സ്തുതിക്കയും, തന്റെ ദിവ്യപരിപാലനയ്ക്കു നിന്നെ മുഴുവനും ഏല്പിക്കുകയും ചെയ്യുക.

പ്രതിജ്ഞ:- എല്ലാറ്റിനുംമുമ്പു ദൈവത്തിൽനിന്നു് ആ ശ്വാസം അന്വേഷിപ്പാനും, അവിടത്തെ സഹായംലഭിക്കുന്നതുവരെ പുതുനിവ്വിശേഷമായഅനുസരണത്തോടും പ്രതീക്ഷയോടുംകൂടെ പാത്തിരിപ്പാനും ശീലിക്കുക.

രണ്ടാംവകുപ്പ്

ഈശോ ആ പ്രഭുവിനെ ശകാരിക്കുന്നു

ധ്യാനം:- തന്റെപുത്രനെ ഈശോ സുഖപ്പെടുത്തുമെന്നു് ആ പ്രഭുവിനുണ്ടായിരുന്നശരണം ഒരു തുച്ഛമായ വിശ്വാസത്തിൽനിന്നു ജനിച്ചതായിരുന്നു. താൻവസിച്ചിരുന്ന സ്ഥലത്തുനിന്നുകൊണ്ടു രോഗിയെ സുഖപ്പെടുത്തുവാൻ അദ്ദേഹത്തിന്നു കഴിയുമെന്നു് അയാൾവിശ്വസിച്ചിരുന്നില്ല. ഇതിനാൽ അവിടുന്നു് അയാളെ ശകാരിച്ചുകൊണ്ടുപറയുന്നു: നിങ്ങൾ അടയാളങ്ങളും, അത്ഭുതങ്ങളും കണ്ടിട്ടല്ലാതെ വിശ്വസിക്കയില്ല. എന്നാൽ പ്രഭു ഈ ശകാരത്തെ സവിനയം ഏല്ക്കുകയും, കുത്താവെ, എന്റെ മകൻ മരിക്കുന്നതിനുമുമ്പു് അങ്ങു വരേണമെ, എന്നുള്ള അപേക്ഷ വിനയത്തോടും പ്രത്യാശയോടുംകൂടെ ആവർത്തിക്കുകയുംചെയ്യുന്നു. ഈദൃശമായഒരുക്കങ്ങളാൽ ഉത്തമവിശ്വാസവും അവൻ അപേക്ഷിച്ച നന്മയും അവനു ലഭിച്ചു. അതായതു്, "ഈശോ അയാളോടു: നീ പൊയ്ക്കൊള്ളുക. നിന്റെ മകൻ ജീവിച്ചിരിക്കുന്നു" എന്നരുളിച്ചെയ്തു. (യോഹ. ൪. ൫൩, ൫൪, ൬൦)

പ്രായോഗികചിന്ത:- ഈശോ ഈ പ്രഭുവിനോടു വർത്തിച്ചതുപോലെതന്നെയാകുന്നു നമ്മോടും പലപ്പോഴും വർത്തിക്കുന്നതു്. നമുക്കു സാക്ഷാൽ ആത്മികോപകാരമുള്ള കാര്യങ്ങൾതന്നെയും നാം അപേക്ഷിക്കുമ്പോൾ അവിടുന്നു് അതു നിഷേധിക്കയൊ താൻതാമസിക്കയൊ ചെയ്യുന്നതായിത്തോന്നുന്നെങ്കിൽ, നാം ആ നന്മയെ ഏറ്റവും വിലമതിപ്പാനൊക്ഷമ, ദൈവതിരുമനസ്സിനോടുള്ള സംയോജ്യത, വിശ്വാസം, ശരണം എന്നിങ്ങനെയുള്ള സുകൃതങ്ങളിൽ അഭ്യസിപ്പാനുള്ളഅവസരങ്ങൾ നമുക്കുതരുവാനൊ ആയിരിക്കും അങ്ങുന്നു് ഇപ്രകാരംചെയ്യുന്നതു്. ആകയാൽ നമുക്കു് ആവശ്യമുള്ളവ അവിടത്തോടു് അപേക്ഷിക്കുന്നതിൽ നാം വൈമനസ്യം കാണിക്കരുതു്. ദയാനിധിയായ അവിടുന്നു്

അല്പം താമസിച്ചിട്ടെങ്കിലും നമുക്ക പ്രതിഫലം നൽകാതിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:- കർത്താവെ, ഞങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കേണമെ. കർത്താവെ, പ്രാർത്ഥിപ്പാൻ നീ ഞങ്ങളെ പഠിപ്പിക്കേണമെ. എന്നു വി. ശ്ലീഹന്മാരെപ്പോലെ തീക്ഷ്ണതയോടെ ഈശോയോട്ട് അപേക്ഷിക്കുക. (ലൂക്കാ. ൧൧. ൧)

പ്രതിജ്ഞ:- പ്രാർത്ഥനയ്ക്കുമുമ്പും പ്രാർത്ഥനസമയത്തും പലപ്പോഴും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രകരണങ്ങൾ ഹൃദയത്തിൽ ഉദിപ്പിക്കാൻ ശ്രമിക്കുക.

മൂന്നാംവകുപ്പ്

ഈശോ ആ പ്രഭുവിനുചെയ്ത ഉപകാരങ്ങൾ

ധ്യാനം:- ആ നല്ല പിതാവ് ഈശോ അരുളിച്ചെയ്ത വചനങ്ങളെ ഉറപ്പായി വിശ്വസിച്ചു എങ്കിലും അതുപോലെസംഭവിക്കുന്നതു തനിക്കും കാണേണമെന്നുകരുതി കാനായിൽനിന്നു പതിനാലു സ്ഥാദി ദൂരെയായിരുന്ന കഫർണ്ണാമ്മിലേക്കുപോയതു് എത്രട്ടു ധൃതഗതിയിലായിരിക്കും? അന്നുരാത്രി വഴിമദ്ധ്യേയായാൾ താമസിച്ച ഒരു സ്വല്പസമയം ഒരു വർഷംപോലെ അയാൾക്കു തോന്നിയിട്ടുണ്ടായിരിക്കണം. എന്നാൽ പിറേറദിവസം ഭൃത്യന്മാർ വന്നു് അയാളുടെ മകൻ ജീവിച്ചിരിക്കുന്നെന്നും, തലേദിവസം ഏഴുമണിക്കു പനി അവനെ വിട്ടുമാറിയെന്നും പറഞ്ഞതു കേട്ടപ്പോൾ അയാൾക്കുണ്ടായ സന്തോഷം എത്രവിപുലമായിരിക്കണം? "ആകയാൽ നിന്റെ മകൻ ജീവിച്ചിരിക്കുന്നു" എന്നു് ഈശോ തന്നോട്ട് അരുളിച്ചെയ്ത നാഴിക അതുതന്നെ ആയിരുന്നു എന്നു് അറിഞ്ഞു് അയാളും അയാളുടെകുടുംബവും അദ്ദേഹത്തിൽ വിശ്വസിച്ചു. (യോഹ. ൪. ൫൧, ൫൩)

പ്രായോഗികചിന്ത:- നമ്മുടെ ദിവ്യരക്ഷകൻ എത്ര നല്ലവനും ഔദാര്യമുള്ളവനുമാണു്! ദുഃഖിതനായിവന്ന ആ പിതാവിന്റെ അപേക്ഷകേട്ട് അയാളുടെപുത്രനു് ഉടനെ പൂർണ്ണസുഖം നൽകുന്നു; ഇതുകൊണ്ടും തൃപ്തിപ്പെടാതെ അയാളുടെ പുത്രൻ എന്നല്ല, ആ കുടുംബത്തിലുള്ളവരെല്ലാവരും തന്നിൽ വിശ്വസിക്കുന്നതിനുള്ള കൃപയും നൽകുന്നു. ഇതോടെതന്നെ അന്ത്യംവരെയുള്ള സ്ഥിരതയും നിത്യരക്ഷയുംകൂടെ നൽകിയിട്ടുണ്ടെന്നു നമുക്കു വി

ചാരിക്കാം. ഇത്രവലിയ നന്മയേയും ഔദാര്യത്തേയുംപറ്റി നാം ചിന്തിക്കുമ്പോൾ, അവിടുത്തെനേരെ എത്രവലിയ സ്നേഹവും നന്ദിയുമാണ നമ്മിൽ ജനിക്കേണ്ടത്?

സംഭാഷണം:- നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷിക്കുക. മുകളിൽപറഞ്ഞവിധത്തിലുള്ള നന്മകൾ നമ്മിലുംഉളവാക്കുവാൻ അവിടുത്തോടു് അപേക്ഷിക്കുക.

ഇരുപത്തിരണ്ടാം ധ്യാനം

ഈശോ കഫാർണ്ണാമ്മിൽ വസിച്ചതു്

പ്രാരംഭം ഫ. ഈശോ കഫാർണ്ണാമ്മിലെ ജപസ്ഥാനത്തിൽ പ്രസംഗിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. ദൈവവരത്തിന്റെ പ്രേരണയ്ക്കു് അനുസരണമുള്ളവനായിരിപ്പാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ തന്റെ വാസസ്ഥലമായി കഫാർണ്ണാമ്മിനെ തെരിഞ്ഞെടുക്കുന്നു

ധ്യാനം:- ഈശോ കാനായിൽ കുറെനാൾപ്രസംഗിച്ചശേഷം, നസറേത്തിനേയും, ഗലിലേയായിലെ മറ്റു പല പട്ടണങ്ങളേയുംവിട്ടു കഫാർണ്ണാമ്മിലേക്കുപോയി അവിടെ തന്റെ വാസം ഉറപ്പിച്ചു. അവിടുന്നു നസറേത്തിനെവിട്ടു കഫാർണ്ണാമ്മിൽ വന്നു പാർക്കുകയുംചെയ്തു. (മത്തേ. ര്. ഫന്പ) ഗലിലേയായിലെ മറ്റു പട്ടണങ്ങളിൽവച്ചു കഫാർണ്ണാം വളരെ ജനപുഷ്ടിയും ഗതാഗതസൗകര്യവും ഉള്ള ഒന്നായിരുന്നതിനാലാണ് ഈശോ ഈ പട്ടണത്തെ തന്റെ സ്ഥിരവാസസ്ഥാനമായി തെരിഞ്ഞെടുത്തതെന്നു വേദപാരംഗതന്മാർ അഭിപ്രായപ്പെടുന്നു. ഈ പട്ടണം സുവിശേഷം പ്രസംഗിക്കുന്നതിനും തന്റെ ദൃഷ്ടാന്തിയേയും,കരുണയേയും പ്രദർശിപ്പിക്കുന്നതിനുംപറ്റിയതായിരുന്നു. മാത്രമല്ലാ, ഈ കരുണ തള്ളേവാസികൾക്കു വളരെ ആവശ്യകവുമായിരുന്നു. എന്തെന്നാൽ കച്ചവടംവഴിയായി കഫാർണ്ണാം നിവാസികൾക്കു ലഭിച്ചിരുന്ന സമ്പത്തും തൻമൂലം അവരിൽ ഉളവാ

യിരുന്ന അമിതസുഖഭോഗവുംനിമിത്തം അവർ വളരെ ദുർമ്മാർഗ്ഗി കളായിത്തീർന്നിരുന്നു.

പ്രായോഗികചിന്ത:- ഭൂർഭഗരായ ജനങ്ങളുടെ ആത്മി കപ്രയോജനത്തിന്നായി ഓരോ സ്ഥലങ്ങളിൽപോയി പ്രയത്നി ക്കേണമെന്നു സന്ന്യാസസഭകളുടെ നിയമങ്ങളിൽ കൽപിച്ചിരി ക്കുന്നതിനാൽ സന്ന്യാസികൾ ഏതു സ്ഥലത്തുപോകുന്നതിന്നും ഒരുക്കമുള്ളവരായിരിക്കേണ്ടതാണു്. എന്നല്ലാ അവരുടെ ഇഷ്ടം പോലെ സ്ഥലംതെരിഞ്ഞെടുക്കാമെന്നായാൽതന്നെയും, തങ്ങ ളുടെ സ്വന്തസുഖവും പ്രയോജനവും പരിത്യജിച്ചുകൊണ്ടു മറ്റു ള്ളവർക്കു് അധിക നന്മചെയ്വാൻതക്ക സ്ഥലമാണു തെരി ഞ്ഞെടുക്കേണ്ടതെന്നുകൂടെ ഇവിടെ നാംഗ്രഹിക്കേണ്ടിയിരിക്കു ന്നു. സഭയിലെ നിയമങ്ങൾ നമ്മുടെകർത്താവിന്റെ ദൃഷ്ടാന്തം കണ്ടുകൊണ്ടു സ്ഥാപിച്ചിട്ടുള്ളതിനാൽ ഇതു വളരെവണക്കത്തോ ടുകൂടെ അനുസരിപ്പാൻ നമുക്കു കടമയുണ്ടു്.

സ്നേഹപ്രകരണങ്ങൾ:- ഏതേതുവിധ വാസസ്ഥലത്തെ യും സസന്തോഷം സ്വീകരിക്കാനുള്ള മനസ്സിന്റെഒസന്നദ്ധത ദൈവത്തിന്നു സമർപ്പിക്കുക. ഒരൊറ്റ ആത്മാവിന്റെരക്ഷ യ്ക്കായി ലോകംമുഴുവനും പയ്യടനംചെയ്യേണ്ടിവന്നാൽത്തന്നെ യും അതിന്നും നനന്മസ്സോടെ നമ്മെത്തന്നെ സമർപ്പിക്കുക.

പ്രതിജ്ഞ:- പ്രത്യേകവാസസ്ഥലങ്ങളിന്മേലുള്ള സ്വാ ഭാവിക താൽപര്യങ്ങളിൽനിന്നു് ഒഴിഞ്ഞിരിപ്പാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു്

ഈശോ കഫാർണ്ണാമ്മിലെ ജപസ്ഥാനത്തിൽ പ്രസംഗിക്കുന്നു

ധ്യാനം:— ഈശോ കഫാർണ്ണാമ്മിൽ ചെന്ന ഉടനെ സാ ബത്തുനാളുകളിൽ ജപസ്ഥാനത്തിൽ പ്രവേശിച്ചു്, അവരെ പ ഠിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ അവർ അവിടുത്തെ അത്യു ന്നതത്തെപ്പറ്റി ആശ്ചര്യപ്പെട്ടിരുന്നു. എന്തെന്നാൽ: അവിടുന്നു് ഉപദേഷ്ടാക്കന്മാരെപ്പോലെ അല്ല, അധികാരമുള്ളവനെപ്പോലെ അത്രെ അവരെ പഠിപ്പിച്ചിരുന്നതു്. (മാർക്കോ. ൧. ൨൧, ൨൨)

പ്രായോഗികചിന്ത:—ഈശോയുടെ പ്രബോധനങ്ങൾ ഉപ ദേഷ്ടാക്കന്മാരുടെ ഉപദേശങ്ങളെക്കാൾ വളരെ വ്യത്യസ്തമായ

ഫലമാണ് ഉളവാക്കിയത്. ഇതിന്റെ കാരണം നാംആലോചിക്കണം. ഈശോ ഒരു ഗുരുവിനേയും നിയമദാതാവിനേയും പോലെസംസാരിച്ചിരുന്നു. മാത്രമല്ലാ, താൻപഠിപ്പിച്ചവ താൻതന്നെ പ്രവർത്തിച്ചുകാണിക്കുകയും, തന്നെത്താൻ മറന്നുകൊണ്ട് തന്റെ വചനങ്ങളിലും പ്രവൃത്തികളിലും ദൈവസ്തുതിയും ആത്മരക്ഷയുംമാത്രം അന്വേഷിക്കുകയുംചെയ്തിരുന്നു. ഉപദേഷ്ടാക്കന്മാരാകട്ടെ, തങ്ങൾ പഠിപ്പിക്കുന്നതിനു നേരേവിപരീതമായി പ്രവർത്തിക്കുകയും, സകലത്തിലും തങ്ങളുടെ സ്വന്തലാഭവും സ്തുതിയുംമാത്രം അന്വേഷിക്കുകയുമാണു ചെയ്തിരുന്നത്. നാമും മറ്റുള്ളവരുടെ നന്മയ്ക്കായി ചെയ്യുന്ന വേലകളിൽ നമ്മുടെ ഈ തികലാഭമോ ബഹുമതിയൊ ആഗ്രഹിക്കുന്നില്ലയൊ? ഇപ്രകാരം ചെയ്യുന്നതായാൽ ആത്മരക്ഷയ്ക്കായി നാം ചെയ്യുന്ന പ്രയത്നവും ഫലപ്രദങ്ങളാകയില്ല.

സ്നേഹപ്രകരണങ്ങൾ:— നാം നമ്മെത്തന്നെ എത്രകണ്ടു വിസ്മരിക്കുമൊ അത്രയ്ക്കു ദൈവത്തിനു സ്തുതിയും മഹത്വവും ഉണ്ടാകുന്നതിനാൽ, പരസ്നേഹത്തിന്റെയും ശുശ്രൂഷയുടേയുംവേലകളിൽ നാം നിസ്വാർത്ഥരായിരിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിന്റെ ശുദ്ധനിയോഗങ്ങളെ സുകൃതജപങ്ങൾവഴിയായി കൂടക്കൂടെ നവീകരിക്കുക.

മൂന്നാംവകുപ്പു

ഈശോ പിശാചുബാധിതനെ സുഖപ്പെടുത്തുന്നു

അപ്പോൾ അവരുടെ ജപസ്ഥാനത്തിൽ, അശുദ്ധാത്മപിബാധിച്ചിരുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ഉറക്കെനിലവിളിച്ചു, നസറേയനായ യേശുവെ, ഞങ്ങൾക്കും നിനക്കും എന്ത്? നീ ഞങ്ങളെ നശിപ്പിപ്പാനാണോ വന്നിരിക്കുന്നത്? നീആരാകുന്നു എന്നു ഞാൻ അറിയുന്നു. ദൈവത്തിന്റെ പരിശുദ്ധൻ അത്രെഎന്നുപറഞ്ഞു. അപ്പോൾ യേശു അവനെ ശാസിച്ചുകൊണ്ടു, നീമിണ്ടരുത്. ഈ മനുഷ്യനിൽനിന്നു പുറപ്പെട്ടുപോകുക എന്നു് അരുളിച്ചെയ്തു. അപ്പോൾ അശുദ്ധാത്മാവു ആ മനുഷ്യനെപീഡിപ്പിച്ചും ഉച്ചസ്വരത്തിൽനിലവിളിച്ചുംകൊണ്ടു് അവനിൽനിന്നു പുറപ്പെട്ടുപോയി. ഇതിനാൽ എല്ലാവരും അത്ഭുത

പരതന്ത്രരായി; എന്താണിതു്? ഈ നൂതനസിദ്ധാന്തം ഏതു്? എന്തുകൊണ്ടെന്നാൽ ഇയ്യാൾ അശ്രദ്ധാരൂപികളോടും അധികാരപൂർവ്വം ആജ്ഞാപിക്കുകയും അവ ഇയാളെ അനുസരിക്കുകയുംചെയ്യുന്നവല്ലൊ എന്നു പരസ്പരം സംസാരിച്ചിരുന്നു. ഇതിനാൽ അവിടുത്തെക്കുറിച്ചുള്ള ശ്രുതി ഉടനെ ഗലീലേയാദേശത്തിൽ എങ്ങും പരന്നു. (മാർക്കു. ൧. ൨൨, ൨൩, ൨൭ ൨൯, ൩൨.)

പ്രായോഗികചിന്ത:— ഇവിടെ നമുക്കു പല സംഗതികളും ആലോചിപ്പാനുണ്ടു്. ൧. പാപത്താൽ, പ്രത്യേകമായി അശുദ്ധപാപത്താൽ, തന്റെ വ്യാപാരത്തിൽ പിശാചിനു സ്ഥലംകൊടുക്കുന്ന മനുഷ്യന്റെ നൈർഭാഗ്യം എത്രയും വലുതായിരിക്കയാൽ ഇതു വരാതിരിപ്പാൻ നാം വളരെസൂക്ഷിക്കേണ്ടതാണു്. ൨. ഈശോയുടെപക്കൽ അഭയംപ്രാപിക്കുന്നവരുടെനേരെ പിശാചിന്റെ കോപവും അസൂയയും വിഫലങ്ങളായിത്തീരുന്നതിനാൽ നമുക്കുണ്ടാകുന്ന പരീക്ഷകളിൽ നാം എപ്പോഴും നമ്മുടെ കർത്താവിൽ അഭയം പ്രാപിക്കേണ്ടതാണു്. ൩. ദൈവം ഏതു പ്രകാരം തിന്മയിൽനിന്നു നന്മയുളവാക്കുന്നു എന്നുനോക്കുക! അശുദ്ധാരൂപിയുടെ കോപം—അവൻ ആ മനുഷ്യന്റെ നാശത്തിന്നായി ചെയ്‌വാൻ ആരംഭിച്ചവ— സുവിശേഷപ്രചരണത്തിന്നും, ഈശോയുടെ കീർത്തിക്കും തന്റെ പഠനങ്ങൾക്കും അനുസരിപ്പാൻതക്ക ഒരുക്കം ജനതയിൽ ഉണ്ടാകുന്നതിന്നും സഹായകമായിട്ടത്രെ പരിണമിച്ചതു്. ആകയാൽ ലോകത്തിൽ എന്തെങ്കിലും തിന്മചെയ്‌വാനായി ദൈവം പിശാചിനെ അനുവദിക്കുന്നെങ്കിൽ അതിനെക്കുറിച്ചു നമുക്കു് അവജ്ഞയുണ്ടാകരുതു്. അവിടുന്നു് അവ അവിടുത്തെ സ്തുതിക്കും തിരുസ്സഭയുടെ അഭിവൃദ്ധിക്കുമായി പകർത്താതിരിക്കയില്ല. ഇതിൽ സുസ്ഥിരമായ വിശ്വാസം നമുക്കുണ്ടായിരിക്കുകയും, വേഗത്തിൽ ഇതു സാധിപ്പാനായി നമ്മുടെ ജപതപങ്ങളാൽ ശ്രമിക്കുകയും ചെയ്യണം.

സംഭാഷണം:— കഴിഞ്ഞ രണ്ടു വകുപ്പുകളിലെ സ്നേഹപ്രകരണങ്ങൾഓർമ്മിച്ചുകൊണ്ടു് ഈശോയോടു സംഭാഷണം ചെയ്യുക.

ഇരുപത്തിമൂന്നാംധ്യാനം

ഈശോ വി. പത്രോസിന്റെ വിട്ടിൽച്ചെന്ന് അയാളുടെ ഭാര്യാമാതാവിനെ സുഖപ്പെടുത്തുന്നു.

പ്രാരംഭം ഫ. വി. പത്രോസിന്റെ അമ്മാവിയമ്മയെ ഒരു മഹാരോഗത്തിൽനിന്ന് ഈശോ സുഖപ്പെടുത്തുന്നത് ആത്മനാ ദർശിക്കുക.

ഫ. ഈശോയോട് ഏകഹൃദയവും ഏകആത്മാവും എന്നപോലെ യോജിച്ച് അവിടത്തെ സ്നേഹിപ്പാനും, ഈ സ്നേഹത്താൽ നിന്റെ എല്ലാ ആത്മികവ്യാധികളിലുംനിന്നു സുഖം പ്രാപിക്കാനുംവേണ്ട വരപ്രസാദം അപേക്ഷിക്കുക.

ഒന്നാംവകുപ്പ്

ഈശോ സിമോൻ പത്രോസിന്റെവീട്ടിൽ താമസിക്കുന്നു

ധ്യാനം:— കഫർണ്ണാമിലെ ജപസ്ഥാനത്തിൽവെച്ച് അവിടുന്നു പ്രസിദ്ധമായ ആ മഹാ അത്ഭുതം ചെയ്തശേഷം, ആ പട്ടണത്തിലെ ധനികനും മാന്യനുമായ ഒരാളുടെ ഭവനത്തിൽ അവിടുന്നു ചെന്നിരുന്നെങ്കിൽ, അവിടെ എത്രയും വലിയ വണക്കത്തോടും ബഹുമാനത്തോടുംകൂടെ അവിടുന്നു സ്വീകരിക്കപ്പെട്ടേനെ. എന്നാൽ അവിടുന്ന് ഇപ്രകാരംചെയ്തില്ല. തൽക്ഷണം അവർ ജപസ്ഥാനത്തിൽനിന്നു പുറപ്പെട്ട, യാക്കോബിനോടും യോഹന്നാനോടുംകൂടെ സീമോന്റെയും അന്ത്രയാസിന്റെയും വീട്ടിലേക്കുചെന്നു എന്നാണു സുവിശേഷകൻ പറയുന്നത്. ഇപ്രകാരം എളിയതായ വാസസ്ഥലം തെരിഞ്ഞെടുത്തുകൊണ്ട്, നിഷ്പടതയോടും, ദരിദ്രതയോടും തനിക്കുള്ള പ്രത്യേകസ്നേഹം അവിടുന്നു പ്രത്യക്ഷപ്പെടുത്തി. ഈ സ്ഥലം തെരിഞ്ഞെടുക്കുന്നതിനു മറുകാരണങ്ങളും അങ്ങയ്ക്കുണ്ടായിരുന്നു. തൽസമയം സീമോൻ പത്രോസിന്റെ അമ്മാവിയമ്മ ജ്വരബാധിതയായി കിടക്കുകയായിരുന്നു. (മാക്കു. ഫ. ഫ൯, ന൦) അതിനാൽ കരുണാപ്രവർത്തിക്കാൻതക്ക ഒരു അവസരംകൂടിയായിരുന്നു അത്.

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യഗുരുവിനെപ്പോലെ

നാമും വിനീതവും നിർജ്ജനവുമായ വാസസ്ഥലം തെരിഞ്ഞെടുക്കുന്നുണ്ടോ? നാം യാത്രചെയ്യുമ്പോൾ ഏതുതരംവിടുതിസ്ഥലമാണു് മുഖ്യമായിഅന്വേഷിക്കുന്നതു്? നാം പരസ്നേഹത്തിന്റെയൊ, ഔദാര്യത്തിന്റെയൊ വല്ലൊരുപ്രവൃത്തിചെയ്തശേഷം നമ്മുടെ പരസ്നേഹവും ശുശ്രൂഷിയും നിമിത്തം ആത്മികമായതു നാം ചെയ്യുവാൻ തക്കവണ്ണം സാമീപ്യമാണൊ നാം ആഗ്രഹിക്കുന്നതു്? നമുക്കു് ആശാനിഗ്രഹവും സുഖഭോഗവിരക്തിയും ഇല്ലായ്കകൊണ്ടു്, എന്നല്ല, ഇതിനെക്കാൾ ഹീനമായ മുഖാന്തിരങ്ങളാൽക്കൂടെയും നാം വല്ലവരെയുംസന്ദർശിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾ നിശ്ചലമായി നിന്നോട്ടതന്നെ നീ ചോദിക്കുക. ഈ ആത്മികപരിശോധനയാൽ ഒരുപക്ഷെ നിനക്കു ലജ്ജയും രക്ഷാകരമായ ഭയവും ഉണ്ടായേക്കാം.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, ലൌകികർ ഉന്നതമെന്നു ഗണിക്കുന്നതെല്ലാം നിന്ദിപ്പാനും, സകലത്തിലും നിന്നെ മാത്രം അന്വേഷിപ്പാനും എന്നെ പഠിപ്പിക്കേണമെ.

പ്രതിജ്ഞ:— ഓരോ പ്രവൃത്തികൾക്കു് എന്നെ പ്രേരിപ്പിക്കുന്ന കാരണങ്ങളെ ഞാൻ പലപ്പോഴും പരിശോധിക്കും.

രണ്ടാംവകുപ്പു്

ഈശോ സീമോന്റെ ഭാര്യാഭ്രാതാവിനെ സുഖപ്പെടുത്തുന്നു

ധ്യാനം:— ഈശോ സീമോന്റെവീട്ടിൽ പ്രവേശിച്ചപ്പോൾ, അയാളുടെ ഭാര്യാമാതാവു ജ്വരബാധിതയായി കിടക്കുകയായിരുന്നു. ഉടനെ അവർ അവളെക്കുറിച്ചു് അങ്ങയോടു പറയുന്നു. അങ്ങുന്നു് അടുത്തുചെന്നു് അവളുടെ കൈ പിടിച്ചു് അവളെ എഴുന്നേല്പിച്ചു. ഉടനെ ജ്വരം അവളെ വിട്ടുമാറി. (മാർക്ക. ൧. ൩൦, ൩൧)

പ്രായോഗികചിന്ത:— ഈ സുവിശേഷവാക്യങ്ങൾ, നാം അനുസരിക്കേണ്ടതും, നമുക്കു് ആശ്വാസജനകവുമായ രണ്ടു സത്യങ്ങളെ ഉൽബോധിപ്പിക്കുന്നുണ്ടു്. ക്ര. മറ്റുള്ളവർ ആവശ്യപ്പെടുകയൊ അപേക്ഷിക്കുകയൊചെയ്യാതെതന്നെ അവർക്കു സഹായസഹകരണങ്ങൾ നൽകുന്നതു പരസ്നേഹത്തിന്റെ ലക്ഷണങ്ങളിൽ പ്രധാനമായഒന്നാണു്. ഇപ്രകാരം അത്ഭുതകരമായ രോഗശമനം ലഭിക്കാനായി വി. പത്രോസിന്റെ അമ്മാവിയമ്മ

നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരോട് അപേക്ഷിക്കുന്നതിനു് അവർ പാത്തിരിക്കാതെ, അവിടുന്നു് ആവീട്ടിൽ പ്രവേശിച്ചക്ഷണത്തിൽ അവർതന്നെ ആ സ്ത്രീയെക്കുറിച്ചു് അവിടുത്തോടു് അപേക്ഷിച്ചു, ഉ. രോഗികളും, വ്യസനാക്രാന്തന്മാർ മുതലായവർക്കുവേണ്ടി അപേക്ഷിക്കുന്നതു ദൈവത്തിനു വളരെപ്രസാദജനകവും ഈ അപേക്ഷ അങ്ങേഹൃദയത്തെ വളരെ സ്പർശിക്കുന്നതുമാണെന്നും ഇതിൽനിന്നനുമുക്കുമനസ്സിലാക്കാം. ഇപ്രകാരംശിഷ്യന്മാരുടെ പ്രാർത്ഥനയെ അവിടുന്നു് ഉടനെ കേൾക്കുകയും രോഗിണിയെ സുഖപ്പെടുത്തുകയുംചെയ്തു. ആകയാൽ നമ്മുടെകർത്താവിന്റെ ഉഷ്ടാന്തം അനുകരിച്ചു, പീഡകളും സഹിക്കുന്ന നമ്മുടെ സഹോദരന്മാർ പ്രാർത്ഥനാസഹായം നമ്മോടു് ആവശ്യപ്പെടുന്നതിനു പാത്തിരിക്കാതെതന്നെ അവരെ സഹായിക്കുവാൻ ശ്രമിക്കുക. എന്നാൽ നമ്മുടെ പരസ്നേഹപ്രവൃത്തിക്കു സമ്മാനം ലഭിക്കാതിരിക്കുകയില്ല.

സ്നേഹപ്രകരണങ്ങൾ:— ഈശോയുടെ പാടുത്തിങ്കൽ സായുഷ്ടാംഗംവീണു, പീഡകളും സഹിക്കുന്ന സകലരുടെമേലും പ്രത്യേകമായി സഭയുടെ അംഗങ്ങളുടെമേലും കരുണയുണ്ടാകേണമെന്നു് അപേക്ഷിക്കുക.

പ്രതിജ്ഞ:— സഹോദരന്മാരെ, സർവ്വപ്രധാനമായി നിങ്ങൾ ഓരോരുത്തരും എപ്പോഴും അന്യോന്യം സ്നേഹിപ്പിൻ; എന്തെന്നാൽ സ്നേഹം പാപങ്ങളുടെആധിക്യത്തെ ആഛാദനം ചെയ്യുന്നു എന്നു വി. പത്രോസ് ആദിമക്രിസ്ത്യാനികളോടു പറഞ്ഞതുപോലെ അർദ്രതയും, ക്ഷമയും ഹൃദയവിശാലതയും ഔദാര്യവും ഉള്ള പരസ്നേഹരൂപി നമ്മിൽ നവീകരിക്കുക. (ഫ. പത്രോ. ര്. ൪, ൮)

മൂന്നാംവകുപ്പു്

സുഖംപ്രാപിച്ച സ്ത്രീയിൽനിന്നു് ഈശോ സ്വീകരിച്ച സേവനം

ധ്യാനം:— രോഗിണി സുഖപ്പെട്ട ഉടനെ എഴുന്നേറ്റു് അവരെ ശുശ്രൂഷിച്ചിരുന്നുവെന്നു നാം വായിക്കുന്നു. (ലൂക്കാ. ര്. ൩൯) അവർ എന്തൊരു സ്നേഹത്തോടും നന്ദിയോടും ഉത്സാഹത്തോടുംകൂടെ ഈ സൽക്കാരപ്രവൃത്തി ചെയ്തിട്ടുണ്ടായിരിക്കണം?

പ്രായോഗികചിന്ത:— ഈ സാധുസ്ത്രീ ഈശോയുടെനേ

രെ ദൃഷ്ടാന്തിപൂർവ്വം പ്രദർശിപ്പിച്ച നന്ദി ഏറ്റവും ന്യായമായതും സ്വാഭാവികവും ആയിരുന്നു. തന്റെ ജീവൻ സ്വസ്ഥത മുതലായവ അങ്ങയിൽനിന്നല്ലയൊ ആ സാധിപ്രാപിച്ചതു്? അതുകയാൽ അവ തന്റെ ദിവ്യോപകാരിയെ പരിചരിക്കുന്നതിനു് ഉപയോഗിക്കുന്നതിനേക്കാൾ ഏറ്റവും സ്വാഭാവികമായതു മറ്റൊന്നുമില്ല. എന്നാൽ ഈ പ്രമാണം നമുക്കു് എത്രമാത്രം യോജിക്കുന്നുവെന്നുനോക്കാം; നമ്മുടെ ജീവൻ ആരോഗ്യം അവയവങ്ങളുടെ സ്വാധീനത ബോധശക്തി എന്നിവ ദൈവത്തിൽനിന്നല്ലയോ നാം പ്രാപിച്ചിരിക്കുന്നതു്? അതുകയാൽ നമുക്കു കഴിയുന്നിടത്തോളം ഇവയെ അവിടുത്തെ ഏറ്റവും വലിയ സ്തുതിക്കായി ഉപയോഗിപ്പാൻ നീതിയാൽത്തന്നെ നാം നിർബന്ധിതരാകുന്നില്ലേ? നാം ഇപ്രകാരമാണോ ചെയ്യുവരുന്നതു്?

സംഭാഷണം:— നമ്മുടെ ദിവ്യമാതൃകയും, സർവ്വശക്തിയുള്ള ഉപകാരിയുമായ ഈശോയോടു സംഭാഷിക്കുക.

ഇരുപത്തിനാലാംധ്യാനം

ഈശോ ജപദ്ധ്യാനങ്ങൾക്കായി പരസ്സഹപ്രവൃത്തികളിൽനിന്നു വിരമിക്കുന്നു

പ്രാരംഭം ക. ഈശോ പട്ടണത്തിൽനിന്നു പിൻവാങ്ങി വിജനപ്രദേശത്തു പ്രവേശിച്ചു പ്രാർത്ഥിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. ആത്മികദൃഷ്ടാന്തിയോടും പരസ്നേഹത്തോടുംകൂടിയ ധ്യാനാരൂപി ലഭിപ്പാൻ അപേക്ഷിക്കുക.

ഒന്നാംവകുപ്പു

ഈശോ എല്ലാ രോഗികളോടും അനുകമ്പ കാണിക്കുന്നു

ധ്യാനം:— പിന്നീടു സൂക്ഷ്മമനസ്സോടുകൂടി എല്ലാവരും തങ്ങളുടെ അടുത്തുണ്ടായിരുന്ന വിവിധരോഗബാധിതരെ അവിടുത്തെ അടുക്കൽ കൊണ്ടുവന്നിരുന്നു. അവിടുന്നോ ഓരോരുത്തരുടെമേൽ കൈകൾവച്ചു് അവരെ സുഖപ്പെടുത്തുകയുണ്ടായി. (ലൂക്കാ. ൪. ൪൦) ഈശോയുടെ സ്നേഹവും ആർദ്രതയുംനോക്കുക.

ആചാരോപചാരങ്ങളെക്കുറിച്ചുള്ള ഭയംകൂടാതെ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടെ സകലരും തന്റെപക്കൽചെല്ലുന്നതിന്നു് അവിടുന്നു് അനുവദിക്കുന്നു; സമയാസമയമോ ജനബാഹുല്യമോ സ്ഥലം ക്ഷീണമോ മറിങ്ങനെയുള്ളവ ഒന്നുകൊണ്ടും, അനിഷ്ടത്തിന്റേയും അസഹ്യതയുടേയും യാതൊരുഭാവംപോലും പ്രദർശിപ്പിക്കുന്നില്ല. എല്ലാവരേയും ഒരു ക്ഷണംകൊണ്ടു് ഒറവാക്കാൽ സുഖപ്പെടുത്തി അയപ്പാൻ അങ്ങയ്ക്കു കഴിയുമായിരുന്നു; എങ്കിലും അപ്രകാരംചെയ്യാതെ അവരെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഓരോരുത്തരുടെമേൽ കൈകൾവയ്ക്കുകയും ആശ്വാസജനകമായ വചനങ്ങൾ അവരോടു് അരുളുകയുംചെയ്യുന്നു.

പ്രായോഗികചിന്ത:— ഇവിടെ നാം കാണുന്ന ദിവ്യമാതൃകയെ നമ്മുടെ സ്മൃതിപഥത്തിൽ സജീവമായി നിലനിറുത്തുക. ആർദ്രതനിറഞ്ഞവനും, സൌമ്യശീലനും യാതൊരു സംശയവും കൂടാതെ എല്ലാവരും തന്റെപക്കൽ ചെല്ലുന്നതിനുതക്ക സ്വാതന്ത്ര്യം നൽകുന്നവനും, സ്വന്തംപീഡകൾ മറന്നുകൊണ്ടു്, അന്യന്മാരെ സഹായിപ്പാൻ ഒരുങ്ങിയിരിക്കുന്നവനുമായ ഒരു സന്ന്യാസിയെ, അഥവാ ശ്രേഷ്ഠനെ, കാണുന്നതു് എത്രയോ വലിയ കാര്യമാണു്. എന്നാൽ ഇതു് സ്വാഭാവികശക്തിയാൽ സാധിക്കുന്നതല്ല. പുണ്യപരിപൂർണ്ണതയുടെ ഉയർന്നപദവിയിൽ എത്തുമ്പോൾമാത്രമെ ഇതു് സുസാധകമാകയുള്ളു. ഈ സ്ഥിതി പ്രാപിപ്പാൻ നാം ശ്രമിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— തന്റെ വാത്സല്യസുതനോടു് അനുരൂപപ്പെടുവാനായി നമ്മെ മുൻകൂട്ടി തെരിഞ്ഞെടുത്തിരിക്കുന്നു എന്ന വി. പൗലോസിന്റെ സിദ്ധാന്തമനുസരിച്ചു് ഈശോയുടെ ഛായ നമ്മിൽ പൂർണ്ണമായി പ്രതിബിംബിക്കുവാൻ സതീക്ഷ്ണം അഗ്രഹിക്കുകയും അതിന്നുവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുകയുംചെയ്യുക.

പ്രതിജ്ഞ:— നിന്നിൽനിന്നു് സഹായം അഗ്രഹിക്കുന്നവർ എപ്പോഴെങ്കിലും പൂർണ്ണസ്വാതന്ത്ര്യത്തോടെ നിന്റെ പക്കൽ വരുവാൻ ഇടവരുത്തുക.

രണ്ടാംവകുപ്പ്

ഈശോ ഏകാകിയായി പ്രാർത്ഥിക്കുന്നു

ധ്യാനം:- പിന്നെ അവിടുന്ന് അതിരാവിലെ എഴുന്നേറ്റ് ഒരു വിജനസ്ഥലത്തേക്ക് പുറപ്പെട്ടുചെന്ന് അവിടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. (മാർക്കോ. 1:35) ഈ ദൃഷ്ടാന്തത്താൽ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ പലസംഗതികളും പഠിപ്പിക്കുന്നുണ്ട്. 1. നാം വല്ലൊരു സൽക്രിയാംചെയ്തശേഷം മായസ്തുതി എന്ന ആ വിപത്തു നമുക്കു നേരിടാതിരിപ്പാനായി മനുഷ്യദൃഷ്ടിയിൽ നിന്നു അകലേണ്ടതാണ്. 2. ആദ്ധ്യാത്മികദൃഷ്ടാന്തിയേയും, പരസ്നേഹത്തേയും സംബന്ധിച്ചതായ വേലകഴിഞ്ഞിട്ട് ആ വേലനിമിത്തം നമുക്കുണ്ടാകുന്ന ബോധപ്പുതർച്ചയിലും തൻമൂലം വരാവുന്ന ആപത്തുകളിലുംനിന്നു ഒഴിവാനായി വിജനതയിൽ ധ്യാനവും പ്രാർത്ഥനയും നടത്തേണ്ടതാണ്. 3. ഓരോദിവസങ്ങളിലും നാംചെയ്യുന്ന വേലകളിൽ ദൈവശീർവാദം ഉണ്ടാകുവാനും, ദൈവത്തോട് ഒന്നിച്ചിരുന്നു ആ വേല ഉത്തമവിധത്തിൽ നിവർത്തിപ്പാനുമായി പ്രഭാതത്തിൽതന്നെ കുറെസമയം ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി വിനിയോഗിക്കണം.

പ്രായോഗികചിന്ത:- നമ്മുടെ ദിവ്യഗുരുവിന്റെ ദൃഷ്ടാന്തത്തോട് നാം എത്രത്തോളം അനുരൂപ്യംപ്രാപിച്ചിട്ടുണ്ടെന്നു നോക്കുക. ദൈവതിരുസന്നിധിയിൽ നമ്മെത്തന്നെ പരിശോധിക്കുക. നമ്മുടെ വേലകളെ ഫലപ്രദമാക്കുന്ന ദൈവാശീർവ്വാദം ലഭിപ്പാൻ വിഘ്നംചെയ്യുന്ന വ്യർത്ഥാഭിമാനം, ബോധപ്പുതർച്ച, എന്നിവയുടെ അഭിയോഗങ്ങളെ ജയിപ്പാൻവേണ്ട ശക്തി ഇതുകൊണ്ടു നമുക്ക് ലഭിക്കാതിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:- ദിവ്യരക്ഷകന്റെ ദൃഷ്ടാന്തത്തിന്നനുകൃതമായി ക്രമീകരിക്കപ്പെട്ടിരിക്കുന്ന ഒരുസഭയിലേയ്ക്ക് ദൈവം നിന്നെ ആനയിച്ചതിനെക്കുറിച്ച് കൃതജ്ഞതപ്രകാശിപ്പിക്കുകയും അവിടുത്തെ പുകഴ്ത്തുകയുംചെയ്യുക.

പ്രതിജ്ഞ:- ഈ ക്രമങ്ങൾ അനുസരിക്കുന്നതിൽ വല്ല വീഴ്ചയും നിന്നിൽ ഉണ്ടായിട്ടുണ്ടോ എന്നു നോക്കുക; ഇനിയെങ്കിലും അവ കണിശമായി ആചരിക്കുവാൻ ആരംഭിക്കുക.

മൂന്നാംവകുപ്പു

ഈശോ ഗലിലേയായിൽക്കൂടെ കടന്നുപോകുന്നു

സ്ഥാനം:– കഫാർണ്ണാമിലെ നിവാസികൾ നമ്മുടെകർത്താവു് ഇരിക്കുന്നസ്ഥലം അറിഞ്ഞഉടനെ അവിടുത്തെ അന്വേഷിച്ചുവരികയും...അവിടുന്നു് തങ്ങളെ വിട്ടുപോകാതിരിക്കത്തക്കവണ്ണം അവിടുത്തെ തടയുകയുംചെയ്തു. അവിടുന്നു് അവരോടു് അരുളിച്ചെയ്തു: ഞാൻ മറുപട്ടണങ്ങൾക്കും ദൈവരാജ്യം പ്രസംഗിക്കേണ്ടതാകുന്നു. എന്തെന്നാൽ: ഇതിനായിട്ടത്രെ ഞാൻ അയക്കപ്പെട്ടിരിക്കുന്നതു്. (ലൂക്കാ. ൪. ൪൨, ൪൩.) പിന്നെ ഈശോ അവരുടെ ജപസ്ഥാനങ്ങളിൽ പഠിപ്പിച്ചു, സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനതാമദ്ധ്യേ ഉണ്ടായ സകല വ്യാധികളും സർവ്വ വ്യഥകളുംനീക്കി സുഖം അരുളിയുംകൊണ്ടു ഗലിലേയായിലൊക്കയും സഞ്ചരിച്ചിരുന്നു. ആകയാൽ അവിടുത്തെ പ്രസിദ്ധി സിറിയായിൽ എങ്ങും പ്രചരിക്കുകയും... ...ജനതതി അവിടുത്തെ അനുഗമിക്കുകയുംചെയ്തിരുന്നു. (മത്തേ. ൪. ൨൪, ൨൫, ൨൭.)

പ്രായോഗികചിന്ത:– ഇവിടെ ഈശോയുടെ അക്ഷീണമായ ശുഷ്കാന്തിയെക്കുറിച്ചോ, ജനങ്ങളുടെ ആഗ്രഹത്തേയും, അനുസരണത്തേയുംകുറിച്ചോ ഏതിനെക്കുറിച്ചാകുന്നു നാം അധികം വിസ്മയിക്കേണ്ടതു്? വിസ്മയിച്ചതുകൊണ്ടുമാത്രം മതിയാവില്ല. ഇവയെ അനുകരിക്കത്തക്കവണ്ണം ചെയ്യേണ്ടതുണ്ടു്. പരസ്നേഹസംബന്ധമായ വേലകളിൽവച്ചു നമുക്കു് അസാദ്ധ്യമായതൊഴികെ, മറെറല്ലാററിലും അവിടുത്തെ ദൃഷ്ടാന്തം അനുകരിച്ചു് ഔദാര്യബുദ്ധിയോടും വിശാലഹൃദയത്തോടുംകൂടെ വർത്തിക്കണം. ഇതാണു് നമ്മുടെ ഉദ്യോഗം. ഇതു് പ്രയാസമുള്ളതാണെങ്കിലും മഹത്വമുള്ളതും യോഗ്യതാസമ്പുഷ്ടവുമാണു്. ഇതു് ഫലപ്രദമായി നിവ്വഹിക്കേണമെങ്കിൽ, ഈ വേലയ്ക്കു് നമ്മെ നിയമിച്ചിരിക്കുന്ന അങ്ങയോടു് നാം സഹകരിക്കേണ്ടതാണു്. എന്നെക്കൂടാതെ ഒന്നും ചെയ്വാൻ നിങ്ങൾക്കു് കഴിയുകയില്ല, എന്നാണല്ലൊ അവിടുന്നു് അരുളിച്ചെയ്തിരിക്കുന്നതു്? (യോഹ. ൧൫. ൫.)

സംഭാഷണം:– നമ്മുടെ ദിവ്യഗുരുവിനോടു് സംഭാഷിക്കുക.

ഇരുപത്തഞ്ചാം ധ്യാനം

ഈശോ നമ്മിൽനിന്ന് ആവശ്യപ്പെടുന്ന പൂർണ്ണപരിത്യാഗം

പ്രാരംഭം ഫ. നിങ്ങളിൽ ആർക്കും, തനിക്കുള്ളവ സമസ്തവും പരിത്യജിക്കാതെയിരുന്നാൽ എന്റെ ശിഷ്യനാകുവാൻ കഴിയുകയില്ല എന്ന്, ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നുണ്ടല്ലോ. (ലൂക്കാ. ഫര്. ന-ാ.)

ഫ. ദൈവത്തിനും നിന്റെ ആത്മരക്ഷയുടെകാര്യത്തിനും പൂർണ്ണമായി നിന്നെസമർപ്പിക്കുന്നതിന് വിഘ്നമായിരിക്കുന്നവയെല്ലാം ഉത്തമവിധത്തിൽ പരിത്യജിപ്പാൻവേണ്ട കൃപാവരം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ലോകത്തെ പരിത്യജിക്കുക

ധ്യാനം:- ഈശോ എല്ലായിടത്തും സഞ്ചരിച്ചുവരികയിൽ ഒരു ഉപദേഷ്ടാവ് അവിടുത്തെ അടുക്കൽചെന്നു. ഗുരോ, അങ്ങ് എവിടെപ്പോയാലും ഞാൻ അങ്ങയെ അനുഗമിച്ചുകൊള്ളാം എന്നുപറഞ്ഞു. അപ്പോൾ യേശു അവനോട്, അരുളിച്ചെയ്തു: നരികൾക്ക് മാളങ്ങളും, ആകാശപറവകൾക്ക് കൂടുകളും ഉണ്ട്. മനുഷ്യപുത്രനാകട്ടെ തന്റെ തലചായിപ്പാൻ സ്ഥലമില്ല. (മത്തേ. വ്യ. ഫൻ, ഫ0) ഹൃദയരഹസ്യങ്ങളെ അറിയുന്ന ഈശോ അരുളിയ ഈ വാക്യത്തെക്കുറിച്ച് വേദപാരംഗതന്മാരിൽ പലരും പൊതുവായി അഭിപ്രായപ്പെടുന്നതു് ഇപ്രകാരമാണ്: ഇത്ര പ്രശ്രുതനായ ഒരു ഗുരുവിനെ അനുകരിച്ചാൽ തനിക്ക് കൂടുതൽ സമ്പത്തും കീർത്തിയും പ്രാപിക്കാമല്ലൊ എന്നു കരുതിയാണ് ഈ ഉപദേഷ്ടാവ് അവിടുത്തെ അനുകരിപ്പാൻ നിശ്ചയിച്ചതു്. എന്നാൽ അവിടുന്ന് അനുസരിച്ചിരുന്ന പൂർണ്ണദാരിദ്ര്യംകണ്ടപ്പോൾ അവന്റെ അബദ്ധധാരണവിട്ട് ആ ദാരിദ്ര്യത്തിന്റെ ഓഹരി സ്വീകരിക്കുന്നതിനുപകരം അതിൽ വിമുഖതപ്രദർശിപ്പിച്ചു മടങ്ങിപ്പോകുകയാണുണ്ടായതു്.

പ്രായോഗികചിന്ത:- സുവിശേഷസിദ്ധാന്തപ്രകാരമുള്ള

ദാരിദ്ര്യവും, എളിമയും അനുസരിക്കുന്ന ജീവിതത്തിനായി ലൗകികമഹിമയും സമ്പത്തും പരിത്യജിപ്പാനുള്ള അനുഗ്രഹം നമുക്ക് ലഭിച്ചതിനാൽ നാം എത്രയോ ഭാഗ്യവാന്മാരാണ്. എങ്കിലും ഇനി നമുക്ക് ഭയപ്പെടുവാൻ ഒന്നുമില്ലെന്ന് വിചാരിക്കരുത്. എന്തുകൊണ്ടെന്നാൽ ദൈവം തങ്ങൾക്കു നിശ്ചയിച്ച ജീവിതാവസ്ഥയേക്കാൾ കൂടുതൽ ബഹുമാനപ്രദമായ സ്ഥാനങ്ങളെ അഗ്രഹിച്ചതിനാൽ എത്രയോ സന്യാസികൾ തങ്ങളുടെ വിശുദ്ധ ജീവിതാവസ്ഥയേയും അതോടുചേർന്ന നിരവധി ദൈവദാനങ്ങളെയും പരിത്യജിച്ചിട്ടുണ്ട്! ചരിത്രത്തിൽ ഈവക ശോഷ്ടാന്തങ്ങൾ ധാരാളംകാണാം.

സ്നേഹപ്രകരണങ്ങൾ:- ലൗകികസമ്പത്തും ബഹുമാനവും പരിത്യജിച്ചുകൊണ്ട് സന്യാസദാരിദ്ര്യത്തിലും എളിമയിലും മരണംവരെ സ്ഥിരമായിനില്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ദൈവം നമ്മെ ഈ വിശുദ്ധജീവിതത്തിലേയ്ക്ക് വിളിച്ചതിനെക്കുറിച്ച് അങ്ങയോട് നന്ദിപറയുവാനും, ഈ ജീവിതത്തിൽ മരണപര്യന്തം നിലനില്പാനുള്ള കൃപാരം അപേക്ഷിപ്പാനും ഒരുദിവസവും നാം ഉപേക്ഷവരുത്തരുത്.

രണ്ടാംവകുപ്പ്

മാതാപിതാക്കന്മാരിൽനിന്നുള്ള വേർപാട്

ധ്യാനം:- ആ ഉപദേഷ്ടാവു പോയശേഷം തന്റെ പ്രസംഗംകേട്ടിരുന്നവരിൽ ഒരാളെ ഈശോ സസന്തോഷം നോക്കി. ആ ഉപദേഷ്ടാവിന്റെ അയോഗ്യതയാൽ അവന്നു നഷ്ടമായ പ്രേഷിതവൃത്തിയ്ക്ക് ഈ മനുഷ്യനെ വിളിക്കുവാൻ അവിടെയ്ക്ക് കരുണയുണ്ടായി. ഇതിനാൽ അവിടുന്ന് അയാളോട് നീ എന്നെ അനുഗമിക്കുക എന്ന് അരുളിച്ചെയ്തു. അവിടുത്തെ അനുഗമിപ്പാൻ അയാൾ ഒരുങ്ങിയിരുന്നു എങ്കിലും, അതു് ഉടനെ ചെയ്യുന്നതു് വളരെ വിഷമമായി അയാൾക്കു തോന്നി. അതിനാൽ കർത്താവെ, ഞാൻ ആദ്യംതന്നെപോയി എന്റെ പിതാവിനെ സംസ്കരിക്കുവാൻ അനുവദിക്കുക; എന്ന് അവൻ പറഞ്ഞു. (അതായതു്, വയോവൃദ്ധനായ പിതാവിന്റെ മരണംവരെ അയാളോടുകൂടെ താമസിപ്പാൻ അനുവദിക്കേണമെ; അതുകഴിഞ്ഞുവന്ന്

അങ്ങെ അനുഗമിച്ചുകൊള്ളാം എന്നു സാരം) എന്നാൽ നമ്മുടെ കർത്താവു് അവന്റെ അപേക്ഷ നിഷേധിച്ചുകൊണ്ടു്: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ" എന്നതെ അരുളിയതു്. (ലൂക്കാ. ൯. ൫൯, ൬൦.)

പ്രായോഗികചിന്ത:- മാതാപിതാക്കന്മാരുടെ സ്നേഹമോ, അവരുടെ വിരോധമോ, നിന്റെ ദൈവവിളി നിറവേറുന്നതിനു് നിനക്കു വിഘ്നമായിട്ടില്ലെങ്കിൽ; നിന്റെ ഈ ഭാഗ്യത്തെക്കുറിച്ചു് ദൈവത്തോടു് സദാ നീ നന്ദിപ്രദർശിപ്പിക്കണം. എന്നാൽ പലരും അകപ്പെട്ടുപോയിരിക്കുന്ന വേറൊരുവിപത്തുണ്ടു്; അതിൽ കുടുങ്ങാതിരിക്കാൻക്രടെ സൂക്ഷിക്കണം. മാതാപിതാക്കന്മാർ ഞെരുക്കത്തിലും സങ്കടത്തിലും ആയിരിക്കുന്നതു കണ്ടിട്ടു് അവരെ ആശ്വസിപ്പിക്കുകയൊ സഹായിക്കുകയൊ ചെയ്യണമെന്നുകരുതി തങ്ങളുടെ വിശുദ്ധ ജീവിതിസ്ഥിതിയെ തൃജിക്കുക എന്നിതാണു് ആ വിപത്തു്. ഇതിൽ പലർ അകപ്പെട്ടുപോയിട്ടുമുണ്ടു്. എന്നാൽ ഇപ്രകാരമുള്ളവർ തങ്ങളുടെ മാതാപിതാക്കന്മാർക്കു് ഒരു വലിയഭാരവും; തങ്ങൾക്കു് മനസ്താപവും, നൈരാശ്യവുമല്ലാതെ സാധാരണമായി മറൊന്നും വരുത്തിവച്ചിട്ടില്ല.

സ്നേഹപ്രകരണങ്ങൾ:- പിശാചിന്റെ സകലതന്ത്രങ്ങളിലുംനിന്നു: കർത്താവെ, ഞങ്ങളെ രക്ഷിക്കേണമെ. (സകലവിശുദ്ധരുടെ ലിത്തനിയ.)

പ്രതിജ്ഞ:- നമ്മുടെ മാതാപിതാക്കന്മാർ ജീവിച്ചിരിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്കുവേണ്ടി പ്രതിദിനം ദൈവത്തോടു് പ്രാർത്ഥിക്കുക. ദൈവശുശ്രൂഷയ്ക്കായി നീ അവരിൽനിന്നു് എത്രയധികം അകന്നിരിക്കുമോ, അത്രയധികം അനുഗ്രഹം അവർക്കു് ദൈവം ചെയ്യും എന്നു് വിശ്വസിച്ചുകൊള്ളുക.

മൂന്നാംവകുപ്പു

ചാർച്ചക്കാരിലും സ്നേഹിതന്മാരിലുംനിന്നുള്ള വേർപാടു്

ധ്യാനം:- നമ്മുടെകർത്താവിന്റെ ക്ഷണം സ്വീകരിക്കുന്നതിൽ വിളംബംവരുത്തുവാൻ ആഗ്രഹിച്ച വേറൊരുവനെക്കുറിച്ചും വി. ലൂക്കാസ് എഴുതിയിട്ടുണ്ടു്. അതു് ഇങ്ങനെയാണു്: ഒരു

മനുഷ്യൻ ദിവ്യരക്ഷകനോട് പറഞ്ഞു: കർത്താവെ, ഞാൻ അങ്ങെ അനുഗമിച്ചുകൊള്ളാം. എന്നാൽ ആദ്യം എന്റെ വീട്ടിലുള്ള കാര്യങ്ങളെ ക്രമപ്പെടുത്തുവാൻ എനിക്ക് അനുവദിക്കുക; ഈശോ അവനോട് പറഞ്ഞു; കലപ്പയ്ക്ക് തന്റെ കൈവച്ചിട്ട് പിന്നോക്കംനോക്കുന്ന യാതൊരുവനും ദൈവരാജ്യത്തിന് കൊള്ളുന്നവനല്ല. (ലൂക്കാ. ൯. ന്യഫ, ന്യഢ.)

പ്രായോഗികചിന്ത:- പൂർണ്ണപരിപൂർണ്ണതയുടെ പാഥയിൽ ഈശോയെ അനുഗമിക്കുന്നതിനായി സകലവും പരിത്യജിച്ചവർ തങ്ങളുടെ ചാർച്ചക്കാരുടെയും, സ്നേഹിതരുടെയും അനിത്യനന്മകൾക്കായി പ്രയത്നിക്കാനും, ലോകത്തിൽ വലിപ്പവും പ്രശസ്തിയും പ്രാപിപ്പാനും താല്പര്യപ്പെടാതെ, തങ്ങളുടെ വിശുദ്ധജീവിതഗതിയിൽ അഭിവൃദ്ധിപ്രാപിക്കാനാണ് ഉറപ്പുള്ളവരായിരിക്കേണ്ടത് എന്നതത്രെ മേല്പറഞ്ഞവാഗ്വൃത്താൽ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നത്.

സംഭാഷണം:— ലോകത്തിൽ നിന്നെ നിരന്തരം പരിപാലിക്കുന്നുണ്ടെങ്കിലും ലോകത്തിൽനിന്നും, അതിന്റെ സകല ആകർഷണങ്ങളിലും മായങ്ങളിലുംനിന്നും, പൂർണ്ണമായി വേർതിരിഞ്ഞിരിക്കുന്ന നിന്റെ കാവൽദൂതനോട് സംഭാഷണംചെയ്യുക.

ഇരുപത്താറാം ധ്യാനം

ഈശോയും, തന്റെ ശിഷ്യന്മാരും കൊട്ടുകാറിൽ അകപ്പെട്ടത്

പ്രാരംഭം ഫ. ഈശോ വി. പത്രോസിന്റെ പടവിൽ ഉറങ്ങുകയിൽ അത്ര കോളിൽപ്പെട്ട, മുങ്ങിപ്പോകുമെന്നഘട്ടത്തിൽ എത്തിയിരിക്കുന്നത് കാണുന്നതായി സങ്കല്പിക്കുക.

ഫ. ദൈവപരിപാലനയിൽ ദൃഢമായവിശ്വാസം ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ഈശോയുടെ നിദ്രയും ശിഷ്യന്മാരുടെ ഭയവും

ധ്യാനം:- അന്ന് സന്ധ്യയായപ്പോൾ "നമുക്ക് മറുകരയിലേ

ക്കു് കടക്കാം എന്നു് അദ്ദേഹം അവരോടുപറഞ്ഞു." (മാർക്കൂ. ര്. ന്വ.) പിന്നീടു് അദ്ദേഹം പടവിൽ കയറിയപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ അനുഗമിച്ചു. അപ്പോൾ അതാ പടവു തിരമാലകൾകൊണ്ടു മൂടപ്പെട്ടുവാൻതക്കവണ്ണം കടലിൽ വലിയ കോളുണ്ടായി. എന്നാൽ യേശു ഉറങ്ങുകയായിരുന്നു. (മത്തേ. വ്യ. വ്യ, വ്യ.)

പ്രായോഗികചിന്ത:- മൂന്നു സുവിശേഷകന്മാരും വിവരമായി എഴുതിയിരിക്കുന്ന ഈ സംഭവത്തിൽനിന്നു് ചില സംഗതികൾ നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നുണ്ടു്. നമ്മുടെ കർത്താവു് അവിടെ സന്നിഹിതനായിരുന്നിട്ടും, കൊടുങ്കാറ്റിനാൽ ശിഷ്യന്മാർ കടലിൽ മുങ്ങിപ്പോകുവാൻതക്ക ആപത്തിലായി, ഈ ഭയങ്കരമായ കൊടുങ്കാറ്റിൻമദ്ധ്യേ ഈശോ ഉറങ്ങിയിരുന്നു, എന്നിതുകളാണു് ആ കാര്യങ്ങൾ. ഇതിൽനിന്നു നാം പഠിക്കേണ്ട സാരമായ രണ്ടു പാഠങ്ങളും ഉണ്ടു്. ഫ്ര. ശക്തിമത്തായ, അഥവാ കഠിനതരമായ, ഞെരുക്കങ്ങൾ നാം അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, ദൈവം നമ്മോടു കോപിച്ചു് നമ്മെ പരിത്യജിച്ചിരിക്കുന്നു എന്നു വിചാരിക്കുന്നതു് വലിയ അബദ്ധമാണു്. ര. നമ്മുടെ ദിവ്യരക്ഷകൻ നമ്മോടുകൂടെ ഇല്ലെന്നും നമ്മുടെ രക്ഷയിൽ അങ്ങയ്ക്കു് താല്പര്യമില്ലെന്നു് നാം വിചാരിക്കുന്നതും അബദ്ധംതന്നെ.

സ്നേഹപ്രകരണങ്ങൾ:- നമ്മുടെ ഭീരുത്വത്തെയും, അടിസ്ഥാനരഹിതമായ ഭയത്തെയുംകുറിച്ചു് ക്ഷമാപണംചെയ്യുക.

പ്രതിജ്ഞ:- ദുരാശകളായ തിരമാലകൾ നമുക്കുചുറ്റും പൊങ്ങിവരുമ്പോൾ ദൈവപരിപാലന നമ്മുടെ ആശ്രയമായിക്കരുതി, അവിടെ നമുക്കു് അഭയംപ്രാപിക്കാം. ഇപ്രകാരം നാം ചെയ്യുമ്പോൾ, ഈശോയുടെ നിദ്രയാൽ സൂചിപ്പിക്കപ്പെട്ടുന്ന ആശ്വാസം നമുക്കും അനുഭവപ്പെടും. അവിടുന്നു് പടവിൽ അമരത്തു് ഒരു തലയിണമേൽ ഉറങ്ങിയിരുന്നു എന്നു് വി. മാർക്കൂസ് പറയുന്നു. (മാർക്കൂ. ര്. ന്വ.)

രണ്ടാംവകുപ്പു്

ശിഷ്യന്മാർ ഈശോയോടു് സഹായം അപേക്ഷിക്കുന്നു

ധ്യാനം:- കപ്പൽ മുങ്ങിപ്പോകാതിരിക്കാനായി തങ്ങൾ ചെ

യ്തതെല്ലാം വ്യർത്ഥമായി എന്ന് ശിഷ്യന്മാർകണ്ടപ്പോൾ, അവർ നമ്മുടെകത്താവിന്റെപക്കൽ അടുത്തു് അഭ്യർത്ഥന ഉണർത്തി, കത്താവെ, ഞങ്ങളെ രക്ഷിക്കണമെ, ഞങ്ങൾ നശിച്ചുപോകുന്നു. (മത്ത്. വ. ൮.) ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിനെക്കുറിച്ചു് അങ്ങയ്ക്കു ചിന്തയില്ലയൊ? (മാർക്ക. ൪. ൩൮.) എന്നു പറഞ്ഞു. അപ്പോൾ യേശു അവരോടു്: അല്പവിശ്വാസികളെ, നിങ്ങൾ എന്തിനു് ഭീരുക്കളായിരിക്കുന്നു. എന്നരുളിച്ചെയ്തു. (മത്ത്. വ. ൨൬.) ഇവിടെ ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. തന്നെ ഉണർത്തിയതിനേയും അസാദ്ധ്യപ്പെടുത്തിയതിനേയുംകുറിച്ചല്ല, ദൈവപരിപാലനയിൽ അവർക്കുണ്ടായിരുന്ന വിശ്വാസക്കുറവിനേക്കുറിച്ചുമാത്രമാണു് ക്രിസ്തു അവരെ ശകാരിച്ചതു്.

പ്രായോഗികചിന്ത:- നമുക്കുണ്ടാകുന്ന എല്ലാവിധ അനർത്ഥങ്ങളിലും ഈ ശിഷ്യന്മാരെ അനുകരിച്ചു് നാമും ഈശോയുടെപക്കൽ അഭയംപ്രാപിക്കണം. എന്നാൽ ഇപ്രകാരം ചെയ്യുന്നതിനു് അവരെപ്പോലെ അവസാനഘട്ടത്തോളം നാം താമസിക്കുന്നതു് ശരിയല്ല; വിശിഷ്യാ നാം അനുഭവിക്കുന്ന കഷ്ടതകളും നമ്മുടെ പ്രാർത്ഥനകളും ഗവനിക്കാതെ അവിടുന്നു നിഷ്ക്രിയനായിരുന്നു എന്നു് തോന്നിയാലും, നാം അവിശ്വാസിക്കുകയൊ അവിടുത്തെ ദിവ്യപരിപാലനമേൽ നിരാശപ്പെടുകയൊ ചെയ്യാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. എന്തുകൊണ്ടെന്നാൽ അവിടുന്നു് സകലവും അറിയുന്നുണ്ടു്. നാം ഏറ്റവുംവലിയ ആത്മാഭിവൃദ്ധിപ്രാപിപ്പാൻവേണ്ടി നമ്മുടെ അപേക്ഷ കേൾപ്പാൻ താമസിക്കുമാത്രമെ ചെയ്യുന്നുള്ളു. ഈ കാര്യത്തിൽ നിങ്ങൾക്കു് അവജ്ഞയുണ്ടായിട്ടില്ലെ? വ്യർത്ഥഭയംകാരണത്താൽ പലപ്പോഴും നീ അധൈര്യപ്പെട്ട ദൈവപരിപാലനയ്ക്കുവിരോധമായ വിചാരങ്ങൾക്കധീനനായിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:- വ്രതാനുഷ്ഠാനംകൊണ്ടു് ദൈവത്തുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിരിക്കുന്നവരെപ്പറ്റിയുള്ള പ്രത്യേകദൈവപരിപാലനയെ ഓർത്തു നീയും ദൈവാനുഗ്രഹത്തിൽ പൂർണ്ണമായി ആശ്രയിക്കുക.

പ്രതിജ്ഞ:- നൈരാശ്യവും അധൈര്യവും നിനക്കു തോന്നുമ്പോൾ "കത്താവു് എന്നെ ഭരിക്കുന്നു എനിക്കു് യാതൊരു പോരായ്മയും വരികയില്ല" എന്നു് വിശുദ്ധ ദാവീദുരാജാവു പറഞ്ഞി

രുന്ന വാക്കുകളെത്തന്നെ ആവർത്തിക്കുക.

മൂന്നാംവകുപ്പ്

ഈശോ ഏകവാക്കാൽ കൊടുങ്കാറ്റിനെ ശമനംവരുത്തുന്നു

ധ്യാനം:- തന്റെ ദൈവികശക്തി പ്രദർശിപ്പിക്കാനും, തന്റെ ശിഷ്യരെ പ്രത്യാശയിൽ സ്ഥിരപ്പെടുത്തുവാനുമായിമാത്രം ഈ കൊടുങ്കാറ്റുണ്ടാകുവാൻ ഈശോ അനുവദിച്ചിരുന്നതിനാൽ, അവിടുന്ന് ഏകവാക്കാൽ അതിനെ ശമിപ്പിക്കുകയുംചെയ്തു. അവിടുന്ന് എഴുന്നേറ്റു കാറ്റിനെ ശാസിച്ചു; പ്രശാന്തമാവുക; നിശ്ചലമാവുക എന്ന് സമുദ്രത്തോടു പറഞ്ഞു. അപ്പോൾ കാറ്റു ശമിക്കുകയും കടൽ പ്രശാന്തമാകയുംചെയ്തു. അപ്പോൾ അവർ ഭയഭരിതരായി കാറ്റും കടലുംപോലും ഈശോയെ അനുസരിക്കുന്ന സ്ഥിതിക്ക് ഈശോ ആരായിരിക്കുമെന്നാണ് വിചാരിക്കേണ്ടതു് എന്ന്, തമ്മിൽ പറഞ്ഞിരുന്നു. (മാർക്കോ. ൪. ൩൯, ൪൦.)

പ്രായോഗികചിന്ത:- നമ്മുടെ ദിവ്യരക്ഷകന്റെ മഹിമയും അവിടുത്തെ സർവ്വശക്തിയും ഇവിടെ ഏറ്റവുംതെളിവായി പ്രത്യക്ഷപ്പെടുന്നു. ഇവ ചിന്തിക്കുമ്പോൾ അവിടുത്തെയുള്ളവരാകുവാനും, അവിടുത്തെ പടക്കൊടിയിൻകീഴ് യുദ്ധംചെയ്യാനുമുള്ള ഭാഗ്യംലഭിച്ചതിനെക്കുറിച്ച് സന്തോഷിക്കയും ഇതു വലിയ അഭിമാനമായിക്കരുതുകയും ചെയ്യാത്തവരുണ്ടോ? ഈ ഉന്നത അവകാശം പ്രാപിക്കുന്നതിനുവേണ്ടി അവിടുന്നു നമ്മെ വിളിച്ചതിനെക്കുറിച്ച് അവിടുത്തോടു് നന്ദിപറയുക. ധൈര്യപൂർവ്വം നമ്മെ മുഴുവനും അവിടുത്തേയ്ക്കു സമർപ്പിക്കുക.

സംഭാഷണം:- നമ്മുടെകർത്താവിനോടു സംഭാഷണംചെയ്യുക.

ഇരുപത്തേഴാം ധ്യാനം

ഈശോ കൊടുങ്കാറ്റിനെ ശമിപ്പിക്കുന്നതു്
(തുടർച്ച)

പ്രാരംഭം. ഫ. ശിഷ്യന്മാർ പടവിൽ ഇരുന്നുകൊണ്ട് കൊടുങ്കാറ്റിൽനിന്ന് രക്ഷപ്പെടുവാൻ പരിശ്രമിക്കുന്നതു് കാണുന്നു

തായി സങ്കല്പിക്കുക.

൨. തിരുസ്സഭയേയും ആത്മാവുകളേയും നടത്തുന്നതിൽ ദൈവത്തിന്നുള്ള ഉദ്ദേശ്യങ്ങൾ വേണ്ടവിധം ഗ്രഹിപ്പാൻ ആവശ്യമായ ദൈവാനുഗ്രഹം അപേക്ഷിക്കുക.

ഒന്നാം വകുപ്പു

വി. പത്രോസിന്റെ പടവു് തിരുസ്സഭയ്ക്കു് സദൃശമാകുന്നു

സ്വപ്നം:- വി. പത്രോസിന്റെ പടവു തിരുസ്സഭയുടെ ഒരു സാദൃശ്യമാണു്. ഈപടവു രാത്രിമുഴുവനും കൊടുങ്കാറ്റിന്നും, സമുദ്രതരംഗങ്ങൾക്കും ഇരയായിരുന്നതുപോലെ, തിരുസ്സഭയും, അന്ധകാരനിബിഡവും, വിശ്വാസമെന്ന മങ്ങിയപ്രകാശമല്ലാതെ മാറ്റുനിർദ്ദേശത്തിന്നു മറെറാന്നുമില്ലാത്തതുമായ ലോകമഹാസമുദ്രത്തിൽ യാത്രചെയ്യുന്നു. പിശാചിന്റെയും, അവന്റെ അനുചരന്മാരുടെയും ബദ്ധവൈരത്താലുണ്ടാകുന്ന കൊടുങ്കാറ്റിന്നും ഓളങ്ങൾക്കും അവർ അനുക്ഷണം വിഷയമായിരിക്കുന്നു. നിത്യപ്രഭാതത്തിൽ എത്തുവോളം അതു് അപ്രകാരംതന്നെ ആയിരിക്കുകയുംചെയ്യും. പത്രോസിന്റെ പടവു പലപ്പോഴും മുങ്ങിപ്പോയതായി തോന്നിയിരുന്നതുപോലെ തിരുസ്സഭയും പലപ്പോഴും കൊടുങ്കാറ്റിൽ അധഃപതിച്ചുപോയെന്നു തോന്നിയിട്ടുണ്ടു്. സത്യതിരുസ്സഭ ചുരുങ്ങിയ കാലാവധിക്കുള്ളിൽ നശിച്ചുപോകുമെന്നു് പതിനെട്ടാംനൂറാണ്ടിന്റെ അന്തിമഘട്ടത്തിൽ ദുഷ്ടന്മാർ ധീരധീരം പ്രവചിക്കുകയുണ്ടായി. അവരുടെ പ്രവചനം നിവൃത്തിയായിവരുന്നെന്നും തോന്നിയിരുന്നു. എന്നാൽ ഈ ശോ പടവിൽ ഉറങ്ങുന്നുണ്ടായിരുന്നു. അവിടുത്തെ ദിവ്യജ്ഞാനം നിശ്ചയിച്ചിരുന്നസമയത്തു് അവിടുന്നു് ഉണരുകയും; കൊടുങ്കാറ്റിനെ ശാസിക്കുകയും, തൽമൂലം വലിയസമാധാനമുണ്ടാകുകയുംചെയ്തു. ഭാവികാലങ്ങളിലും ഇതിന്റെസ്ഥിതി ഇങ്ങനെതന്നെ ആയിരിക്കും. ഇതു് എപ്പോഴും ആക്രമിക്കപ്പെട്ടുകയും, മുങ്ങിപ്പോകുമെന്നുതോന്നുകയുംചെയ്യും. എങ്കിലും, ഇതു് എപ്പോഴും ജയംപ്രാപിക്കുകയും തെരിഞ്ഞെടുക്കപ്പെട്ട സകലരോടുംകൂടെ നിത്യദാഗ്രുത്തുറയിൽ ചെന്നുചേരുന്നതുവരെ, ഈലോകസമുദ്രത്തിൽ കൊടുങ്കാറ്റിൻമദ്ധ്യേ അതിന്റെ പ്രയാണം തുടർന്നുകൊണ്ടിരിക്കുകയുംചെയ്യും.

പ്രായോഗികചിന്ത:- ആകയാൽ ദുഷ്ടന്മാർ നമ്മുടെ മാതാവായ തിരുസ്സഭയെ പീഡിപ്പിയ്ക്കയൊ അതിന്റെ തിരുവസ്തുക്കൾ അപഹരിക്കുകയൊചെയ്യുന്നതു കാണുമ്പോൾ നമുക്കു സംഭ്രമമൊ ഇടർച്ചയൊ ഉണ്ടാകരുതു്. വി. അഗസ്തീന്റെ അഭിപ്രായത്തിൽ ഇവയെല്ലാം ആവശ്യമാണു്. എന്തുകൊണ്ടെന്നാൽ ഇവവഴിയായി കർത്താവിക്കുസഭ മനുഷ്യനിർമ്മിതമല്ലെന്നു തെളിയുകയും, ദുഃഖങ്ങളുടെ മദ്ധ്യത്തിൽ അവളുടെ ദിവ്യവരത്തോടു് അവൾ ക്ലേശങ്ങളിൽക്കൂടി അനശ്വരയായിത്തീരുകയും, സമാധാനവും ഐശ്വര്യവുംമൂലമുണ്ടാകുന്ന അധഃപതനവും അബദ്ധങ്ങളും അവളിൽനിന്നു് ദൂരീകരിക്കപ്പെടുകയും, പീഡകളാകുന്ന അഗ്നിയിൽ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടു് അവളുടെ വിശ്വസ്തിയും ശക്തിയും സുസ്ഥിരവും സുദീപ്തവുമായിത്തീരുകയുംചെയ്യുന്നു.

സ്നേഹപ്രകരണങ്ങൾ:- തന്റെ തിരുസ്സഭയെസംബന്ധിച്ചു ദൈവത്തിനുള്ള വിവേകത്തേയും ജ്ഞാനത്തേയും, കണ്ടുവിസ്മയിക്കുക. അവിടുത്തെ വാഴ്ത്തിസ്തുതിക്കുക. അതു ജയംപ്രാപിച്ചു ലോകമെങ്ങും പ്രചരിപ്പാനായി സതീക്ഷ്ണം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- തിരുസ്സഭയെ ആക്രമിച്ചുകൊണ്ടിരിക്കുന്ന ഈ കൊടുങ്കാറുകളെ ശമിപ്പിക്കുന്നതിന് ആ വിശുദ്ധശിഷ്യന്മാരെ അനുകരിച്ചു നമ്മുടെ ദിവ്യഗുരുവിനോടു് പ്രത്യേകം പ്രാർത്ഥിക്കുക. നമ്മാലായവിധം ഇതിന്നായി പ്രയത്നിക്കുക.

രണ്ടാംവകുപ്പു

വി. പത്രോസിന്റെ പഴയ ഒരു വിശ്വസ്തആത്മാവിനെ സുശക്തമാണു്

ധ്യാനം:- ഈശോയുടെയുടെ ശിഷ്യന്മാർ കയറിയിരുന്നതും, കൊടുങ്കാറ്റുകൊണ്ടു് അലഞ്ഞിരുന്നതുമായ കപ്പൽ ഒരു വിശ്വസ്തആത്മാവിനും സഭയുമാകുന്നു എന്നാണു് വി. അഗസ്തീൻ തന്നെ പറയുന്നതു്. ഈ ആത്മാവു് ശരീരത്തോടുകൂടെ ഇഹലോകത്തിൽ ഇരിക്കുന്നിടത്തോളംകാലം ശാശ്വതവും ഭദ്രവുമായ സമാധാനം അതിനില്ല. അതിനു പരീക്ഷകളായ കൊടുങ്കാറുണ്ടാകാത്ത സ്ഥലമോ സമയമൊ ഇല്ല എന്നു്, തോമസ് ആകെമ്പിസ് എഴുതിയിരിക്കുന്നു. നീ സമാധാനത്തിൽ ആയിരിക്ക

ന്ന എന്നു് വിചാരിക്കവെ എന്നല്ല, ഭക്തിയോടുകൂടെയുള്ള പരിശുദ്ധകർമ്മാനുഷ്ഠാനം, ആദ്ധ്യാത്മിക ഏകാന്തദിവസങ്ങളുടെ ആചരണം ആദിയായവയുടെശേഷവും, നീ ഈശോയോടു് ഏറ്റവും അടുത്തിരിക്കുന്ന എന്നു് തോന്നിയാലും പെട്ടെന്നു് സംശയങ്ങൾ, സംഭ്രമങ്ങൾ, മനോവ്യഥകൾ, അശുദ്ധവിചാരങ്ങൾ, ഘോരതരമായ പരീക്ഷകൾ എന്നിവ സമുദ്രത്തിലെ പെരുവെള്ളം തിരമാലകൾക്കുസമം നിന്നെ ആക്രമിക്കും. ഇപ്രകാരമായാലും, നിന്റെ പരീക്ഷയ്ക്കു് ദൈവം അതിരുനിശ്ചയിച്ചിട്ടുണ്ടു് എന്നു് നീ ഓർക്കണം. ആ നിശ്ചയപ്രകാരം അവിചാരിതമായ സമയത്തു് ആശ്വാസവും, സമാധാനവും സിദ്ധിക്കുകയും, കർത്താവിന്റെ ആനന്ദത്തിൽ നീ ലയിക്കുകയുംചെയ്യും. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ വായിക്കുന്നതായാൽ അവരുടെ ജീവിതം ഇപ്രകാരം കൊടുങ്കാറ്റും, സമാധാനവും, ആശ്വാസവും, ആശ്വാസമില്ലായ്മയുംകൊണ്ടു് സമ്മിശ്രമായിരുന്നു എന്നു് കാണാവുന്നതത്രെ.

പ്രായോഗികചിന്ത:— ഇതിൽനിന്നു നാം പഠിക്കേണ്ട സാരമായ പാഠങ്ങൾ പലതുണ്ടു്. ക. ലോകത്തിൽ ശാശ്വതമായ സമാധാനവും, ആശ്വാസവും ലഭിക്കുമെന്നു് ഒരിക്കലും നാം വിചാരിക്കരുതു്. ഖ. എപ്പോഴും ഭയങ്കരമായ കൊടുങ്കാറ്റിനെ എതിരിടുവാൻ ഒരുങ്ങിയിരിക്കണം. ഗ. ആശ്വാസമില്ലാത്ത സമയങ്ങളിലും' പിശാചിനോടുള്ള യുദ്ധസമയത്തിൽകൂടെയും ഈശോ നമ്മോടുകൂടെ ഉണ്ടു്. അവിടുന്നു നമ്മെ സഹായിക്കാതിരിക്കയില്ല എന്ന സത്യം വിസ്മരിക്കുകയോ അതെപ്പറ്റി സംശയിക്കുകയോ ചെയ്യരുതു്. ഘ. നാം മുമ്പുചെയ്തിട്ടുള്ള പ്രതിജ്ഞകളെ ഇപ്രകാരമുള്ള സമയങ്ങളിൽ ലംഘിക്കാതിരിപ്പാൻ പ്രത്യേക സൂക്ഷ്മതയുണ്ടായിരിക്കണം. ങ. നമ്മുടെ കർത്താവിന്റെ വിശുദ്ധ ശിഷ്യന്മാരെപ്പോലെ എളിമയോടുകൂടിയ പ്രാർത്ഥനയാൽ നമ്മുടെ കർത്താവിനെ ഉണർത്തുകയും അവിടുത്തെ സഹായം അന്വേഷിക്കയുംചെയ്യണം. ന. സമാധാനം ഉണ്ടാകുമ്പോൾ കൊടുങ്കാറ്റിന്റെസമയത്തു നമ്മുടെ സ്ഥിതി എന്തായിരുന്നു എന്നു പരിശോധനചെയ്വാനും ഉപേക്ഷ വരുത്തരുതു്.

ഈ സദുപദേശങ്ങളും നിന്റെ ആദ്ധ്യാത്മികഗുരുക്കന്മാരുടെ പ്രമാണങ്ങളും നീ ഏതുവിധം അനുസരിച്ചുവരുന്നു? വല്ലവീ

ഴ്ചയും നിന്നിൽ വന്നിട്ടുണ്ടെങ്കിൽ മേലാൽ അപ്രകാരംവരാതിരി പ്പാൻ സ്ഥിരപ്രതിജ്ഞചെയ്യുക.

സംഭാഷണം:— നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക. വിശ്വാസത്തിന്റെ ശോഭനമായ പ്രകാശത്താൽ ന മ്മുടെയും മറ്റുള്ളവരുടെയും ബുദ്ധിയെ തെളിയിച്ചു ധൈര്യപ്പെ ടുത്തുവാനും, തിരുസ്സഭയെ അവിടുന്നു നടത്തുന്ന രഹസ്യമാർഗ്ഗ ങ്ങൾ അറിവാൻ ത്രാണിയുള്ളവരാക്കുവാനും, അവിടത്തോടു അ പേക്ഷിക്കുക. ക്രൂശതെയും മുകളിൽപറഞ്ഞിരിക്കുന്ന ഉപദേശ ങ്ങൾക്കനുസരണമായി പ്രവർത്തിപ്പാൻവേണ്ട ദൈവാനുഗ്രഹവും അപേക്ഷിക്കുക.

ഇരുപത്തെട്ടാം ധ്യാനം

ഈശോ ജെരസേന്യരോട്ടുകൂടെ വസിക്കയും പിശാചുബാ ധിതരെ സുഖപ്പെടുത്തുകയുംചെയ്യുന്നു.

പ്രാരംഭം ൧. ആ ദേശത്തിലുണ്ടായിരുന്ന ഒരു പിശാചുബാ ധിതൻ നമ്മുടെകർത്താവിന്റെ പാദത്തിങ്കൽ ഇരിക്കുന്നതും, അ വിടുന്നു് അശുദ്ധാത്മാവിനെ ഈ മനുഷ്യനിൽനിന്നു് ഇറങ്ങിപ്പോ കെന്നു ആജ്ഞാപിക്കുന്നതും കേൾക്കുന്നതായി സങ്കല്പിക്കുക.

൨. പൂർണ്ണമായി വിഷയവിരക്തിക്കുള്ളവരം പ്രാപിപ്പാനാ യി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പിശാചുബാധിതനായ ഒരു ജരസേന്യന്റെ ദുർഭാഗ്യം

ധ്യാനം:— പ്രകൃതികളും പഞ്ചഭൂതങ്ങളും കീഴ്വഴങ്ങുന്നുഎ ന്നു പ്രത്യക്ഷപ്പെടുത്തിയശേഷം അശുദ്ധാത്മാവികളും തനിക്കുകീ ഴ്വഴങ്ങുന്നു എന്നുകൂടെ കാണിപ്പാൻ ഈശോതിരുമ്മനസ്സായി. ഇതിനുതക്ക ഒരു അവസരവും ഉടനെ നേരിട്ടു. അതായതു: ജെര സേന്യരുടെനാട്ടിൽ അവിടുന്നു ചെന്നഉടനെ, രണ്ടു പിശാചു ബാധിതന്മാർവന്നു് അവിടുത്തെ പാദത്തുങ്കൽ സാഷ്ടാംഗംവീ ണു. അവരിൽ ഒരുവൻ അശുദ്ധാത്മാവിയാൽ ബാധിതനായിരു ന്നുവെന്നു വി. മാർക്കൂസ് എഴുതിയിരിക്കുന്നു. (മാർക്കൂ. ൫. ൨)

ഇതുകൂടാതെയും അവന്റെ സ്ഥിതി വളരെ നിർഭാഗ്യകരവുമായിരുന്നു. വി. സുവിശേഷകൻ ഈ ഭാഗം വിവരിക്കുന്നതുസൂക്ഷിച്ചാൽ, അശുദ്ധത എന്ന ദുർഭൂതത്തിന്നു ദാസ്യപ്പെട്ടിരിക്കുന്ന ഒരു സന്ന്യാസിയുടെ, അഥവാ ഒരു ക്രിസ്ത്യാനിയുടെ, നൈർഭാഗ്യത്തെ നമ്മുടെ ആത്മികനേത്രങ്ങളുടെ മുമ്പാകെ വയ്ക്കുന്നതായി തോന്നിയേക്കാം. അങ്ങനെ, അവനെ ചങ്ങലകൾകൊണ്ടുപോലും ബന്ധിച്ചുനിറുത്തുവാൻ ആർക്കും കഴിഞ്ഞിരുന്നില്ല. എന്തെന്നാൽ: അവൻ പലപ്പോഴും ചങ്ങലകളാലും, വിലങ്ങുകളാലും ബന്ധിക്കപ്പെട്ടിരുന്നെങ്കിലും അവയെ അവൻ ഖണ്ഡിച്ചിരുന്നു. (മാർക്ക. ൪. ൫, ൪) ക്രൂരതയും ആർക്കും ആ വഴിയെ കടന്നുപോകുവാൻ വഹിയാഞ്ഞവണ്ണം അവൻ അത്യുഗ്രനായിരുന്നു. (മത്തേ. ൮. ൨൮) ഈശോ ആ അശുദ്ധാത്മാവിനോടു പേർ ചോദിച്ചപ്പോൾ, ഞങ്ങൾ പലരാകകൊണ്ടു, വാഹിനി, എന്നതെ എനിക്കു പേർ എന്നു് അവൻ പറഞ്ഞു. ഇതിനുംപുറമെ അവൻ വസ്ത്രംധരിക്കാതെ രാവുംപകലും കല്ലറകളുടെയിടയിലും, മലകളിലും വസിക്കുകയും, നിലവിളിച്ചുകൊണ്ടും, കല്ലുകളാൽ തന്നെത്താൻ മുറിപ്പെടുത്തിക്കൊണ്ടുംവരികയും ചെയ്തിരുന്നു. (ലൂക്കാ. ൮. ൨൭. മാർക്ക. ൫. ൧൮, ൫)

പ്രായോഗികചിന്ത: — അശുദ്ധതയ്ക്കടിമപ്പെട്ടുന്ന മനുഷ്യന്റെ നിർഭാഗ്യസ്ഥിതി ഒരു ചിത്രത്തിലെന്നോണം ഇവിടെ നാം കാണുന്നു. അതെങ്ങിനെയെന്നാൽ: ൧. അവൻ ദുരാശയാൽ ഉന്മത്തനായിത്തീരുകനിമിത്തം അവനെ അമർത്തുവാനും തട്ടപ്പാനും യാതൊരുവിധത്തിലും കഴിയുന്നതല്ല. തന്റെ സൽകീർത്തി, ആരോഗ്യം, വൈഭവകാന്തസ്സിന്റെ ഔന്നത്യം, സന്ന്യാസവ്രതങ്ങളുടെ വിശുദ്ധി ഇതുകളൊന്നുതന്നെ അവൻ സാരം വയ്ക്കയില്ല. ദൈവക്രോധത്തിന്റെ ഭയങ്കരത, വിധിയുടെ കാക്കശ്യം, നരകപീഡ; എന്നിവ കേട്ടാലും അവന്നു് ഒരു കുലുക്കവുമുണ്ടാകയില്ല. ൨. അന്യരേയും വശീകരിച്ചു് അവരെ തന്റെ സഹകാരികളും, ബലികളും ആക്കുവാൻ സദാ ശ്രമിക്കുന്നതിനാൽ, അവനോടു് അടുക്കുന്നവർ ദുർഭഗരായിത്തീരും. ൩. അശുദ്ധത എന്ന ദുർഭൂതം, വേറെ നിരവധി പാപങ്ങളെക്കൂടെ സംവഹിക്കുന്നതിനാൽ അതിനു വാഹിനി എന്നീ നാമം ഏറ്റം യുക്തമായിട്ടുണ്ടു്. ൪. പിശാചുബാധിതൻ വസ്ത്രംധരിക്കാതെ കാട്ടുമൃഗങ്ങളെപ്പോലെ അലറിക്കൊണ്ടു ചുറ്റിനടക്കുന്നു. മ

മനുഷ്യൻ മഹത്വസ്ഥിതിയിൽ ഇരുന്നപ്പോൾ അതു ഗ്രഹിച്ചില്ല; ഇതിനാൽ അവൻ ബുദ്ധിയില്ലാത്ത മൃഗങ്ങളോടുതുല്യനാക്കപ്പെട്ടകയും, അവയുടെ സമമുള്ളവനായിത്തീരുകയുംചെയ്തു. (സങ്കീ. ൪൯, ൧൨) എന്ന വേദവാക്യം അവനിൽ എത്ര അന്വർത്ഥമായിരിക്കുന്നെന്നു നോക്കുക! മനുഷ്യരുമായുള്ള സഹവാസം ദുസ്സഹവും ഏകാന്തവാസം ദുർഭഗവുമായിത്തീരുന്നു. തന്റെ ദുരവസ്ഥയെക്കുറിച്ചു് അവൻ നിരന്തം പ്രലപിക്കുന്നു. എങ്കിലും ഈ സ്ഥിതിയിൽനിന്നു രക്ഷപ്പെടുവാൻ അവനു സാധിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതിനു് അവനു മനസ്സില്ല.

സ്നേഹപ്രകരണങ്ങൾ:— അത്യുദ്ധാരുപിയുടെ അധീനതയിൽ അകപ്പെടാതെ നിന്നെ കാത്തുരക്ഷിച്ചതിനെക്കുറിച്ചു് അഥവാ, അതിനു് അധീനനായിട്ടും അതിൽനിന്നു നിന്നെ രക്ഷിച്ചതിനെക്കുറിച്ചു, ദൈവത്തോടു സദാ നന്ദിപറയുക. ആപൽക്കരമായ മായങ്ങളാലും വ്യാജശ്രദ്ധയാലും, ആപത്തിൽ കൂടുങ്ങാതിരിക്കാൻ— സ്വശക്തിയിൽ ആശ്രയിച്ചുംകൊണ്ടു് ആപൽക്കരഹേതുക്കളിൽ അകപ്പെടാതിരിക്കാൻ— വേണ്ടി നിന്നെത്തന്നെ ഈശോയ്ക്കു മറിയത്തിനും ഭരമേൽപിക്കുക.

പ്രതിജ്ഞ:— നമ്മുടെ പ്രായമൊ അവസ്ഥയൊ ഏതുതന്നെ ആയിരുന്നാലും നമ്മുടെ ശക്തിയിൽ വിശ്വസിക്കാതെ എപ്പോഴും ഉണർവ്വോടുകൂടെയിരിക്കുക.

രണ്ടാംവകുപ്പു

പിശാചുബാധയിൽനിന്നു രക്ഷപ്പെട്ടശേഷം അതു മനുഷ്യനുണ്ടായ സന്തോഷം

ധ്യാനം:— ഈ മനുഷ്യന്റെ ഭയങ്കരസ്ഥിതികണ്ടു് ഈശോയ്ക്കു കരുണതോന്നി. "അത്യുദ്ധാരുപീ, ഈ മനുഷ്യനിൽനിന്നു് ഒഴിഞ്ഞുപോക" എന്നു് അവനു കല്പിച്ചു. ആ പിശാചുക്കൾ ഇപ്രകാരം അവനെവിട്ടു പുറപ്പെടുന്നതിനു നിർബന്ധിതരായപ്പോൾ അടുത്ത മലയിൽ മേഞ്ഞുകൊണ്ടിരുന്ന പന്നിക്കൂട്ടത്തിൽ പ്രവേശിക്കാൻ അവരെ അനുവദിക്കേണമെന്നു് അവർ അങ്ങയോടു് അപേക്ഷിച്ചു...അപ്പോൾ ഏകദേശം രണ്ടായിരത്തോളം വരുന്ന ആ പന്നിക്കൂട്ടം കീഴ്ക്കാംതുക്കമായ(ഇടത്തുടെ) കടലിലേക്കു് അത്യുഗ്രംപായുകയും കടലിൽ

ശ്വാസംമുട്ടി ചാകുകയുംചെയ്തു. (മാക്കു. ൫. ൧൯, ൨൦) ആക്ഷണത്തിൽ പിശാചുബാധിതൻ സുഖപ്പെടുകയും ശാന്തവും സമാധാനവുമുള്ള ഒരു ചെമ്മരിയാടിനെപ്പോലെ ആയിത്തീരുകയും ചെയ്തു. ഈ അത്ഭുതംകേട്ടു നാനാദിക്കിലുംനിന്നു ക്രൂട്ടമായി വന്നുകൂടിയ ജനങ്ങൾ, പിശാചാവിഷ്ടനായിരുന്നവൻ വസ്ത്രം ധരിച്ചും സുബോധവാനായും ഇരിക്കുന്നതുകണ്ടു വിസ്മയിച്ചു. (മാർക്കു. ൫. ൧൫) പിശാചുബാധയിൽനിന്നു രക്ഷപ്പെട്ടവൻ തൻറെ നന്ദിയെ ഏതുപ്രകാരം പ്രദർശിപ്പിക്കേണ്ടുഎന്നറിയാതെ അങ്ങേ ശിഷ്യനായി അങ്ങയെ അനുഗമിക്കുന്നതിനു് അനുവദിക്കേണമെന്നു് ഈശോയോടു് അപേക്ഷിച്ചു. എന്നാൽ ഈശോ അവൻറെ നല്ല ആഗ്രഹംകൊണ്ടു തൃപ്തിപ്പെട്ടുവെങ്കിലും, അവനെ സ്വീകരിക്കാതെ, നീ സ്വഗൃഹത്തിൽ നിൻറെ ആളുകളുടെ അടുക്കലേയ്ക്കു പോയി കർത്താവു നിനക്കു് എത്ര വലിയ കാര്യങ്ങൾ ചെയ്തു എന്നു്...അവരോടു് അറിയിക്കുക എന്നു് അരുളുകയത്രെ ഉണ്ടായതു്. അതുകയാൽ അവൻപോയി യേശു തനിക്കു് എത്രവലിയ കാര്യങ്ങൾചെയ്തു എന്ന തൊക്കാപ്പൊലീസിൽ പ്രഘോഷിച്ചുതുടങ്ങി. എല്ലാവരും ആശ്ചര്യപ്പെടുകയുംചെയ്തു. (മാക്കു. ൫. ൧൮, ൨൦)

പ്രായോഗികചിന്ത:— ഈശോ നമുക്കുചെയ്തുതരുളിയ എല്ലാ അനുഗ്രഹങ്ങളേയുംപറ്റി പലപ്പോഴും ചിന്തിക്കുകയും അവിടുത്തെ കരുണാതിരേകത്തെ പ്രസിദ്ധമാക്കുകയുംചെയ്യുക.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, നിൻറെ മഹത്വത്തെ പാടുവാനായി എൻറെ വായ് സ്തുതിയാൽ നിറയട്ടെ. (സങ്കീ. ൭൦, ൨൩)

പ്രതിജ്ഞ:— ഞാൻ ആയിരിക്കുന്നതു് എന്തോ അതു ദേവപ്രസാദവരത്താലാകുന്നു എന്ന വി. പൗലോസിനോടുകൂടെ പറഞ്ഞുകൊണ്ടു നന്ദി പ്രദർശിപ്പിക്കാൻ സവിനയം ശ്രമിക്കുക. (൧. കൊറി. ൧൫, ൧൦)

മൂന്നാംവകുപ്പു്

ജെരസേന്യരുടെ അന്ധത

ധ്യാനം:- സംഭവിച്ചതെല്ലാം അറിഞ്ഞു ക്രൂട്ടംക്രൂട്ടമായി ഓടിക്കൂടിയിരുന്ന ജെരസേന്യർ, ആ സംഭവത്തേയും, തങ്ങളുടെ

പന്നിക്കൂട്ടം നഷ്ടപ്പെട്ടതിനേയുംകുറിച്ച് ഏറ്റവും ഭയപ്പെട്ട് അവിടുന്നു തങ്ങളെ വിട്ടുപോകേണമെന്ന് അവർ ഈശോയോട് അപേക്ഷിച്ചു. അത്ഭുതവും പാപകരവുമായ ഈ അപേക്ഷയ്ക്ക് ശിക്ഷയായി അവിടുന്ന് കപ്പലിൽ കയറി തിരിച്ചുപോയി. (ലൂക്കാ. വ്യ. 8)

പ്രായോഗികചിന്ത:- ദാരിദ്ര്യം എന്ന വ്രതത്താൽ ദ്രവ്യാഗ്രഹത്തിൽനിന്നു നമ്മെ രക്ഷിച്ചതിനെക്കുറിച്ചു ദൈവത്തോടു നന്ദിപറയുക. ദൈവാശ്രിതത്തും, ദൈവത്തിലേക്കും, അങ്ങനെ നമുക്കു വാഗ്ദാനംചെയ്തിരിക്കുന്ന ഭാഗ്യത്തിലേക്കും നമ്മെ നയിക്കാത്തതും ആയവ ഒക്കയിൽനിന്നും പൂർണ്ണമായിവേർതിരിഞ്ഞിരിക്കുക.

സംഭാഷണം:- ഇന്നേദിവസം തിരുസ്സഭ ഏതു വിശുദ്ധന്റെ തിരുനാൾകൊണ്ടാടുന്നോ അദ്ദേഹത്തോടു സംഭാഷണം ചെയ്യുക.

ഇരുപത്തൊമ്പതാംധ്യാനം

ഈശോ കഫാർണ്ണാമ്മിലേക്കു മടങ്ങിപ്പോകുന്നു; ഒരു പക്ഷവാത രോഗിയെ സുഖപ്പെടുത്തുന്നു

പ്രാരംഭം പ്ര. ഒരു പക്ഷവാതരോഗിയെ അവന്റെ കിടക്കയോടുകൂടെ ഈശോയുടെപക്കൽ കൊണ്ടുവരുന്നതു കാണുന്നതായി സങ്കല്പിക്കുക.

പ്ര. ആ രോഗിയിലുണ്ടായിരുന്നതുപോലെയുള്ള വിശ്വാസവും, പ്രത്യാശയും നിനക്കും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

പക്ഷവാതരോഗിയുടെ സജീവവിശ്വാസം

ധ്യാനം:- ഈശോ കഫാർണ്ണാമ്മിലേക്കു തിരിച്ചുചെന്നപ്പോൾ തന്റെനേരെ അവിടത്തെ നിവാസികൾ പ്രദർശിപ്പിച്ച വലിയ താല്പര്യം ജെരുസേനയ്യരിൽനിന്ന് അവിടുത്തയ്ക്കുസിദ്ധിച്ച തിരസ്കരണത്തിന് ഉത്തമപരിഹാരമായിരുന്നു. അവിടുന്ന് വന്നു മുമ്പു വസിച്ചിരുന്ന വീട്ടിൽ പ്രവേശിച്ചു എ

ന്നറിവുവരം ആ ദിഗ്വാസികൾ അറിഞ്ഞുടനെ അങ്ങയെകാണുവാൻചെന്നു. ജനാവലിയുടെ തിരക്കുനിമിത്തം രോഗികൾക്ക് അവിടുത്തെപ്പക്കൽ അടുക്കുന്നതിന്നു് അവിടുന്ന് ഇരുന്നിരുന്ന വീട്ടിൽ പ്രവേശിപ്പാൻ കഴിഞ്ഞിരുന്നില്ല. ഒരു പക്ഷവാതരോഗിയെ നാലുപേർ വഹിച്ചുകൊണ്ടുവന്നു. എന്നാൽ ജനബാഹുല്യംനിമിത്തം അവനെ അകത്തുകടത്തുവാൻ വഴികാണായ്കയാൽ അവർ മേൽപുരയിൽ കയറി ഓട്ടുകൾമാറി നടുവിൽ — യേശുവിന്റെ സമക്ഷത്തേയ്ക്കു — അവനെ കട്ടിലോടുകൂടെ ഇറക്കി. (ലൂക്കാ. ൫. ഫർ. മാക്കു. ൨)

പ്രായോഗികചിന്ത:- ഈശോയുടെ അടുക്കൽ വേഗത്തിൽ ചെല്ലുന്നതിന്നു് അവർ പ്രയോഗിച്ച ഈ ഉപായത്തിൽ അന്തർഭവിച്ചിരിക്കുന്ന ധൈര്യം, ത്രുഷ്ണാന്തി എന്നിവ നമ്മെ അത്ഭുത പരതന്ത്രരാക്കേണ്ടതാണു്. ഇതു നമ്മുടെ ദിവ്യരക്ഷകനെ വളരെ സന്തോഷിപ്പിക്കുകയും തൽനിമിത്തം അവന്റെ അനുഗ്രഹം ഉടനെ സാധിക്കുകയുംചെയ്തു. എന്നാൽ ആ രോഗിയെ ഇതിന്നായി പ്രേരിപ്പിച്ചതു് അവന്റെ രോഗപീഡയും ഈശോവഴിയായി അതിൽനിന്നു സുഖംകിട്ടു എന്നു് അവനുണ്ടായിരുന്ന പ്രതീക്ഷയുമായിരുന്നില്ലെ? നമ്മുടെ ശാരീരികരോഗങ്ങളെപ്പോലെതന്നെ ആത്മികവ്യാധികളേയും, അതിന്റെ പീഡകളേയും നാം ഗ്രഹിച്ചിരുന്നുവെങ്കിൽ, അതിന്നു് ഔഷധംതേടുവാൻ എത്ര ധൈര്യത്തോടും സ്ഥൈര്യത്തോടുംകൂടെ നാം പരിശ്രമിക്കുമായിരുന്നു!(തോമസ് ആ കേമ്പിസ്) മേല്പറഞ്ഞവിധം നാം ചെയ്തിരുന്നെങ്കിൽ, നമ്മുടെ പ്രയത്നവും വേഗത്തിൽ ഫലപ്രദമായേനെ! ക്രൂരതയും പല വർഷങ്ങളായി നമ്മുടെ പുണ്യാഭിവൃദ്ധിക്കു വിഘ്നംചെയ്യുകയും, സുഖപ്പെടുവാൻ അസാദ്ധ്യമെന്നുതോന്നുകയുംചെയ്യുന്ന വല്ലൊരു ആത്മികപക്ഷവാതം നമ്മിലുണ്ടെങ്കിൽ അതു മൂഴുവനായി നീക്കിക്കളവാൻവേണ്ടി പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

സ്വഭാവപ്രകരണങ്ങൾ:— നമ്മുടെ ആത്മികവ്യാധികൾക്കു പ്രതിവിധിചെയ്യുവാൻ സാധിക്കുന്നതിന്നു് അവയെ അറിയുന്നതിനു ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവം നിനക്കനുഗ്രഹിക്കുന്ന പ്രേരണകൾക്കനുകൂലമായി പ്രവർത്തിക്കുന്നതിന്നു് ഒരിക്കലുംതാമസംവരുത്താതിരിക്കുക.

രണ്ടാംവകുപ്പ്

പക്ഷവാതരോഗിക്കു ലഭിച്ച ആത്മികസൗഖ്യത

ധ്യാനം:— യേശു അവരുടെ വിശ്വാസംകണ്ട് ആ പക്ഷവാതരോഗിയോടു: മകനെ, നീ ധൈര്യം അവലംബിക്കുക. നിന്റെ പാപങ്ങളും നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നുഎന്നുപറഞ്ഞു. (മത്തേ. ൯, ൨) അവൻ ശരീരസുഖം ആഗ്രഹിച്ചുായിരുന്നുവെന്നതെങ്കിലും, ആത്മികസുഖംക്രമേണയും അവിടുന്ന് അവനു നൽകി. അവൻ ചെയ്തിട്ടുള്ള സകല പാപങ്ങളെക്കുറിച്ചും ഉത്തമമനസ്താപം അവനു പ്രദാനംചെയ്തുകൊണ്ട് അവയെ പൂർണ്ണമായി മോചിക്കുന്നു. എന്നാൽ അവനു ശരീരസുഖം നൽകുന്നതിനുമുമ്പ് ഇപ്രകാരംചെയ്വാൻ അവിടുന്നു ചിത്തമായതെന്തുകൊണ്ട്? അതു് നാം നമ്മുടെശരീരസുഖത്തെക്കാൾ ആത്മാവിന്റെ സുഖവും ശുദ്ധീകരണവും ക്രുത്തൽതാല്പര്യത്തോടെ അന്വേഷിക്കേണ്ടതാണെന്നു നമ്മെ ഓർപ്പിക്കാൻ വേണ്ടിയല്ലയൊ?

പ്രായോഗികചിന്ത:— ഈ ദിവ്യപ്രബോധനം ഉണ്ടായിട്ടും മനുഷ്യരിൽ ഭൂരിപക്ഷവും അനന്തവിലയുള്ള തങ്ങളുടെ ആത്മരക്ഷയെക്കുറിച്ചു കേവലം നിശ്ചിന്തരായിട്ടാണു ജീവിക്കുന്നതു്. നമ്മുടെ ജീവിതവും ഏകദേശം ഇതുപോലെതന്നെയാണോ? നമ്മുടെ മനോവാക്കർമ്മങ്ങളും പരിശോധിക്കുക. നാം പ്രഭാതത്തിൽ ഉണരുമ്പോൾ നമ്മുടെ പ്രഥമവിചാരം എന്തിനെപ്പറ്റിയാണ്? ഐഹികങ്ങളെക്കുറിച്ചൊ പാരത്രികങ്ങളെക്കുറിച്ചൊ? അങ്ങനെതന്നെ പകൽസമയത്തും നമ്മിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിചാരങ്ങളും എങ്ങനെയുള്ളവയാണ്? ആത്മികരോഗങ്ങളേയും, അതിന്റെ നൈർഭാഗ്യങ്ങളേയും അവയ്ക്കുള്ള പ്രത്യൗഷധങ്ങളേയുംകുറിച്ച് എന്നതിനേക്കാൾ ശരീരികകാര്യങ്ങളേയും അതിന്റെ ഉൽക്കർഷത്തേയുംകുറിച്ചല്ലയൊ? നാം മുഖ്യമായി സംഭാഷിക്കുന്നതും താല്പര്യകാര്യങ്ങളെപ്പറ്റിയല്ലയൊ? നാം നമ്മുടെആത്മാവിനു ഹാനിവരുത്തിക്കൊണ്ടുക്രമേണയും ശരീരത്തെ സന്തോഷിപ്പിക്കുന്നില്ലേ?

സ്നേഹപ്രകരണങ്ങളും:— ഈ വിഷയത്തിൽ നിനക്കുള്ള ആപൽക്കരമായ അന്ധതയെ ഏറ്റുപറയുകയും, അതിനെക്കുറിച്ചു പ്രലപിക്കുകയും, അതിനെ ദ്വേഷിക്കുകയുംചെയ്യുക.

പ്രതിജ്ഞ:- ഞങ്ങളുടെ അന്നദിന അപ്പം ഇന്നും ഞങ്ങൾക്കുതരിക എന്നീജപം ചൊല്ലുമ്പോൾ, ഞാൻ എന്റെ ആത്മികാവശ്യങ്ങളെ പ്രത്യേകാൽ ചിന്തിക്കുകയും, അവയെ എന്റെ ആഗ്രഹവിഷയമാക്കുവാൻ ശ്രമിക്കുകയുംചെയ്യും.

മൂന്നാം വകുപ്പു

പക്ഷവാതക്കാരന്റെ ശാരീരികരോഗം സുഖപ്പെടുന്നു

ധ്യാനം:- അവൻ ആത്മികസ്വസ്ഥതപ്രാപിച്ചുടനെ ശരീരസുഖക്രമേ അവനു ലഭിച്ചു. ഇതു വിസ്മയനീയമായ അത്ഭുതത്താൽ താൻ ദൈവമെന്നും, ഉപദേഷ്ടാക്കന്മാരും ഫരിസേയരും ആക്ഷേപിച്ചിരുന്നതിനു വിപരീതമായി, പാപങ്ങളെ വിമോചിപ്പാനുള്ള അധികാരം തനിക്കുണ്ടെന്നും സകലർക്കും പ്രത്യേകമായി, ഫരിസേയർക്കും ഉപദേഷ്ടാക്കന്മാർക്കും പ്രസിദ്ധപ്പെടുത്തുവാൻ അവിടുന്ന് തിരുച്ചിത്തമായി. ഇതിനാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു് അധികാരമുണ്ടെന്നു് നിങ്ങൾ അറിയേണ്ടതിനു്, [അപ്പോൾ അങ്ങുന്നു് പക്ഷവാതക്കാരനോടു്:] നീ എഴുന്നേറ്റു നിന്റെ കട്ടിൽ എടുത്തു് വീട്ടിലേക്കു പോവുക എന്നരുളിച്ചെയ്തു. അവൻ എഴുന്നേറ്റു തന്റെ വീട്ടിലേക്കു പോകയുംചെയ്തു.

പ്രായോഗികചിന്ത:- ജനാവലിയാകട്ടെ (ഇതു) കണ്ടു് (വിസ്മയിച്ചു) ഭയപ്പെട്ടു, മനുഷ്യർക്കു് ഇപ്രകാരമുള്ള അധികാരം നല്കിയ ദൈവത്തെ സ്തുതിച്ചു. (മത്തേ. വ്യ. വ്യ.) നമുക്കും അവരോടു യോജിച്ചുകൊണ്ടു നമ്മുടെ പാപങ്ങളെ മോചിപ്പാൻ തന്റെ വൈദികർക്കു് അധികാരംനല്കിയ ദൈവത്തെ സ്തുതിക്കാം.

സംഭാഷണം:- കഴിഞ്ഞ രണ്ടുവകുപ്പുകളിൽ കാണിച്ചിരിക്കുന്ന സ്നേഹപ്രകരണങ്ങൾക്കും പ്രതിജ്ഞകൾക്കും യോജിക്കുന്നവിധം നമ്മുടെകർത്താവിനോടു സംഭാഷണംചെയ്യുക.

മുപ്പതാം ധ്യാനം

വി. മത്തേവുസിനെ അപ്പോസ്തോലവൃത്തിക്കു ക്ഷണിക്കുന്നു

പ്രാരംഭം. ഫ. ഈശോ വി. മത്തേവുസിനോടു്: നീ എ

ന്നെ അനുഗമിക്കുക. എന്നു് അരുളിച്ചെയ്യുന്നതു് ആത്മനാ ശ്ര വിക്കുക. (മത്തേ. ൻ. ൻ.)

൨. നിന്റെ വിശുദ്ധദൈവവിളിയുടെ കടമകൾ വിശ്വസ്തതയോടെ നിവർത്തിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

വി. മത്തേവുസിന്റെ അസാധാരണമായ ദൈവവിളി

ധ്യാനം:— ഈശോ കഫാർന്നാംവിട്ടു കടന്നുപോകയിൽ അല്പേവൂസിന്റെ (പുത്രൻ) ലേവി ചുങ്കസ്ഥലത്തു ഇരിക്കുന്നതുകണ്ടു് അയാളോടു്: എന്നെ അനുഗമിക്കുക എന്നരുളിച്ചെയ്തു. (മാക്കൂ. ൨. ൧൪.) ഇതു് അപൂർവ്വവും ആശ്ചര്യജനകവുമായ വിളിയായിരുന്നു. എന്തെന്നാൽ, ഫ. ക്ഷണിക്കപ്പെട്ടവൻ ചുങ്കക്കാരനായിരുന്നു. ഈ ജോലിക്കാർ ന്യായമായ്ക്കണ പണംസമ്പാദിച്ചിരുന്നതുകൊണ്ടു് ഇവർ ജനങ്ങളുടെ വിദ്വേഷവിഷയവും, നിന്ദാപാത്രവുമായിരുന്നു. ൨. പോരെങ്കിൽ അയാൾ പണമെണ്ണിയിരിക്കയിലാണു വിളിക്കപ്പെട്ടതു്. ക്രൂടാതെ യേശു കടന്നുപോകുമ്പോൾ അയാളുടനേരെതിരിഞ്ഞു് അയാളെ ക്ഷണിക്കുന്നതായ ഒരേകവചനംമാത്രമെ അരുളിച്ചെയ്തുള്ളുവെന്നു് വിചാരിക്കാനും ന്യായമുണ്ടു്.

പ്രായോഗികചിന്ത:- നമ്മുടെ ദൈവവിളിയുടേയും സാഫല്യത്തിന്നായ് ആലോചിച്ചാൽ പലവിധത്തിലും മേൽപറഞ്ഞതിനോടു് അനുരൂപ്യമുണ്ടെന്നുകാണും. നമ്മെക്കാൾ അധികം ഉത്തമന്മാരായവർ പലരുണ്ടായിരുന്നിട്ടും, അവരിൽ ആരെയും അങ്ങനു് തെരിഞ്ഞെടുക്കാതെ നമ്മെ തെരിഞ്ഞെടുത്തു. ഇതുമല്ല ഒരുപക്ഷെ നാം വല്ല ദുരാശയെ തൃപ്തിപ്പെടുത്തുവാൻ അഥവാ, അയോഗ്യമായ വല്ല പ്രവൃത്തിചെയ്വാൻ ഭാവിച്ചിരിക്കയാലായിരിക്കാം അവിടുന്നു് നമ്മെ വിളിച്ചിട്ടുള്ളതു്. ഇപ്രകാരമാകുന്നെങ്കിൽ ഈ മഹാകരുണയ്ക്കു് എത്രവലിയ നന്ദി നാം കാണിക്കേണ്ടിയിരിക്കുന്നു?

സ്നേഹപ്രകരണങ്ങൾ:— നിന്റെ കാവൽഭൂതനോടും മല്യസ്ഥരായ വിശുദ്ധരോടും ചേർന്നുകൊണ്ടു്, നിന്റെകർത്താവിനെ

സ്തുതിക്കുക. നിനക്കുള്ള സ്വന്തകളെ തീർപ്പാൻ അവരോട് അപേക്ഷിക്കുക.

പ്രതിജ്ഞ:– ഞാൻ ആശ്വാസരഹിതനായിരിക്കുമ്പോൾ എന്റെ സന്ന്യാസവിളിയിൽ പ്രദർശിപ്പിക്കപ്പെട്ട വിസ്മയനീയ ദൈവാനുഗ്രഹത്തിന്റെ അത്ഭുതങ്ങളെപ്പറ്റി ചിന്തിക്കും.

രണ്ടാംവകുപ്പ്

വി. മത്തേവൂസിന്റെ വിസ്മയനീയമായ വിശ്വസ്തത

സ്വാനം:– വി. മത്തേവൂസ് തന്റെ ദൈവവിളി അനുസരിക്കുന്നതിൽ കാണിച്ച ശ്രദ്ധാന്തിയും വിശ്വസ്തതയും, അയാളുടെ ദൈവവിളിയിൽ സംഭവിച്ചിട്ടുള്ള മറ്റു് അത്ഭുതങ്ങളെക്കാൾ ഒട്ടും ചെറുതല്ല. എന്തെന്നാൽ, ഈശോ അയാളെ വിളിക്കുന്ന സ്വരംകേട്ട ഉടനെ അയാൾ എഴുന്നേറ്റു് അവിടുത്തെ അനുഗമിച്ചു. (മത്ത. ൯. ൯.) വിശ്വാസന്ത്യാഗിയായ ജൂലിയൻ ഇതു് ഒരു വ്യാജവൃത്താന്തം, അഥവാ ട്രാന്തു് ആയിരിക്കേണമെന്നു പറയുന്നു. അതെ, സുഖഭോഗിയും ദ്രവ്യാഗ്രഹിയുമായിരുന്ന ഒരു മനുഷ്യനെ ക്ഷണംകൊണ്ടു് പ്രപഞ്ചപരിത്യാഗിയാക്കിത്തീർക്കുക എന്നിതു, ദൈവാനുഗ്രഹത്തിന്റെ അത്ഭുതത്താലല്ലാതെ മറ്റു വിധത്തിൽ സംഭവിപ്പാൻപാടുള്ളതല്ല. ദൈവവരത്തിന്റെ ഈ വിധഅത്ഭുതങ്ങൾ ലോകം പലപ്പോഴും കണ്ടിരുന്നാലും ഗ്രഹിക്കുന്നില്ല. എന്തെന്നാൽ അതിന്നു വിശ്വാസമില്ല. വിശ്വാസം കൂടാതെ ഇവ ഗ്രഹിപ്പാൻ സാധിക്കയുമില്ല. അതുകൊണ്ടു് ലോകത്തിന്നു് ഇതു് അഗ്രാഹ്യമാണു് എന്നുപറയുന്നതു് വാസ്തവംതന്നെ. എന്നാൽ ഇവയെ ഗ്രഹിക്കുകയും അനുഭവിച്ചറിയുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

പ്രായോഗികചിന്ത:– നാമും ഈ ഭാഗ്യവാന്മാരുടെ ഗണത്തിൽ ചേർന്നവരല്ലയൊ? ഒരുവിധംപറഞ്ഞാൽ നമ്മുടെ പ്രയത്നം ഒന്നുംകൂടാതെ, നമ്മുടെ ഉദ്ദേശത്തിന്നതന്നെയും വിരോധമായി ദൈവാനുഗ്രഹം നമ്മിൽ ചെയ്തിരിക്കുന്ന കാര്യങ്ങൾ അവാച്യങ്ങളല്ലെ? നാം ദൈവാനുഗ്രഹത്തിന്റെ സ്വരം ശ്രവിക്കാതെ, ലൗകികനന്മകളേയും സുഖഭോഗങ്ങളേയുംകുറിച്ചുമാത്രം ചിന്തിച്ചുവരികെ, ദൈവാനുഗ്രഹം എത്രയൊപ്രാവശ്യം നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിച്ചിട്ടുണ്ടു്! ദൈവവും നിത്യതയുംഒഴി

കെയുള്ളതെല്ലാം മായയാകുന്നു എന്നു് നാം ഗ്രഹിക്കുകയും, മനസ്സാലെയുള്ള ദാരിദ്ര്യത്തിൽ എന്നെ അനുഗമിക്കുക എന്നീ സുവിശേഷസദുപദേശപടമനുസരിക്കാൻ നാം നിർബന്ധിതരാകയുംചെയ്തിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:- ശക്തനായവൻ വലിയകാര്യങ്ങൾ എന്നിൽ ചെയ്തു. (ലൂക്കാ. ഫ. ര൯.) എന്ന നമ്മുടെ സഭ്ഗ്ലീയമാതാവിന്റെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടു് ദൈവാനുഗ്രഹം എന്നിൽച്ചെയ്ത വലിയകാര്യങ്ങൾ ഓർത്തു് ഈ നാഥയോടുകൂടെ ഞാൻ സന്തോഷിക്കും.

പ്രതിജ്ഞ:- അധൈര്യം നിന്നെ ആക്രമിക്കുമ്പോൾ ദൈവസഹായത്താൽ നിനക്കു സാധിക്കുന്ന മഹാകാര്യങ്ങളെ ഓർത്തു ധൈര്യപ്പെടുക.

മൂന്നാംവകുപ്പു

വി. മത്തേവുസിന്റെ കൃതജ്ഞതാപ്രകടനം

സ്വാനം:- വി. മത്തേവുസ് ദൈവപ്രകാശനംകൊണ്ടു് തന്റെ ദൈവവിളിയുടെ വിശേഷതയും നന്മയും ഗ്രഹിക്കുകയും, ഇതിന്നായി ദൈവതിരുമുമ്പാകെയും, മനുഷ്യരുടെമുമ്പാകെയും തന്റെ കൃതജ്ഞത പ്രത്യക്ഷപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. ആകയാൽ അയാളുടെവീട്ടിൽ ഒരു മഹത്തായ വിരുന്നിന്നു് നമ്മുടെകർത്താവിനെ ക്ഷണിക്കുകയും, അവിടുന്നു് അതു് സ്വീകരിക്കുകയുംചെയ്തു. ഇതിനെക്കുറിച്ചു് വി. സുവിശേഷത്തിൽ പറയുന്നതു് ഇങ്ങനെയാണു്: ലേവി തന്റെവീട്ടിൽ അങ്ങയ്ക്കായി ഒരു വലിയ വിരുന്നുനടത്തി. (ലൂക്കാ. ഭ. ൫൯.) ക്രൂടാതെ വളരെ ചുങ്കക്കാരും, പാപികളും യേശുവിനോടും അവിടുത്തെ ശിഷ്യന്മാരോടും ഒന്നിച്ചു ഭക്ഷണത്തിന്നിരുന്നു. (മാർക്കൂ. ൨. ഫ൫.) ഈ പുതിയശിഷ്യൻ തന്റെ സഖാക്കളെ ഇപ്രകാരം ക്ഷണിച്ചതു് അവരെ തന്റെ ദിവ്യഗുരുവിന്റെ പാദത്തിൽ കൊണ്ടുവരുവാനും, അവരിൽ ചിലർ തന്നെപ്പോലെ മനസ്സാലെയുള്ള ദാരിദ്ര്യജീവിതം അവലംബിപ്പാൻ ഇടവരുത്തുവാനുമായിട്ടായിരുന്നു. ഇപ്രകാരം അയാൾ തന്റെ പ്രതിനന്ദിയുടെ ലക്ഷ്യം ദിഗ്ദർശനംചെയ്തു.

പ്രായോഗികചിന്ത:- മനുഷ്യരെ ദൈവത്തിലേക്കു് ആകർ

ഷിച്ചുകൊണ്ടും, കഴിയുന്നപക്ഷം അവർക്ക് സന്ന്യാസജീവിത ത്തോടുള്ള സ്നേഹവും ആഗ്രഹവും ജനിപ്പിക്കാൻതക്കതായി നമുക്കുകിട്ടുന്ന അവസരങ്ങളും വിവേകപൂർവ്വം ഫലിപ്പിച്ചുകൊണ്ടും, നമ്മുടെ ദൈവവിളിയെക്കുറിച്ച് നമുക്കും നന്ദികാണിക്കാൻകഴിയും. ഇപ്രകാരം നീ ചെയ്യുവതുണ്ടോ?

സംഭാഷണം:- നവമായി തെരിഞ്ഞെടുക്കപ്പെട്ട ഈ അപ്പോസ്തോലനോട് സംഭാഷണംചെയ്യുക. അയാളെ അഭിവന്ദിക്കുക. ഉദാരമനസ്സ്, ഈശോയുടെനേർക്ക് തീക്ഷ്ണതയുള്ള സ്നേഹം, സന്ന്യാസജീവിതത്തിന്മേൽ വലിയമതിപ്പ് എന്നിവ നിനക്ക് ലഭിച്ചുതരുവാനായി പ്രാർത്ഥിക്കുക.

മുപ്പത്തൊന്നാം ധ്യാനം

നമ്മുടെ ദൈവവിളിയുടെ ഔന്നത്യം

പ്രാരംഭം ഫ. "നിങ്ങൾ എന്നെ തെരിഞ്ഞെടുത്തില്ല. പ്രത്യുത, ഞാൻ നിങ്ങളെ തെരിഞ്ഞെടുക്കയത്രെ ചെയ്തത്" എന്ന് ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക. (യോഹ. ഛ൹. ഫന്ന.)

ഫ. എപ്പോഴും നമ്മുടെ ദൈവവിളിക്ക് അനുയോജ്യമായ ഒരു ജീവിതംനയിക്കുവാൻവേണ്ട ദൈവസഹായംപ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

നമ്മുടെ ദൈവവിളിയുടെ ഉത്ഭവം

സ്വാനം:- നമ്മുടെ ദൈവവിളി സ്വർഗ്ഗത്തിൽനിന്നുള്ളതും, ദൈവികവുമായിരിക്കുന്നു എന്നു പറയാം. എന്നാല്ലാ ഇപ്രകാരമത്രെ പറയേണ്ടതു്. എന്തുകൊണ്ടെന്നാൽ മാതാപിതാക്കന്മാർ, സമ്പത്തു്; സന്തോഷം എന്നാല്ലാ, മനസ്സ്വാഭീഷ്ടയത്തിനു് ഏറ്റം പ്രിയംകരങ്ങളായവ സകലവും സ്വർഗ്ഗിച്ചുകൊണ്ടു്, ആത്മനിഗ്രഹത്തിന്റെയും സ്വയപരിത്യാഗത്തിന്റെയും ജീവിതം അവലംബിക്കുന്നതിനുള്ള ആഗ്രഹം നമ്മിൽ പ്രകൃത്യാ ഉണ്ടാകുമോ? ഇല്ല, ഇതു് എല്ലാ പ്രകൃതിവാസനകൾക്കും വിപരീതമാണു്. ഈ

അഗ്രഹം നമ്മുടെഹൃദയങ്ങളിൽ അങ്കുരിപ്പിച്ചതു് ലോകവുമല്ല എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ ഉഷ്ണിയിൽ ഇതു് അജ്ഞതയും ഭ്രാന്തുമാകുന്നു. പിശാചിന്റെ പ്രേരണയാണു് ഇതു് എന്നു് വിചാരിക്കുവാൻ അശേഷവും ന്യായമില്ല. ഇതു പിശാചിന്റെ ഉദ്ദേശങ്ങൾക്കു് അത്യന്തം വിപരീതമാണു്. അതെ, സന്ന്യാസവൃത്തിയ്ക്കായുള്ള ദൈവവിളി ദൈവത്തിൽനിന്നുള്ളതും ദൈവത്തിൽ നിന്നല്ലാതെ ഉണ്ടായിക്കൂടാത്തതുമായ ഒന്നാണു്. നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു: നിങ്ങൾ എന്നെ തെരിഞ്ഞെടുത്തില്ല; ഞാൻ നിങ്ങളെ തെരിഞ്ഞെടുക്കുകയത്രെ ചെയ്തതു്. (യോ ഹ. ൧൫.൧൬.) (പൂർണ്ണവിരക്തി എന്ന) ഈ വസ്തുത എല്ലാവരും ഗ്രഹിക്കുന്നില്ല; ആർക്കു് ഭാഗ്യമായിരിക്കുന്നുവോ അവർമാത്രം (ഗ്രഹിക്കുന്നു.) (മത്തേ. ൧൯. ൧൧.)

പ്രായോഗികചിന്ത:— ഇപ്രകാരമായിരിക്കെ, നമ്മുടെ ദൈവവിളി സ്വർഗ്ഗത്തിൽനിന്നും ദൈവത്തിൽനിന്നും വരുന്നതാകുന്നു. ഈ ബോദ്ധ്യം നമ്മിൽ ദൃഢമൂലമായിരുന്നാൽ, നമ്മുടെ സകല നിരൂപണങ്ങളും, വചനങ്ങളും പ്രവൃത്തികളും ശ്രേഷ്ഠതരവും ഉദാരപൂർണ്ണവും ആയിരിക്കും. ഈ സത്യത്തിന്റെ ചൈതന്യം നമ്മിൽ ഉണ്ടായിരുന്നാൽ സുഖഭോഗബഹുമാനാദി സ്വാർത്ഥവിഷയങ്ങളെ പിന്തള്ളുന്നതുകൊണ്ടു് വീരോചിതമായ പരിത്യാഗത്തിനും ഹോമത്തിനും അയോഗ്യരായിത്തീരുന്ന സന്ന്യാസികളെ നാം അനുകരിക്കുകയില്ല.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, നിന്റെ പൈതൃകമായ പരിപാലനയെപ്പറ്റിയുള്ള ശ്രേഷ്ഠവിചാരങ്ങൾ എന്നിൽ ഇല്ലാതെയാകുവാൻ നീ അനുവദിക്കരുതേ.

പ്രതിജ്ഞ:— നാം ക്രമേണ അധോഗതിപ്രാപിക്കാതിരിപ്പാനായി എപ്പോഴും ജാഗ്രതകരായിരിക്കുക.

രണ്ടാംവകുപ്പു്

നമ്മുടെ ദൈവവിളിയുടെ ഗതി

ധ്യാനം:— നമ്മുടെ ദൈവവിളിയുടെ ഗതി എന്തു്? നാം സന്ന്യാസജീവിതം അവലംബിച്ചതു് എന്തിന്നു്? ക്ലേശങ്ങൾ ഒന്നും കൂടാതെ സുഖമായി ജീവിക്കുന്നതിന്നായിരിക്കുമോ? അല്ല. ലോകമായബന്ധങ്ങളിലും അതിന്റെ ചതികളിലുംനിന്നു് ഒഴിഞ്ഞും, പാ

പമാഴ്ത്തുംവിട്ടുംകൊണ്ടു നമ്മുടെ നിത്യരക്ഷ സുനിശ്ചിതമാക്കുന്നതിനുമാത്രവുമല്ല. നമ്മെ സന്ന്യാസത്തിലേക്കുവിളിച്ചതിൽപ്പിന്നെ വത്തിനും ഇതിലും ഉയർന്നതായ ഒരുദ്ദേശ്യമുണ്ട്. സുവിശേഷസിദ്ധാന്തങ്ങളും അനുസരിച്ച് ഈശോയോടു കൂടുതൽ അനുരൂപ്യം പ്രാപിക്കുക, സ്വർഗ്ഗത്തിൽ മഹത്വത്തിന്റെയും ഭാഗ്യത്തിന്റെയും ഉയർന്നപദവിയിലെത്തുക എന്നിതാണ് ആ പരമോദ്ദേശ്യം. ചുരുക്കിപ്പറഞ്ഞാൽ ശുദ്ധീകരണസ്ഥലത്തിൽ നാംസഹിക്കേണ്ടവ ഇഹത്തിൽവച്ചുതന്നെ സഹിക്കുവാനും, വിശുദ്ധരാകുവാനുംവേണ്ടിയാണ് നാം സന്ന്യാസികളായതു്.

പ്രായോഗികചിന്ത:- മഹാവിശുദ്ധനായ ബർണ്ണാർദു, ദിവസന്തോറും കാലത്തു് ഉണർന്നാലുടനെ തന്നോടുതന്നെ ഇങ്ങനെ ചോദിച്ചിരുന്നു: ബർണ്ണാർദേ, നീ എന്തിനായിട്ടാണ് ഇവിടെ വന്നതു്? പ്രസ്തുതവാക്കുകൾ പലപ്പോഴും പ്രത്യേകമായി കാലത്തു് ഉണരുമ്പോഴും നാം ഓർത്തുവരുന്നുണ്ടോ? ഇപ്രകാരംചെയ്യുന്നതായാൽ അദ്ദേഹത്തിൽ സംഭവിച്ചതുപോലെ നമ്മിലും ആത്മികശുഷ്കാന്തി വർദ്ധിച്ചു പരിപൂർണ്ണതയുടെ ഉന്നതപദവിപ്രാപിക്കാൻ നമുക്കും ഇടയാകും.

സ്നേഹപ്രകരണങ്ങൾ:- നിന്റെ ദൈവവിളിയുടെ ഔന്നത്യം എപ്പോഴും നന്നായി ഗ്രഹിച്ചുവരുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പ്രതിദിനം കാലത്തു് ഉണരുമ്പോൾ, ഞാൻ എന്തിന്നായി ലോകത്തെ ഉപേക്ഷിച്ചു് ഇവിടെ വന്നുഎന്നു ചിന്തിച്ചു്, വി. ബെർണ്ണാർദു ചെയ്യശീലിച്ചിരുന്ന ആ ഫലസിദ്ധിയുള്ള പ്രകരണങ്ങൾ എന്റെ ജീവിതക്കാലമൊക്കയും ചെയ്തുവരുന്നതിനു് ഞാൻ ശ്രമിക്കും.

മൂന്നാംവകുപ്പു

നമ്മുടെ ദൈവവിളിക്കു് വാശ്ചാനംചെയ്തിരിക്കുന്ന സമ്മാനം

ധ്യാനം:— ഈ വിളി അനുസരിക്കുന്നവർക്കു് നമ്മുടെ ദിവ്യരക്ഷകൻ വാശ്ചാനംചെയ്തിരിക്കുന്ന സമ്മാനം ആലോചിക്കുക. എന്നാൽ ഇതിനെ കൂടുതൽകൂടുതലായിവിലമതിക്കാൻ ഇടയാകും. മറ്റു സൽകൃത്യങ്ങൾക്കു വാശ്ചാനംചെയ്യപ്പെട്ട സമ്മാനങ്ങളെക്കാൾ ഇവ മഹത്പമേറിയതത്രെ. ഇതിനാൽ സന്ന്യാസജീ

ചിതം ശ്രേഷ്ഠതയിൽ മറെറല്ലാവറെറയും അതിശയിക്കുന്ന എന്നുള്ളതു നിസ്സക്കമല്ലയോ? ഈ വാദ്ധാനങ്ങളെക്കുറിച്ചു് സുവിശേഷത്തിൽ എഴുതിയിരിക്കുന്നതുതന്നെ നോക്കുക. ഇതാ ഞങ്ങൾ സകലവും ഉപേക്ഷിച്ചു് നിന്നെ അനുഗമിച്ചു. ആകയാൽ ഞങ്ങൾക്കു് എന്തുണ്ടാകും എന്നു്, വി. പത്രോസ് നമ്മുടെകത്താവിനോടു ചോദിച്ചപ്പോൾ, അവിടുന്നു് അരുളിച്ചെയ്തതു് ഇങ്ങനെയാണു്: ഞാൻ സത്യമായി നിങ്ങളോടുപറയുന്നു: എന്നെ അനുഗമിച്ചവരായ നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹിതസിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും ഇസ്രയേലിന്റെ പന്ത്രണ്ടുഗോത്രങ്ങളെ വിധിക്കുന്നവരായി പന്ത്രണ്ടുസിംഹാസനങ്ങളിൽ ഇരിക്കും. (മത്തേ. ഛൻ. ൨൯.) എന്നെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും, വീടിനെയൊ, സഹോദരന്മാരെയൊ, സഹോദരികളേയൊ, പിതാവിനെയൊ, മാതാവിനെയൊ, സന്താനങ്ങളേയൊ, നിലങ്ങളെയൊ ഉപേക്ഷിച്ചിട്ടു് ഈ കാലത്തിൽ നൂറിരട്ടിയും.....വരുംകാലത്തിൽ നിത്യായുസ്സും പ്രാപിക്കാത്തവൻ ഒരുത്തനുമില്ല. (മാർക്ക. ഛ൦. ൨൯, ൩൦.)

പ്രായോഗികചിന്ത:- ഇവയെല്ലാം നാം നന്നായി ചിന്തിക്കുന്നതായാൽ, നമ്മുടെ ദൈവവിളിയെ ക്രൂടതൽക്രൂടതലായി വിലമതിക്കുന്നതിനു് ബലമേറിയ പ്രേരണയും, അതിൽ നേരിടുന്ന പ്രയാസങ്ങളെജയിച്ചു് അന്ത്യംവരെ അതിൽ സ്ഥിരപ്പെട്ടുനില്ലാനുള്ളധൈര്യവും ഈചിന്തയിൽനിന്നു സിദ്ധിക്കാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ താല്ക്കാലികസമ്മാനത്തെ ഉദ്ദേശിച്ചു് ലോകത്തിനുചെയ്യുന്ന സേവനത്തിൽ ലൌകികർ വലിയ ധൈര്യവും ഔദാര്യവും പ്രദർശിപ്പിക്കുന്നു. എന്നിരിക്കെ ദൈവത്തെയും നിത്യസമ്മാനത്തെയും ഉദ്ദേശിച്ചുപ്രയത്നിക്കുന്ന നാം ധീരതയിലും ഔദാര്യത്തിലും അവരുടെ പിന്നിലാകുന്നതു് നമുക്കു് ലജ്ജാവമല്ലയോ?

സംഭാഷണം:- വിശുദ്ധവും ഭാഗ്യപ്രദവുമായ നമ്മുടെ ദൈവവിളിക്കു് ദൈവംകഴിഞ്ഞാൽ പിന്നെയുള്ള പ്രധാനഹേതുഭൂതയും, തന്നിമിത്തം നമ്മുടെ പ്രത്യേകനന്ദിക്കു് അർഹയുമായ പരിശുദ്ധ അമ്മയോടു് സംഭാഷണംചെയ്യുക.

മുപ്പത്തിരണ്ടാം ധ്യാനം

ഈശോ യായിരുസിന്റെ പുത്രിയെ പുനർജ്ജീവിപ്പിക്കുന്നു

പ്രാരംഭം ക. ഈശോ യായിരുസിന്റെ പുത്രിയുടെ കൈ പിടിച്ചു് അവളെ ഉയിർപ്പിക്കുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഖ. പ്രാർത്ഥനയിൽ വലിയവിശ്വാസവും പ്രത്യാശയും നിനക്കു് തന്നരുളേണമെന്നു് അപേക്ഷിക്കുക.

ഒന്നാം വകുപ്പു്

യായിരുസിന്റെ പ്രാർത്ഥന

ധ്യാനം:— വി. മത്തേവുസിനെ വിളിച്ചതിന്റെ അടുത്തദിവസം സഭാപ്രമാണികളിൽ ഒരുവനായ യായിരുസ് (അവിടെ) വരുന്നു. (യേശുവിനെ) കണ്ടു് അയാൾ അവിടുത്തെ പാദത്തിങ്കൽ പ്രണമിച്ചു. അയാൾ വളരെ യാചിച്ചു് അദ്ദേഹത്തോടു പറഞ്ഞു: എന്റെ മകൾ അസന്നമരണയായിക്കിടക്കുന്നു, അവൾ സുഖപ്പെട്ടു ജീവിക്കുവാൻവേണ്ടി, അങ്ങുന്നുവന്നു് അവളുടെ മേൽ കൈവയ്ക്കുണമെ. (മാർക്കു. ഇ. ഖഖ, ഖന.) ഈ പ്രാർത്ഥന ഈശോയ്ക്കു് ഏറ്റവും പ്രസാദിക്കുകയും, പല അത്ഭുതകൃത്യങ്ങൾക്കു് ഹേതുവായിത്തീരുകയുംചെയ്തു. അതിനാൽ ആ പ്രാർത്ഥനയുടെ ലക്ഷണങ്ങളെക്കുറിച്ചു ധ്യാനിക്കുന്നതു് പ്രയോജനകരമായിരിക്കും. ക. അതു് എളിമയും ഭക്തിയുംഉള്ളതായിരുന്നു. അയാളുടെ വാക്കുകളും പ്രവൃത്തികളും ഇതിനെ പ്രത്യക്ഷീകരിക്കുന്നുണ്ടല്ലൊ. ഖ. വ്യസനപരവശമായ പിതൃഹൃദയത്തിൽനിന്നുപുറപ്പെട്ടതാകയാൽ അതു് തീവ്രവും അനുകമ്പാർഹവുമായിരുന്നു. ഗ. അതു് നിഷ്കപടവും പൂർണ്ണവിശ്വാസവുമായ പ്രത്യാശയോടുകൂടിയതുമായിരുന്നു. യായിരുസ് അനാവശ്യവചനങ്ങളെച്ചേർത്തു് അപേക്ഷയെ ദീർഘിപ്പിക്കാതെ തന്റെ സങ്കടം ചുരുക്കത്തിൽ അറിയിച്ചശേഷം സർവ്വവും യേശുവിന്റെ കരുണയ്ക്കു തിരമേല്പിക്കുന്നു.

പ്രായോഗികചിന്ത: നമ്മുടെ പ്രാർത്ഥനയ്ക്കു് എപ്പോഴും ഈ ഗുണങ്ങളായ ലക്ഷണങ്ങളും ഉണ്ടോ? ദൈവസാന്നിദ്ധ്യത്തിൽ ആ

ചരിയ്ക്കേണ്ട ഭക്തിവിനയങ്ങളോടെയാണൊ നാം പ്രാർത്ഥിക്കുന്നത്? നമ്മുടെ ദൗർഭാഗ്യവും അതിന്ന് പ്രതിവിധിചെയ്വാനുള്ള നമ്മുടെ അശക്തതയും ഗ്രഹിച്ചുകൊണ്ട് ശ്രദ്ധാന്തിയോടെ നാം പ്രാർത്ഥിക്കുന്നുണ്ടോ? തങ്ങളുടെ ആവശ്യനേരത്ത് പിതാവിന്റെഅടുക്കൽ ഓടിച്ചെല്ലുന്നമക്കളിൽ പ്രത്യക്ഷപ്പെടാറുള്ള പാരമാത്മ്യവും പ്രത്യാശയും പലപ്പോഴും അവയിൽ ഇല്ലാതിരുന്നിട്ടില്ലെ? ഈ ചോദ്യങ്ങൾക്ക് നിഷ്പക്ഷമായ പ്രത്യുത്തരംകൊടുക്കുന്നപക്ഷം, പലപ്പോഴും നമ്മുടെ പ്രാർത്ഥന നിഷ്ഫലമായിപ്പോകുന്നതിന്റെകാരണം മനസ്സിലാകാതിരിക്കുകയില്ല.

സ്നേഹപ്രഭാഷണങ്ങൾ:- കർത്താവെ, പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമെ. (ലൂക്കാ. ൧൧. ൧.)

പ്രതിജ്ഞ:- നമ്മുടെ പ്രാർത്ഥനകളിൽ ഇതുവരെയുണ്ടായിരുന്ന ന്യൂനതകൾ എന്തെല്ലാമെന്ന് പരിശോധിച്ചുകണ്ടുപിടിക്കുകയും അതു തീർപ്പാൻ ശ്രമിക്കുകയുംചെയ്യുക.

രണ്ടാം വകുപ്പു

യായിരൂസിന്റെ വിശ്വാസം

ധ്യാനം:- ഈശോ യായിരൂസിന്റെ പ്രാർത്ഥനകേട്ട് ഉടനെ അവനെ അനുഗമിച്ചു; അവന്റെവീട്ടിലേക്കുപോയി. എന്നാൽ വഴിമദ്ധ്യെ യായിരൂസിന്റെ വിശ്വാസം കഠിനമായി പരീക്ഷിക്കപ്പെട്ടു. അതായതു്: അവർ പോകുമ്പോൾ അയാളുടെ വീട്ടിൽനിന്ന് ചിലർവന്ന് നിന്റെമകൾ മരിച്ചുപോയി. ഇനി ഗുരുവിനെ എന്തിന്നു് ക്ലേശിപ്പിക്കുന്നു എന്നുപറഞ്ഞു. (മാർക്കൂ. ൫. ൩൫.) എന്നാൽ യായിരൂസ് ഇതുകൊണ്ടു് വിശ്വാസത്തിൽ ചഞ്ചലിക്കാതെ, ഈശോയുടെനേരെ തിരിഞ്ഞു: എന്റെ മകൾ ഇപ്പോൾ മരിച്ചിരിക്കുന്നു; എങ്കിലും അങ്ങുവന്ന് അങ്ങയുടെ കൈ അവളുടെമേൽ വയ്ക്കേണമെ, എന്നാൽ അവൾ ജീവിക്കും എന്നുപറഞ്ഞു. (മത്തേ. ൯. ൧൮.) ഈശോ അവന്റെ ഈ വചനങ്ങൾകേട്ടു, ഭയപ്പെടേണ്ട, വിശ്വസിക്കമാത്രം ചെയ്യു. എന്നാൽ അവൾ സുഖംപ്രാപിക്കും എന്നു് അരുളിച്ചെയ്തു. (ലൂക്കാ. ൮. ൫൦.) യായിരൂസിന്റെ വിശ്വാസത്തെക്കുറിച്ചോ ആ വിശ്വാസത്തിന്നു സമ്മാനംകൊടുക്കുന്നതിൽ നമ്മുടെ കർത്താവുകാണിച്ച ശ്രദ്ധാന്തിയെക്കുറിച്ചോ ഏതിനെക്കുറിച്ചാണു്

നാം അധികം അത്ഭുതപ്പെടേണ്ടതു്?

പ്രായോഗികചിന്ത:– ഈ യഹൂദപ്രമാണിയുടെ വിശ്വാസത്തെയും, പ്രത്യാശയേയുംകുറിച്ചു്, വിശിഷ്യാ അയാളുടെ വിശ്വാസസ്ഥൈര്യത്തെക്കുറിച്ചു്, നാം വിസ്മയിക്കുക. മാത്രമല്ല, അതിനെ അനുകരിക്കുകയുംചെയ്യേണ്ടതാണു്. എന്തുകൊണ്ടെന്നാൽ സ്ഥിരതയിലാണു് നമുക്കു് പലപ്പോഴും പോരായ്മയുണ്ടാകുന്നതു്. സാമ്പത്തികവൈഷമ്യംപോലും നമ്മെ അധൈര്യപ്പെടുത്തുന്നു. നമ്മെ നിരാശരാക്കുന്നതരത്തിലുള്ള ഒരു സന്ദർഭം തന്നെ നേരിടുമ്പോൾ അയാൾ നിരാശനാകയല്ല ക്രിസ്തുവിൽ പ്രത്യാശ പ്രദർശിപ്പിക്കയാണുചെയ്തതു് എന്നു് നാം ഓർക്കണം. ഇതുകൂടാതെ അയാളുടെ അപേക്ഷ സാധിച്ചുകൊടുക്കുന്നതിൽ ഈശോ പ്രദർശിപ്പിച്ച താല്പര്യവും നാം അനുകരിക്കേണ്ടതാണു്. മറ്റുള്ളവർ നമ്മിൽനിന്നു് എന്തെങ്കിലും സഹായമോ, ശുശ്രൂഷയോ ആവശ്യപ്പെടുന്നതായാൽ, അതു കഴിയുന്നത്രംവേഗം ചെയ്തുകൊടുക്കാൻ നാം ഉത്സാഹിക്കേണ്ടതാണു്. ഉടനെകൊടുക്കുന്നവൻ ഇരട്ടികൊടുക്കുന്നു. നമ്മനസ്സാക്ഷിയുടെ സൽപ്രേരണയ്ക്കനുസരിച്ചു് ചെയ്യുന്ന സൽകൃത്യം യോഗ്യതാർഹമല്ല. അവയുടെ യോഗ്യത നാം നഷ്ടമാക്കിക്കളയുകയത്രെ ചെയ്യുന്നതു്.

സ്നേഹപ്രകരണങ്ങൾ:– വിശ്വാസവും പരസ്നേഹവും, നിന്നിൽ വർദ്ധിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:– കർത്താവെ, ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചുതരേണമെ. ശ്ലീഹന്മാരുടെ ഈ പ്രാർത്ഥന പലപ്പോഴും ആവർത്തിക്കുക. (ലൂക്കാ. ൧൭. ൬.)

മൂന്നാംവകുപ്പു്

യായീരുസിന്റെ വിശ്വാസത്തിനും, പ്രാർത്ഥനയ്ക്കും ലഭിച്ച സമ്മാനം

ധ്യാനം:– അവിടുന്നു് വീട്ടിലേക്കുവന്നപ്പോൾ അകത്തു പ്രവേശിച്ചു്, അവളുടെ കൈപിടിച്ചു് ബാലേ, എഴുന്നേല്ക്കുക എന്നു വിളിച്ചുപറഞ്ഞു. അപ്പോൾ അവളുടെ ആത്മാവു് തിരിച്ചുവരികയും, ഉടനെ അവൾ എഴുന്നേല്ക്കുകയുംചെയ്തു. അനന്തരം അവിടുന്നു് അവൾക്കു ഭക്ഷണംകൊടുപ്പാൻ കല്പിച്ചു. അവളുടെ മാതാപിതാക്കന്മാർ വിസ്മയരിതരായി. (ലൂക്കാ. ൮.

ഫ്രെ, ഒര്, ഒഒ, ഒന്ന.)

പ്രായോഗികചിന്ത:– "ഈ ശ്രുതി ആ രാജ്ഞിത്തെങ്ങുംപ്രചരിച്ചു" എന്ന് വി. മത്തേവൂസ് എഴുതിയിരിക്കുന്നു. (മത്തേ. ൻ. ഫന്ന.) അത്ഭുതപ്പെടുവാനില്ല. മരിച്ചവനെ ഉയിർപ്പിക്കുന്നതു സാക്ഷാൽ അത്ഭുതകൃത്യങ്ങളിൽ അത്ഭുതാവഹമായ ഒന്നുതന്നെയാണ്. എങ്കിലും ആദ്ധ്യാത്മികമൃത്യു അടഞ്ഞിരിക്കുന്ന ഒരു പാപിയുടെ ആത്മികപുനരുത്ഥാനം ഇതിലും അത്ഭുതാവഹമാണെന്ന് വി. ബെർണ്ണാർദു പറയുന്നു. ഇത്തരം അത്ഭുതം ദൈവം നമ്മിൽ ചെയ്തിട്ടുണ്ടെങ്കിൽ, എത്രവലിയ കൃതജ്ഞത നാം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. വിശേഷിച്ചും ആത്മികമാന്ദ്യത്താൽ വഷളായിത്തീർന്ന ഒരു സന്ന്യാസി, ആ മന്ദതയിൽനിന്ന് പുനർജ്ജീവിക്കുന്നതു്, അഥവാ തീക്ഷ്ണമായ പുണ്യജീവിതം ആരംഭിക്കുന്നതു്, ഇതിലും വലിയ അത്ഭുതമാണ് എന്നതത്രെ പ്രസ്തുത വിശുദ്ധന്റെ അഭിപ്രായം. ഈവിധ അത്ഭുതം നമുക്ക് ആവശ്യമെങ്കിൽ, അതു സാധിക്കുന്നതിൽ നിരാശ വിചാരിക്കരുതു്. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയാൽ സകലവും സാധിക്കാം.

സംഭാഷണം:– നാം അയോഗ്യരായിരുന്നിട്ടും ദൈവം നമുക്കു നൽകുന്ന നിരവധിനന്മകളെ കാണുന്ന നമ്മുടെ കാവൽദൂതരോടു സംഭാഷിക്കുക.

മുപ്പത്തിമൂന്നാം ധ്യാനം

അത്ഭുതകരമായ മൂന്നു രോഗശാന്തി

പ്രാരംഭം ഫ. വിവിധരോഗികൾ ഈശോയുടെചുറ്റും കൂടിയിരിക്കുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഫ. ഈശോയെക്കുറിച്ചുള്ള അറിവിലും സ്നേഹത്തിലും അഭിവൃദ്ധിപ്രാപിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

രക്തസ്രാവപീഡിതയായ ഒരു സ്ത്രീയുടെ സുഖപ്രാപ്തി

ധ്യാനം:- യായിരൂസിന്റെപുത്രിയെ ഉയിർപ്പിച്ചദിവസ

ത്തിൽത്തന്നെ ഈശോ മറ്റു മൂന്ന് അത്ഭുതങ്ങൾക്കുടെ ചെയ്യു കൊണ്ട് തന്റെ ശക്തിയേയും അനുകമ്പയേയും പ്രദർശിപ്പിച്ചു. ഇവയെപ്പറ്റി ഇന്ന് നാം ധ്യാനിക്കുക. അതിൽ ഒന്നാമത്തേത് പന്ത്രണ്ടുവർഷമായി രക്തസ്രാവത്താൽ പലകഷ്ടതകളും സഹിച്ചിരുന്ന ഒരു സ്ത്രീയെ സുഖപ്പെടുത്തിയതായിരുന്നു. അവൾ നമ്മുടെ ദിവ്യരക്ഷകന്റെ ശ്രുതികേട്ടപ്പോൾ അങ്ങേ വസ്ത്രംമാത്രം സ്പർശിച്ചാൽ ഞാൻ സുഖപ്പെടുമെന്നു പറഞ്ഞുകൊണ്ട് ജനക്കൂട്ടത്തിൽ അവിടുത്തെ പുറകിൽചെന്ന് അവിടുത്തെവസ്ത്രം സ്പർശിച്ചു. ഉടനെ ആ വ്യാധിയിൽനിന്ന് അവൾ സ്വസ്ഥയായി എന്നു അവൾ അറിഞ്ഞു. ഈ സ്ത്രീ സുഖപ്രാപ്തിക്കായി പ്രയോഗിച്ചമാർഗ്ഗം പ്രത്യക്ഷത്തിൽ വ്യർത്ഥമെന്നുതന്നെ മനുഷ്യബുദ്ധിയ്ക്ക് തോന്നിയേക്കാം. ഇതു ചെയ്യുന്നതിനുമുമ്പ് അവൾതന്നെ ഇതിന്റെ ഫലസിദ്ധിയെക്കുറിച്ച് വളരെ സംശയിച്ചിട്ടുണ്ടാവാം. എങ്കിലും ദൈവാനുഗ്രഹത്തിന്റെപ്രേരണയാൽ അവൾ ഇതു ചെയ്തു.

പ്രായോഗികചിന്ത:- ഇതു നാം ചിന്തിക്കുമ്പോൾ, നമ്മുടെ പ്രവൃത്തികളിൽ നാം അനുവർത്തിക്കേണ്ട നയം വിശദമാകുന്നുണ്ട്. അതായതു്: നാം നന്നായി ആലോചിച്ചുകൊണ്ട് നിശ്ചയിച്ചിരിക്കുന്ന ഭക്തപ്രതിജ്ഞകളും, പിന്നീട് നമുക്കുതോന്നുന്ന വിരോധങ്ങൾനിമിത്തം ഉപേക്ഷിച്ചുകളയുന്നതു് വലിയ അബദ്ധമാണ്. എന്നാൽ ഇപ്രകാരം വല്ലകാര്യവും നീ തീർച്ചയാക്കിയശേഷം, അതിനു വിരോധമായ പരീക്ഷയുണ്ടാകുക എന്നിതു് അസാധാരണമല്ല. നീ നിശ്ചയിച്ച ആ കാര്യം അപൂർവ്വകാര്യമെന്നോ, സ്വനതയുള്ളതെന്നോ, വ്യർത്ഥമായ തനിവിന്റെ ഫലമെന്നോ, അസാദ്ധ്യമെന്നോ തോന്നിയേക്കാം. ഇവ പിശാചിന്റെ തന്ത്രങ്ങളാണ്. ആകയാൽ ഇവയെ നിന്ദിച്ചുകൊണ്ട് മുന്നോട്ടു പോകുകയത്രെ വേണ്ടതു് എന്ന്, വി. ഇഗ്നേഷ്യസ് പറയുന്നു. ലോകത്തിന്റെ വിവേകം അനുസരിക്കുന്നതുകൊണ്ടല്ല പ്രത്യേക ദൈവസഹായത്തിനു് അർഹരാകുന്നതു്.

സ്നേഹപ്രകരണങ്ങൾ:- മാനുഷികവിധികളെ ത്യജിച്ചുകൊണ്ട് ദൈവാരൂപിയാൽ നടത്തപ്പെടേണ്ട സന്ദർഭം ഉണ്ടാകുമ്പോൾ തദനുസരണം പ്രവർത്തിക്കാൻ ആവശ്യമായ ദൈവസഹായം അപേക്ഷിക്കുക.

പ്രതിജ്ഞ:- നിന്റെ നല്ലനിയോഗങ്ങളും സുകൃതപ്രതി

ജ്ഞകളും സ്ഥിരതയോടുകൂടെ കാത്തു് പ്രവൃത്തിയിൽ വരുത്തുക.

രണ്ടാംവകുപ്പു്

അന്ധന്മാരായ രണ്ടുപേർക്കുലഭിച്ച അത്ഭുതാവഹമായ സൗഖ്യപ്രാപ്തി

ധ്യാനം:— പിന്നെ യേശു അവിടെനിന്നു് പുറപ്പെട്ടുപോകുമ്പോൾ ദാവീദിന്റെപുത്രാ, ഞങ്ങളോടു് കരുണയുണ്ടാകേണമെ എന്നു്, വിളിച്ചുപറഞ്ഞുകൊണ്ടു് രണ്ടുകുരുടന്മാർ അവിടുത്തെ പിന്നാലെചെന്നു. എന്നാൽ അവിടുന്നു് ഭവനത്തിലെത്തിയപ്പോൾ ആ കുരുടന്മാർ അവിടുത്തെ സമീപിച്ചു. അപ്പോൾ യേശു അവരോടു്: നിങ്ങൾക്കു് ഇതു ചെയ്യുതരുവാൻ എനിക്കു് കഴിയുമെന്നു് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ എന്നു് ചോദിച്ചു. ഉവ്വു് കർത്താവെ എന്നു് അവർ പറയുന്നു. അപ്പോൾ അദ്ദേഹം: നിങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നരുളിച്ചെയ്തുകൊണ്ടു് അവരുടെകണ്ണുകളെസ്പർശിച്ചു. "തൽക്ഷണം അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു." (മത്തേ. ൯. ൨൭, ൩൦.)

പ്രായോഗികചിന്ത: ഈ കുരുടന്മാരുടെ ദൃഷ്ടാന്തം അനുസരിച്ചു: ദൈവത്തിൽനിന്നു് നന്മകളും, ദാനങ്ങളും ലഭിക്കാവുന്ന എല്ലാ അവസരങ്ങളേയും നമുക്കു ഫലപ്രദമാക്കാം. ആ! എന്റെ ദൈവമെ, ഇപ്രകാരം ഞാൻ വിശ്വസ്തതയോടെ ചെയ്തിരുന്നെങ്കിൽ എത്രയധികം സ്വർഗ്ഗീയസമ്പത്തുകൾ ഞാൻപ്രാപിക്കുമായിരുന്നു. ഈ കുരുടന്മാരോടു ചെയ്തതുപോലെ ചിലപ്പോൾ അവിടുന്നു് നമ്മോടും ചെയ്തേക്കും. അതായതു്: ആത്മാ നമ്മുടെ പ്രാർത്ഥന കേൾക്കാത്തവിധം കാണിച്ചേക്കും. ഇതിനാൽ നാം നിരാശരാകരുതു്. പ്രാർത്ഥനയിൽ നാം സ്ഥിരമായി നില്ക്കുകയും നമ്മുടെ ദിവ്യരക്ഷകന്റെ നന്മയിലും ശക്തിയിലും നമുക്കുള്ള വിശ്വാസത്തിന്റെ പ്രകരണങ്ങൾ പ്രത്യേകവിധത്തിൽ തുടർന്നുകൊണ്ടിരിക്കുകയുംവേണം. നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു് അവിടുന്നു് അവരോടു് അരുളിച്ചെയ്തുവല്ലൊ. ഇതിനാൽ പ്രാപിപ്പാനുള്ള നന്മകളുടെ വലിപ്പത്തിന്നനുസരണം വിശ്വാസവും വിപുലമായിരിക്കണമെന്നതെ അവിടുന്നു് നമ്മെ ഉൽബോധിപ്പിക്കുന്നതു്.

സ്നേഹപ്രകരണങ്ങൾ:- പ്രാർത്ഥനയുടെ യഥാർത്ഥരൂപ

നിനക്ക് തന്നരുളേണമെന്ന് അപേക്ഷിക്കുക.

പ്രതിജ്ഞ: "കർത്താവെ, ഞങ്ങളെ അനുഗ്രഹിക്ക" ലിത്ത നിയുടെ തുടക്കത്തിൽ ചൊല്ലുന്ന ഈ അപേക്ഷ ആ കുരുടരെപ്പോലെ പലപ്പോഴും ഭക്തിയോടും വിനയത്തോടുംകൂടെ ചൊല്ലുക.

മൂന്നാം വകുപ്പ്

പിശാചബാധയാൽ മൂകനായിത്തീർന്ന ഒരുവനെ ഈശോ സുഖപ്പെടുത്തുന്നു

ധ്യാനം:- ഈശോ ആ കുരുടന്മാരെ സുഖപ്പെടുത്തിയുടനെ പിശാചുബാധിച്ച മൂകനായ ഒരു മനുഷ്യനെ (ചിലർ) അദ്ദേഹത്തിന്റെഅടുക്കൽ കൊണ്ടുവന്നു. (മത്തേ. ൯. ൩൨.) ഇവൻ സംസാരിക്കാതിരിക്കത്തക്കവിധം പിശാച് അവന്റെ നാവിനെ തടഞ്ഞിരുന്നതുനിമിത്തം, ഈശോയുടെ അനുഗ്രഹം അപേക്ഷിപ്പാൻ അവനു വഹിയാഞ്ഞതിനാൽ അവന്റെ ഭൗർഭാഗ്യം ഏറ്റവും അനുകമ്പാർഹമായിരുന്നു. ദീനദയാലുക്കളായ ചിലർ അവനുവേണ്ടി നമ്മുടെകർത്താവിനോടു പ്രാർത്ഥിച്ചു. എന്നാൽ ഈശോ അവൻ തന്നോടു ചോദിക്കുന്നതിനുപാത്തിരിക്കാതെ, തന്റെ കരുണയാൽ പിശാചിനോട്: അതിന്റെ ഇരയെ വിട്ടുവാൻ കല്പിക്കുകയും, മൂകനായവൻ സംസാരിക്കുകയുംചെയ്തു.

പ്രായോഗികചിന്ത:- പാപസങ്കീർത്തനസമയം, ജപധ്യാനസമയം, സ്വന്ത ഉദ്യോഗത്തിന്റെ അഥവാ പരസ്നേഹത്തിന്റെ കടമനിർവ്വഹിക്കുന്നസമയം എന്നിങ്ങനെയുള്ള അവസരങ്ങളിൽ വേണ്ടതു പറയാതെ, മൂകരായിപ്പോകുന്ന മനുഷ്യരുടെസ്ഥിതി എത്ര പരിതാപകരമാണ്! അവരുടെ നൈർഭാഗ്യത്തിന്മേൽ സഹതപിച്ച് നാം അവരെ സഹായിക്കേണ്ടതുണ്ട്. പ്രത്യേകമായി ലജ്ജനിമിത്തമൊ, മറ്റുവല്ല കാരണത്താലൊ മറ്റുള്ളവർ നമ്മുടെ സഹായം അപേക്ഷിക്കാതെയിരിക്കുമ്പോൾ, നമ്മുടെകർത്താവു ചെയ്തതുപോലെ നാം അവരെ സഹായിക്കണം.

സംഭാഷണം:- വിശുദ്ധ പത്രോസിനോടും പൗലോസിനോടും സംഭാഷണംചെയ്യുക. സഹോദരന്മാരെ ഞാൻ മിശിഹായെ അനുകരിച്ചതുപോലെ നിങ്ങളും എന്നെ അനുകരിക്കേണമെന്ന് നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു എന്ന് വി. പൗ

ലോസ് കൊരീന്ത്യക്കാർക്കുള്ള ലേഖനത്തിൽ (ഫ. കൊരീ. ര, ഫന്ന.) പറഞ്ഞിരിക്കുന്നതിനനുസരണമായി നാമും ഉത്തമവിധത്തിൽ ഈശോയെ അനുകരിപ്പാൻവേണ്ട ദൈവസഹായം ലഭിച്ചുതരേണമെന്ന് അവരോട് അപേക്ഷിക്കുക.



DC Library
00002841
K19 V58